അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്



ജനകീയ ആസൂത്രണം

പേരാവൂർ ഗ്രാമപഞ്ചായത്ത്

വികസനരേഖ

ജനകീയ ആസൂത്രണം

പേരാവൂർ ഗ്രാമപഞ്ചായത്ത്

വികസനരേഖ



റിപ്പോർട്ട് തയ്യാറാക്കുന്നതിൽ നേതൃത്വം നൽകിയവർ

1. സി.എം. കുഞ്ഞികൃഷ്ണൻ മാസ്റ്റർ
2. കെ.ടി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ
3. കെ. ശശീന്ദ്രൻ മാസ്റ്റർ
4. പി.വി. രാജൻ മാസ്റ്റർ
5. പി. ശ്രീനിവാസൻ മാസ്റ്റർ
6. കെ. നാരായണൻ മാസ്റ്റർ
7. ടി. ചന്ദ്രൻ മാസ്റ്റർ
8. കെ. ഗോവിന്ദൻ മാസ്റ്റർ
9. സി. ഹരിദാസൻ
10. കെ. സുധാകരൻ
11. തമ്പി മാത്യു (ക്ഷീര വികസന ഓഫീസർ)
12. പി.കെ. രതീഷ് (കൃഷി ഓഫീസർ)
13. ചിന്നമ്മ എ.പി. (സൂപ്പർ വൈസർ I.C.D.S)
14. ഷൈലജ എം.എം. (സൂപ്പർ വൈസർ I.C.D.S)
15. സജി (ആരോഗ്യ വകുപ്പ്)
16. കെ. കൃഷ്ണൻ (P.W.D)
17. സുമികല ജോയി
18. സുനിൽകുമാർ കെ.
19. കെ. അനിൽ കുമാർ
20. എം.കെ. രാജൻ
21. കെ.കെ. സുരേന്ദ്രൻ
22. കെ. അനിത
23. സിന്ധു ഒ.
24. കെ. മനോജ്
25. കെ.വി. രാജീവൻ
26. എം.വി. രാജൻ
27. കെ.എം. വിജയൻ
28. ജോർജ്ജ് മാത്യു മാസ്റ്റർ
29. വി ബാബു മാസ്റ്റർ
30. കെ. എം. പ്രസാദ്
31. ടെറ്റീസ് എം.എം.
32. എം.കെ. ഭാസ്കരൻ
33. സി. രാമകൃഷ്ണൻ
34. പി. മനോജ്
35. എം. ശോഭന
36. റജിന
37. വി.സി. ജോസ്
38. കെ. രാമചന്ദ്രൻ മാസ്റ്റർ
39. പി. മോഹനൻ
40. ഇന്നാമ്മ ആൻറണി
41. പി.വി. ശ്രീധരൻ
42. കെ.എം. ജോസ്
43. വി.കെ. രാഘവൻ വൈദ്യർ

ഡി.ടി.പി.: പ്രിൻറോഗ്രാഫിക്സ്, കുന്നംകുളം. ഫോൺ: 524424
പ്രിൻറിംഗ്: പ്രൈം ഓഫ്സെറ്റ് പ്രിൻറേഴ്സ്, കുന്നംകുളം

ഉള്ളടക്കം

പേജ്

ആമുഖം

സാമൂഹ്യ-സാംസ്കാരിക ചരിത്രം

ഭൂപ്രകൃതി - ജനപ്രകൃതി - ജലപ്രകൃതി

1. കൃഷി - ജലസേചനം 8

2. മൃഗസംരക്ഷണം - മത്സ്യബന്ധനം 16

3. വ്യവസായം 21

4. വിദ്യാഭ്യാസം 23

5. കുടിവെള്ളം - പൊതുജനാരോഗ്യം 32

6. ഗതാഗതം - ഊർജ്ജം - മാർക്കറ്റ് 37

7. പാർപ്പിടം - സാമൂഹ്യക്ഷേമം 43

8. സംസ്കാരം 50

9. വനിത 57

10. സഹകരണം 59

11. പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം 64

12. വിഭവസമാഹരണം 68

പേരാവൂർ ഗ്രാമ പഞ്ചായത്ത്
ഭരണ സമിതിയംഗങ്ങൾ

പി.വി. ശ്രീധരൻ
പ്രസിഡണ്ട്

വി.കെ. രാഘവൻ വൈദ്യർ
വൈസ് പ്രസിഡണ്ട്

കെ.എം. ജോസ്
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ

മെമ്പർമാർ:

ശ്രീമതി രമണി ദാസൻ

ശ്രീ. പി. മോഹനൻ

ശ്രീ. ടി.കെ. മുഹമ്മദ്

ശ്രീമതി ഇന്നാമ്മ ആൻറണി

ശ്രീ. പി. അബൂബക്കർ

ശ്രീമതി രാധ ചന്ദ്രൻ

ശ്രീമതി സുശീല മോഹൻദാസ്

മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ

സി. കരുണാകരൻ നായർ

എൻ. അനന്തൻ

കെ. ശശീന്ദ്രൻ

ആമുഖം

സ്വാതന്ത്ര്യം നേടി 49 വർഷം പിന്നിട്ട നമ്മുടെ ഭാരതം ആസൂത്രിത വികസനത്തിന്റെ കാലഘട്ടമായിരുന്നെങ്കിലും ഭരണരംഗത്തും, വികസനരംഗത്തും ജനകീയ പുനഃസംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാനായില്ല.

അധികാരത്തിന്റെ അമിത കേന്ദ്രീകരണവും, ബ്യൂറോക്രസിയുടെ മേധാവിത്വവും കൂടിയാവുമ്പോൾ ജനങ്ങളുടെ താല്പര്യത്തിനും, അഭിലാഷങ്ങൾക്കും യാതൊരു പ്രസക്തിയുമില്ലാതായി. പരിപാടികൾക്ക് മുൻഗണനാക്രമം നിശ്ചയിക്കുന്നത് യാതൊരു മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലല്ലാതെയുമായി.

ഭരണഘടനയുടെ 73, 74 ഭേദഗതികൾ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും, അധികാരങ്ങളിലും വലിയ മാറ്റമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഈ ഭേദഗതികളുടെ ഫലമായി കേവലം മാർഗ്ഗനിർദ്ദേശക തത്വങ്ങൾ എന്ന നിലയിൽ നിന്നും പഞ്ചായത്ത് നഗരപാലിക സ്ഥാപനങ്ങൾ ഇന്ന് ഇന്ത്യൻ ഭരണക്രമത്തിന്റെ അവിഭാജ്യവും, അനിവാര്യവുമായ ഘടകങ്ങളായി മാറിയിരിക്കുന്നു. കേരളം നടപ്പിലാക്കുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം അടിത്തട്ടിൽ നിന്ന് മേൽത്തട്ടിലേക്ക് ദിശമാറ്റം നൽകപ്പെട്ട ആസൂത്രണ തന്ത്രമാണ് അവതരിപ്പിക്കുന്നത്. ആസൂത്രണത്തിലും, വികസനത്തിലും തുല്യപങ്കാളിത്തം ഉറപ്പുവരുത്തുവാൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്ന് ഉറപ്പാണ്.

ബഹുജന പ്രവർത്തകരെയും, ഉദ്യോഗസ്ഥൻമാരെയും, വിദഗ്ദരെയും പ്രാദേശികമായി കോർത്തിണക്കിക്കൊണ്ടുള്ള ഒരു പ്രവർത്തന ശൈലിയുടെ വെളിച്ചത്തിലാണ് ഒമ്പതാം പഞ്ചവത്സര പദ്ധതിയെ നാം സമീപിക്കുന്നത്.

ഇത് വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരിക്കും. അധികാരത്തോടൊപ്പം സമ്പത്തും പഞ്ചായത്തുകൾക്ക് നല്കുന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയുമെന്ന സ്ഥിതിവിശേഷം വളർന്നു വന്നിരിക്കയാണ്.

ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങളിൽ ആവേശകരമായ അനുഭവമാണ് നമ്മുടെ പഞ്ചായത്തിൽ കാണാൻ കഴിഞ്ഞത്. ജനകീയ ആസൂത്രണ പ്രവർത്തനത്തോടൊപ്പം തന്നെ നമ്മുടെ പഞ്ചായത്തിൽ നാം വിഭവ ഭൂപട നിർമ്മാണവും, സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രവർത്തനവും ആരംഭിക്കാൻ കഴിയണം. വാർഡ് അടിസ്ഥാനത്തിൽ എല്ലാ വിഭാഗം ജനങ്ങളെയും, സന്നദ്ധ പ്രവർത്തകരെയും പങ്കെടുപ്പിച്ചുകൊണ്ട് സമയബന്ധിതമായി ഈ പ്രവർത്തനവും ഏറ്റെടുത്തു നടത്തുവാൻ സാധിക്കും.

കഴിഞ്ഞ ഒരു വർഷം പിന്നിട്ട കാലയളവിൽ ജനകീയ പങ്കാളിത്തത്തോടെ ഒട്ടനവധി വികസന ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ സാധിക്കണം.

കഴിഞ്ഞ ഒരു വർഷം പിന്നിട്ട കാലയളവിൽ ജനകീയ പങ്കാളിത്തത്തോടെ ഒട്ടനവധി വികസന ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ സാധിച്ചു.

പഞ്ചായത്തിലെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പഠിച്ച് ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും ജന സമ്പർക്ക പരിപാടിയും, 3 കർഷക സെമിനാറുകളും നടത്തി. വിവിധ പദ്ധതികളിൽപെടുത്തി കുളം, കിണർ, ചെക്ക്ഡാം എന്നിവ നിർമ്മിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്തി.

ജപ്പാനീസ് പനി, കോളറ എന്നിവക്കെതിരെ മെഡിക്കൽ ബോധവൽക്കരണ സെമിനാറും, ശുചീകരണ പ്രവർത്തനം എന്നിവക്ക് പ്രചാരണം നടത്തി. പേവിഷ നിർമ്മാർജ്ജന തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി വാർഡു തലത്തിൽ പ്രചരണവും, വളർത്തു മൃഗങ്ങൾക്ക് കുത്തിവെപ്പും നടത്തി.

വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിച്ച് കുറ്റമറ്റതാക്കുന്നതിന് പഞ്ചായത്ത് സമിതിയും, വാർഡു സമിതികളും അയൽക്കൂട്ടങ്ങളും രൂപീകരിച്ചു പ്രവർത്തനം സംഘടിപ്പിച്ചു.

ആദിവാസി വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് പഞ്ചായത്തു തലത്തിൽ മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകളും, ശില്പശാലകളും, കോളനിതോറും വികസന സമിതിയും രൂപീകരിച്ച് പഞ്ചായത്തിനകത്തെ മുഴുവൻ ആദിവാസി വിദ്യാർത്ഥികൾക്കും സ്കൂൾ യൂണിഫോം, കുടകൾ എന്നിവ വിതരണം നടത്തി.

ഭയാനകമായ എയ്ഡ്സ്, കുഷ്ഠം എന്നീ രോഗങ്ങൾക്കെതിരെ സെമിനാറും, ബോധവൽക്കരണ മെഡിക്കൽ ക്യാമ്പുകളും നടത്തി.

ലക്ഷക്കണക്കിനു രൂപ ചിലവു വരുന്ന പൈങ്ങോട് ശ്മശാനം റോഡ്, പെരുമ്പുന്ന നമ്പ്യോട് റോഡ്, വെള്ളായി മുള്ളേരിക്കൽ (മിച്ചഭൂമി) റോഡ്, കൊക്കക്കാവ് -പാറമുണ്ട റോഡ് എന്നിവ പൂർണ്ണമായും മനുഷ്യ അദ്ധ്വാനത്തിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണ്.

പേരാവൂർ ഗ്രാമപഞ്ചായത്തിലെ ബഹുജന രാഷ്ട്രീയ ബോധത്തിന്റെയും, സന്നദ്ധ സേവന തൃഷ്ണയുടെയും അടിത്തറയിൽ മുൻകാല സേവകരുടെ ഉത്തമ പാരമ്പര്യം സംഭാവനകളിൽ നിന്ന് ഊർജ്ജവും, പ്രചോദനവും ഉൾക്കൊണ്ട് ജനകീയ ആസൂത്രണവും, നിർവ്വഹണവും യാഥാർത്ഥ്യമാക്കാൻ അവസരം കൈവന്നതിലുള്ള ആഹ്ലാദത്തോടെ പേരാവൂർ ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസന രേഖ നാളെയുടെ ചരിത്ര യാഥാർത്ഥ്യമാക്കാനുള്ള യജ്ഞങ്ങളിൽ ഇന്നു തന്നെ പങ്ക് ചേരാനുള്ള പ്രതിജ്ഞ ദൃഢ നിശ്ചയത്തോടെ നമുക്ക് സ്വീകരിക്കാം.

പഞ്ചായത്തിന്റെ പൊതു വിവരങ്ങൾ

1. പഞ്ചായത്തിന്റെ പേര് : പേരാവൂർ ഗ്രാമ പഞ്ചായത്ത്
2. ഉൾപ്പെടുന്ന റവന്യൂ-
   ജില്ലകളുടെ പേര് : മണത്തണ, വെള്ളർപള്ളി
3. ബ്ലോക്ക് പഞ്ചായത്ത് : പേരാവൂർ
4. താലൂക്ക് : തലശ്ശേരി
5. ജില്ല : കണ്ണൂർ
6. അസംബ്ലി മണ്ഡലം : പേരാവൂർ
7. വിസ്തീർണ്ണം : 34.10 ച.കി.മീ.
8. ജനസംഖ്യ : 20796
9. വാർഡുകളുടെ എണ്ണം : 10 (പത്ത്)
10. പ്രസിഡണ്ടിന്റെ പേര് : പി. വി. ശ്രീധരൻ
11. വൈസ് പ്രസിഡണ്ട് : വി. കെ. രാഘവൻ വൈദ്യർ

ഭരണപരമായ ചരിത്രം

മണത്തണ പഞ്ചായത്ത് 1954 - ൽ രൂപീകരിച്ചു.

പ്രസിഡണ്ട് : ഇ. നാരായണൻ നമ്പ്യാർ

വൈസ് പ്രസിഡണ്ട് : പാലോറാൻ ബാപ്പു

ശ്രീ. ബാപ്പുവേട്ടന്റെ മരണശേഷം ഇ. അച്യുതൻ വൈസ് പ്രസിഡണ്ടായി.

മണത്തണ പഞ്ചായത്തിൽ ഉൾപ്പെട്ട കാപ്പാട് ദേശം വിഭജിച്ചാണ് കൊട്ടിയൂർ, കേളകം, കണിച്ചൻ പഞ്ചായത്തുകൾ രൂപീകരിച്ചത്.

പേരാവൂർ പഞ്ചായത്ത്

1961 - ൽ പേരാവൂർ പഞ്ചായത്ത് നിലവിൽ വന്നു. പഴയ മണത്തണ പഞ്ചായത്തിലെ മണത്തണ വില്ലേജും, പഴയ വേക്കളം പഞ്ചായത്തിലെ തുണ്ടിയിൽ തിരുവോണ പ്രം, കുനിത്തല ദേശങ്ങളും, തോലമ്പ്ര പഞ്ചായത്തിലെ വെള്ളർവള്ളി കോട്ടുമാങ്ങ ദേശങ്ങളും ഉൾപ്പെടുത്തി പേരാവൂർ പഞ്ചായത്ത് രൂപീകരിച്ചത്.

1963 - ൽ തെരഞ്ഞെടുപ്പ് നടന്നു. പ്രസി: സി. കരുണാകരൻ നായർ. വൈസ്: സി. എം. കുഞ്ഞികൃഷ്ണൻ മാസ്റ്റർ, സി.എം. കുഞ്ഞികൃഷ്ണൻ മാസ്റ്റർ രാജിവെച്ചതിനെ തുടർന്ന് ശ്രീ. എം. അബ്ദുള്ള ഹാജി വൈസ് പ്രസിഡണ്ടായി.

1979 പ്രസിഡണ്ട്: എൻ. അനന്തൻ, വൈസ് പ്രസിഡണ്ട്: ഗോവിന്ദൻ നായർ.

1988 ൽ പ്രസിഡണ്ട്: കെ. ശശീന്ദ്രൻ മാസ്റ്റർ, വൈസ് പ്രസിഡണ്ട്: വി. പത്മനാഭൻ.

1995 ൽ ഒക്ടോബർ 2 മുതൽ പ്രസിഡണ്ട്: പി. വി. ശ്രീധരൻ, വൈസ് പ്രസിഡണ്ട്: ശ്രീ. വി. കെ. രാഘവൻ വൈദ്യർ.

പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

1. പി. വി. ശ്രീധരൻ (പ്രസിഡണ്ട്)
2. വി. കെ. രാഘവൻ വൈദ്യർ (വൈസ് പ്രസിഡണ്ട്)
3. കെ. എം. ജോസ് (സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ)
4. രമണി ദാസൻ
5. പി. മോഹനൻ
6. ടി. കെ. മുഹമ്മദ്
7. ഇന്നമ്മ ആൻറണി
8. പി. കബീർ
9. രാധാ ചന്ദ്രൻ
10. സുശീല മോഹൻദാസ്

പഞ്ചായത്ത് അതിർത്തിയിലെ സർക്കാർ ഓഫീസുകൾ

1. ഗ്രാമ പഞ്ചായത്ത് ഓഫീസ്
2. ബ്ലോക്ക് ഓഫീസ്
3. സംയോജിത ശിശു വികസന ഓഫീസ്
4. ക്ഷീര വികസന ഓഫീസ്
5. സബ്ബ് ട്രഷറി
6. സബ്ബ് റജിസ്റ്റാർ ഓഫീസ്
7. റബ്ബർ ബോർഡ്
8. പോലീസ് സ്റ്റേഷൻ
9. പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം
10. എക്സൈസ് ഓഫീസ്
11. കൃഷി ഭവൻ
12. കൃഷി അസി. ഡയറക്ടർ ഓഫീസ്
13. വില്ലേജ് ഓഫീസുകൾ
14. സബ്ബ് പോസ്റ്റ് ഓഫീസ്
15. ഗവ. ആശുപത്രി
16. മൃഗാശുപത്രി
17. ഗവ. ആയുർവ്വേദ ആശുപത്രി
18. F.W.C. (മാതൃശിശു സംരക്ഷണ കേന്ദ്രം)
19. ഹയർ സെക്കൻഡറി സ്കൂൾ
20. ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസ്
21. ടെലിഫോൺ എക്സ്ചേഞ്ച്
22. ഇൻഫർമേഷൻ സെൻറർ

സാമൂഹ്യ സാംസ്കാരിക ചരിത്രം

വിദേശാധിപത്യത്തിനെതിരെ ധീരോദാത്തമായ സമരം നടത്തിയ ധീര ദേശാഭിമാനി പഴശ്ശി രാജാവിന്റെ വീര സ്മരണകളാൽ പുളകം ചാർത്തുന്ന മണ്ണാണ് പേരാവൂരിന്റേത്. അദ്ദേഹത്തിന്റെ ഒളിത്താവളങ്ങളിൽ പ്രമുഖമായിരുന്നു പുരളിമലയിലെ ഹരിശ്ചന്ദ്ര കോട്ട. ഇവിടെ കേന്ദ്രീകരിച്ചാണ് അദ്ദേഹം തന്റെ സൈന്യശേഖരണവും യുദ്ധതന്ത്രവും കരുപ്പിടിപ്പിച്ചിരുന്നത്. ഈ കോട്ടയുടെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണാം. 400 മീറ്ററോളം ഉയരം വരുന്ന ഈ മലമുകളിലേക്ക് മലയുടെ ചരിവിലൂടെ റോഡ് വെട്ടിയാത്രാ സൗകര്യമേർപ്പെടുത്തിയതിന്റെ അവശിഷ്ടങ്ങളും കാണാനുണ്ട്. മറ്റൊരു താവളമായിരുന്ന ഇരിപ്രകുന്ന് പേരാവൂർ ടൗൺ പരിസരത്തു തന്നെയാണ്. ഇവിടെയും ചെറിയൊരു കോട്ടയുടെ അവശിഷ്ടം കാണാം. മണത്തണയിലും ഇത്തരം ഒളിസങ്കേതത്തിന്റെ അവശിഷ്ടമുണ്ട്. യുദ്ധത്തിന് ഭടന്മാരെ പരിശീലിപ്പിക്കുന്നതിനും, ശത്രുവിനെതിരെ യുദ്ധ തന്ത്രങ്ങൾ നടപ്പിലാക്കാനും ഈ താവളങ്ങൾ പ്രയോജനപ്പെടുത്തിയിരുന്നു. ഇടയ്ക്കിടെ നാട്ടുകൂട്ടം വിളിച്ചുചേർത്ത് ജനങ്ങളെ തന്റെ പിന്നിൽ അണിനിരത്താനും ഈ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നുവെന്ന് പറയപ്പെടുന്നു.

ഉത്തര കാശിയെന്നറിയപ്പെടുന്ന സുപ്രസിദ്ധമായ കൊട്ടിയൂർ ശിവക്ഷേത്രത്തോടനുബന്ധിച്ചുള്ള ഐതിഹ്യങ്ങളിലും ഈ പഞ്ചായത്തിന് സ്ഥാനമുണ്ട്. ദക്ഷയാഗ കഥയുമായി ബന്ധപ്പെട്ട സ്ഥാനങ്ങളാണ് മണത്തണയും, അയോത്തുംചാലും മറ്റും. കൊട്ടിയൂർ ക്ഷേത്രോത്സവത്തിന് എടവ മാസത്തിലെ വിശാഖം നാളിൽ മണത്തണയിലെ ഗോപുരത്തിൽ നിന്നാണ് ഭണ്ഡാരം എഴുന്നള്ളിച്ചു കൊണ്ടുപോകുക. ഇതോടനുബന്ധിച്ച് പ്രത്യേക പൂജകളും മറ്റും നടക്കുന്ന നിരവധി സ്ഥാനങ്ങൾ ഇവിടെയുണ്ട്.

വളരെ പഴക്കമുള്ള അനേകം ക്ഷേത്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഒരു കാലത്ത് സമൃദ്ധമായ ഒരു ജനപഥത്തിന്റെ ആവാസകേന്ദ്രമായിരുന്നു ഈ പ്രദേശമെന്നതിന് ധാരാളം തെളിവുകളുണ്ട്.

ദേശീയ സ്വാതന്ത്ര്യ സമര ചരിത്രത്തിലും ഈ പ്രദേശത്തിന് ചെറിയ പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. പല നേതാക്കളുടെയും ഒളിവു ജീവിതത്തിന് താവളമാകാൻ പഴശ്ശിയുടെ പാരമ്പര്യമുയർത്തിപ്പിടിക്കുന്ന ഈ പ്രദേശത്തിനും കഴിഞ്ഞിട്ടുണ്ട്. ദേശീയ നേതാവായി ഉയർന്ന ശ്രീ. എൻ. ഇ. ബാലറാം പേരാവൂരിൽ സ്കൂൾ അദ്ധ്യാപകനായി സേവനം ചെയ്തിട്ടുണ്ട്.

സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടന്ന കർഷക സമരങ്ങൾക്ക് ഈ പ്രദേശം നിർണ്ണായകമായ പങ്ക് വഹിച്ചിരുന്നു. 1940 കളിലെ കർഷക സമരകാലത്ത് "പാരിലിപ്പേരു പുലർത്തിടുന്ന പാലോറാൻ മാതയാരാരു തോഴീ?" എന്ന് പ്രഫസർ ചെറുകാട് പാടിപ്പുകഴ്ത്തിയ ശ്രീമതി പാലോറാൻ മാത എന്നവർ പേരാവൂരിന്റെ അഭിമാനമാണ്.

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തെ മാറ്റി മറിക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തിയതും മഹാനായ എ. കെ. ജി. നയിച്ചതുമായ കൊട്ടിയൂർ കർഷക സമരത്തിൽ ഈ പഞ്ചായത്തിലെ ജനങ്ങൾ വലിയ പങ്ക് വഹിച്ചിരുന്നു.

1920 കളിലും 30 കളിലും തിരുവിതാംകൂറിൽ നിന്ന് ആയിരക്കണക്കിനു കർഷകർ ഇപ്രദേശങ്ങളിൽ കുടിയേറിപ്പാർത്തു. ഇവിടുത്തെ കാടുകൾ വെട്ടിത്തെളിച്ച് കൃഷിയോഗ്യമാക്കുന്നതിൽ അവർ ചെയ്ത സേവനം വളരെ വലുതാണ്. കാട്ടാനയോടും, കാട്ടുപോത്തിനോടും, മലമ്പനിയോടും മല്ലിട്ടുകൊണ്ട് കാടു നാടാക്കിയ പഴയ തലമുറയെ ആദരവോടു കൂടിയെ സ്മരിക്കാനാവുകയുള്ളൂ.

ആദ്യകാലത്ത് കുടിപ്പള്ളിക്കൂടങ്ങളിലൂടെ ചുരുക്കം പേർക്കു മാത്രം വിദ്യാഭ്യാസം നേടാൻ കഴിയുന്ന സ്ഥിതിയാണുണ്ടായിരുന്നത്. 1923 ൽ മണത്തണ ബോർഡ് സ്കൂളും 1924 പേരാവൂരിൽ ഒരു ലോവർ എലിമെന്ററി സ്കൂളും തുടങ്ങുകയുണ്ടായി. 1930 കളിൽ കുടിയേറ്റക്കാരുടെ വരവോടെ ക്രിസ്ത്യൻ മിഷനറിമാരുടെ നേതൃത്വത്തിൽ തൊണ്ടിയിൽ 1936 ൽ ആരംഭിച്ച സെൻറ് ജോൺസ് ഹയർ എലിമെന്ററി സ്കൂളും, ഈ രംഗത്ത് ആദ്യ സംഭാവനകൾ അർപ്പിച്ച സ്ഥാപനമാണ്.

1954 ൽ ആദ്യമായി പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടക്കുമ്പോൾ പേരാവൂർ പഞ്ചായത്ത് നിലവിലുണ്ടായിരുന്നില്ല. ഇന്നത്തെ കൊട്ടിയൂർ, കേളകം, കണിച്ചർ എന്നീ പഞ്ചായത്തുകളുടെ പ്രദേശം അടങ്ങിയ കാപ്പാട് ദേശവും, ഇപ്പോഴത്തെ മണത്തണ വില്ലേജും അടങ്ങിയ 'മണത്തണ' പഞ്ചായത്തായിരുന്നു അന്നുണ്ടായിരുന്നത്. മണത്തണ പഞ്ചായത്തിന്റെ പ്രസിഡണ്ട് ശ്രീ. ഇ. നാരായണൻ നമ്പ്യാരും, വൈസ് പ്രസിഡണ്ട് ശ്രീ. പാലോറാൻ ബാപ്പുവുമായിരുന്നു. ബാപ്പുവേട്ടന്റെ നിര്യാണത്തെ തുടർന്ന് ശ്രീ. ഇ. അച്ചുതൻ വൈസ് പ്രസിഡണ്ടായി.

1962 ൽ പേരാവൂർ പഞ്ചായത്ത് നിലവിൽ വന്നു. ഇപ്പോഴത്തെ മണത്തണ വില്ലേജും, മുമ്പത്തെ വേക്കളം പഞ്ചായത്തിന്റെ ഭാഗമായിരുന്ന 'തൊണ്ടിയിൽ തിരുവോണപ്രം, കുനിത്തല ദേശങ്ങളും, തോലമ്പ്ര പഞ്ചായത്തിന്റെ ഭാഗമായിരുന്ന വെള്ളർവള്ളി, കോട്ടുമങ്ങ ദേശങ്ങളും ചേർന്നാണ് പേരാവൂർ പഞ്ചായത്ത് രൂപീകരിക്കപ്പെട്ടത്. 1963 ൽ നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ. സി. കരുണാകരൻ നായർ പ്രസിഡണ്ടും, ശ്രീ. സി. എം. കുഞ്ഞികൃഷ്ണൻ മാസ്റ്റർ വൈസ് പ്രസിഡണ്ടുമായി തിരഞ്ഞെടുക്കപ്പെട്ടു. കുഞ്ഞികൃഷ്ണൻ മാസ്റ്റർ രാജിവെച്ച ഒഴിവിൽ ശ്രീ. എം. അബ്ദുള്ളഹാജി വൈസ് പ്രസിഡണ്ടായി.

1979 ൽ ശ്രീ. എൻ. അനന്തൻ പ്രസിഡണ്ടും, ശ്രീ. കെ. ഗോവിന്ദൻ നായർ വൈസ് പ്രസിഡണ്ടുമായി. 1988-ൽ ശ്രീ. കെ. ശശീന്ദ്രൻ പ്രസിഡണ്ടും, ശ്രീ. വി. പത്മനാഭൻ വൈസ് പ്രസിഡണ്ടുമായി. ഇപ്പോഴത്തെ ശ്രീ. പി.വി. ശ്രീധരൻ പ്രസിഡണ്ടും, ശ്രീ. വി. കെ. രാഘവൻ വൈദ്യർ വൈസ് പ്രസിഡണ്ടുമാണ്.

വിവിധ ഭരണ സമിതികളുടെ കാലങ്ങളിൽ ജനപങ്കാളിത്തത്തോടെ നിരവധി വികസന പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. വികസന പ്രവർത്തനങ്ങളിൽ കുടിയേറ്റ മേഖലകളിലുള്ള ആളുകളുടെ പങ്ക് എന്നെന്നും സ്മരിക്കപ്പെടേണ്ടതാണ്. പേരാവൂർ - കൊട്ടിയൂർ റോഡ്, പേരാവൂർ തൊണ്ടിയിൽ റോഡ്, മണത്തണ തൊണ്ടിയിൽ - തെറ്റുവഴി റോഡ്, പേരാവൂർ - തോലമ്പ റോഡ്, മുരിങ്ങോടി - ആനക്കുഴി റോഡ്, പേരാവൂർ - പുതുശ്ശേരി റോഡ്, പേരാവൂർ - കുനിത്തല റോഡ് തുടങ്ങി നിരവധി റോഡുകളും രൂപംകൊണ്ടത് ജനപങ്കാളിത്തത്തോടെയാണ്.

പേരാവൂർ വൺമെൻറ് ആശുപത്രിക്ക് രണ്ടേക്കറിലധികം സ്ഥലം പഞ്ചായത്തും, നാട്ടുകാരും ചേർന്നാണ് നൽകിയത്. പേരാവൂർ ട്രഷറിക്ക് സ്ഥലവും കെട്ടിടവും പഞ്ചായത്ത് സൗജന്യമായി നൽകിയതാണ്. പേരാവൂർ ബ്ലോക്കാഫീസിന് ഒരേക്കർ സ്ഥലം നാട്ടുകാർ വിലക്കെടുത്ത് സംഭാവന ചെയ്തതാണ്.

പഞ്ചായത്തിന്റെയും, നാട്ടുകാരുടെയും കൂട്ടായ ശ്രമഫലമായി നിരവധി അങ്കൺവാടികൾക്ക് കെട്ടിടങ്ങൾ പണിതിട്ടുണ്ട്. പേരാവൂർ-തൊണ്ടി റോഡ് ഗതാഗത യോഗ്യമല്ലാതായപ്പോൾ പേരാവൂരിൽ നിന്ന് കൊട്ടിയൂർ മേഖലയിലേക്ക് പോകുന്ന നൂറുകണക്കിന് ബസ്സുകളുടെ യാത്ര തിരിച്ചുവിട്ടുകൊണ്ടിരുന്ന എ.എസ്. നഗർ-തൊണ്ടിയിൽ റോഡ് നാട്ടുകാരുടെ കമ്മിറ്റി ഒന്നേകാൽ ലക്ഷം രൂപ സംഭരിച്ച് ഒരാഴ്ച കൊണ്ട് പണി തീർത്ത് ചരിത്രം സൃഷ്ടിക്കുകയുണ്ടായി.

കുനിത്തല ഗവൺമെൻറ് സ്കൂളിനുവേണ്ടി ഒരു മിനി സ്റ്റേഡിയം നിർമ്മിക്കാൻ നാട്ടുകാരിൽ നിന്നുണ്ടായ പങ്കാളിത്തം പ്രസ്താവ്യമാണ്. ഒരു ലക്ഷം ഗവൺമെൻറും രണ്ടു ലക്ഷത്തോളം രൂപ നാട്ടുകാരുടെ പങ്കാളിത്തവും ലഭിച്ച ഈ സംരംഭം വികസന ചരിത്രത്തിൽ ഒരു സുവർണ്ണ രേഖയാണ്. ഈ പ്രവർത്തനത്തിന് തുടർച്ചയായി 99 ദിവസത്തെ മനുഷ്യാദ്ധ്വാനം സംഭാവന ചെയ്ത വ്യക്തിവരെയുണ്ടായിരുന്നു.

പേരാവൂർ പഞ്ചായത്തിന്റെ ഇന്നലെകളെ ഓർക്കുമ്പോൾ അന്തരാഷ്ട്ര പ്രസിദ്ധനായിരുന്ന വോളിബോൾ താരം ജിമ്മി ജോർജ്ജിന്റെ പേർ എടുത്തു പറയേണ്ടതുണ്ട്. പേരാവൂർ എന്ന വാക്ക് അന്വർത്ഥമാക്കിയ (പേരുള്ള ഊർ എന്നർത്ഥം) അനശ്വരനായ നമ്മുടെ പ്രിയപ്പെട്ട ജിമ്മിയെ ആദരപൂർവ്വം സ്മരിക്കുന്നു.

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

പേരാവൂർ പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറെ അതിർത്തിയോടു ചേർന്ന് പ്രസിദ്ധമായ പുരളിമല സ്ഥിതി ചെയ്യുന്നു. ഈ മല പേരാവൂർ പഞ്ചായത്തിന്റെ മദ്ധ്യ ഭാഗത്ത് നിന്ന് ആരംഭിച്ച് മാലൂർ, മുഴക്കുന്നു പഞ്ചായത്തുകളുടെ അതിർത്തിയിലൂടെ പടിഞ്ഞാറോട്ടു നീണ്ടുപോകുന്നു. പ്രകൃതി രമണീയവും ഫലഭൂയിഷ്ഠവുമായ ഈ മലയുടെ നെറുകയിൽ വേനൽക്കാലത്തുപോലും വറ്റാത്ത നീരുറവയുണ്ട്.

പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിലുള്ള ചെമ്പുകണ്ണിമലയും നിരവധി കുന്നുകളും താഴ്വരകളും മലഞ്ചെരിവുകളും ഉൾപ്പെടെ വ്യത്യസ്ത ഭൂവിഭാഗങ്ങൾ അടങ്ങിയ പ്രദേശമാണിത്.

പഞ്ചായത്തിന്റെ വിസ്തൃതി 34.1 ച. കിലോമീറ്ററാണ്. ഉയർന്ന കുന്നിൻ പ്രദേശം, കുത്തനെയുള്ള ചെരിവുകൾ, ചെറിയ ചെരിവുകൾ, സമതലം, പുഴ എന്നിങ്ങനെ ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ അഞ്ചായി തരംതിരിക്കാം. സമുദ്ര നിരപ്പിൽ നിന്ന് സുമാർ 70 മീറ്റർ ഉയരത്തിലാണ് പേരാവൂർ ഗ്രാമ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. പുരളി മലയുടെ മുകൾ ഭാഗമാണ് പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശം. ഇതിന്റെ ഉയരം സമുദ്ര നിരപ്പിൽ നിന്ന് സുമാർ 400 മീറ്റർ വരും.

ഈ പഞ്ചായത്തിലെ മലകളുടെയും കുന്നുകളുടെയും വിവരം താഴെ കൊടുക്കുന്നു.

പട്ടിക - 1

ക്രമ നമ്പർ	*ഭൂപ്രകൃതി*	*വിസ്തീർണ്ണം (ഹെക്ടറിൽ)*	*ശതമാനം*
1.	കുന്നിൻ മുകൾ ഭാഗം	341	10%
2.	കുത്തനെയുള്ള ചെരിവ്	1023	30
3.	മിതമായ ചെരിവ്	1193.5	35
4.	നിരപ്പായ പ്രദേശം	852.5	24.7
5.	പുഴ	10	0.3

പട്ടിക - 2

ക്രമ നമ്പർ	*മല /കുന്ന് പേര്*	*വാർഡ് നമ്പർ*	*സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം (മീറ്ററിൽ)*
1.	പുരളിമല	I, II, III	400
2.	ചെമ്പുകണ്ണിമല	II	290
3.	കല്ലേരി മല	II, IV	150
4.	അറേങ്ങാട് കുന്ന്	I	150
5.	പോത്തുകുഴി കുന്ന്	I	135
6.	പൂവ്വത്തിൽ കുന്ന്	I	110
7.	മുടിച്ചാനം കുന്ന്	III	130
8.	പുതുശ്ശേരി നെല്ലിക്കുന്ന്	IV	135
9.	ഇരിപ്രകുന്ന്	V	110
10.	മേനോൻ കുന്ന്	V	130
11.	പൂക്കളം കുന്ന്	I, VI	140
12.	കടേരി കുന്ന്	VIII, IX	120
13.	കുട്ടിച്ചാത്തൻ കണ്ടികുന്ന്	VIII	110
14.	കോട്ടക്കുന്ന്	X	140
15.	അധികാരിക്കുന്ന്	X	110
16.	മുടിയൻകുന്ന്	III	130
17.	മുള്ളേരികുന്ന്	VI, VII	120

കാലാവസ്ഥ

കേരളത്തെ 13 മേഖലകളാക്കി തിരിച്ചതിൽ 'ട്രോപ്പിക്കൽ' മേഖലയിലാണ് പേരാവൂർ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്നത്. ഇവിടെ ജൂൺ, ജൂലായ്, ആഗസ്ത് മാസങ്ങളിലാണ് നല്ല രീതിയിൽ മഴ ലഭിക്കുന്നത്. സപ്തംബർ, ഒക്ടോബർ നവംബർ മാസങ്ങളിൽ മോശമല്ലാത്ത രീതിയിൽ തുലാവർഷം ലഭിക്കുന്നുണ്ട്. വർഷം മുഴുവൻ വറ്റാത്ത നിരവധി നീരുറവകളും, പുഴകളും, തോടുകളുംകൊണ്ട് ഈ പഞ്ചായത്ത് സമ്പന്നമാണ്.

പട്ടിക - 3 മഴയുടെ ലഭ്യത മി. മീറ്ററിൽ

മഴ	പഞ്ചായത്തിൽ	സംസ്ഥാന ശരാശരി
ജനുവരി	4	14
ഫിബ്രവരി	4	17
മാർച്ച്	8	39
ഏപ്രിൽ	64	112
മെയ്	244	256
ജൂൺ	891	691
ജൂലായ്	1085	760
ആഗസ്ത്	570	433
സെപ്തംബർ	249	247
ഒക്ടോബർ	226	288
നവംബർ	99	163
ഡിസംബർ	23	42
വാർഷിക വർഷപാതം	3467	3062

ഇവിടെ കൂടുതൽ ചൂടനുഭവപ്പെടുന്നത് ഫിബ്രവരി, മാർച്ച്, ഏപിൽ, മെയ് മാസങ്ങളിലും, കൂടുതൽ തണുപ്പനുഭവപ്പെടുന്നത് നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിലുമാണ്.

പട്ടിക - 4

താപനില സെൽഷ്യൽസിൽ

താപം	ഉയർന്ന താപനില	താഴ്ന്ന താപനില
ജനുവരി	32.9	22.0
ഫിബ്രവരി	33.8	22.9
മാർച്ച്	34.1	24.7
ഏപ്രിൽ	33.3	25.2
മെയ്	32.9	25.6
ജൂൺ	28.7	23.4
ജൂലായ്	28.1	22.7
ആഗസ്ത്	29.3	23.1
സെപ്തംബർ	31.1	23.3
ഒക്ടോബർ	31.4	23.2
നവംബർ	32.2	23.6
ഡിസംബർ	33.2	21.4

സസ്യസമ്പത്ത്

പശ്ചിമഘട്ടത്തോടു ചേർന്നു കിടക്കുന്ന പേരാവൂർ പഞ്ചായത്തിൽ തെങ്ങ്, റബ്ബർ, കവുങ്ങ്, നെല്ല്, കശുമാവ്, കുരുമുളക് എന്നിവയാണ് പ്രധാന കൃഷികൾ. മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും, തേക്ക്, വീട്ടി, ഇരൂൾ, മരുത് മുതലായ വിവിധ ഇനം വൃക്ഷങ്ങളും ഇവിടെ കണ്ടു വരുന്നു. പുരളിമലയിലെ സർക്കാർ വനഭൂമിയിൽ (30 ഹെക്ടർ) വിവിധ ഇനം മരങ്ങളും, മുള, എരങ്കോൽ, ചൂരൽ എന്നീ വന വിഭവങ്ങളും ധാരാളമായി കണ്ടുവരുന്നുണ്ട്. ഇവിടെ മാൻ, മുയൽ, മുള്ളൻപന്നി തുടങ്ങിയ വന്യമൃഗങ്ങളെയും കാണാൻ കഴിയുന്നുണ്ട്.

ജനപ്രകൃതി

1991 ലെ സെൻസസ് അനുസരിച്ച് പേരാവൂർ പഞ്ചായത്തിലെ ജനസംഖ്യ 20618 ആയിരുന്നു. ഇതിൽ 10248 പുരുഷന്മാരും, 10370 സ്ത്രീകളുമാണ്. പട്ടികജാതി ജനസംഖ്യ 318 ആണ്. അതിൽ പുരുഷന്മാർ 172 ഉം സ്ത്രീകൾ 146 ഉം ആണ്. പട്ടിക വർഗ്ഗ ജനസംഖ്യ 755 ആണ്. പട്ടിക വർഗ്ഗ പുരുഷന്മാർ 371 ഉം സ്ത്രീകൾ 384 ഉം ആണ്. സാക്ഷരതാ ശതമാനം 79.4 ആണ്.

1 ഹയർ സെക്കൻററി സ്ക്കൂളും, 1 ഹൈസ്ക്കൂളും, 2 യു.പി. സ്ക്കൂളും, 4 എൽ.പി. സ്ക്കൂളും ഉള്ള ഈ പഞ്ചായത്തിൽ വിദ്യാഭ്യാസം നേടിയ നല്ലൊരു വിഭാഗമാളുകളുണ്ട്. എന്നാൽ ഉന്നത വിദ്യാഭ്യാസം നേടുന്നവരുടെ ശതമാനം കുറവാണ്. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന് സൗകര്യമുള്ള സാങ്കേതിക സ്ഥാപനങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

പരമ്പരാഗത വ്യവസായങ്ങൾ കാര്യമായി ഇല്ലാത്ത ഇവിടെ ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്ന മേഖല നിർമ്മാണ തൊഴിൽ മേഖലയാണ്. കൃഷി ലാഭകരമല്ലാതായതോടെ കെട്ടിട നിർമ്മാണ മേഖലയിലാണ് കൂടുതൽ പേർ കേന്ദ്രീകരിച്ചിട്ടുള്ളത്. ഇതിന്റെ ഫലമായി കാർഷിക മേഖലയിൽ തൊഴിലാളികളുടെ ലഭ്യത വളരെ കുറഞ്ഞിരിക്കുന്നു.

ജാതി സമ്പ്രദായം രൂക്ഷമായിരുന്ന ഈ പഞ്ചായത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെയും, കർഷക സമരങ്ങളുടെയും ഭാഗമായി നടന്ന അയിത്തോച്ചാടന പ്രസ്ഥാനം, പന്തിഭോജനം, ക്ഷേത്ര പ്രവേശന പ്രസ്ഥാനം മുതലായ പ്രസ്ഥാനങ്ങളുടെയും, സാർവ്വത്രികമായ വിദ്യാഭ്യാസത്തിന്റെയും, പുരോഗമന പ്രസ്ഥാനങ്ങളുടെ നിരന്തരമായ ശ്രമഫലമായും ജാതി വ്യവസ്ഥയുടെ ഭാഗമായി അയിത്തം മുതലായ അനാചാരങ്ങൾ നശിച്ചിട്ടുണ്ട്.

ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ മത വിഭാഗങ്ങളിൽപെട്ട ആളുകളാണ് ഈ പഞ്ചായത്തിൽ മുഖ്യ ജന വിഭാഗങ്ങൾ. മതപരമായ വേർതിരിവ് ജനങ്ങളുടെ കൂട്ടായ പ്രവർത്തനത്തെ ബാധിക്കാത്ത പഞ്ചായത്താണിത്.

ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന 250 ൽ പരം ആളുകൾ ഈ പഞ്ചായത്തിലുണ്ട്.

പട്ടിക 5

ജനപ്രകൃതി

വാർഡ്	ആകെ പാർപ്പുള്ള വീടുകൾ	ജനസംഖ്യ			പട്ടിക ജാതി			പട്ടിക വർഗ്ഗം			സാക്ഷരർ		
		പു	സ്ത്രീ	ആകെ	പു.	സ്ത്രീ	ആകെ	പു.	സ്ത്രീ	ആകെ	പു.	സ്ത്രീ.	ആകെ
I	413	1098	1056	2154	13	13	26	23	21	44	927	808	1735
II	505	1277	1257	2534	2	2	4	21	25	46	1039	987	2026
III	358	1035	1024	2059	50	50	100	89	92	181	851	805	1656
IV	291	673	792	1465	--	--	--	41	44	85	552	607	1151
V	389	947	1033	1980	55	49	104	--	--	--	764	753	1517
VI	589	1821	1794	3615	24	15	39	36	47	83	1451	1265	2716
VII	338	868	927	1795	--	--	--	45	39	84	729	708	1437
VIII	430	1054	984	2038	15	10	25	105	96	201	859	775	1634
IX	540	1475	1503	2978	13	7	20	11	20	31	1244	1248	2492
ആകെ	3851	10248	10370	20618	172	146	318	371	384	755	8416	7949	16365

ജലപ്രകൃതി

പഞ്ചായത്തിന്റെ ജലസ്രോതസ്സുകളിൽ പ്രധാനമായത് കാഞ്ഞിരപ്പുഴ, ഗണപതിയാട് പുഴ എന്നീ പുഴകളും, ചെറുതും വലുതുമായ അനേകം തോടുകളുമാണ്. ഇതിനു പുറമെ 300 ഓളം ചെറു കുണ്ടുകളും, കുളങ്ങളും, 3320 കിണറുകളുമുണ്ട്.

പട്ടിക - 6

ജലപ്രകൃതി

ക്രമ നമ്പർ	പുഴ/തോട് - പേര്	വാർഡ്	ആകെ നീളം	V.C.B.കളുടെ എണ്ണം	V.C.R. എണ്ണം
1.	കാഞ്ഞിരപ്പുഴ	IV, V, VI, VII, VIII, IX വാർഡുകൾ	7 കി.മീ.	---	---
2.	ഗണപതിയാട് പുഴ	I	4 കി.മീ.	1	1
3	പാമ്പാളി - പൈങ്ങോട് - വെള്ളർവള്ളി	I	4.500	---	---
4.	മുരുങ്ങോടി - നമ്പ്യോട് തോട്	II, III, IV	4.000	2കേടായത്	2 (1 പണി തീർന്നിട്ടില്ല)
5.	മുല്ലപ്പള്ളി തോട്	VI, VIII, IX	3.000	2	1
6.	ഓടപ്പുഴ തോട്	VIII	2.500	---	---
7	നരിക്കുണ്ട് - ഓടന്തോട് തോട്	IX	0.800	---	1
8.	വളയങ്ങാട് - മടപ്പുരച്ചാൽ തോട്	IX	1.000	---	---
9.	മഞ്ഞപ്പള്ളി തോട്	VI, VII	2.200	---	1
10.	അത്തിത്തോട്	X	1.500	---	---
11.	വെള്ളർവള്ളി - വട്ടക്കര - വേരുമടക്കി തോട്	I	2.500	---	1
12.	കരിങ്ങാ - വെള്ളായി - ചെവിടിക്കുന്ന് തോട്	V, VI	2.500	---	---
13.	പൂവത്തിൽ - ഓടയിൽ തോട്	I, VI	2.000	---	---
14.	മുരിങ്ങോടി - പാറത്തോട്	III, IV	0.500	---	---
15.	മൊയാൽ - കൊളവഞ്ചാൽ തോട്	II, III, V	0.600	---	---

കൃഷിയും ജലസേചനവും

കണ്ണൂർ ജില്ലയിലെ കിഴക്കൻ മലയോര മേഖലയുടെ കേന്ദ്ര മായ പേരാവൂർ ഗ്രാമ പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. പഞ്ചായത്തിന്റെ കിഴക്ക് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ചരിത്രം ഉറങ്ങുന്ന പുരളിമല ഫലപൂയിഷ്ഠമായ മണ്ണുകൊ ണ്ട് അനുഗ്രഹീതമാണ്. പഞ്ചായത്തിന്റെ തെക്ക് വടക്കായി ഒഴുകുന്ന കാഞ്ഞി രപ്പുഴ, കിഴക്ക് പടിഞ്ഞാറായി ഒഴുകുന്ന ഗണ്ണ പതിയാട് പുഴ, ചെറുതും വലുതു മായ നിരവധി തോടുകളും എന്നിവ പഞ്ചായത്തിന് പ്രകൃത്യാ ലഭിച്ച ജല സ്രോതസ്സുകളാണ്. തെങ്ങ്, റബ്ബർ, കശുമാവ്, കവുങ്ങ് തുടങ്ങിയ നാണ്യ വിളകളും മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും നെല്ല്, വാഴ, മരച്ചീനി പച്ചക്കറികളും തുട ങ്ങിയ ഭക്ഷ്യ വിളകളും ഇവിടെ കൃഷി ചെയ്തു വരുന്നു. കൂടാതെ ഇടവി ളയായി കുരുമുളക്, ഇഞ്ചി, ചേമ്പ്, ചേന, കാച്ചിൽ എന്നിവയും കൃഷി ചെയ്തു വരുന്നു.

പഴയ കാലത്ത് ഇവിടെ കൃഷി ക്കാർക്ക് സ്വന്തമായി ഭൂമി ഉണ്ടായി

രുന്നില്ല. ഭൂമി മുഴുവൻ കോട്ടയം രാജവം ശത്തിന്റെയും കൊട്ടിയൂർ ദേവസ്വ ത്തിന്റെയും അധീനതയിലായിരുന്നു. കൃഷിക്കാർ വാരം, പാട്ടം എന്നിവ കൊ ടുത്ത് 'കുഴിക്കാണ'മായി വാങ്ങി കൃഷി ചെയ് തു പോന്നു. അക്കാലത്ത് വ്യാപ കമായി കര പറമ്പുകളിലും കു ന്നിൻ പ്രദേശങ്ങളിലും കാടു കയ വെട്ടി ത്തെളിച്ച് പുനഃകൃഷി ചെയ്തു പോന്നി രുന്നു. 'കറു ത്തടുക്കൻ', ആനക്കോ ടൻ, പ്രാക്കുട്ടി തുടങ്ങിയ ഇനം വിത്തു കളാണ് പുനഃകൃഷിക്ക് ഉപയോഗിച്ചി രുന്നത്. ചാമ, മുത്താറി, തിന, തൊവര തുടങ്ങിയ ധാന്യങ്ങളും കക്കിരി, വെള്ളരി, കുമ്പളം തുടങ്ങിയ പച്ചക്കറി ഇന ങ്ങളും നെല്ലിനിടയിൽ കൃഷി ചെയ്തിരുന്നു. മണ്ണ് ജൈവസംപു ഷ്ടമായിരുന്നതിനാൽ കൃ ഷിയിൽ നൂറ് മേനി വിളവു ലഭിക്കുമായിരുന്നു. കൃഷിക്ക് ഏറ്റ വും ഭീഷണി ആയി രുന്നത് കാട്ടുപന്നി ആയിരുന്നു. കർഷകർ ഏറു മാടങ്ങൾ കെട്ടി

കാവൽ നിന്നിരുന്നു. ഈ രംഗത്ത് കർഷകരുടെ കൂട്ടായ്മ വളരെ പ്രകടമായിരുന്നു. വയലുകളിൽ നെൽകൃഷി നല്ല നിലയിൽ നടത്തിപോന്നിരുന്നു. ഒന്നും രണ്ടും വിള ഒരുമിച്ച് കൃഷി ഇറക്കുന്ന രീതിയാണ് സ്വീകരിച്ച് പോന്നിരുന്നത്. 'കുറുവായി', 'മുണ്ടകൻ' എന്നീ വിത്തിനങ്ങൾ കൂട്ടിക്കലർത്തിയ 'കൂട്ടുമുണ്ടകൻ' എന്ന ഇനം വിത്താണ് ഇതിന് ഉപയോഗിച്ചത്. കൃഷിച്ചിലവ് കുറക്കുന്നതിനുവേണ്ടിയാണ് ഈ രീതി അവലംബിച്ചിരുന്നത്. തോടുകളിൽ തടയിണ കെട്ടി വയലുകളിൽ വെള്ളം തിരിച്ചു വിട്ടാണ് മൂന്നാംവിള ഇറക്കിയിരുന്നത് 'ചീര', 'ചിറ്റേനി', 'തന്നട', 'വീട്ടുകൂട്ടി' തുടങ്ങിയ മൂപ്പ് കുറഞ്ഞ വിത്തിനങ്ങളാണ് മൂന്നാംവിളക്ക് ഉപയോഗിച്ചിരുന്നത്. ഭൂമി കൂടുതൽ കൈവശം വെച്ചിരുന്നവർ ധാരാളം കന്നുകാലികളെ വളർത്തിയിരുന്നതിനാലും പച്ചിലകൾ യഥേഷ്ടം ലഭിച്ചിരുന്നതിനാലും ഇവ ചേർന്ന ജൈവവളം മാത്രമാണ് കൃഷിക്ക് ഉപയോഗിച്ചിരുന്നത്. കീടങ്ങളെ അകറ്റുന്നതിന് നെല്ല് കതിരാവുമ്പോൾ ഈന്തപ്പനയുടെ ചക്ക പാടങ്ങളിൽ കുത്തിവെക്കുന്ന പതിവുണ്ടായിരുന്നു. കർഷക തൊഴിലാളികൾക്ക് നെല്ലായിരുന്നു കൂലിയായി നല്കി പോന്നിരുന്നത്. കൃഷിക്കാരും കർഷക തൊഴിലാളികളും ചേർന്നുള്ള പങ്കുകൃഷിയും കൂടാതെ പാട്ടം കൃഷിയും നടപ്പുണ്ടായിരുന്നു.

1925 - 30 കാലഘട്ടത്തിൽ കുടിയേറ്റക്കാരുടെ ആഗമനത്തോടെയാണ് ഈ പഞ്ചായത്തിൽ കാർഷിക രംഗത്ത് വൻ പുരോഗതി കൈവന്നു തുടങ്ങിയത്. ഇക്കാലത്ത് മലമേടുകളിൽ കപ്പ, റബ്ബർ, ഇഞ്ചി പുതിയ ഇനം കുരുമുളക് എന്നിവ വ്യാപകമായി കൃഷിചെയ്ത് തുടങ്ങി. കാട് വെട്ടിത്തെളിച്ച് മണ്ണിൽ കഠിനാദ്ധ്വാനം ചെയ്ത് മലഞ്ചെരുവുകളും കുന്നുകളും ഇവർ കൃഷിയിടങ്ങളാക്കി മാറ്റി. പ്രാചീന രീതിയിൽ കൃഷി ചെയ്തിരുന്ന ഇന്നാട്ടുകാർക്ക് നവീന രീതിയിലുള്ള കാർഷിക മുറ പഠിച്ചത് കുടിയേറ്റ കർഷകരിൽ നിന്നാണ്.

കാർഷിക പരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ ജന്മിമാർക്ക് വീട്ടുവേല ചെയ്തിരുന്ന കുടിയാന്മാരായ കൃഷിക്കാർക്ക് തങ്ങളുടെ കൃഷി ഭൂമിയിൽ പരിപൂർണ്ണ അവകാശം കൈവന്നു. ഇന്ന് നിലവിൽ പേരാവൂർ ഗ്രാമ പഞ്ചായത്തിൽ മൊത്തം കൃഷിക്കാരിൽ 72% വും ഒരേക്രയിൽ താഴെ ഭൂമി കൈവശമുള്ളവരാണ്. (പട്ടിക കാണുക) ഇവിടെയാണ് കൂട്ടുകൃഷി സമ്പ്രദായത്തിന്റെ പ്രസക്തി ഏറുന്നത്.

പട്ടിക - 1

കൈവശഭൂമിയുടെ സ്ഥിതിവിവര കണക്കുകൾ

ക്രമ നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	വിസ്തീർണ്ണം (ഹെക്ടറിൽ)
1.	1 സെൻറു മുൽ 10 സെൻറു വരെ	761	22.00
2.	10 സെൻറു മുതൽ 25 സെൻറു വരെ	1307	64.00
3.	25 സെൻറു മുതൽ 50 സെൻറു വരെ	1166	175.00
4.	50 സെൻറു മുതൽ 100 സെൻറു വരെ	1339	400.00
5.	1 ഹെക്ടർ മുതൽ 2 ഹെക്ടർ വരെ	952	570.00
6.	2 ഹെക്ടർ മുതൽ 5 ഹെകംടർ വരെ	673	942.00
7.	5 ഹെക്ടറിന് മുകളിൽ	179	1186.00

നെൽകൃഷി

ആയിരത്തി തൊള്ളായിരത്തി മുപ്പത്താറ് മുപ്പത്തേഴ് കാലഘട്ടത്തിലെ കണക്കനുസരിച്ച് പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ 15% (235 ഹെക്ടർ നെല്പാടങ്ങളായിരുന്നു. എന്നാലിന്നത് വെറും 5%(80 ഹെക്ടർ) ആയി ചുരുങ്ങിയിരിക്കുകയാണ്. വളം, കീടനാശിനി എന്നിവയുടെ അമിത വിലയും കൂലിയിൽ വന്നിട്ടുള്ള വർദ്ധനവും നെൽകൃഷി ലാഭകരമല്ലാതായി തീർന്നതിനാലും ഈ രംഗത്ത് കർഷക തൊഴിലാളികളുടെ ദൗർലഭ്യവും നെൽകൃഷിയിൽ നിന്നും പിന്നോട്ടുപോകാൻ കർഷകരെ നിർബന്ധിതരാക്കിയിട്ടുണ്ട്. വയലുകളിൽ വാഴ, കപ്പ എന്നിവ കൃഷി ചെയ്യുകയും തുടർന്നു തെങ്ങ്, കവുങ്ങ് എന്നിവ നട്ട് കരഭൂമിയായി മാറ്റുകയും ചെയ്യുന്ന പ്രവണത വളരെ കൂടിയിട്ടുണ്ട്.

പട്ടിക - 2

വിള വിസ്തീർണ്ണം (കൃഷിഭവൻ രേഖ)

ക്രമ നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടറിൽ)
1	ഒന്നാംവിള നെല്ല്	80.00
2.	രണ്ടാംവിള നെല്ല്	50.00
3.	മൂന്നാംവിള നെല്ല്	20.00

നെൽകൃഷി രംഗത്ത് 9 പാടശേഖര സമിതികൾ പഞ്ചായത്തിനകത്ത് പ്രവർത്തിച്ചു വരുന്നു.

തെങ്ങ് കൃഷി

പേരാവൂർ പഞ്ചായത്തിൽ 980 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്തു വരുന്നു. കാഞ്ഞിരപ്പുഴയുടെ ഇരുവശങ്ങളിലും പുരളി മലയുടെ താഴ്വരയിലും ആണ് വ്യാപകമായി തെങ്ങ് കൃഷി ഉള്ളത്. കൂടാതെ കരഭൂമിയിലും പുരയിടങ്ങളിലും തെങ്ങ് കൃഷി ചെയ്യുന്നുണ്ട്.

വാർഡ് തലങ്ങളിൽ പ്രവർത്തിച്ചു വന്നിരുന്ന കേര സമിതികൾ സംയോജിപ്പിച്ച് പഞ്ചായത്ത് തലത്തിൽ ഒരു കേര

വികസന സമിതി പ്രവർത്തിച്ചു വരുന്നു.

റബ്ബർ കൃഷി

ലാഭകരമായ കൃഷി എന്ന നിലയിൽ റബ്ബർ കൃഷിയോട് കർഷകർ കൂടുതൽ താല്പര്യം കാണിക്കുന്നു. 1995 ലെ കണക്കു പ്രകാരം 842 ഹെക്ടർ സ്ഥലത്ത് നിലവിൽ റബ്ബർ കൃഷി ചെയ്ത് വരുന്നുണ്ട്. കർഷകരുടെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്താൻ ഈ കൃഷി വളരെ ഏറെ സഹായിച്ചിട്ടുണ്ട്. ഏതാനും വർഷത്തിനുള്ളിൽ പഞ്ചായത്തിലെ മുഖ്യകൃഷി റബ്ബർ കൃഷിയായി മാറും. 500 ൽ പരം തൊഴിലാളികൾ ഈ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. നാടൻ ഇനങ്ങളെ തീർത്തും ഒഴിവാക്കിക്കൊണ്ട് അത്യുല്പാദന ശേഷിയുള്ളRRI - 105, GT - I എന്നീ ഇനങ്ങളാണ് കർഷകർ കൂടുതലായി കൃഷി ചെയ്യുന്നത്.

കശുമാവ് കൃഷി

കൃഷി ഭവനിലെ കണക്കനുസരിച്ച് പഞ്ചായത്തിൽ 675 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്തു വരുന്നുണ്ട്. എന്നാൽ ചുരുങ്ങിയ കാലംകൊണ്ട് കശുമാവ് കൃഷി റബ്ബർ കൃഷിക്ക് വഴിമാറുന്നതായാണ് പഞ്ചായത്തിലെ അനുഭവം. കീടബാധകൊണ്ട് ധാരാളം കശുമാവുകൾ നശിച്ച് പോയിട്ടുണ്ട്. മാവ് പൂക്കുന്ന കാലത്തെ തേയില കൊതുകിന്റെ ആക്രമണം ഉല്പാദനത്തെ വലിയ തോതിൽ ബാധിക്കുന്നതിനാൽ കശുവണ്ടി ഉല്പാദനം വർഷംതോറും കുറഞ്ഞു കുറഞ്ഞു വരുന്നതായാണ് കാണുന്നത്.

കുരുമുളക് കൃഷി

പഞ്ചായത്തിൽ 376 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിചെയ്തു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. മിക്കവാറും ഇടവിളയായാണ് കുരുമുളക് കൃഷി ചെയ്തു വരുന്നത്. മുൻകാലങ്ങളിൽ 'അരിവള്ളി', 'വാലൻകൊട്ട' 'ഉതിരൻകൊട്ട' എന്നീ നാടൻ ഇനങ്ങളായിരുന്നു കൃഷി ചെയ്തിരുന്നതെങ്കിൽ ഇപ്പോൾ 'കരിമുണ്ട' 'പന്നിയൂർ' എന്നീ അത്യുല്പാദന ശേഷിയുള്ള ഇനങ്ങളാണ് കർഷകർ ഉപയോഗിക്കുന്നത്. ധൃതവാട്ട രോഗവും മറ്റു കീടബാധയും ഈ കൃഷിയെ നാശോന്മുഖമാക്കിക്കൊണ്ടിരിക്കുകയാണ്. കുരുമുളക് സമിതികൾ മുഖാന്തിരം ധൃതവാട്ടം തടയുന്നതിന് വിവിധ കീടനാശിനികൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും എല്ലാ കൃഷിക്കാർക്കും ഇവ ലഭിക്കാത്ത നിലയും ലഭിച്ചവർ വേണ്ട വിധത്തിൽ ഉപയോഗിക്കാത്ത നിലയും ഉണ്ട്.

പട്ടിക -3

പാടശേഖര സമിതിയും വിളക്രമങ്ങളും

ക്രമ നമ്പർ	*പാടശേഖരത്തിന്റെ പേര്*	*വിസ്തൃതി ഹെക്ടർ*	*കർഷകരുടെ എണ്ണം*	*ഒന്നാംവിള*	*രണ്ടാംവിള*	*മൂന്നാംവിള*
1	കോട്ടുമാങ്ങ	13.00	61	നെല്ല്, വാഴ	നെല്ല്, വാഴ	നെല്ല്, വാഴ പച്ചക്കറികൾ
2	വെള്ളർവള്ളി വല്ലാഞ്ഞി വയൽ	9.80	23	നെല്ല്, വാഴ	നെല്ല്, വാഴ	നെല്ല്, വാഴ പച്ചക്കറികൾ
3	പൂവത്തിൽ	3.49	19	നെല്ല്, വാഴ	നെല്ല്, വാഴ	നെല്ല്, വാഴ പച്ചക്കറികൾ
4	മുരിങ്ങോടി	9.00	28	നെല്ല്, വാഴ	നെല്ല്, വാഴ	നെല്ല്, വാഴ പച്ചക്കറികൾ
5	നമ്പ്യോട്	8.00	17	നെല്ല്, വാഴ	നെല്ല്, വാഴ	നെല്ല്, വാഴ പച്ചക്കറികൾ
6	തിരുവോണപ്പുറം	7.71	33	നെല്ല്, വാഴ	നെല്ല്, വാഴ	നെല്ല്, വാഴ പച്ചക്കറികൾ
7	മാവടി	5.00	16	നെല്ല്, വാഴ	നെല്ല്, വാഴ	നെല്ല്, വാഴ പച്ചക്കറികൾ
8	വളയങ്ങാട്	10.00	33	നെല്ല്, വാഴ	നെല്ല്, വാഴ	വാഴ പച്ചക്കറികൾ
9	അഴോത്തുചാൽ	14.00	38	നെല്ല്, വാഴ	നെല്ല്, വാഴ	നെല്ല്, വാഴ പച്ചക്കറികൾ

പഞ്ചായത്തിൽ 15 കുരുമുളകു സമിതികളും ഉണ്ടെങ്കിലും ഇവയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമല്ല.

കവുങ്ങ് കൃഷി

215 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷി ചെയ്തു വരുന്നു. വയലുകളിലും തെങ്ങിൻ തോപ്പിൽ ഇടവിളയായുമാണ് കവുങ്ങ് കൃഷി ചെയ്തു വരുന്നത്. അടുത്ത കാലത്തായി വയലുകളിൽ ഈ കൃഷി കൂടി വരുന്നതായി കാണുന്നു. നാടൻ ഇനങ്ങൾക്ക് പുറമേ 'മംഗള' 'മോഹിത് നഗർ' തുടങ്ങിയ പുതിയ ഇനങ്ങളും കൃഷി ചെയ്യുന്നുണ്ട്. 'മഞ്ഞളിപ്പും' 'മഹാളി'യുമാണ് ഈ കൃഷിയെ പ്രതിസന്ധിയിലാക്കുന്ന പ്രധാന രോഗങ്ങൾ. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ രോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നുണ്ട്.

വാഴ, മരച്ചീനി, പയർ, പച്ചക്കറികൾ, കിഴങ്ങ് വർഗ്ഗങ്ങൾ (കാച്ചിൽ, ചേമ്പ്, ചേന) എന്നിവ ഇടവിളയായി പറമ്പുകളിലും, വയലുകളിലും വ്യാപകമായി കൃഷി ചെയ്യുന്നുണ്ട്. ഇതിന് പുറമേ പഞ്ചായത്തിൽ ഇഞ്ചി, മഞ്ഞൾ, കച്ചൂരം എന്നിവയും തെങ്ങിൻ തോപ്പുകളിലും കവുങ്ങിൻ തോപ്പുകളിലും ഇടവിളയായി കൊക്കോ, കാപ്പി എന്നിവയും കൃഷി ചെയ്തു വരുന്നുണ്ട്.

ഉല്പാദന ക്ഷമത

സംസ്ഥാന ശരാശരി ഉല്പാദന ക്ഷമതയുമായി താരതമ്യപ്പെടുത്തിയാൽ നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, ഇഞ്ചി എന്നീ വിളകളുടെ ഉല്പാദന ക്ഷമതയിൽ പഞ്ചായത്ത് മുന്നിലാണെങ്കിലും വർദ്ധിച്ചു വരുന്ന കീടരോഗ ബാധകളും മണ്ണിന്റെ വളക്കൂറിന്റെ കുറവും മണ്ണൊലിപ്പും ഈ മേഖലയെ ദിനംപ്രതി തളർത്തിക്കൊണ്ടിരിക്കുന്നു. റബ്ബർ, കശുമാവ്, കുരുമുളകം, മരച്ചീനി തുടങ്ങിയവയുടെ ഉല്പാദന ക്ഷമത ഇവയുടെ സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. പട്ടിക 4 കാണുക.

രോഗബാധയും ജൂലായ് മുതൽ ആഗസ്റ്റ് വരെയുള്ള കനത്ത മഴയും റബ്ബറിന്റെ ഉല്പാദനക്ഷമത താഴ്ത്തുന്നു. കശുമാവിനെ സംബന്ധിച്ചിടത്തോളം അടുത്തകാലത്തായി പരിവായുള്ള താളം തെറ്റിയ മഴയും കശുമാവ് പൂക്കുന്ന കാലത്തെ കീടബാധയും കശുവണ്ടിയുടെ ഉല്പാദനക്ഷമതയെ കാര്യമായി ബാധിച്ചിട്ടുണ്ട്. കുരുമുളകിന്റെ അവസ്ഥയും ഇതിൽ നിന്ന് വ്യത്യസ്തമല്ല. വർഷം ചെല്ലുതോറും ഉല്പാദനക്ഷമത കുറഞ്ഞു വരുന്നു.

പച്ചക്കറി കൃഷികൾ

ഈ പഞ്ചായത്തിലേക്ക് ആവശ്യമായ പച്ചക്കറിയുടെ 75% വും കർണാടകയിൽ നിന്നാണ് കൊണ്ടുവരുന്നത്. ഇവക്ക് ഗുണമേന്മ കുറവാണെന്നു മാത്രമല്ല അമിതമായ വിലയുമാണ്. നമുക്കാവശ്യമുള്ള പച്ചക്കറികൾ കൃഷി ചെയ്യാൻ വേണ്ട സ്ഥലവും വെള്ളവും മറ്റു സൗകര്യങ്ങളും നമുക്ക് വേണ്ടുവോളം ഉണ്ട്. വ്യാപാര അടിസ്ഥാനത്തിൽ

പട്ടിക - 4

ഭൂവിനിയോഗം (അവലംബം - കൃഷിഭവൻ അടിസ്ഥാന വിവര രജിസ്റ്റർ)

ക്രമ	വിള	വിസ്തീർണ്ണം (ഹെക്ടറിൽ)	ആകെ കൃഷി ഭൂമിയുടെ %	മൊത്തം ഉല്പാദനം	ഉൽപാദന ക്ഷമത (ഹെക്ടറിൽ)	സംസ്ഥാനത്തെ ഉൽപാദനക്ഷമത (ഹെക്ടറിൽ)
1.	നെല്ല്					
	ഒന്നാംവിള	80.00				
	രണ്ടാംവിള	50.00	4.60	45,000 Kg	3000 Kg	2193 Kg
	മൂന്നാംവിള	20.00				
2.	തെങ്ങ്	950.00	27.00	58.90 ദശലക്ഷം	6200 Nos.	8890 Nos.
.3	റബ്ബർ	842.00	24.00	4,21,000 Kg	500 Kg.	934 Kg.
4.	കശുമാവ്	675.00	19.40	4,05,000 Kg	600 Kg.	820 Kg.
5.	കുരുമുളക്	376.00	10.00	75,200 Kg	200 Kg.	270 Kg.
6.	കവുങ്ങ്	215.00	6.00	7,525 Lacs	3,50,000 Nos.	2,13,480 Nos..
7.	വാഴകൃഷി	90.00	2.50	1,80,000 Kg	20,000 Kg.	7,951 Kg.
8.	മരച്ചീനി	87.00	2.50	1,566 tonnes	18,000 Kg.	19,860 Kg.
9.	ഇഞ്ചി കൃഷി	50.00	1.40	5,00,000 Kg.	10,000 Kg.	3,387 Kg.
10.	പയർ	12.00	- - -	9,600 Kg.	800 Kg.	- - -
11.	പച്ചക്കറികൾ	8.00	- - -	1,600 Kg	200 Kg.	---
12.	പഴവർഗ്ഗങ്ങൾ (മിശ്രവിള)	20.00	- - -	- - -	- - -	- - -

കൃഷിചെയ്യാനും ഏറെ സാധ്യതയുണ്ട്. ഇത് പ്രയോജന പ്പെടുത്താൻ നാം തയ്യാറാകണം.

മണ്ണിന്റെ സ്വഭാവം

പുരളിമലയുടെയും ചെമ്പുകണ്ണിമലയുടെയും പാർശ്വ ങ്ങളിലും താഴ്വരകളിലും ജൈവവള സമൃദ്ധമായ കരിമണ്ണ് കാണപ്പെടുന്നു. കാഞ്ഞിരപ്പുഴയുടെ തീരങ്ങളിൽ പൂഴി കലർന്ന സംപുഷ്ടമായ ഏക്കൽ മണ്ണ് കാണപ്പെടുന്നു. മണത്തണ അയോത്തുംചാൽ പ്രദേശ ങ്ങളിൽ കട്ടി കുറഞ്ഞ മൺപാളിക്ക് കീഴെ വ്യാപകമായ ചെങ്കല്ല് കാണുന്നു. പട്ടിക 5 കാണുക.

പട്ടിക 6

രാസവളത്തിന്റെ ഉപയോഗം

വർഷം	നൈട്രജൻ N_2	ഫോസ്ഫറസ് P	പൊട്ടാഷ് K
1991	105 ton	65 ton	68 ton
1992	137 ton	72 ton	75 ton
1993	152 ton	78 ton	82 ton
1994	195 ton	100 ton	114 ton
1995	217.5 ton	121.5 ton	124.5 ton

പട്ടിക - 5

മണ്ണിന്റെ സ്വഭാവം (കൃഷിഭവൻ രേഖ)

ക്രമ നമ്പർ	അടിസ്ഥാന മണ്ണ്	മേൽമണ്ണ്	ആഴം	ചെരിവ്	നീർവാർച്ച	ഉൾപ്പെടുന്ന മുഖ്യപ്രദേശങ്ങൾ
1	ലാട്രേറ്റ്	ചരൾ കലർന്ന കളിമണ്ണ്	മീഡിയം	മിതമായത്	നല്ല നിലയിൽ	മുരുങ്ങോടി, മാപുരച്ചാൽ, അഴോത്തുംചാൽ, മണത്തണ, വളയങ്ങാട്, കുനിത്തല
2.	ലാട്രേറ്റ് അലൂവിയൽ	പൂഴി കലർന്ന കരിമണ്ണ്	ഭേദമായത്	മിതമായത്	നല്ല നിലയിൽ	തെറ്റുവഴി, തൊണ്ടി, മാവടി, കോട്ടുമാങ്ങ, വെള്ളർവള്ളി, പുതുശ്ശേരി
3.	ലാട്രേറ്റ്	കളിമണ്ണ്	കുറഞ്ഞതു മുതൽ മീഡിയം വരെ	കുത്തനെയുള്ള ചെരിവ്	ദൃതഗതിയിൽ ഉള്ളത്	മേൽ മുങ്ങോടി, വെള്ളർവള്ളി വടക്ക്, പുരളിമലയുടെ ഭാഗങ്ങൾ, നമ്പ്യോട്, പെരുമ്പുന്ന
4	ലാട്രേറ്റ്	കളിമണ്ണ്	ഭേദപ്പെട്ടത്	ഇല്ല	കുറവ്	പാടശേഖരങ്ങൾ (അഴോത്തുംചാൽ, മാവടി, തൊണ്ടി, ഗണിപതിയാട്, വെള്ളർവള്ളി, നമ്പ്യോട്)

വളം, കീടനാശിനികൾ

മുൻകാലങ്ങളിൽ എല്ലാ കൃഷിക്കും ജൈവവളങ്ങൾ മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. രാസവളത്തിന്റെ വ്യാപ കമായ ഉപയോഗം തുടങ്ങിയിട്ടു 40 വർഷത്തിൽ കുറവേ ആയിട്ടുള്ളൂ. ഇന്ന് ഇവയുടെ ഉപയോഗം മൊത്തം വളത്തി ന്റെ 80% വരെ വരും. മണ്ണറിഞ്ഞ് വളം പ്രയോഗിക്കുന്ന രീതി ഇന്നും നമ്മുടെ കൃഷിക്കാരുടെയിടയിൽ വ്യാപകമാ യിട്ടില്ല. അതിനാൽ കൃഷിക്ക് ഉപയോഗിക്കുന്ന വളത്തിൽ നല്ലൊരു പങ്ക് ഉപയോഗശൂന്യമാകുകയാണ്. മണ്ണ് പരിശോ ധനാ സമ്പ്രദായത്തിന്റെ കുറവാണതിന് കാരണം. പഞ്ചാ യത്തിൽ സഹകരണ മേഖലയിൽ 4 ഉം സ്വകാര്യ മേഖലയിൽ 2 ഉം വളം ഡിപ്പോകളും ഉണ്ട്. 1991 മുതൽ 1995 വരെയുള്ള രാസവളവിൽപനയുടെ പട്ടിക ചുവടെ കൊടുക്കുന്നു.

ജൈവവളങ്ങൾ

ജൈവവളത്തിന്റെ പ്രാധാന്യം വർദ്ധിച്ചുവരുന്ന ഇക്കാ ലത്ത് ഇവ വേണ്ടത്ര ലഭ്യമാകാത്ത അവസ്ഥയുണ്ട്. മുൻ കാലങ്ങളിൽ കംപോസ്റ്റുകുഴികൾ ഉണ്ടാക്കി പച്ചിലയും ചാണകവും ചേർത്തു ജൈവവളം ഉല്പാദിപ്പിക്കുന്ന രീതി മിക്ക കൃഷിക്കാരും സ്വീകരിച്ചിരുന്നതിനാൽ പച്ചിലകളുടെ കുറവും ചാണകത്തിന്റെ ദൗർലഭ്യവും മൂലം ഈ രീതിയി ലുള്ള ജൈവവളനിർമാണം കുറഞ്ഞു പോയിരിക്കയാണ്. വേപ്പിൻ പിണ്ണാക്കും കോഴി കാഷ്ഠവും ജൈവവളമായി കർഷകർ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്.

കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ, കവുങ്ങ്, എന്നിവക്കാണ് വ്യാപകമായി കീടനാശിനികൾ ഉപയോഗിച്ചു വരുന്നത്. അടുത്തകാലത്തായി തെങ്ങിനും കുരുമുളകിനും ഇവ

ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്.

ഉപയോഗത്തിലിരിക്കുന്ന കീടനാശിനികൾ കൃഷിയേയും മനുഷ്യനേയും ദോഷമായി ബാധിക്കും എന്നതിനാൽ നാം ഉപയോഗിക്കുന്ന പച്ചക്കറി കൃഷിക്ക് എങ്കിലും വേപ്പണ്ണ, സോപ്പ് ലായനി, വെളുത്തുള്ളി, പുകയില ക്കഷായം തുടങ്ങിയ പരമ്പരാഗത മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്.

പട്ടിക 7

കീടനാശിനികളുടെ ഉപയോഗം

വർഷം	ഖരം	ദ്രവം
1991	950 Kg.	380 Kg.
1992	1020 Kg.	420 Kg.
1993	1300 Kg.	480 Kg.
1994	1720 Kg.	680 Kg.
1995	1820 Kg.	750 Kg.

കാർഷിക ഉപകരണങ്ങൾ

പേരാവൂർ പഞ്ചായത്തിൽ കാർഷിക രംഗത്ത് യന്ത്രവൽക്കരണം വണ്ടത്ര നടപ്പിലായിട്ടില്ല. യന്ത്രങ്ങളുടെ എണ്ണം തുലോം കുറവാണ്. പട്ടിക ചുവടെ കൊടുക്കുന്നു.

പട്ടിക - 8

ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണം					പമ്പുസെറ്റുകൾ		
ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രേയർ	നാവ്സ്റ്റാക് സ്പ്രേയർ	പവർ സ്പ്രേയർ	മെതിയന്ത്രം	തെങ്ങുകയറ്റയന്ത്രം	ഓയിൽ എഞ്ചിൻ	ഇലക്ട്രിക് എൻജിൻ	ഹെവി മോട്ടോർ
1	3	27	788	74	7	2	20	544	781	48

കൂലി നിരക്കുകൾ: കാർഷികതൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. കർഷകർക്ക് സമൂഹത്തിൽ മാന്യമായി സ്ഥാനം ലഭിക്കാത്തതിനാൽ വിദ്യാസമ്പന്നർ ഈ മേഖലയെ അവഗണിക്കുകയാണ്. 2000ത്തോളം വരുന്ന കർഷക കുടുംബങ്ങളിൽ പകുതിയോളം മാത്രമേ കൃഷിയെ മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ളൂ. പഞ്ചായത്തിൽ 3000 ത്തോളം കർഷക തൊഴിലാളികളുള്ളതിൽ 60% വും സ്ത്രീകളാണ്. ഇവരുടെ ശരാശരി കൂലി നിരക്ക് പുരുഷന്മാരുടെത് 70 രൂപയും സ്ത്രീകൾക്ക് 40 രൂപയുമാണ്. ഏകീകരിച്ച കൂലിനിരക്ക് ഈ പഞ്ചായത്തിലില്ല. ജീവിത ചിലവിനനുസരിച്ച് കൂലി ലഭിക്കാത്തതിനാൽ ഈ രംഗത്തു നിന്നും തൊഴിലാളികൾ കെട്ടിട നിർമ്മാണ രംഗത്തേക്കും മറ്റും മാറിപോവുന്നു.

കാർഷികവായ്പ: 2 പ്രഥമിക സഹകരണ ബാങ്കുകളും കാർഷിക വികസന ബാങ്കിന്റെ ഒരു ശാഖയും നോർത്തു മലബാർ ഗ്രാമീൺ ബാങ്കിന്റെ ഒരു ശാഖയും സിണ്ടിക്കേറ്റ് ബാങ്കും ഉൾപ്പെടെ കാർഷിക വായ്പ രംഗത്ത് 4 സ്ഥാപനങ്ങളാണ് ഈ പഞ്ചായത്തിന്റെ പരിധിയിലുള്ളത്. കൃഷി ആവശ്യത്തിനായി യഥാസമയം വായ്പ ലഭിക്കുന്ന സ്ഥിതി നിലവിലില്ല, സഹകരണ ബാങ്കുകൾ പലപ്പോഴും പക്ഷപാതപരമായാണ് മെമ്പർഷിപ്പും ലോണും കൊടുക്കുന്നത് എന്ന വസ്തുത നിലനിൽക്കുന്നു.

വിപണന സൗകര്യങ്ങൾ: മുൻകാലങ്ങളിൽ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ തലശ്ശേരി മാർക്കറ്റിനേയാണ് കൃഷിക്കാർ ആശ്രയിച്ചിരുന്നത്. എന്നാലിന്ന് എല്ലാത്തരം കാർഷിക ഉല്പന്നങ്ങളും വിറ്റഴിക്കാനുള്ള സൗകര്യം പേരാവൂർ പഞ്ചായത്തിലെ പേരാവൂർ മണത്തണ തൊണ്ടിയിൽ ടൗണിലുണ്ട്.

ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്തുപോരുന്ന പേരാവൂർ പഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള കാലവർഷവും തുലാവർഷവുമാണ്. ഇവിടെ വർഷത്തിൽ ശരാശരി 300 സെൻറിമീറ്റർ മഴ ലഭിക്കുന്നു.

7 കിലോമീറ്റർ ദൈർഘ്യം വരുന്നതും തെക്ക് നിന്നും വടക്കോട്ട് ഒഴുകുന്നതുമായ കാഞ്ഞിരപ്പുഴയും 4 കിലോമീറ്റർ ദൈർഘ്യത്തിൽ കിഴക്ക് നിന്നും പടിഞ്ഞാറോട്ട് ഒഴുകുന്ന ഗണപതിയാട് പുഴക്കും പുറമേ 30 കിലോമീറ്റർ ദൈർഘ്യമുള്ള 14 തോടും നിരവധി ഉപതോടുകളും കൊണ്ട് അനുഗ്രഹീതമാണ് പേരാവൂർ ഗ്രാമ പഞ്ചായത്ത്. എങ്കിലും ഇവകളിൽ വേനൽക്കാലത്തുപോലും സുലഭമായ വെള്ളം തടഞ്ഞുനിർത്തി വേണ്ടത്ര കൃഷിക്കുപയുക്തമാക്കാൻ കഴിഞ്ഞിട്ടില്ല.

വി.സി.ബി.

ഗണപതിയാട് പുഴക്ക് ഗണപതിയാടും മുല്ലപ്പള്ളി തോടിന് മാവടിയുലും തൊണ്ടിയിലും മുരിങ്ങോടി നമ്പ്യോട് തോടിന് കോലപ്രം വയലിലും ചുള്ളിയാറ്റിൽ വയലിലും (2 ഉം ഉപയോഗശൂന്യം) വി.സി.ബി.കളുണ്ട്.

ബി.സി.ആർ. (ബ്രിഡ്ജ് കം റഗുലേറ്റർ)

അടുത്ത കാലത്തായി ഗണപതിയാട് പുഴക്ക് ശാസ്ത്രിനഗർ-അറയങ്ങാടി റോഡിലും മഞ്ഞപ്പള്ളി തോടിന് എ. എസ്. നഗർ-തൊണ്ടിയിൽ റോഡിലും അത്തിത്തോടിന് മാപ്പുരച്ചാൽ-മണത്തണ റോഡിലും മുരിങ്ങോടി തോടിന് ബംഗ്ലക്കുന്ന്-പാറങ്ങോട് റോഡിലും മുല്ലപ്പള്ളി തോടിന് തുണ്ടി-കാഞ്ഞിരപ്പുഴ റോഡിലും ബി.സി.ആർ. പണിതിട്ടുണ്ട്. കൂടാതെ മുരിങ്ങോടി നമ്പ്യോട് തോടിന് ഉണ്ടായി

രുന്ന വി.സി.ബി. പുതിക്കിപണിത് ബി.സി.ആർ ആക്കാനുള്ള പണി ഒരു വർഷം മുമ്പ് തുടങ്ങിയെങ്കിലും പൂർത്തിയായിട്ടില്ല.

ജലസേചനം ലക്ഷ്യമാക്കി തുടങ്ങിയ മേൽപറഞ്ഞ വി.സി.ആർ., ബി.സി.ആർ. നിർമ്മിച്ചത് എങ്കിലും ഇവ ഫലപ്രദമായി ജലസേചനത്തിന് വിവിധ കാരണങ്ങളാൽ ഉപയോഗിക്കാൻ കഴിയുന്നില്ല.

കുളങ്ങൾ, കിണറുകൾ

വിവിധ വകുപ്പുകളുടെ സഹായത്തോടെ നിർമിച്ച 5 പൊതുകുളങ്ങൾ ഉൾപ്പെടെ 300-ൽ പരം കുളങ്ങൾ പേരാവൂർ പഞ്ചായത്തിലുണ്ട്. മുൻകാലങ്ങളിൽ നിർമ്മിച്ച പല കുളങ്ങളും ഇന്ന് ഉപയോഗശൂന്യമായിതീർന്നിരിക്കുകയാണ്. ഇവ പുനരുദ്ധീകരിച്ച് ജലസേചനയോഗ്യമാക്കേണ്ടതുണ്ട്. മണത്തണയിലെ വലിയകുളം പുനരുദ്ധരിച്ചാൽ കൃഷിക്കും നീന്തൽ പരിശീലനത്തിനും ഉപയോഗിക്കാം.

പേരാവൂർ പഞ്ചായത്തിൽ ജലസേചനത്തിനായി കൃഷി വകുപ്പിന്റെ ധനസഹായത്തോടെ നിർമ്മിച്ച 200 ഉം സ്വകാര്യ വ്യക്തികൾ നിർമ്മിച്ച 500-ൽപ്പരം കിണറുകളും നിലവിലുണ്ട്.

വേനൽക്കാലത്ത് പുഴ, കിണർ, തോട് എന്നിവകളിൽ നിന്നും വൈദ്യുതി/ഡീസൽ/മണ്ണെണ്ണ പമ്പ്സെറ്റുകൾ ഉപയോഗിച്ച് ധാരാളം കൃഷിക്കാർ തെങ്ങിൻതോപ്പും നെൽപ്പാടവും നനച്ചുവരുന്നുണ്ട്. വാഴകൃഷി, പച്ചക്കറി കൃഷി എന്നിവക്ക് കോരി നനയ്ക്കുന്ന രീതിയാണ് നിലവിലുള്ളത്. മൂന്നാംവിള നെൽക്കൃഷിക്ക് ചില ഇടങ്ങളിൽ തോടുകളിൽ തടയിണ കെട്ടി ജലം തിരിച്ച് വിട്ട് ജലസേചനം നടത്തുന്നുണ്ട്.

കണിക ജലസേചനം

പേരാവൂർ പഞ്ചായത്തിൽ 10 ഹെക്ടർ തെങ്ങിൻതോപ്പിൽ കണിക ജലസേചനംനടത്തി വരുന്നുണ്ട്.

മണ്ണ് സംരക്ഷണം

പേരാവൂർ പഞ്ചായത്തിൽ റബ്ബർ തോട്ടങ്ങളിൽ മാത്രമാണ് മണ്ണ് സംരക്ഷണപ്രവൃത്തി നല്ല രീതിയിൽ നടത്തിയിട്ടുള്ളത്. തെങ്ങിൻതോപ്പുകളിലും കവുങ്ങിൻ തോപ്പുകളിലും മണ്ണ് സംരക്ഷണത്തിന് അങ്ങിങ്ങായി കയ്യാലകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും 60% ൽ പരം തോട്ടങ്ങളിലും സംരക്ഷണ പ്രവൃത്തി നടത്തിയിട്ടില്ല. മലഞ്ചെരിവുകളും കുന്നിൻ പ്രദേശങ്ങളിലും വ്യാപകമായി മണ്ണൊലിപ്പ് പ്രകടമാണ്. കാഞ്ഞിരപ്പുഴയുടെയും ഗണപതിയാട് പുഴയുടെയും തീരങ്ങളിലും പ്രധാന തോടുകളുടെ കരകളിലും മണ്ണൊലിപ്പ് മൂലമുള്ള കരയിടിച്ചിൽ വളരെ കൂടുതലാണ്. പുഴക്കരയിലും മറ്റും മുമ്പുണ്ടായിരുന്ന തടകൾ, ഓടകൾ എന്നിവ നശിപ്പിക്കപ്പെട്ടതാണിതിനു പ്രധാന കാരണം.

നേഴ്സറികൾ

പഞ്ചായത്തിൽ പ്രധാനമായും ഒരു സ്വകാര്യ നേഴ്സറി മാത്രമാണുള്ളത്. പെരുമ്പുന്നയിൽ നല്ല രീതിയിൽ നടത്തിവരുന്ന നഴ്സറിയിൽ നിന്നും ബഡ്ഡ് കശുമാവ് തൈകളും മറ്റു ഫലവൃക്ഷതൈകളും വില്പന നടത്തുന്നുണ്ട്.

പഴവർഗ്ഗ കൃഷികൾ

നേന്ത്രവാഴ, പടവാഴ, കൈതച്ചക്ക എന്നിവയാണ് പേരാവൂർ പഞ്ചായത്തിലെ പ്രധാന പഴവർഗ്ഗ കൃഷികൾ. പുരയിടങ്ങളിൽ അങ്ങിങ്ങായി കപ്പ, പേര, സപ്പോട്ട വിവിധ ഇനം മാവുകൾ എന്നിവയും കൃഷി ചെയ്തു വരുന്നുണ്ടെങ്കിലും ഇവ വാണിജ്യാടിസ്ഥാനത്തിലല്ല. ചെരിവ് പ്രദേശങ്ങൾ മാവുകൃഷിക്ക് അനുയോജ്യമാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇതിന് വേണ്ടത്ര പ്രചാരണം ലഭിച്ചിട്ടില്ല.

പുഷ്പ കൃഷി

അറയങ്ങാട് വെള്ളർവള്ളി, പേരാവൂർ -ചെവിടിക്കുന്ന് എന്നിവിടങ്ങളിൽ അടുത്തകാലത്തായി ഓർക്കിഡ് കൃഷി ആരംഭിച്ചിട്ടുണ്ട്. ഏറെ തൊഴിൽ സാദ്ധ്യതയുള്ള മേഖലയാണിതെങ്കിലും ഈ രംഗത്ത് കൃഷിക്കാർക്കുള്ള പാരി ജ്ഞാനവും തൈകളുടെ ലഭ്യതക്കുറവും ഈ കൃഷിയുടെ വ്യാപനത്തിന് തടസ്സമായി നിൽക്കുന്നു.

കൃഷി ഭവൻ

1987-ൽ ആണ് കൃഷി ഭവൻ നിലവിൽ വന്നത്. കൃഷി ഭവന്റെ പ്രവർത്തനം കർഷകരുടെ പ്രതീക്ഷക്കൊത്ത് ഉയർന്നിട്ടില്ല.

പൊതുവിൽ കൃഷി ഭവനിൽ നുന്നും മറ്റുമുള്ള സഹായവും ഉപദേശങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് കാർഷിക രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൊയ്യാൻ നാം ഒത്തൊരുമിച്ച് മുന്നേറേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. നമ്മുടെ പഞ്ചായത്തിൽ ജലസേചനത്തിനായി നിർമ്മിക്കപ്പെട്ടിട്ടുള്ള 5 വി.സി.ബി.കളും 5 ബി.സി.ആറുകളും ഉണ്ടെങ്കിലും ഇവ ഉപയോഗിച്ചുള്ള ജലസേചനം ഫലപ്രദമല്ല.
2. നെൽവയലുകൾ നികത്തി മറ്റു കൃഷിക്കും കെട്ടിട നിർമ്മാണത്തിനും ഉപയോഗിക്കുന്നതിനാൽ നെല്ലുല്പാദനം ക്രമേണ കുറഞ്ഞു വരികയാണ്. കൂടാതെ ഉല്പാദന ചിലവിൽ വന്ന വർദ്ധനവ് ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തത് കാലവർഷക്കെടുതി തുടങ്ങിയവയൊക്കെ നെൽക്കൃഷിയുടെ ഉല്പാദനക്കുറവിന് കാരണങ്ങളാണ്. അമിതമായ രാസവള പ്രയോഗം മൂലം മണ്ണിന്റെ ജൈവ ഘടനയിൽ മാറ്റവും മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം നടത്തേണ്ട വളപ്രയോഗം അസാസ്ത്രീ

യമായി നടത്തുന്നതും മണ്ണുപരിശോധനാ സംവിധാനം വേണ്ടത്ര ഇല്ലാത്തതും കൃഷിക്കാരന്റെ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളാണ്.

നെല്പാടങ്ങളിൽ ഇടവിളയായി കൃഷി ചെയ്തിരുന്ന വാഴക്ക് വ്യാപകമായി വരുന്ന രോഗങ്ങളും പ്രതീക്ഷിക്കാതെ എത്തുന്ന ചുഴലി കാറ്റും കനത്ത നഷ്ടം വരുത്തിവെക്കുന്നു. ഈ നഷ്ടം നികത്താൻ വേണ്ടത്ര ധനസഹായം സർക്കാരിൽ നിന്നും ലഭിക്കുന്നില്ല.

• വേണ്ടത്ര ജൈവവള നിർമ്മാണകേന്ദ്രങ്ങൾ ഇല്ലാത്തും ഒരു പ്രശ്നമാണ്.

ശാസ്ത്രീയ കൃഷിരീതികളും വളപ്രയോഗത്തെയും സംബന്ധിച്ച് കർഷകരെ ബോധവാന്മാരാക്കാൻ വേണ്ടത്ര സംവിധാനങ്ങൾ ഇല്ലാത്തതും പ്രാദേശിക തലത്തിൽ കർഷകർക്കൊത്തു ചേർന്നു പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ കഴിയാത്തതും വലിയ പ്രശ്നമായി നിലനിൽക്കുന്നു.

കർഷകർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ യഥാസമയം ലഭ്യമാകാത്തതും വളത്തിന്റെ സബ്സിഡി കൃത്യമായി ലഭിക്കാത്തതും കൃഷിക്കാരെ അലട്ടുന്ന പ്രശ്നങ്ങളാണ്.

നിർദ്ദേശങ്ങൾ

1. പച്ചക്കറി കൃഷി വ്യാപകമാക്കാൻ വിത്ത്, വളം, കീടനാശിനി എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.
2. കുറ്റിമുല്ല, ആന്തൂറിയം, ഓർക്കിഡ് തുടങ്ങിയ പുഷ്പകൃഷികൾ DWCRA യൂനിറ്റുകൾ വനിതകളെ പങ്കെടുപ്പിച്ചു കൊണ്ടു രൂപീകരിച്ച് നടപ്പാക്കണം.
3. • തെങ്ങിൻതോപ്പിൽ ഇടവിളകൃഷിയായി ഔഷധസസ്യങ്ങൾ വളർത്താൻ ആവശ്യമായ തൈകളും വിത്തുകളും ലഭ്യമാക്കാൻ വേണ്ട ഏർപ്പാടുകൾ പഞ്ചായത്ത് ചെയ്യണം.
4. കൂൺ കൃഷി വ്യാപകമാക്കാൻ ആവശ്യമായ വിത്തുകളും പരിശീലനവും ലഭ്യമാക്കണം.
5. പഞ്ചായത്തിലെ മുഴുവൻ കർഷകരുടെ പറമ്പുകളിലും ജൈവവളത്തിന്നാവശ്യമായ കംപോസറ്റുകുഴികൾനിർമ്മിക്കാനാവശ്യമായ ധനസഹായം ലഭ്യമാക്കണം.
6. തീറ്റപ്പുൽകൃഷിക്ക് പ്രോത്സാഹനമായി നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കുകയും 10 സെൻറ് വരെയുള്ള കർഷകർക്കും അനുവദിക്കുകയും ചെയ്യണം.
8. റബ്ബർതോട്ടങ്ങളിൽ പ്രാരംഭഘട്ടത്തിൽ സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ കൃഷി ചെയ്യാൻ ആവശ്യമായ പ്രോത്സാഹനവും ധനസഹായവും നൽകണം.
9. നെല്ല് കൃഷിക്കാർക്ക് നൽകിവരുന്ന ഉല്പാദന ബോണസ്വർദ്ധിപ്പിക്കണം. വാഴക്കൃഷിയെ പ്രോത്സാഹിപ്പിക്കണം.
10. വിള ഇൻഷൂറൻസിനാവശ്യമായ സംഖ്യ മുഴുവൻ സർക്കാർ നൽകണം.
11. തെങ്ങ്, കവുങ്ങ് എന്നിവയുടെ കൂമ്പുചീയൽ രോഗത്തിനെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കണം.
12. കൃഷി ഭവനിൽ നിന്നും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ കൃഷിക്കാരെ അറിയിക്കാൻ സംവിധാനം വേണം.
13. നല്ല ഇനം തെങ്ങ്, കവുങ്ങ് തൈകൾ ഉല്പാദിപ്പിക്കുന്ന നഴ്സറി പഞ്ചായത്തിൽ സ്ഥാപിക്കണം.
14. കാർഷികമേഖലയിൽ യന്ത്രവൽക്കരണം നടപ്പാക്കാനും ഇവയുടെ പ്രയോഗരീതികളെ കുറിച്ചു കർഷകരെ പഠിപ്പിക്കുകയും വേണം.
15. പാടശേഖര-കുരുമുളക് സമിതിയിൽ നിന്നും യഥാർത്ഥ കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കണം.
16. കമ്യൂണിറ്റി ഇറിഗേഷൻ സംവിധാനം എല്ലാ കൃഷികൾക്കും ലഭ്യമാക്കണം.
17. കാർഷിക ആവശ്യങ്ങൾക്ക് കാലതാമസം കൂടാതെ വൈദ്യുതി ലഭിക്കാൻ സംവിധാനമുണ്ടാക്കുകയും എല്ലാ കാർഷികയന്ത്രങ്ങൾക്കും വൈദ്യുതി സൗജന്യമായി നൽക്കുകയും ചെയ്യണം.
18. സഞ്ചരിക്കുന്ന മണ്ണ് പരിശോധനാകേന്ദ്രം പഞ്ചായത്തിൽ വേണം.
19. കർഷകന്റെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഒന്നിടവിട്ട ദിവസങ്ങളിൽ ചന്ത ഏർപ്പെടാക്കണം.
20. പ്രകൃതിക്ഷോഭം, രോഗം എന്നിവ മൂലം നശിക്കുന്ന എല്ലാ കൃഷിക്കും നഷ്ടപരിഹാരം നൽകണം.
21. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ നീരുറവകൾ കൃഷിക്ക് യോജിച്ച വിധത്തിൽ വികസിപ്പിക്കണം.
22. കൃഷിക്കാർക്ക് പരിശീലനം 'നീർമറി' അടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.
23. കുരുമുളക് സമിതികൾ നേരിട്ട് ധൃതവാട്ടത്തിനെതിരെ കീടനിയന്ത്രണപ്രവർത്തനങ്ങൾ നടത്തണം.
24. റബ്ബറിന് സഹകരണ സംഘം മുഖാന്തിരം മരുന്നു തളി നടത്തണം.
25. തോട്, പുഴ എന്നിവയുടെ കരയിലെ മണ്ണൊലിപ്പ് തടയാൻ ഇവ കരിങ്കല്ല കെട്ടി സംരക്ഷിക്കണം.
26. കശുമാവ് തൈകൾ ആവശ്യമുള്ളവർക്കെല്ലാം നൽകണം.
27. ജലസേചന കിണറുകൾക്ക് 50% സബ്സിഡി നൽകണം.
28. പാമ്പാളി, പോതിപ്പാറ, പോത്തുകുഴി, മാവടി, മാപുരക്കൽ, നരിമറ്റം കടവ് എന്നിവിടങ്ങളിൽ ബി.സി.ആറുകളും കോശാലപ്പുറ വയലിൽ വെള്ളർവള്ളി വയലിലെ തോടിനും കല്ലടി തോടിനും വി.സി.ബി. നിർമ്മിക്കണം.
29. കാഞ്ഞിരപ്പുഴയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ വഴി നമ്പ്യോട് പാടത്ത് കൃഷിക്ക് ജലം ലഭ്യമാക്കണം.

30. തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷാമം മൂലമുള്ള പ്രശ്നം പരിഹരിക്കാൻ തെങ്ങ് കയറ്റ് യന്ത്രം വാങ്ങാൻ സഹായവും പരിശീലനവും ലഭ്യമാക്കണം.
31. കാർഷിക ഉപകരണങ്ങൾക്ക് വായ്പ വഴി യന്ത്രങ്ങൾ കൃഷിക്കാരന് ഇഷ്ടമുള്ള സ്ഥലത്തു നിന്ന് തന്നെ വാങ്ങാനുള്ള അനുവാദം നൽകണം.
32. ജൈവവളവും ജൈവകൃഷി രീതിയും പ്രോത്സാഹിപ്പിക്കണം.
33. തുലാവർഷത്തിന്റെ അവസാനത്തോടെ പഞ്ചായത്തിലെ മുഴുവൻ തോടുകളിലും ശ്രമദാനത്തിലൂടെ നാട്ടിൽ കിട്ടാവുന്ന വസ്തുക്കൾ ഉപയോഗിച്ച് തടയണകൾ കെട്ടി ജലം സംഭരിച്ച് കൃഷിക്കുപയ്കുതമാക്കാൻ ആവശ്യമായ സംവിധാനം പഞ്ചായത്ത് മുൻകൈ എടുത്ത് ഉണ്ടാക്കണം.
34. വെള്ളർവള്ളി പാടശേഖരം, വളയങ്ങാട് പാടശേഖരം, മാവടി പാടശേഖരം, നമ്പ്യോട് പാടശേഖരം, അഴോത്തും ചാൽ മേലേഭാഗം, മേൽ മുരിങ്ങോടി, മഠപ്പുരവയൽ, പള്ളിയറച്ചാൽ വയൽ, തെരു, പൊതിപ്പാറ എന്നിവിടങ്ങളിൽ കുളം കുഴിച്ച് പമ്പ്സെറ്റ് സ്ഥാപിച്ചാൽ ഇരുപ്പൂവിനു പകരം 3 കൃഷി നടത്താനാവും. അതിന് വേണ്ട നടപടി എടുക്കണം.
35. കോട്ടംമാങ്ങ അണക്കെട്ടിലെ വെള്ളം പമ്പ് ചെയ്ത് നെൽക്കൃഷിക്ക് നൽകിയാൽ 40 ഹെക്ടർ സ്ഥലത്ത് 3-ാം വിളവിറക്കാൻ കഴിയും.
36. കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിപ്രകാരം വെള്ളർവള്ളിയിൽ കുഴിച്ച കുളത്തിലെ വെള്ളം പമ്പ് ചെയ്തു കൃഷിക്ക് ഉപയുക്തമാക്കണം.
37. [illegible] വലിയ കുളത്തിലെ മണ്ണും ചെളിയും നീക്കി സംരക്ഷിച്ചാൽ ആക്കത്തായ പാടശേഖരത്തിൽ ഒന്നും രണ്ടും വിള നെൽക്കൃഷിയും മൂന്നാം വിളയായി പച്ചക്കറി കൃഷിയും നടത്താൻ ആവശ്യമായ വെള്ളം ലഭിക്കും.

മൃഗ സംരക്ഷണം – മത്സ്യബന്ധനം

മലയോരമേഖലയായ പോരാവൂർ പഞ്ചായത്തിൽ പണ്ടുകാലത്ത് കന്നുകാലികളെ അഴിച്ചുവിട്ടു മേയ്ക്കുന്ന പതിവാണ് ഉണ്ടായിരുന്നത്. ആദ്യകാലങ്ങളിൽ പശുക്കളെ പാലിനും കാളകളെ ഉഴവിനും വണ്ടി വലിക്കാനും മാത്രമായിരുന്ന ഉപയോഗിച്ച് വന്നിരുന്നത്. കൃഷിക്കാവശ്യമായ ജൈവവളം എന്ന നിലയിൽ ഉപയോഗിച്ചിരുന്നത് ചാണകമായിരുന്നു. കർഷകന്റെ പ്രധാനപ്പെട്ട ഉപതൊഴിൽ ആയിരുന്നു കന്നുകാലി വളർത്തൽ. വണ്ടി വലിക്കുന്നതിന് കാളകളെ പ്രത്യേക പരിചരണം കൊടുത്ത് വളർത്തുന്ന രീതി നിലനിന്നിരുന്നു. കുടിയേറ്റക്കാരുടെ ആഗമനത്തോടുകൂടിയാണ് ഈ രംഗത്ത് ഒരു ശാസ്ത്രീയത കൈവന്നത്. 'ഓർക്കാട്ടേരി' പോലുള്ള ചന്തകളിൽ നിന്നാണ് മേത്തരം കാളകളേയും പശുക്കളേയും ഈ പഞ്ചായത്തിലേക്ക് കൊണ്ടുവന്നിരുന്നത്. മൃഗപരിചരണത്തിന് ചികിത്സാ സമ്പ്രദായം ശാസ്ത്രീയമായി നിലനിന്നിരുന്നില്ലെങ്കിലും നാടൻ ഇനങ്ങൾക്ക് പ്രകൃത്യാ ലഭിച്ചിരുന്ന രോഗപ്രതിരോധശേഷി ഉള്ളതിനാലും അപൂർവം നാടൻ ചികിത്സാരീതി കൊണ്ടും രോഗങ്ങൾ കൊണ്ടുള്ള കന്നുകാലി മരണം തുലോം കുറവായിരുന്നു. എന്നാൽ വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണം കന്നുകാലി വളർത്തുകാർക്ക് ഒരു ഭീഷണിയായിരുന്നു.

ഇക്കാലങ്ങളിൽ കിടാരികളെ മറ്റുള്ളവർക്ക് 'പോറ്റാൻ' കൊടുത്തിരുന്ന സമ്പ്രദായം വ്യാപകമായി നിലനിന്നിരുന്നു. കന്നുകാലികളെ വളർത്തുക എന്നത് മാന്യതയുടെയും സമ്പത്തിന്റെയും ഭാഗമായി കണക്കാക്കിയിരുന്നു. ഈ

കാലങ്ങളിൽ കന്നുകാലികളെ സംരക്ഷിക്കുന്നതിനുവേണ്ടി പ്രത്യേക 'സംരക്ഷകനെ' തന്നെ നിയോഗിച്ചിരുന്നു. ഇതോടൊരുമിച്ച് തന്നെ ആട്, കോഴി, പന്നി വളർത്തൽ എന്നിവയും പഞ്ചായത്തിൽ വ്യാപകമായി ഉണ്ടായിരുന്നു.

കുടിയേറ്റക്കാരുടെ ആഗമനത്തോടെ ഭൂമി വിതരണവും കൃഷി വ്യാപനവും ഉണ്ടായതോടുകൂടി മേച്ചിൽപ്പുറങ്ങളുടെ വിസ്തൃതി കുറയുകയും കന്നുകാലികളെ അഴിച്ചുവിട്ടു വളർത്തുന്ന സമ്പ്രദായം ഇല്ലാതാവുകയും ചെയ്തു. പല നിയമങ്ങളും ശക്തമായതോടുകൂടി അലഞ്ഞു തിരിയുന്ന കന്നുകാലികളുടെ ഉപദ്രവങ്ങൾ നിയന്ത്രിക്കുന്നതിനു വേണ്ടി അംശം അധികാരികളുടെനിയന്ത്രണത്തിൽ 'കച്ചേരി ആല' നിലനിന്നിരുന്നു.

നെൽവയലുകളുടെ വിസ്തൃതിക്കുറവും റബ്ബർ തുടങ്ങിയ തോട്ടവിളകളുടെ വ്യാപനവും മറ്റും വ്യാപകമായ കന്നുകാലി വളർത്തലിന് തടസ്സമായിത്തീർന്നു. അനുകൂലമായ പല ഘടകങ്ങളും നിലനിൽക്കെ തന്നെ ഈ രംഗത്ത് നിലവിൽ ആശാവഹമായ പുരോഗതി കൈവന്നിട്ടില്ല. ഉല്പാദനക്ഷമതയുള്ള പശുക്കൾ, ജലവിഭവശേഷി, കൃഷിഭൂമിയുടെ ലഭ്യത, ആധുനിക ചികിത്സാ സൗകര്യങ്ങൾ, വിപണന സൗകര്യങ്ങൾ എന്നിവ ഉണ്ടായിരുന്നിട്ടും നല്ലൊരു വിഭാഗം കർഷകരും ഇതിൽ നിന്നും പിന്മാറുന്നതായാണ് കണ്ടുവരുന്നത്.

(1996-ലെ സെൻസസ് പട്ടിക കാണുക)

ആധുനിക സൗകര്യങ്ങൾ നിലനിൽക്കെ തന്നെ പലവിധ രോഗങ്ങളും ഈ രംഗത്ത് ഒരു ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്നു. (പട്ടിക - 2 കാണുക)

പട്ടിക - 2

മൃഗാശുപത്രിയിൽ റിപ്പോർട്ട് ചെയ്ത രോഗങ്ങൾ 1990-96

രോഗങ്ങൾ	*പശു*	*എരുമ*	*ആട്*	*പന്നി*	*പട്ടി*	*കോഴി*	*ആകെ*
ദഹനസംബന്ധമായവ	4655	75	365	38	2	148	5283
ശ്വാസകോശ സംബന്ധമായവ	2916	107	311	33	-	2083	5450
ഉപാപചയ സംബന്ധം	1703	45	255	17	-	-	2020
ത്വക്ക് രോഗങ്ങൾ	421	21	114	1	-	-	557
ധാതുലവണങ്ങളുടെ അഭാവം	573	33	86	21	-	-	713
പരാദരോഗങ്ങൾ	926	28	27	5	-	-	986
പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടത്	673	34	126	10	-	-	843
വന്ധ്യത	430	26	69	-	-	-	525
അകിടുവീക്കം	1235	43	92	-	-	-	1370
മുടന്തൻ പനി	1445	55	63	-	-	-	1563
പകർച്ചവ്യാധികൾ	2028	-	-	-	50	10112	12190

പഞ്ചായത്തിൽ നിലവിലുള്ള സൗകര്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

പട്ടിക III - കൃത്രിമബീജസങ്കലനവിവരങ്ങൾ

വളർത്തു മൃഗം	*കൃത്രിമ ബീജ സങ്കലനം നടത്തിയവ*	*ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ*	*ആകെ*
പശു	1447	324	1771
കിടാരി	309	298	607
എരുമ	26	18	44
ആകെ	1782	640	2422

പഞ്ചായത്തിൽ 1977-ൽ ആരംഭിച്ച പരമ്പരാഗത ക്ഷീര വ്യവസായ സഹകരണ സംഘവും 1990-ൽ ആരംഭിച്ച APCOS പാൽവിതരണ സഹകരണ സംഘവും പ്രവർത്തിച്ചു വരുന്നു. ഇതിൽ പേരാവൂർ ക്ഷീരവ്യവസായ സഹകരണ സംഘം പേരാവൂർ ബ്ലോക്കിലെ ഏറ്റവും വലിയ പാൽവിതരണ സഹകരണ സൊസൈറ്റിയാണ്. മേൽപറഞ്ഞ സംഘങ്ങളുടെ സ്തുത്യർഹമായ പ്രവർത്തനങ്ങൾ പാൽ ഉല്പാദനരംഗത്ത് നേട്ടങ്ങൾഉണ്ടാക്കിയിട്ടുണ്ട്. എങ്കിലും പാലിന്റെ ആവശ്യകത നിറവേറ്റാൻ ഇതുവരെ സാധിച്ചിട്ടില്ല. (പട്ടിക IV കാണുക)

പട്ടിക IV

സംഘത്തിന്റെ പേര്	ആകെ ഉല്പാദകർ	പ്രതിദിന സംഭരണം	ശരാശരി സംഭരണ വില (ലിറ്ററിന്)
പേരാവൂർ ക്ഷീര വ്യവസായ സഹകരണ സംഘം	250	850 ലി.	9.65 രൂ

APCOS വെള്ളർവള്ളി	70	200 ലി.	8.35 രൂ.
ആകെ	320	1050 ലി.	•

പഞ്ചായത്തിൽ രണ്ട് ക്ഷീര സഹകരണ സംഘങ്ങളുടെയും ഒരു മഹിളാ സമാജത്തിന്റെയും കീഴിലായി നാല് വനിതാ ക്ഷീരോൽപ്പാദന നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിലൂടെ 16 സ്ത്രീകൾക്ക് തൊഴിവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഈ യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമല്ല. വിപണനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ഉണ്ടാകേണ്ടതാണ്. (പട്ടിക V കാണുക)

പട്ടിക V

യൂനിറ്റ്	വാർഡ്	പ്രതിമാസം ഉല്പന്നങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന പാൽ	പ്രതിമാസ വിറ്റുവരവ്	പ്രതിമാസം സൃഷ്ടിക്കുന്ന തൊഴിലവസരങ്ങൾ
പേരാവൂർ - I	V	610 ലിറ്റർ	7300 രൂ	30
പേരാവൂർ - II	V	540 ലിറ്റർ	8550 രൂ.	114
വെള്ളർവള്ളി - I	I	110 ലിറ്റർ	7300 രൂ	42
പെരുമ്പുന്ന -	IV	60 ലിറ്റർ	2500 രൂ	25
ആകെ	*	1320 ലിറ്റർ	25650 രൂ	211

ആട്

പരമ്പരാഗതമായ രീതിയിൽത്തന്നെ ആടുവളർത്തൽ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ ഉണ്ടെങ്കിലും ഇതൊരു ഉപതൊഴിലായി സ്വീകരിച്ചിട്ടില്ല. തൊട്ടടുത്ത കോളയാട് പഞ്ചായത്തിൽ സെൻട്രൽ സ്റ്റെയിറ്റ് ഗോട്ട് ഫാമിൽ നിന്നും നല്ലയിനം ആടുകളെ കിട്ടാനുണ്ടെങ്കിലും ഈ രംഗത്ത് ആളുകൾ മുന്നോട്ടു വന്നിട്ടില്ല.

പന്നി

D.W.C.R.A. യുടെ കീഴിൽ പഞ്ചായത്തിൽ വനിതകൾക്ക് വേണ്ടി പന്നി വളർത്തൽ യൂനിറ്റ് നടത്തിവരുന്നുണ്ട്. ഇത് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ വീടുകളിലും ഒറ്റപ്പെട്ട നിലയിൽ പന്നിവളർൽ നടത്തി വരുന്നുണ്ട്. പന്നി വളർത്തൽ ലാഭകരമായ സ്ത്രീകളുടെ ഒരു ഉപതൊഴിലാണ്.

കോഴി

പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ 3 കോഴി വളർത്തൽ കേന്ദ്രങ്ങളുണ്ട്. ഇതിൽ 1994-ൽ ആരംഭിച്ച മണത്തണയിലുള്ള ന്യൂ ഇന്ത്യൻ പൗൾട്രി ഫാം നല്ല നിലയിൽ പ്രവർത്തിക്കുന്നു. കൂടാതെ പഞ്ചായത്തിലെ മിക്ക വീടുകളിലും വീട്ടമ്മമാരുടെ ഒരു ഉപതൊഴിലാണ് കോഴി വളർത്തൽ. എങ്കിലും ഈ പഞ്ചായത്തിലെ ആവശ്യത്തിന്റെ 70% മുട്ടയും തമിഴ്നാട് പോലുള്ള അന്യസംസ്ഥാനങ്ങളിൽ നിന്നും ദിവസേന ഇറക്കുമതി ചെയ്യുന്നു. ചില വീടുകളിൽ പേരിനു മാത്രം താറാവുകളെ വളർത്തി വരുന്നുണ്ട്. വളർത്തു പക്ഷികളിൽ പ്രമുഖസ്ഥാനം കോഴി വളർത്തലിനാണ്. പ്രാവ്, മൈന, ലൗബേർഡ്സ്, തത്ത മുതലായ പക്ഷികളെ വളർത്തൽ ഇപ്രദേശത്തെ വീടുകളിലെ കുട്ടികളുടെ ഒരു വിനോദമാണ്.

പൗൾട്രി ഫാം ഒഴികെയുള്ള പഞ്ചായത്തിലെ വാർഡ് തിരിച്ചുള്ള കണക്ക് പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക - VI

വാർഡ്	മുവൻകോഴി	പിടക്കോഴി		താറാവ്
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	
1	122	186	192	–
2	88	125	116	13
3	116	132	104	13
4	168	208	204	7
5	168	203	198	5
6	176	189	164	5
7	164	172	133	–
8	176	154	186	10
9	86	116	124	–
10	186	120	144	9

കാലാകാലങ്ങളായി പേപ്പട്ടി വിഷബാധക്കെതിരെ ശക്തമായ പ്രചാരണങ്ങളും പ്രതിരോധ നടപടികളും കൈക്കൊള്ളാറുണ്ടെങ്കിലും ഇത് പൂർണ്ണതയിൽ എത്തിക്കാൻ സാധിക്കാതെ വരുന്നു. 1996 ഒക്ടോബർ മാസം പേ വിഷ നിർമ്മാർജ്ജ തീവ്രയത്ന പരിപാടി നടപ്പിൽ വന്നിട്ടുണ്ട് എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. എങ്കിലും പ്രശ്നങ്ങൾ നിലനിൽക്കുന്നു. പട്ടിക VII കാണുക.

പട്ടിക VII

വിവരം	പശു	ആട്	പട്ടി	ആകെ
പ്രതിരോധ കുത്തിവെപ്പ് നൽകിയവയുടെ എണ്ണം	-	-	704	704
കടിയേറ്റത്തിനുശേഷം കുത്തിവെപ്പ് നടത്തിയവയുടെ എണ്ണം	125	33	-	158

അവലംബം - പേരാവൂർ മൃഗാശുപത്രി റിപ്പോർട്ട്

മൃഗസംരക്ഷണം - പ്രധാന പ്രശ്നങ്ങൾ

1. സമീകൃത കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനവ്.
2. ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ലഭ്യത കുറവ്.
3. പോഷകഗുണമുള്ള പച്ചപ്പുല്ലിന്റെ അഭാവം.
4. വയ്ക്കോലിന്റെ ലഭ്യതക്കുറവും വിലവർദ്ധനവും.

5. മേച്ചിൽ സ്ഥലങ്ങൾ പരിമിതമാണ്.
6. പഞ്ചായത്ത് തലത്തിൽ ശാസ്ത്രീയമായ പശു പരിപാലന രീതികളെക്കുറിച്ച് അറിവും വിവിധ സഹായങ്ങളും ലഭ്യമാക്കുന്നതിന് പരിശീലനം സിദ്ധിച്ച ഒരു വിദഗ്ധന്റെ അഭാവം.
7. കന്നുകാലി വളർത്തലിൽ ഹ്രസ്വകാലപരിശീലനം ലഭിക്കുന്നതിനുള്ള ഒരു ക്ഷീരപരിശീലന കേന്ദ്രത്തിന്റെ അഭാവം.
8. മൃഗാശുപത്രിയിൽ ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമല്ല.
9. മൃഗാശുപത്രിയിൽ വാഹന സൗകര്യം ഇല്ലാത്തതിനാൽ മൃഗചികിത്സക്ക് ചിലവേറുന്നു.
10. കറവ പശുവിന്റെ വിലയ്ക്ക് ആനുപാതികമായ വായ്പാ സൗകര്യം ബാങ്കുകളിൽ ലഭ്യമല്ല.
11. അത്യുല്പാദന ശേഷിയുള്ള കറവമാടുകളെ ന്യായമായ വിലയ്ക്ക് ലഭിക്കുന്നില്ല.
12. ഉല്പാദന ചിലവിന് ആനുപാതികമായി പാലിന് വില ലഭിക്കുന്നില്ല.
13. സഹകാര്യമേഖലയിൽ മായം ചേർത്ത പാൽ വിറ്റഴിക്കുന്നത് തടയുന്നതിന് ഫലപ്രദമായ സംവിധാനമില്ല.
14. ബ്ലോക്ക് തലത്തിൽ ഇപ്പോൾ നടത്തിവരുന്ന വിവിധ ക്ഷീര വികസന പദ്ധതികൾ പഞ്ചായത്തിലെ വളരെ ചെറിയ വിഭാഗം കർഷകർക്കേ ലഭ്യമാകുന്നുള്ളൂ.
15. വനിതാ ക്ഷീരോല്പന്ന യൂണിറ്റുകളുടെ വിപണന സൗകര്യങ്ങൾ ഇല്ല.
16. കോഴി വളർത്തൽ ലാഭകരമായി നടത്താൻ സാധിക്കുന്നില്ല.
17. പേപ്പട്ടി ശല്യം ഉണ്ടാകുന്നു.
18. പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന അറവുശാലകൾ പരിസര മലിനീകരണം സൃഷ്ടിക്കുന്നു.

സാധ്യതകൾ

1. പ്രാദേശികമായി ലഭിക്കാവുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
2. പഞ്ചായത്തിൽ വിറ്റഴിക്കുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് ലബോറട്ടറി സ്ഥാപിക്കുക.
3. കന്നുകുട്ടി പരിപാലന പദ്ധതിപോലെ, അത്യുല്പാദന ശേഷിയുള്ള കറവുമാടുകളെ വളർത്തുന്ന കർഷകർക്ക് പച്ചപ്പുല്ലിന്റെ ലഭ്യത കുറഞ്ഞ മാർച്ച്, ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ എങ്കിലും കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുക.
4. തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമാക്കുന്നതിനും ഹെക്ടറിന് 500/- രൂപയെങ്കിലും സബ്സിഡി നൽകുക.
5. വാണിജ്യാടിസ്ഥാനത്തിലുള്ള പുൽക്കൃഷിക്ക് നിലവിലുള്ള ധനസഹായമായ ഹെക്ടറിന് 1500/- രൂപ എന്നത് ഏക്കറിന് 10000/- രൂപ എന്നാക്കി നിജപ്പെടുത്തുക.
6. പുൽകൃഷിത്തോട്ടങ്ങൾ ദീർഘകാലത്തേക്ക് സംരക്ഷിക്കുന്നതിനുവേണ്ടി നന്നായി പരിപാലിക്കുന്ന തോട്ടങ്ങൾക്ക് ഓരോ വർഷവും സംരക്ഷണ ചിലവുകൾക്ക് ഉള്ള ധനസഹായവും രാസവള സബ്സിഡിയും അനുവദിക്കുക.
7. പുൽതൈകൾ വിതരണം ചെയ്യുന്നതിന് ഫോഡർ നേഴ്സറികൾ സ്ഥാപിക്കുക.
8. വൈക്കോൽ സംഭരിച്ച് ന്യായമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ക്ഷീര സഹകരണ സംഘങ്ങൾ മുഖേന നടപ്പാക്കുക.
9. പഞ്ചായത്തുതലത്തിൽ ശാസ്ത്രീയമായ പശുപാലന രീതികളെക്കുറിച്ചുള്ള അറിവും വിവിധ സഹായങ്ങളും ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ കീഴിൽ ഒരു ഡയറി ഫാം ഇൻസ്ട്രക്ടറുടെ നേതൃത്വത്തിൽ ക്ഷീരഭവൻ രൂപീകരിക്കുക.
10. പഞ്ചായത്തിലെ തൊഴിൽരഹിതരായ യുവജനങ്ങൾക്ക് ശാസ്ത്രീയമായ കന്നുകാലി വളർത്തലിൽ ഹ്രസ്വകാല പരിശീലനം ലഭിക്കുന്നതിന് കണ്ണൂർ ജില്ലയുടെ മധ്യഭാഗത്ത് ഒരു ക്ഷീര പരിപാലന കേന്ദ്രം സ്ഥാപിക്കുക.
11. മൃഗാശുപത്രിയിൽ ആവശ്യത്തിനുള്ള മരുന്ന് ലഭ്യമാക്കുക.
12. മൊബൈൽ വെറ്റിനറി സർവീസ് യൂണിറ്റ് ആരംഭിക്കുക.
13. ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് രണ്ട് വാർഡിന് ഒരാൾ എന്ന നിലയിൽ കൃത്രിമ ബീജാദാനത്തിൽ പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും നൽകി കൃത്രിമ ബീജദാനം കൂടുതൽ ഫലപ്രദമാക്കുക.
14. കറവ പശുവിന്റെ വിലയ്ക്ക് ആനുപാതികമായി വായ്പാ സൗകര്യം യഥേഷ്ടം ലഭ്യമാക്കുക.
15. അത്യുല്പാദന ശേഷിയുള്ള കറവ മാടുകളെ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് ഡയറി ഫാം നേഴ്സറികൾ സ്ഥാപിക്കുക.
16. പാലിന്റെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് കൈമാറുക.
17. സഹകാര്യമേഖലയിൽ മായം ചേർത്ത പാലിന്റെ വിപണനം തടയുന്നതിന് പാലിന്റെ ഗുണനിയന്ത്രണ യൂണിറ്റുകൾ സ്ഥാപിക്കുക.
18. ബ്ലോക്കുതലത്തിൽ ഇപ്പോൾ നടത്തി വരുന്ന വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ പഞ്ചായത്തിലെ എല്ലാക്ഷീര കർഷകർക്കും ലഭ്യമാകത്തക്കവിധം വിപുലീകരിക്കുക.

19. മാതൃകാ ഡയറി ഫാം യൂണിറ്റുകൾക്ക് ധനസഹായം നൽകുക പദ്ധതി വ്യാപകമാക്കുക.
20. പശ്ചിമഘട്ട വികസന പദ്ധതി അനുസരിച്ച് ഷെഡ് മേഖലയിൽ നടപ്പിലാക്കുന്ന ക്ഷീര വികസന പദ്ധതികൾ ഈ പഞ്ചായത്തിലും നടപ്പിലാക്കുക. ഇതനുസരിച്ച് ഉല്പാദന ക്ഷമതയേറിയ കറവ പശുക്കളെ വാങ്ങുന്നതിന് 3000/-രൂപ വീതവും ശാസ്ത്രീയമായ രീതിയിൽ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് 3000/- രൂപ വീതവും സബ്സിഡി നൽകേണ്ടതാണ്.
21. ശുദ്ധമായ പാലുല്പാദന കിറ്റുകൾ, ധാതുലവണമിശ്രിതം, മീനെണ്ണ എന്നിവ വിതരണം ചെയ്യുന്ന പദ്ധതി എല്ലാ ക്ഷീര കർഷകർക്കും പ്രയോജനപ്പെടുന്ന രീതിയിൽ വിപുലീകരിക്കുക.
22. പഞ്ചായത്തിലെ എല്ലാ സങ്കരവർഗ്ഗ പശുക്കൾക്കും സൗജന്യ ഇൻഷൂറൻസ് പദ്ധതി നടപ്പാക്കുക.
23. കാലി മരണത്തിനു പുറമെ ഉല്പാദനകുറവിനും മറ്റു രോഗങ്ങൾക്കും ഇൻഷൂറൻസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുക.
24. മറ്റു മേഖലകളിലെ തൊഴിലാഴികൾക്കെന്നപോലെ പഞ്ചായത്തിലെ എല്ലാ ക്ഷീരകർഷകർക്കും ക്ഷേമനിധി ഏർപ്പടുത്തുക.
25. വനിതാ ക്ഷീരോല്പന്ന യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾക്കും വിപണന സൗകര്യങ്ങൾക്കും സാമ്പത്തിക സഹായം അനുവദിക്കുക.
26. പഞ്ചായത്തിലെ 6, 10, വാർഡുകളിൽ പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
27. കന്നുകാലികളെ അലഞ്ഞുതിരിയാൻ വിടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുവാൻ കച്ചേരി ആലകൾ സ്ഥാപിക്കേണ്ടതാണ്.
28. ഗ്രൂപ്പ് ഡയറി ഫാമിംഗിന് ആവശ്യമായ ധനസഹായം നൽകുക.
29. മിൽമാ കാലിത്തീറ്റ പരമ്പരാഗത ക്ഷീര സഹകരണ സംഘങ്ങളിലെ ഉല്പാദകർക്കും ലഭ്യമാക്കുക.
30. ഓപ്പറേഷൻ ഫ്ലഡ് പദ്ധതിയിലെ വികസന പരിപാടികളും ആനുകൂല്യങ്ങളും സഹകരണ സംഘങ്ങളിലും നടപ്പാക്കുക.
31. APCOS ക്ഷീര സഹകരണ സംഘങ്ങളിൽ ഒരു നിശ്ചിത വരുമാനത്തിൽ കൂടുതൽ പാൽ പ്രാദേശിക വിപണനം നടത്താൻ പാടില്ല എന്ന നിയന്ത്രണം എടുത്തുകളയുക.
32. കന്നുകാലികളുടെ പകർച്ചവ്യാധിക്കെതിരെ മാസത്തിൽ ഒരിക്കൽ രോഗപ്രതിരോധ ക്യാമ്പ് സംഘടിപ്പിക്കുക.
33. കോഴി, ആട് എന്നിവയെ സൗജന്യ നിരക്കിൽ കുടുംബങ്ങൾക്ക് നൽകുക.
34. കോഴിത്തീറ്റ സബ്സിഡി നിരക്കിൽ ലഭിക്കുന്ന പദ്ധതിക്ക് രൂപം കൊടുക്കണം.
35. കോഴി വളർത്തൽ ലാഭകരമാക്കാൻ ബോധവൽക്കരണം ക്യാമ്പുകൾ നടത്തുകയും കോഴി രോഗത്തിനെതിരെ ഫലപ്രദമായ ചികിത്സയും ഇൻഷൂറൻസ് പദ്ധതിയും നടപ്പിലാക്കുകയും വേണം.
36. തേനീച്ച വളർത്തൽ പുനരുദ്ധരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
37. പേപ്പട്ടി വിഷബാധയ്ക്ക് എതിരായി പട്ടികൾക്കുള്ള കുത്തിവെപ്പ് പഞ്ചായത്തിൽ നിർബന്ധമാക്കണം.
38. അലഞ്ഞു തിരിയുന്ന പട്ടികളെ കൊല്ലുവാനും വളർത്തു പട്ടികൾക്ക് ലൈസൻസ് കൊടുക്കുവാനുമുള്ള സംവിധാനം ഉണ്ടാവണം.
39. അറവുശാലകളിൽ നിന്നുണ്ടാവുന്ന പരിസ്ഥിതി മലിനീകരണം നിയന്ത്രണ വിധേയമാക്കണം.
40. പഞ്ചായത്തിൽ എവിടെയും ലൈസൻസുള്ള ഇറച്ചി വിൽപനശാലകളില്ല. ഇറച്ചി വിൽപ്പനക്ക് ലൈസൻസ് എടുത്തവർക്ക് മാത്രമേ ഇറച്ചി വിൽക്കാൻ പാടുള്ളൂ എന്ന നിയമം കർശനമാക്കണം.
41. ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് ബോധവൽക്കരണവും പ്രോത്സാഹനവും നൽകണം.
42. സ്കൂൾപൗൾട്രി ക്ലബുകൾ സ്ഥാപിക്കുക.
43. പേരാവൂർ ഗവ. വെറ്റിനറി ഹോസ്പിറ്റലിൽ ഒരു "ഫ്രീമിയം ബുൾസെമൻ" ലഭിക്കുന്നതിനുള്ള യൂണിറ്റ രൂപീകരിക്കുക.

മത്സ്യബന്ധനം

മലയോര മേഖലയെന്ന നിലയിൽ ഈ പ്രദേശത്തുകാർ പണ്ടു മുതലേ മത്സ്യത്തിന് തീരപ്രദേശങ്ങളെ ആശ്രയിക്കാറാണ് പതിവ്. അതുകൊണ്ടു തന്നെ മത്സ്യത്തിന് തീവിലകൊടുക്കേണ്ടി വരാറുണ്ട്. മഴക്കാലങ്ങളിൽ മാത്രം പുഴകളിൽ നിന്നും തോടുകളിൽ നിന്നും മത്സ്യം പിടിക്കുന്ന പതിവ് ഈ പ്രദേശങ്ങളിൽ നിലനിന്നിരുന്നു. മനുഷ്യാഹാരത്തിന്റെ പ്രധാന ഭാഗമാണ് മത്സ്യമെങ്കിലും മത്സ്യം വളർത്തൽ ഈ പ്രദേശത്ത് ഇല്ല തന്നെ. വ്യാപാരാടിസ്ഥാനത്തിലും സ്വന്തം ആവശ്യത്തിനും മത്സ്യം വളർത്തുവാനുള്ള ഒരുപാട് സാധ്യതകൾ ഇവിടെയുണ്ട്. അതിനാൽ ശുദ്ധജല മത്സ്യവളർത്തുകേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. മത്സ്യഫാം തുടങ്ങുന്നതിനുള്ള ബോധവൽക്കരണവും സാമ്പത്തിക സഹായം കൊടുക്കുന്നതിനുള്ള സംവിധാനവും അത്യാവശ്യമാണ്. ഇത് അഭ്യസ്ഥവിദ്യർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പര്യാപ്തമായിത്തീരും. പഞ്ചായത്തിൽ തന്നെ ഒരു മത്സ്യഭവൻ ഉണ്ടാവേണ്ടതുണ്ട്. മത്സ്യം വളർത്താവുന്ന

200 ലധികം കുളങ്ങൾ പഞ്ചായത്തിലുണ്ട്. ഇതിൽ മണത്തണ കുളം മത്സ്യം വളർത്തുന്നതിന് ഏറ്റവും അനുയോജ്യമായ ഒന്നാണ്.

മത്സ്യബന്ധനം - പ്രധാന പ്രശ്നങ്ങൾ

1. മത്സ്യകൃഷിയുടെ ശാസ്ത്രീയമായ വശങ്ങൾ കർഷകർക്ക് ലഭിക്കുന്നതിനുള്ള സാഹചര്യം പരിമിതമാണ്.
2. മത്സ്യകുഞ്ഞുങ്ങളെ ലഭിക്കുന്നതിന് സൗകര്യമില്ല.
3. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നിലവിലില്ല.
4. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിച്ചിട്ടില്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഒരു മത്സ്യഭവൻ സ്ഥാപിക്കേണ്ടതാണ്.
2. മത്സ്യകൃഷിയുടെ ശാസ്ത്രീയ വശങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തേണ്ടതാണ്.
3. മത്സ്യകുഞ്ഞുങ്ങളെ ലഭിക്കുന്നതിന് സൗകര്യമുണ്ടാക്കണം.
4. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം.
5. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളായ തുണ്ടി, മണത്തണ എന്നിവിടങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കണം.

വ്യവസായം

പരമ്പരാഗത രീതിയിലുള്ള കൈത്തറി വ്യവസായം ഈ പഞ്ചായത്തിലെ പേരാവൂർ തെരു, മണത്തണ മുതലായ പ്രദേശങ്ങളിൽ നിലവിലുണ്ടായിരുന്നു. എന്നാൽ ഇന്ന് അവ നാമാവശേഷമാണ്. തഴപ്പായ നെയ്ത്ത്, കൊട്ട മടയൽ മുതലായ മേഖലയും പുഷ്ടി പ്രാപിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് അവയും ചുരുക്കമാണ്. മൺപാത്രനിർമ്മാണ വ്യവസായം പരമ്പരാഗതമായ രീതിയിൽ നടത്തുന്ന കുറച്ചു കുടുംബങ്ങൾ ഉണ്ട്. കളിമണ്ണ് ദൂരസ്ഥലങ്ങളിൽ നിന്ന് കൊണ്ടുവന്നാണ് അവർ ഈ വ്യവസായം ചെയ്തു വരുന്നത്. ഖാദി മേഖലയിൽ 2 യൂണിറ്റുകൾ മണത്തണയിലും പേരാവൂർ കുനിത്തലയിലും നടന്നു വരുന്നുണ്ട്. കോട്ടുമാങ്ങയിൽ പ്രവർത്തിച്ചു വരുന്ന പഴശ്ശി റബ്ബർ ഫാക്ടറി ഇപ്പോൾ ലോക്കൗട്ടിലാണുള്ളത്. കാർഷികമേഖലയായ പേരാവൂർ പഞ്ചായത്തിൽ കാർഷിക വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്ക് രൂപം നൽകേണ്ടത് അത്യാവശ്യമാണ്.



ഈ പഞ്ചായത്തിലെ നാമമാത്രമായ ചെറുകിട വ്യവസായങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരുടെ ഏതാനും വിവരങ്ങൾ പട്ടികയായി കൊടുത്തിരിക്കുന്നു.

പട്ടിക - 1

വിവിധ മേഖലകളിലെ തൊഴിൽ നില

ഇനം	യൂണിറ്റുകൾ	തൊഴിലാളികൾ		ആകെ	കൂലിനിരക്ക്	
		പു	സ്ത്രീ		പു	സ്ത്രീ
സോമിൽ	3	20	--	20	70	-
ഫല്വർ മിൽ	8	12	--	12	60	-
മെറ്റൽ ഇൻഡസ്ട്രി	4	21	--	21	90	--
ഫൈബർ	1	3	--	3	25	--
ഫർണീച്ചർ	8	26	--	26	125	--
ഹോളോബ്രിക്സ്	3	11	9	21	65	50
ക്രംപ്റബ്ബർ	1	35	--	35	ലോക്കൗട്ടിൽ	
ചെരിപ്പ്	1	--	1010	--	10	
ഗാർമെൻറ്സ്	5	4	19	23	40	40
സ്റ്റോൺക്രഷർ	1	9	6	21	6	45
കൈത്തറി	2	5	--	5	50	--
ബീഡി	2	1	20	21	40	30
ബേക്കറി	10	28	1	29	60	--
സോഡ	5	9	--	9	50	--
ചെങ്കല്ല് കൊത്തൽ	5	151	55	206	75	55
മെക്കാനിക്കൽ	8	37	--	37	100	--
മൺപാത്രം	4	12	6	18	60	40
കള്ള്ചെത്ത്	--	12	--	12	150	--
കരിങ്കല്ല്	3	75	65	140	75	45
ഖാദി നൂൽപ്, നെയ്ത്ത്	2	--	53	53	--	13
പ്രിൻറിംഗ് പ്രസ്	3	4	10	14	50	30

ഇവിടെ പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ, വൻകിട വ്യവസായങ്ങളൊന്നുമില്ല. സ്വകാര്യ മേഖലയിലുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളാണ് കുറച്ചെങ്കിലുമുള്ളത്. സഹകരണമേഖലയെ വ്യവസായ സംരംഭങ്ങളിൽ ഉപയോഗപ്പെടുത്താൻ കഴിയാത്തത് വലിയ പോരായ്മയാണ്. ചെങ്കൽ വ്യവസായത്തിലും കരിങ്കൽ വ്യവസായത്തിലും ഏർപ്പെട്ടിട്ടുള്ള വളരെയധികം തൊഴിലാളികളുണ്ട്. ആ മേഖലകളിൽ യന്ത്രവൽക്കരണം ചില സമീപ പഞ്ചായത്തുകളിൽ വന്നതോടെ ഈ മേഖല തകർച്ചയുടെ വക്കിലാണ്. കാരണം അനേകം തൊഴിലാളികൾ തങ്ങളുടെ മനുഷ്യാദ്ധ്വാനത്തിലൂടെ കൊത്തിയെടുക്കുന്ന കല്ലുകൾ യന്ത്രം ഏതാനും മണിക്കൂറുകൾകൊണ്ട് കൊത്തിയെടുക്കുന്നു. കല്ലിൻെറ സ്റ്റാൻഡേർഡ്അളവുകൾ പാലിക്കാൻ യന്ത്രത്തിന് കഴിയുമ്പോൾ കൈകൊണ്ട് നിർമ്മിക്കുന്ന കല്ലിന് കൃത്യമായി ഈ അളവുകൾ നിലനിർത്താൻ കഴിയാത്ത സ്ഥിതിയാണ്. ഇത് ഉപഭോക്താവിനെ യന്ത്രനിർമ്മിത കല്ലിൻെറ ആരാധകനാക്കി മാറ്റുന്നു. ഈ പ്രതിസന്ധി തരണം ചെയ്യാൻ ആവശ്യമായ നടപടികൾ ആ മേഖലയിൽ ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

പ്രശ്നങ്ങൾ

1. വ്യവസായം തുടങ്ങാനാവശ്യമായ സാങ്കേതിക പരിജ്ഞാനത്തിൻെറ കുറവ്.
2. വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ധനസഹായം ലഭിക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
3. പരമ്പരാഗത വ്യവസായ മേഖല പ്രോത്സാഹനക്കുറവു കൊണ്ട് തകരാനിടയാവുന്നു.
4. വ്യവസായത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.
5. വ്യവസായ സംരംഭകരെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങളുടെ അഭാവം.
6. വിപണന സൗകര്യങ്ങളുടെ അപര്യാപ്തത.
7. വ്യവസായത്തിന്നാവശ്യമായ വൈദ്യുതി, ഗതാഗതം മുതലായവയുടെ അപര്യാപ്തത.
8. വ്യവസായം തുടങ്ങാനുള്ള സന്നദ്ധതയുടെ കുറവ്.
9. ചെങ്കൽ മേഖലയും കരിങ്കൽ മേഖലയും യന്ത്രവൽക്കരത്തിൻെറ ഭീഷണിയിലാണ്.

നിർദ്ദേശം

ടൂറിസം: പഴശ്ശിരാജാവിൻെറ സങ്കേതമായിരുന്നു പുരളിമല, ഇരുപ്രക്കുന്ന്, കൊട്ടിയൂർ ക്ഷേത്രം, വനം, വയനാടൻ ചുരങ്ങൾ ഇവ കേന്ദ്രീകരിച്ച് ടൂറിസം വികസനത്തിന്നാവശ്യമായ വിശ്രമ മന്ദിരങ്ങൾ, നിരീക്ഷണകേന്ദ്രങ്ങൾ മുതലായവ സജ്ജീകരിച്ച് വിനോദ സഞ്ചാരത്തിൻെറ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുക.

സാധ്യതകൾ

1. തേങ്ങ, റബ്ബർ, കശുവണ്ടി എന്നിവ ഉപയോഗിച്ച് വ്യവസായങ്ങൾ തുടങ്ങാൻ സാധ്യതയുണ്ട്.
2. റബ്ബർബാൻറ്, കൈയുറ തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള ഒരു യൂണിറ്റ്.
3. റബ്ബർ തടി, പാഴ്മരങ്ങൾ മുതലായവ ഉപയോഗിച്ചു കൊണ്ട് പായ്ക്കിംഗ് കെയ്സ് നിർമ്മിക്കാനുള്ള യൂണിറ്റ്.
4. കശുമാങ്ങ ഉപയോഗിച്ചുകൊണ്ടുള്ള അച്ചാർ, ജാം മുതലായവ നിർമ്മിക്കാനുള്ള യൂണിറ്റ്.
5. കെട്ടിട നിരമ്മാണ സാമഗ്രികൾ നിർമ്മിക്കാനുള്ള യൂണിറ്റ്.
6. വാഴ നാര് യൂണിറ്റ് പ്രവർത്തക്ഷമമാക്കാം.
7. നോട്ടുബുക്ക്, കുട മുതലായവ നിർമ്മിക്കാനുള്ള ഒരു യൂണിറ്റ്.
8. നാളികേര സംസകരണ യൂണിറ്റ്.
9. കളിയടക്ക സംസ്കരണ യൂണിറ്റ്.

10. തീപ്പെട്ടി നിർമ്മാണ യൂണിറ്റ്.
11. പ്ലാസ്റ്റിക് സാധനങ്ങൾ നിർമ്മിക്കാനുള്ള യൂണിറ്റ്.
12. ചിരട്ട, ചകിരി ഉപയോഗിച്ചു കൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കാനുള്ള യൂണിറ്റ്.
13. പഞ്ചായത്തിൽ ഒരു വ്യവസായ പ്രോൽാഹന കൗൺസിൽ രൂപീകരിക്കുക.
14. ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കാൻ സാധ്യതയുണ്ട്.
15. റബ്ബർ ശാസ്ത്രീയമായി സംസ്കരിച്ച് ഉപയോഗിക്കാൻ കഴിയുന്ന സംസ്കരണ കേന്ദ്രം സ്ഥാപിക്കുക. ●

വിദ്യാഭ്യാസം

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ പേരാവൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഔപചാരിക -അനൗപചാരിക മേഖലകളിൽ വിദ്യാഭ്യാസത്തിന്റെ പശ്ചാത്തല മൊരുക്കിയിരുന്നതായി കാണാം. അന്നു നിലവിലുണ്ടായിരുന്ന കുടി പള്ളിക്കൂടങ്ങളിൽ എഴുത്തു പഠിപ്പി ച്ചിരുന്നവർ എഴുത്തച്ഛൻ - എഴു ത്താശാൻ എന്ന പേരിലാണറിയ പ്പെട്ടിരുന്നത്. 'ഗുരുക്കൾ' എന്നു ബഹുമാനപൂർവ്വം വിളിക്കപ്പെടുന്ന അദ്ധ്യാപകരും അനൗദ്യോഗിക രംഗത്തെ പ്രധാന വിദ്യാദാതാക്കളാ യിരുന്നു. പേരാവൂരിലെ 'നള്ളവീ ട്ടിൽ ഗുരുക്കന്മാർ' നടത്തിയിരുന്ന കുടിപ്പള്ളിക്കൂടമായിരുന്നു ഈ പഞ്ചായത്തിൽ ആദ്യത്തെ സാർവ്വ ത്രിക -അനൗദ്യോഗിക വിദ്യാഭ്യാസ കേന്ദ്രം. മണത്തണ യിലെ 'വാര്യർ ഗുരുക്കൻ', പേരാവൂരിലെ കൃഷ്ണൻ ഗുരുക്കൻ, മേൽമുരിങ്ങോടി യിലെ രാഘവനാശാൻ, വെള്ളർ വള്ളിയിലെ കെ. ഇ. ചന്തുക്കുട്ടി മാസ്റ്റർ, ചിറപ്രത്ത് കേശവൻ നമ്പൂതിരി, കുനിത്തലയിലെ മങ്ങമുണ്ട ഗോവിന്ദൻ മാസ്റ്റർ എന്നിവർ ഈ മേഖലയിൽ ചെയ്തിരുന്ന സേവനം എടുത്തു പറയത്തക്കതാണ്.

1923 ൽ സർക്കാർ മേഖലയിൽ മണത്തണയിൽ ആരംഭിച്ച ലോവർ പ്രൈമറി സ്കൂൾ - ഇന്നത്തെ ഗവ. ഹയർ സെക്കൻററി സ്കൂൾ - ജന പങ്കാളിത്തത്തോടെയുള്ള വിദ്യാ ഭ്യാസ സ്ഥാപനത്തിന്റെ വളർച്ച യുടെ പ്രത്യക്ഷ ഉദാഹരണമാണ്. സ്ഥലം, ഭൗതിക സാഹചര്യങ്ങൾ, അക്കാദമിക് സൗകര്യങ്ങൾ എന്നി വയുടെ ഏറിയ പങ്കും ജന ങ്ങളുടെ സ്തുത്യർഹമായ സംഭാവനയുടെ ഫലമായിട്ടാണ്. ജന പങ്കാളിത്തത്തി ന്റെ മറ്റൊരു ഉദാഹരണമാണ് കുനിത്തല ഗവ. എൽ.പി.സ്കൂൾ. ഈ സ്ഥാപനത്തിന്റെ വളർച്ചയു ടെ ഭീമമായ പങ്ക് - സ്ഥലം - സംഭാ വനയടക്കം - ജനപങ്കാളിത്തത്തി ന്റെ ഫലം തന്നെയാണ്. കാലാകാ ലമായി മുടങ്ങാതെ ഉച്ചക്കഞ്ഞിക്കു പകരം മുഴുവൻ കുട്ടികൾക്കും ചോറും കറിയും നൽകി വരുന്നതും ജനപങ്കാളിത്തത്തോ ടെയാണ്.

പേരാവൂരിൽ കൃഷ്ണൻ ഗുരുക്കളുടെ നേതൃത്വത്തിലാരംഭിച്ച കുടിപ്പള്ളിക്കൂടമാണ് പിന്നീട് 1924 ൽ ഗവ. അംഗീകാരത്തോടെ മണത്തണ പേരാവൂർ യു.പി. സ്കൂളായി നിലവിൽ വന്നത്. ദേശീയ നേതാവായിരുന്ന എൻ. ഇ. ബാലറാം ഈ വിദ്യാലയത്തിലെ ആദ്യകാല അദ്ധ്യാപകനായിരുന്നു. ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനം ഈ പ്രദേശത്തെ വിദ്യാഭ്യാസ മേഖലയിലും സ്തുത്യർഹമായ പങ്കു വഹിച്ചിട്ടുണ്ട്. 1-7-36 ൽ കോഴിക്കോട് രൂപതയുടെ കീഴിൽ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനമാണ് തൊണ്ടിയിൽ സെൻറ് ജോൺസ് യു.പി. സ്കൂൾ. 1952 ൽ റവ. ഫാദർ പുത്തൂരിൻെറ നേതൃത്വത്തിൽ തൊണ്ടിയിൽ ആരംഭിച്ച സെൻറ് ജോസഫ്സ് ഹൈസ്കൂളായിരുന്നു 1966 വരെ ഈ പഞ്ചായത്തിലേയും മറ്റു കിഴക്കൻ മലയോര മേഖലയിലേയും ഏക ഹൈസ്കൂൾ. ലോക പ്രശസ്തിയാർജിച്ച വോളിബോൾ താരമായിരുന്ന ജിമ്മി ജോർജ്ജിൻെറ കളിത്തൊട്ടിലായിരുന്നു ഈ സ്ഥാപനം എന്നു പറയുന്നതിൽ തെറ്റില്ല. ഇന്നത്തെ പേരാവൂർ പഞ്ചായത്തും മറ്റു കിഴക്കൻ മലയോര പഞ്ചായത്തുകളും ഉൾക്കൊള്ളുന്ന മുമ്പത്തെ മണത്തണ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ. എടച്ചേരി നാരായണൻ നമ്പ്യാർ സ്ഥാപിച്ച മുരിങ്ങോടി ശ്രീ. ജനാർദ്ദന എൽ.പി. സ്കൂൾ, ചിറപ്രത്ത് കേശവൻ നമ്പൂതിരി സ്ഥാപിച്ച വെള്ളർവള്ളി എൽ.പി. സ്കൂൾ 1955 ൽ ഏകാദ്ധ്യാപക വിദ്യാലയമായി സർക്കാർ മേഖലയിലാരംഭിച്ച പെരുമ്പുന്ന എൽ.പി. സ്കൂൾ എന്നിവ ഈ പഞ്ചായത്തിലെ മറ്റു വിദ്യാഭ്യാസ കേന്ദ്രമാണ്. ഈ നൂറ്റാണ്ടിൻെറ പൂർവ്വാന്ത്യത്തിൽ ഇന്ത്യയിലാകമാനം ഉടലെടുത്ത ദേശീയ പ്രസ്ഥാനത്തിൻെറയും കർഷക പ്രസ്ഥാനത്തിൻേറയും സാമൂഹ്യ പരിഷ്ക്കരണ ഉദ്യമങ്ങളുടേയും അലയൊലികൾ ഈ പഞ്ചായത്തിലെ അനൗപചാരിക വിദ്യാഭ്യാസ മേഖല യിലും വമ്പിച്ച മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട്. മുരിങ്ങോടിയിലെ പാലോറാൻ ബാപ്പു, സി. കെ. ഗോപിനായർ, വെള്ളർവള്ളിയിൽ കുളങ്ങരത്ത് രാഘവൻ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ വിദ്യാഭ്യാസ മേഖലയിൽ സ്തുത്യർഹമായ സേവനമാണ് നടത്തിയിട്ടുള്ളത്.

വിദ്യാഭ്യാസ ബില്ലും, ഭൂപരിഷ്ക്കരണ നിയമവും കേരളത്തിൽ മറ്റു പ്രദേശങ്ങളിലെന്നപോലെ ഇവിടുത്തേയു വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയ ചലനം അളവറ്റതാണ്. 1990 ലെ സാക്ഷരതാ പ്രസ്ഥാനത്തിൻെറ ഭാഗമായി ഈ പഞ്ചായത്തിനെ സമ്പൂർണ്ണ സാക്ഷരതയിലേക്കുയർത്താൻ മുഴുവൻ വിദ്യാഭ്യാസ പ്രേമികളും ഒത്തൊരുമിച്ചു പ്രവർത്തിച്ചിട്ടുണ്ട്. '93 - 94 ലെ അക്ഷരപ്പുലരി, ഒന്നാംതരം ഒന്നാന്തരമാക്കൽ എന്നീ പ്രവർത്തനങ്ങൾ വിജയകരമായി മുന്നേറിയിട്ടുണ്ടെങ്കിലും '94-95 സ്കൂൾ കോംപ്ലക്സ് പ്രവർത്തനം വേണ്ടത്ര വിജയിപ്പിക്കാൻ സാധിച്ചിട്ടില്ല.

'ഗുരുകുലം പദ്ധതി'യുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജനകീയതലത്തിൽ പഞ്ചായത്ത് - വാർഡ് സമിതികളും അയൽക്കൂട്ടങ്ങളും രൂപീകരിക്കപ്പെട്ടു. ഇവയുടെ ഫലമായി പി.ടി.എ. മാതൃസംഗമം എന്നീ പ്രവർത്തനങ്ങൾ സജീവമാവുകയും വിദ്യാഭ്യാസ പ്രക്രിയയിലെ ജനകീയ ഇടപെടലുകൾ ക്രിയാത്മകമാവുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥിതിഗതികൾ അവലോകനം ചെയ്യുമ്പോൾ പ്രീ-പ്രൈമറി, പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം, വികാസോന്മുഖ തുടർ വിദ്യാഭ്യാസം എന്നിങ്ങനെ 5 മേഖലകളാക്കി വിശകലനം ചെയ്യുന്നതായിരിക്കും ഉചിതം.

I. പ്രീ - പ്രൈമറി വിദ്യാഭ്യാസം : പഞ്ചായത്തിൽ ഇന്നു 20 അങ്കണവാടികളുണ്ട്. ഐ. സി. ഡി. എസ്സിൻെറ കീഴിലുള്ള ഈ സ്ഥാപനങ്ങൾ പ്രീ പ്രൈമറി വിദ്യാഭ്യാസ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. സ്വകാര്യ മേഖലയിൽ മണത്തണ, തൊണ്ടിയിൽ - പേരാവൂർ എന്നിവിടങ്ങളിൽ ഓരോ നേഴ്സറി സ്കൂളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ രണ്ടെണ്ണം ഇംഗ്ലീഷ് മീഡിയമാണ്.

വിമർശനങ്ങൾ: അങ്കണവാടികളിൽ പഠനോപകരണങ്ങൾ - കളിക്കോപ്പുകൾ - അപര്യാപ്തമാണ്.

രണ്ടെണ്ണത്തിനു കെട്ടിടമില്ല. ഈ സ്ഥാപനങ്ങളിൽ വേണ്ടത്ര പരിശീലനം ലഭിച്ച അദ്ധ്യാപകരും കുറവാണ്.

നിർദ്ദേശങ്ങൾ: പഞ്ചായത്തിൻെറ ഭൂപ്രകൃതിയനുസരിച്ച് 5 അങ്കണവാടികൾ കൂടി തുടങ്ങേണ്ടതുണ്ട്. അദ്ധ്യാപികമാർക്ക് വ്യക്തമായ പരിശീലനവും പുനഃപരിശീലനവും നൽകേണ്ടതുണ്ട്. എല്ലാ പ്രൈമറി വിദ്യാലയത്തോടനുബന്ധിച്ചു പ്രീ - പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കണം.

II. പൊതു വിദ്യാഭ്യാസം:

a. പൊതുസ്ഥിതി:- ഒരു ഹയർ സെക്കണ്ടറി സ്കൂൾ, ഒരു ഹൈസ്കൂൾ, 2 യു.പി. സ്കൂൾ, 4 എൽ.പി. സ്കൂൾ അടക്കം 8 വിദ്യാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ ഹയർ സെക്കണ്ടറി സ്കൂളും, 2 എൽ.പി. സ്കൂളും സർക്കാർ മേഖലയിലും ഒരു ഹൈസ്കൂൾ, ഒരു യു.പി. സ്കൂൾ കോർപ്പറേറ്റ് മാനേജ്മെൻറിൻെറ കീഴിലും, 1 യു.പി. സ്കൂൾ, 2 എൽ.പി. സ്കൂൾ - വ്യക്തി മാനേജ്മെൻറിൻെറ കീഴിലും പ്രവർത്തിക്കുന്നു. വാർഡടിസ്ഥാനത്തിൽ നോക്കിയാൽ 3, 8, 9 വാർഡുകളിൽ വിദ്യാലയങ്ങളില്ല. 1, 3 വാർഡുകളിൽ ഓരോ എൽ.പി. സ്കൂളുകളും, 1, 2, 6 വാർഡുകളിലെ എൽ.പി. സ്കൂളുകൾ യു.പി. സ്കൂളായി ഉയർത്തേണ്ടതുമാണ്.

പട്ടിക 1

ക്രമ നമ്പർ	സ്കൂളിന്റെ കോഡ് നമ്പർ	വിദ്യാലയത്തിന്റെ പേര്	വാർഡ് നമ്പർ	ഉടമസ്ഥത					
				സർക്കാർ	സ്വകാര്യം	എൽ. പി.	യു. പി.	സെക്കന്ററി	ഹ. സെക്കന്ററി
1	01	ംവള്ളർവള്ളി എൽ.പി. സ്കൂൾ	I		✓	✓			
2	02	മുരിങ്ങോടി, ശ്രീ ജനാർദ്ദന എൽ.പി. സ്കൂൾ	II		✓	✓			
3	03	പെരുമ്പുന്ന ഗവ. എൽ. പി. സ്കൂൾ	IV	✓		✓			
4	04	മണത്തണ പേരാവൂർ യു.പി. സ്കൂൾ	V		✓		✓		
5	05	കുനിത്തല ഗവ. എൽ.പി. സ്കൂൾ	Vi	✓		✓			
6	06	തൊണ്ടിയിൽ സെൻറ് ജോൺസ് യു.പി. സ്കൂൾ	VII		✓		✓		
7	07	പേരാവൂർ, സെൻറ് ജോസഫ്സ് ഹൈസ്കൂൾ	VII		✓			✓	
8	08	മണത്തണ ഗവ. ഹയർസെക്കൻറി സ്കൂൾ	X	✓					✓

b. ഭൗതിക സാഹചര്യങ്ങൾ: സർക്കാർ വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണമനുസരിച്ചു സ്ഥല സൗകര്യവും ഉപകരണങ്ങളും അപര്യാപ്തമാണ്. കൂടുതൽ ഡിവിഷനുകളിലും 60 ൽ പരം വിദ്യാർത്ഥികളെ ഇരുത്തി പഠിപ്പിക്കേണ്ടുന്ന അവസ്ഥ നിലനിൽക്കുന്നു. കളിസ്ഥലം, മൂത്രപ്പുര, കക്കൂസ് ഇവയെല്ലാം നാമമാത്രമായിട്ടേ ഉള്ളൂ. ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനു ആവശ്യമായ സ്ഥല സൗകര്യങ്ങൾ മിക്ക വിദ്യാലയങ്ങളിലും ഇല്ലെന്നു പറയാം.

സ്വകാര്യ വിദ്യാലയങ്ങളിൽ അദ്ധ്യാപക ക്ഷാമം ഇല്ലെങ്കിലും ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിൽ സർക്കാർ മുതൽ മുടക്കുന്നില്ല. Pre - KER ആനുകൂല്യം ഉപയോഗിച്ചുകൊണ്ട് മിക്ക വിദ്യാലയങ്ങിലും വളരെ പരിമിതമായ സ്ഥല സൗകര്യം മാത്രമേ ഉള്ളൂ. സ്ഥല സൗകര്യത്തിന്റെ കാര്യത്തിൽ മിനിമം സൗകര്യങ്ങൾ പോലുമില്ലാത്തവയാണ് കൂടുതലും. പേരാവൂർ ഹൈസ്ക്കൂൾ കുനിത്തല ഗവ. എൽ.പി. സ്കൂൾ ഒഴികെയുള്ള വിദ്യാലയങ്ങൾക്കാവശ്യമായ കളിസ്ഥലങ്ങളില്ല. ഓടിക്കളിച്ചു നടക്കേണ്ടുന്ന കുട്ടികൾ ചലിക്കാനിടമില്ലാതെ വീർപ്പുമുട്ടിക്കഴിയുന്ന അവസ്ഥയിലാണ് മിക്ക സ്കൂളുകളും. 31 സ്ഥിരം കെട്ടിടങ്ങളും 18 അർദ്ധ സ്ഥിരം കെട്ടിടങ്ങളും 1 താല്കാലിക കെട്ടിടവും വിദ്യാലയങ്ങൾക്കുണ്ട്. 138 ക്ലാസ്സുമുറികളാവശ്യമുണ്ടെങ്കിലും 89 മുറികൾ മാത്രമേ സ്ഥിരമായുള്ളൂ. 2 വിദ്യാലയത്തിൽ വൈദ്യുതി ഇല്ല.

പട്ടിക II

ഭൗതിക സാഹചര്യങ്ങൾ

ക്രമ നമ്പർ	സ്കൂൾ കോഡ്	സ്ഥല വിസ്തീർണ്ണം	കെട്ടിടം			ആകെ ഡിവിഷനുകളുടെ എണ്ണം	മുറികളുടെ എണ്ണം		മൂത്രപ്പുര		കക്കൂസ്		വൈദ്യുതി		കളിസ്ഥലം		കിണർ	
			സ്ഥിരം	അർദ്ധ സ്ഥിരം	താത്കാലികം		സ്ഥിരം	അർദ്ധ സ്ഥിരം	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
1.	01	105 സെ.	2	3	-	7	1	-	✓			✓	✓		✓		✓	
2	02	100 സെ.	2	2	-	10	3	7	✓			✓		✓	✓		✓	
3	03	75 സെ.	2	-	-	6	3	4	✓		✓			✓	✓		✓	
4	04	200 സെ.	8	4	-	25	19	10	✓		✓		✓		✓		✓	
5	05	110 സെ.	-	1	-	4	-	-	✓		✓		✓		✓		✓	
6	06	200 സെ.	8	5	-	22	6	10	✓		✓		✓		✓		✓	
7	07	800 സെ.	6	-	-	30	40	-	✓		✓		✓		✓		✓	
8	08	300 സെ.	3	3	1	34	17	11	✓		✓		✓		✓		✓	
			31	18	1	138	89	42										

c. **അക്കാദമിക് സൗകര്യങ്ങൾ:** ലൈബ്രറി എല്ലാ വിദ്യാലയങ്ങളിലും പരിമിതമായി ഉണ്ടെങ്കിലും കുട്ടികളുടെ വായനാശീലം വളർത്തുന്നതിനുള്ള പ്രവർത്തനം മിക്ക വിദ്യാലയങ്ങളിലും അവലംബിച്ചിട്ടില്ല. 6 വിദ്യാലയങ്ങളിൽ നിശ്ചിത ലാബ് ഉണ്ടെങ്കിലും വേർതിരിച്ച മുറിയോ, ഫർണ്ണിച്ചർ സൗ കര്യമോ, പരിശീലനം നേടിയവരോ മിക്ക വിദ്യാലയങ്ങളിലും ഇല്ല. പഠനോപകരണങ്ങൾ 5 വിദ്യാലയങ്ങളിൽ വേണ്ടത്ര ഇല്ല. റേഡിയോ 3 വിദ്യാലയത്തിലും ടേപ്പ് റിക്കാർഡ് 1 വിദ്യാലയത്തിലും മാത്രമേ ഉള്ളൂ. T.V., V.C.R. എന്നിവ ഒരു വിദ്യാലയത്തിലും ഇല്ല. സിനിമാ പ്രോജക്ടർ, സ്ലൈഡ് പ്രോജക്ടർ, കമ്പ്യൂട്ടർ പ്രോജക്ടർ എന്നിവ 1 വിദ്യാലയത്തിൽ മാത്രമേ ഉള്ളൂ. ഓവർഹെഡ് പ്രോജക്ടർ 2 വിദ്യാലയത്തിലുണ്ട്.

പട്ടിക III അക്കാദമിക് സൗകര്യങ്ങൾ

ക്രമ	സ്കൂളിന്റെ കോഡ്	ലൈബ്രറി		ലാബ്		പഠനോപകരണങ്ങൾ വേണ്ടത്ര മാപ്പ് - ചാർട്ട്		റേഡിയോ		ടേപ്പ് റിക്കാർഡർ		ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ									
												ടി.വി. സെറ്റ്		വി.സി.ആർ / വി.സി.പി.		സിനിമ പ്രൊജക്ടുകൾ		സ്ലൈഡ് പ്രൊജക്ടുകൾ		ഓവർഹെഡ് പ്രോ[illegible]കൾ		കമ്പ്യൂട്ടർ	
		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട	[illegible]	ഉണ്ട്	ഇല്ല
1.	01	✓			✓		✓		✓		✓		✓		✓		✓		✓		✓		✓
2	02	✓		✓		✓			✓		✓		✓		✓		✓		✓		✓		✓
3	03	✓		✓			✓	✓			✓		✓		✓		✓		✓		✓		✓
4	04	✓		✓		✓		✓			✓		✓		✓		✓		✓		✓		✓
5	05	✓			✓		✓		✓		✓		✓		✓		✓		✓		✓		✓
6	06	✓		✓			✓	✓		✓			✓		✓		✓		✓		✓		✓
7	07	✓		✓		✓			✓		✓		✓		✓		✓		✓	✓			✓
8	08	✓		✓			✓		✓		✓		✓		✓	✓		✓		✓		✓	

നിർദ്ദേശങ്ങൾ: പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും മിനിമം സ്ഥലസൗകര്യം ലഭ്യമാകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിദ്യാർത്ഥികൾക്ക് കായികവിനോദം നടത്തുന്നതിനു പഞ്ചായത്ത് ചെറുകിട - ഇടത്തരം കളിസ്ഥലങ്ങൾ നിർമ്മിക്കുന്നത് നല്ലതാണ്. Pre-KER പരിരക്ഷ നൽകുന്ന കെട്ടിടങ്ങൾ അടിയന്തിരമായും നിർദ്ദിഷ്ട അളവോടുകൂടി മാറ്റി പണിയേണ്ടതാണ്. ക്ലാസു മുറികൾക്ക് താല്കാലികമായ വേർതിരിവെങ്കിലും വേണം. വിദ്യാലയത്തിലെ ഒരു കെട്ടിടമെങ്കിലും 'ഹാൾ' ആയി ഉപയോഗിക്കത്തക്കവിധം താല്കാലിക വേർതിരിവോടെ നില്നിർത്തുന്നത് നല്ലതാണ്. Lab കൈകാര്യം ചെയ്യുന്നതിനു പ്രത്യേക പരിശീലനം നൽകേണ്ടതാണ്. മൂത്രപ്പുര, കക്കൂസ് എന്നിവയ്ക്ക് എല്ലാ വിദ്യാലയങ്ങളിലും ആൺ - പെൺ - അദ്ധ്യാപിക - അദ്ധ്യാപകർ - ഇവർക്ക് വേർതിരിച്ചു സൗകര്യം ഉണ്ടാക്കേണ്ടതുണ്ട്. വേണ്ടത്ര പഠനോപകരണങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ, ലാബ് ഉപകരണങ്ങൾ എന്നിവ ആവശ്യമായ അളവിൽ നൽകേണ്ടതാണ്. ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനു എല്ലാ വിദ്യാലയങ്ങളിലും കഞ്ഞിപ്പുരകൾ നിർമ്മിക്കേണ്ടതുണ്ട്. സ്വകാര്യമാനേജ്മെൻറിൽ സമ്മർദ്ദം ചെലുത്തി അവരെക്കൊണ്ട്, സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം നടത്തുന്നതിനും അവരുടെ സാധ്യതകൾക്കും പരിമിതികൾക്കും അപ്പുറത്തുള്ള കാര്യങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും PTA, മാതൃസംഗമം, വിദ്യാലയ സമിതി (SEC) എന്നിവയെ സജ്ജമാക്കണം. അതിനു പഞ്ചായത്ത് - വാർഡ് സമിതികൾ സജീവമാക്കണം.

D. **മൊത്തം കുട്ടികളുടെ എണ്ണം (സ്കൂൾതലം):** (SC/ST കുട്ടികളുടെ എണ്ണം)

ആദിവാസി മേഖലയിലുള്ളതും കുടിയേറ്റം നടന്നു കൊണ്ടിരിക്കുന്ന പഞ്ചായത്തുമാണിത്. കുട്ടികളുടെ എണ്ണത്തിൽ നേരിയ ഏറ്റക്കുറച്ചിലുണ്ടെങ്കിലും പൊതുവേ കുറയുന്ന പ്രവണതയാണുള്ളത്.

പട്ടിക IV മൊത്തം കുട്ടികളുടെ എണ്ണം

സ്കൂൾ കോഡ്	മൊത്തം കുട്ടികളുടെ എണ്ണം			SC/ST കുട്ടികളുടെ എണ്ണം		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
01	113	82	195	9	3	12
02	156	135	291	39	30	69
03	100	99	199	1	3	4
04	489	478	967	24	2	46
05	61	44	105	4	1	5
06	394	385	779	9	11	20
07	620	632	1252	39	37	76
08	833	809	1642	65	49	114
ആകെ	2766	2664	5430	190	156	346

മൊത്തം വിദ്യാർത്ഥികളുടെ 61 ലധികം വരുന്നവർ SC, ST വിഭാഗത്തിൽപെടുന്നവരാണ്. സർക്കാർ പല സാമ്പത്തി കാനുകൂല്യങ്ങളും നൽകുന്നുണ്ടെങ്കിലും അവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

പട്ടിക V കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനം നിർത്തിയവർ
							SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആ.	പെ.	ആകെ	ആ.	പെ.	ആകെ	ആ	പെ.	ആകെ.	ആ.	പെ.	ആകെ.	ആ.	പെ.	ആകെ	
I	271	256	527	13	21	34	-	-	-	-	-	-	-	-	-	-	-	-	-
II	248	246	494	21	20	41	3	1	4	18	14	32	1	1	2	1	1	2	4
III	295	283	578	29	20	49	4	2	6	24	17	41	-	-	-	-	-	-	-
IV	284	208	492	24	14	38	4	1	5	28	15	43	-	-	-	-	-	-	-
V	285	233	518	20	14	34	5	0	5	26	17	43	-	-	-	0	1	1	1
VI	254	235	489	11	9	20	12	7	19	18	9	27	-	-	-	2	2	4	4
VII	254	283	537	17	13	30	1	3	4	52	37	89	0	1	1	1	0	1	2
VIII	308	310	618	18	19	37	8	3	11	60	31	91	1	0	1	7	6	13	14
IX	274	292	566	21	12	33	7	3	10	61	38	99	0	1	1	9	2	11	12
X	234	239	473	11	11	22	-	-	-	-	-	-	-	-	-	2	1	3	3
XI	27	39	66	2	2	4	-	-	-	-	-	-	-	-	-	-	-	-	-
XII	32	40	72	3	1	4	-	-	-	-	-	-	-	-	-	-	-	-	-
.	2766	2664	5430	190	156	346	44	20	64	287	178	465	2	3	5	22	13	35	40

2766 ആൺകുട്ടികളും 2664 പെൺകുട്ടികളും കൂടി 5430 വിദ്യാർത്ഥികൾ 1995 - 96 വർഷത്തിൽ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. ഇവരിൽ 346 SC/ST വിഭാഗത്തിൽപെടുന്നവരാണ്. 10 വയസ്സിൽ താഴെയുള്ള 5 പേരും 14 വയസ്സിൽ താഴെയുള്ള 35 പേരും '95 - 96 വർഷത്തിൽ പഠനം നിർത്തിയവരായി കാണുന്നു. ആദിവാസി കുട്ടികൾക്ക് താമസിച്ചു പഠനം നടത്തുന്നതിനുള്ള ഈ പഞ്ചായത്തിലെ ഹരിജൻ വെൽഫെയർ ഹോസ്റ്റൽ ഈ പഞ്ചായത്തിൽ നിന്നും മാറ്റിയിരിക്കയാണ്.

നിർദ്ദേശം: SC/ST വിദ്യാർത്ഥികൾക്ക് സാമ്പത്തികാനുകൂല്യം നൽകുന്നതിനോടൊപ്പം അവർക്കാവശ്യമായ വസ്ത്രം, പഠന സാമഗ്രികൾ എന്നിവ പഞ്ചായത്ത് നേരിട്ട് വാങ്ങിക്കൊടുക്കേണ്ടതാണ്. ഹരിജൻ വെൽഫെയർ ഹോസ്റ്റൽ അടിയന്തിരമായും ഈ പഞ്ചായത്തിൽ തന്നെ പുനഃസ്ഥാപിക്കേണ്ടതുണ്ട്. നിർധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠിക്കാനാവശ്യമായ സാഹചര്യങ്ങളും സാമഗ്രികളും നൽകേണ്ടതുണ്ട്. കുട്ടികളുടെ കൊഴിഞ്ഞുപോക്കു തടയുന്നതിനു അവരുടെ അഭിരുചിക്കനുസൃതമായി വിദ്യാലയാന്തരീക്ഷം ആകർഷകമാക്കേണ്ടതാണ്. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്കും പഠന പ്രവർത്തനത്തോടൊപ്പം പ്രാമുഖ്യം നൽകണം. തൊഴിൽ പരിചയത്തിനവസരം വിദ്യാലയത്തിൽ തന്നെ പരിമിതമായ തോതിലെങ്കിലും നൽകണം. കൊഴിഞ്ഞുപോയവരെ കണ്ടെത്തി വിദ്യാലയത്തിലെത്തിക്കുവാനുള്ള ഒരു ബോധവൽക്കരണ ശ്രമം ജനകീയ തലത്തിൽ നടത്തണം.

E. അക്കാദമിക് നിലവാരം

പട്ടിക VI

ക്ലാസ്	കുട്ടികളുടെ പൊതു നിലവാരം					
	30%ത്തിൽ താഴെ മാർക്ക് വാങ്ങിയ കുട്ടികൾ	30 - 40 ശതമാനം നേടുന്നവർ	40 - 50 ശതമാനം നേടുന്നവർ	50 - 60 ശതമാനം നേടുന്നവർ	60%ത്തിൽ കൂടുതൽ നേടുന്നവർ	ആകെ കുട്ടികളുടെ എണ്ണം
III	97	110	101	103	162	573
IV	93	84	92	87	129	485
V	108	99	115	84	130	536
VI	85	134	66	53	143	481
VII	104	179	63	51	137	534
VIII	233	194	72	54	32	585
IX	255	168	70	46	20	559
X	221	65	61	40	40	427
	1196	1033	640	518	793	4180

1995 - 96 വർഷത്തെ പാദ വാർഷിക പരീക്ഷക്കു ലഭിച്ച മാർക്കടിസ്ഥാനത്തിൽ വിലയിരുത്തിയപ്പോൾ പ്രൈമറി തലത്തിൽ 60% കൂടുതൽ മാർക്ക് നേടിയവർ 30% പേരു

ണ്ടെങ്കിലും ഹൈസ്കൂൾ തലത്തിലെത്തുമ്പോൾ 10% ആയി കുറയുന്ന സ്ഥിതിയാണ് ഇന്നുള്ളത്.

ഇന്ന് പ്രൈമറി തലത്തിൽ നിലവിലുള്ള പ്രൊമോഷൻ സമ്പ്രദായം അക്കാദമിക് നിലവാരത്തെ ബാധിച്ചിട്ടുണ്ട്. കുട്ടികളുടെ എണ്ണം കുറയുന്നതു മൂലം ഡിവിഷൻ നഷ്ടപ്പെട്ടാൽ ജോലി നഷ്ടപ്പെടുന്ന നില മാറ്റിയെടുക്കുന്നതിനു പ്രായപൂർത്തിയാവാതെ കുഞ്ഞുങ്ങളെ ചേർക്കുന്നതിന് വിദ്യാലയാധികൃതർ നിർബ്ബന്ധിതരാവുന്നു. തന്മൂലം കുട്ടികളുടെ പഠനശേഷി, പഠനപ്രാപ്തി ഇവയെ ബാധിക്കുന്നു. കുട്ടികൾക്ക് താങ്ങാനാവാത്ത സിലബസ്സ് ഇന്നു ക്ലാസ്സുമുറികളിൽ പഠിപ്പിച്ചു തീർക്കേണ്ടതും വിദ്യാർത്ഥികളെ കുഴപ്പത്തിലാക്കുന്നു.

നിർദ്ദേശം: ഇന്നത്തെ പ്രൊമോഷൻ സമ്പ്രദായം നിർബ്ബന്ധമായും നിർത്തലാക്കുക. പ്രായപൂർത്തി എത്താത്ത കുഞ്ഞുങ്ങളെ സ്കൂളിൽ ചേർക്കുന്നത് തടയാനായി, മാതൃസംഗമം അയൽക്കൂട്ടം ഇവ വഴിയായി ശക്തിയായ ബോധവൽക്കരണം നടത്തുക. ലോവർ പ്രൈമറി ക്ലാസുകളിൽ വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം കുറക്കുക. പാഠ്യപദ്ധതി ലഘൂകരിക്കുക എന്നിവ ചെയ്യേണ്ടതുണ്ട്.

പട്ടിക VII S.S.L.C. വിജയ ശതമാനം

സ്കൂൾ	1991-92	1992-93	1993-94	1994-95	1995-96
07	55.74	44.58	42	39	27
08	96	86	85	81	74

E. എസ്. എസ്. എൽ. സി. വിജയശതമാനം:

കഴിഞ്ഞ 5 വർഷത്തെ S.S.L.C. വിജയശതമാനം പരിശോധിച്ചാൽ '91-'92 ൽ ശരാശരി വിജയ ശതമാനം 75 ആയിരുന്നത് 95-96 ൽ 50 ആയി കുറയുകയാണ് ചെയ്തത്. 2 വിദ്യാലയങ്ങളിലും ഓരോ വർഷവും പിന്നോട്ടു തന്നെയാണ്. പരിമിതിക്കകത്തു നിന്നുകൊണ്ട് S.S.L.C. പരീക്ഷയിൽ ഉന്നത വിജയം നേടുന്ന മണത്തണ H.S.S. ന്റെ പ്രവർത്തനം മാതൃകാപരമാണ്. കുടിയേറ്റ മേഖലയിലെ ആദ്യത്തെ H.S. ഉം ഉയർന്ന വിജയശതമാനം നേടിയിരുന്നതുമായ പേരാവൂർ H.S. ന്റെ ഇന്നത്തെ പിന്നോക്കാവസ്ഥ വിലയിരുത്തേണ്ടതാണ്. പഞ്ചായത്തിന്റെ മൊത്തം പിന്നോക്കാവസ്ഥ സ്കൂളിനകത്തെ പ്രശ്നങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഭൗതിക സാഹചര്യങ്ങൾ, അർപ്പിത മനസ്ക്കരായ അദ്ധ്യാപകർ, കഴിവുറ്റ നേതൃത്വം തുടങ്ങി മികവിനെ നിയന്ത്രിക്കുന്ന ഏതേത് ഘടകങ്ങളിലാണ് ദൗർബല്യമെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

നിർദ്ദേശം: പഞ്ചായത്തിലെ വിദ്യാലയത്തിലെ പഠനാന്തരീക്ഷം വിശദമായി വിലയിരുത്തപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ മികവു കാട്ടിയ വിദ്യാലയങ്ങളിലെ അനുകൂല ഘടകങ്ങളും മറ്റുള്ളവയിലെ പ്രതികൂല ഘടകങ്ങളും മനസ്സിലാക്കി അദ്ധ്യാപകർ, വിദ്യാർത്ഥികൾ, SEC, PTA മാതൃസംഗമം, ഗ്രാമ പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ പ്രശ്നങ്ങൾ പരിഹരിക്കണം. അദ്ധ്യാപകർ വിദ്യാലയങ്ങൾ പരസ്പരം സന്ദർശിക്കണം. വിദ്യാഭ്യാസാധികൃതരുടെ സന്ദർശനം ജനകീയ മോണിറ്ററി എന്നിവ ഫലപ്രദമായി നടപ്പിലാക്കണം. പഠനം ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും ഉപകരണങ്ങൾ ഉപയോഗിച്ചുള്ളതുമാക്കണം. പരീക്ഷയിൽ ഓർമ്മ പരിശോധനയോടൊപ്പം മൊത്തം വികാസത്തെയും വിലയിരുത്തണം. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ചിട്ടയോടെ നടപ്പിലാക്കണം. അദ്ധ്യാപകർക്കു പുനഃപരിശീലനം കാലാകാലങ്ങളിൽ നൽകണം.

F. അദ്ധ്യാപകരുടെ ലഭ്യത:

1996 - 97 ൽ 190 തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുള്ളതിൽ 188 ലും അദ്ധ്യാപകരുണ്ട്. 2 ഒഴിവുകൾ ഗവ. വിദ്യാലയങ്ങളിലാണ്. ഗവ. വിദ്യാലയ ങ്ങളിലുള്ള താല്കാലിക ഒഴിവുകളിൽ നിയമനം നടത്താതിരിക്കുന്നത് പ്രവർത്തനങ്ങളെ താളം തെറ്റിക്കുന്നു.

പട്ടിക VIII

ക്രമ നമ്പർ	സ്കൂൾ കോഡ്	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘകാലം ലീവുള്ളവർ
1	01	7	7	-	-
2	02	11	11	-	-
3	03	7	5	2	-
4	04	34	34	-	-
5	05	4	4	-	-
6	06	28	28	-	-
7	07	47	47	-	-
8	08	52	52	-	-
		190	188	2	

നിർദ്ദേശം: ഗവ. വിദ്യാലയങ്ങളിലെ ഒഴിവുകളിലേക്ക് സ്കൂൾ തുറക്കുമ്പോൾ തന്നെ അദ്ധ്യാപക നിയമനം നടത്തണം. ഇന്നു നിലവിലുള്ള നിയമന നിരോധനം എടുത്തു മാറ്റേണ്ടതുണ്ട്. അദ്ധ്യാപകർ വേണ്ടത്ര മുന്നൊരുക്കത്തോടും വിഷയത്തിലുള്ള അവഗാഹത്തോടും യഥാസമയം വിദ്യാലയത്തിലും ക്ലാസ്സിലും എത്തുന്നു എന്നും, ക്ലാസ്സിൽ പൂർണ്ണമായി സേവനം ലഭിക്കുന്നു എന്നും ഉറപ്പു വരുത്തണം.

G ജനകീയ തലം:

പട്ടിക IX ജനകീയതലം

സ്കൂൾ കോഡ്	പി.ടി.എ. സജീവം		മാതൃസംഗമം സജീവം		ക്ലാസ്റും PTA സജീവം		വിദ്യാലയസമിതി സജീവം	
	ആണ്	അല്ല	ആണ്	അല്ല	ആണ്	അല്ല	ആണ്	അല്ല
01	✓		✓			✓		✓
02	✓		✓			✓		✓
03	✓		✓			✓		✓
04	✓		✓			✓		✓
05	✓		✓			✓		✓
06	✓		✓			✓		✓
07	✓		✓			✓		✓
08	✓		✓			✓		✓

സ്കൂൾ കോംപ്ലക്സ് ഗുരുകുലം പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും PTA, മാതൃസംഗം വിദ്യാഭ്യാസ സമിതി എന്നിവയുടെ രൂപീകരണം നടന്നു. പഞ്ചായത്ത് വാർഡുതല സമിതികളും, അയൽക്കൂട്ടങ്ങളും രൂപീകരിക്കപ്പെട്ടു. PTA, മാതൃസംഗം SEC എന്നിവ വഴി രക്ഷാർത്താക്കളേയും സമൂഹത്തേയും വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാൻ സാധിച്ചു. താരതമ്യേന ദുർബലമെങ്കിലും ഒരു ജാഗ്രതാ ബോധം വളർന്നുവന്നു. കുട്ടികളുടെ ഹാജർ, പഠന നിലവാരം, ദൈനംദിന പ്രവർത്തനങ്ങൾ, സ്കൂൾ സാഹചര്യം മെച്ചപ്പെടുത്തൽ എന്നിവയിലും സമൂഹത്തിന്റെ ഇടപെടൽ ഗണ്യമായി വർദ്ധിച്ചു. PTA ജനറൽ ബോഡി, മാതൃസംഗമം എന്നിവയിൽ പങ്കാളിത്തം കൂടി.

മാതൃസംഗമത്തിന്റെ ദൗത്യം കൃത്യമായും, വ്യക്തമായും ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. PTA, SEC ഇവയുടെ വ്യത്യാസം ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. SEC യെ വേണ്ടവിധം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അയൽകൂട്ടത്തിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തന സാധ്യതകൾ എന്നിവ ജനങ്ങളിൽ പൂർണ്ണമായും എത്തിക്കാൻ കഴിഞ്ഞിട്ടില്ല. അയൽക്കൂട്ടങ്ങളുടെ ചുമതല സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ കേന്ദ്രങ്ങളാണെന്ന തെറ്റിദ്ധാരണ ഉണ്ടായി.

നിർദ്ദേശം: മാതൃസംഗമത്തിന്റെ ദൗത്യം കൃത്യമായും വ്യക്തമായും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വളർച്ചക്കുള്ള ആസൂത്രണത്തിലും നിർവ്വഹണത്തിലും വിലയിരുത്തലിനും SEC യെ പ്രയോജനപ്പെടുത്തുക. അയൽക്കൂട്ടങ്ങളെ സ്കൂൾ വിദ്യാഭ്യാസത്തിനു താങ്ങായും, കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചക്കുള്ള അരങ്ങായും മാറ്റുക. വികസനോന്മുഖ വിദ്യാഭ്യാസം എന്ന ആശയം പ്രചരിപ്പിക്കുക പഞ്ചായത്തുകളുടെ വിദ്യാഭ്യാസ സർവ്വെയുടെ അടിസ്ഥാനത്തിൽ പ്രീ പ്രൈമറി, സ്കൂൾ വിദ്യാഭ്യാസം, തുടർ-സാക്ഷരതാ പ്രവർത്തനം എന്നിവയ്ക്കു പുറമേ ആരോഗ്യം, പരിസര ശുചിത്വം, ഊർജ്ജ സംരക്ഷണം തുടങ്ങിയ സാധ്യമായ മേഖലകളിലെല്ലാം സ്വയം പഠനത്തിനും ബോധവൽക്കരണത്തിനും അവസരം ഒരുക്കുക. എല്ലാ വിദ്യാലയങ്ങളും സാമൂഹ്യ സ്ഥാപനമാണെന്ന ബോധം വളർത്തിയെടുക്കാൻ കഴിഞ്ഞാൽ സ്വകാര്യ വിദ്യാലയങ്ങളിലും ജനകീയ സഹായം തീർച്ചയായും ഉണ്ടാക്കാൻ കഴിയും. വിദ്യാലയങ്ങൾ സ്വന്തം ഗൃഹത്തിനുപരിയായി, സ്നേഹിക്കാൻ വിദ്യാർത്ഥികളെ ജനകീയ തലത്തിൽ ബോധവൽക്കരണം നടത്തണം.

IV ഉന്നത വിദാഭ്യാസം: ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടയാതൊരു വിദ്യാഭ്യാസ സൗകര്യവും ഈ പഞ്ചായത്തിലില്ല. മട്ടന്നൂർ കൂത്തുപറമ്പ്, കണ്ണൂർ, തലശ്ശേരി എന്നീ സ്ഥലങ്ങളിലുള്ള കോളേജുകളെയാണ് ഇവിടെയുള്ളവർ ആശ്രയിക്കുന്നത്. വളരെ കുറഞ്ഞ ശതമാനം കുട്ടികൾക്കു മാത്രമേ ഉന്നത വിദ്യാഭ്യാസ സൗകര്യം ലഭിക്കുന്നുള്ളു. ജനങ്ങളുടെ ഉയർന്ന വിദ്യാഭ്യാസ നിലവാരം, ഭേദപ്പെട്ട സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം എന്നിവ തങ്ങളുടെ കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസം നൽകാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നു.

സമഗ്രമായ വിദ്യാഭ്യാസ സർവ്വെ വഴി മാത്രമേ സാങ്കേതിക വിദ്യാഭ്യാസം, കോളേജ് വിദ്യാഭ്യാസം എന്നീ വ്യത്യസ്ത മേഖലകൾ സ്വീകരിക്കുന്നവരുടെ തോത് മനസ്സിലാക്കാൻ കഴിയൂ. ബഹു ഭൂരിപക്ഷവും കോളേജ് വിദ്യാഭ്യാസമാണ് ഉന്നത വിദ്യാഭ്യാസമായി കാണുന്നത്. ഇതിനാകട്ടെ നല്ലൊരു ശതമാനം സമാന്തര സംവിധാനത്തെ ആശ്രയിക്കുന്ന സ്ഥിതിയാണിന്നുള്ളത്. ഉന്നത വിദ്യാഭ്യാസത്തെത്തുന്നവരുടെ പ്രായം, ശേഷി എന്നിവ പരിഗണിക്കുമ്പോൾ ഇവരുടെ ഊർജ്ജത്തിന്റെ ചെറിയൊരംശം മാത്രമേ പഠനത്തിനു വിനിയോഗിക്കുന്നുള്ളു. പല കാരണങ്ങളാൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പഠന പ്രവർത്തനം ഗൗരവപൂർണ്ണമായി കാണുന്നില്ല.

നിർദ്ദേശം: സമഗ്ര വിദ്യാഭ്യാസ സർവ്വെയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്നു ചേർന്നവരെ തിരിച്ചറിയാനും അവരെ വ്യക്തമായ ഗ്രൂപ്പുകളാക്കാനും ശ്രദ്ധിക്കണം. ഉന്നത വിദ്യാഭ്യാസത്തിനുതകുന്ന ടെക്നിക്കൽ സ്ഥാപനങ്ങൾ സ്ഥാപിക്കുക. സമാന്തര സംവിധാനങ്ങളുടെ പൊള്ളത്തരങ്ങൾ തുറന്നു കാണിക്കുക. അയൽക്കൂട്ട തലത്തിൽ നടക്കുന്ന വികസനോന്മുഖ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കാളിത്തവും ചുമതലയും നൽകികൊണ്ട് സന്നദ്ധ സേവന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക.

IV അനൗപചാരിക വിദ്യാഭ്യാസ സമിതി: സമ്പൂർണ്ണ സാക്ഷരതയിലേക്കു കേരളത്തെ വളർത്തിയെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി നടന്ന സാക്ഷരതാ പ്രവർത്തനത്തിൽ താല്കാലിക വിജയം നേടാൻ നമുക്കു സാധിച്ചെങ്കിലും തുടർ സാക്ഷരതാ പ്രവർത്തനം തുടരാത്തതുകൊണ്ട് നിരക്ഷരർ വർദ്ധിച്ചു വരുന്ന ഒരു സ്ഥിതിയാണ് ഇപ്പോഴുള്ളത്. പ്രത്യേകിച്ചും ആദിവാസികളുടെ ഇടയിൽ. 95 - 96 വർഷത്തിൽ സ്കൂൾ പഠനം നിർത്തിയ 40 കുട്ടികളുണ്ട്. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ആവശ്യകതയുള്ള വലിയൊരു വിഭാഗം ഇന്നു നമ്മുടെ പഞ്ചായത്തിലുണ്ട്.

വിദ്യാഭ്യാസ സർവ്വെയുടെ അടിസ്ഥാനത്തിൽ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കുക. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഠന സമയത്തിനു ശേഷം തുടർ വിദ്യാഭ്യാസ പ്രവർത്തന മേഖലകളായി മാറ്റുക.

V വികസനോന്മുഖ വിദ്യാഭ്യാസം: വിദ്യാഭ്യാസമെന്നത് വിദ്യാലയത്തിന്റെ 4 ചുമരുകൾക്കുള്ളിൽ ഒരു ദാതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന നിർബ്ബന്ധപൂർവ്വമായ ഒരു പ്രക്രിയ എന്ന നിലയിലാണ് പൊതുവെ വീക്ഷിക്കപ്പെടുന്നത്. ആജീവനാന്ത പഠനം, സ്വയം പഠനം എന്നിവ ജനമനസ്സുകളിൽ നിന്നും മാഞ്ഞു പോയിരിക്കുന്നു. പത്രം, ടി.വി., റേഡിയോ, സിനിമ തുടങ്ങിയ മാധ്യമങ്ങൾ തുടർ വിദ്യാഭ്യാസ ചുമതല ഏറ്റെടുത്തിരിക്കുന്നു. വികസനം എന്നാൽ - പുരോഗതി എന്നാൽ - ഉപഭോഗ വസ്തുക്കൾ വാങ്ങിക്കൂട്ടലാണെന്ന മിഥ്യാധാരണയാണ് ഇന്നു വളർത്തിക്കൊണ്ടു വരുന്നത്. സ്വാതന്ത്ര്യസമര പ്രസ്ഥാനം, കർഷക പ്രസ്ഥാനം, ഗ്രന്ഥശാലാ പ്രസ്ഥാനം, ശാസ്ത്ര പ്രചരണ പ്രവർത്തനങ്ങൾ, സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനം എന്നിവ വികസനോന്മുഖ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ഗ്രന്ഥ ശാലകൾ, കലാകായിക സമിതികൾ, പ്രാദേശിക ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവയെ തുടർ വിദ്യാഭ്യാസ പ്രക്രിയയിൽ പ്രയോജനപ്പെടുത്താൻ കഴിയും.

ഉപഭോഗ സംസ്കാരത്തിന്റെ കടന്നു കയറ്റത്തിനെതിരെ ശക്തമായ പ്രതികരണം ഉയരുന്നില്ല. വികസനം, പുരോഗതി എന്നിവ സംബന്ധിച്ച അടിസ്ഥാന ധാരണകൾ തന്നെ മാറ്റിമറിക്കപ്പെട്ടിരിക്കുന്നു. വികസനമെന്നാൽ സ്ഥായിയും, ദ്രുതഗതിയിലുള്ളതും, സാർവ്വത്രികവുമായ സാമ്പത്തിക പുരോഗതി മാത്രമാണെന്നു തെറ്റിദ്ധരിക്കപ്പെടുന്നു. വികസനമെന്നാൽ - സമൂഹത്തിലെ ഒരു ചെറുന്യൂന പക്ഷത്തിന്റെ വികസനമാണെന്നു തെറ്റിദ്ധരിക്കപ്പെടുന്നു. ഒരു ചെറു ന്യൂനപക്ഷം തങ്ങളുടെ ചെലവിൽ ബഹുഭൂരിപക്ഷത്തിനു വച്ചു നീട്ടുന്ന ഔദാര്യമായി വികസനം വ്യാഖ്യാനിക്കപ്പെടുന്നു. ആസൂത്രണത്തിലോ, നടത്തിപ്പിലോ, മൂല്യ നിർണ്ണയത്തിലോ, ബഹുഭൂരിപക്ഷത്തിനും പങ്കില്ല. വികസനമെന്നാൽ വൻകിട പദ്ധതികൾ നടപ്പിലാക്കലാണെന്ന് പ്രചരിപ്പിക്കപ്പെടുന്നു. അടിസ്ഥാന ജീവിതാവശ്യങ്ങൾ വിസ്മരിക്കപ്പെടുന്നു.

നിർദ്ദേശം: നിത്യ ജീവിതത്തിലനുഭവപ്പെടുന്ന പ്രയാസങ്ങൾക്ക് കൂട്ടായ ശ്രമത്തിലൂടെ പരിഹാരം കണ്ടെത്തുകയും പ്രയാസങ്ങൾ പടിപടിയായി ലഘൂകരിക്കുന്നതുമാണ് പുരോഗതി - വികസനം - എന്ന ആശയം പ്രചരിപ്പിക്കണം. അടിസ്ഥാന ജീവിതാവശ്യങ്ങൾക്കായിരിക്കണം മുൻഗണന. പരിപാടിയിലെ ആസൂത്രണം, നടത്തിപ്പ് വിലയിരുത്തൽ ഇവയിൽ ഗുണഭോക്താവിന് പങ്കാളിത്തം നൽകണം. ദേശീയ - സംസ്ഥാന - ജില്ലാ - ബ്ലോക്ക് പഞ്ചായത്തു തല ആസൂത്രണ പ്രക്രിയകളുടെ തുടർച്ചയായി അയൽക്കൂട്ടം, കുടുംബം, വ്യക്തി എന്നിവയെ കാണണം. വികേന്ദ്രീകൃതവും, സൂക്ഷ്മ തലത്തിലുള്ളതുമായ ആസൂത്രിത രീതി സ്വീകരിക്കണം. ഇതിനായി പഞ്ചായത്ത് - വാർഡ് - അയൽക്കൂട്ട സംവിധാനങ്ങളെ പ്രയോജനപ്പെടുത്തണം. അയൽക്കൂട്ട തലത്തിൽ കൃഷി, കൈത്തൊഴിൽ, ഭക്ഷണം, ഭക്ഷ്യവസ്തുക്കൾ തയ്യാറാക്കൽ, ആരോഗ്യം, പോഷണം, ഊർജ്ജസംരക്ഷണം, ശിശു സംരക്ഷണം എന്നിവ ചർച്ച ചെയ്യപ്പെടണം. പരസ്പരം വൈദഗ്ധ്യം കൈമാറണം.

പ്രശ്നങ്ങൾ ഒറ്റ നോട്ടത്തിൽ

I പ്രീ പ്രൈമറി: പഞ്ചായത്തിലെ പ്രീ-പ്രൈമറി പ്രായത്തിലുള്ള മുഴുവൻ കുട്ടികൾക്കും പ്രീ-പ്രൈമറി വിദ്യാഭ്യാസ സൗകര്യമില്ല. ലഭ്യമായിടത്തു തന്നെ യഥാർത്ഥത്തിൽ ക്ലാസ്സുകളിൽ നടക്കേണ്ടതല്ല നടക്കുന്നത് - കെട്ടിടങ്ങളുടെ അഭാവം - പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ അഭാവം - ആവശ്യമായ കളിക്കോപ്പുകൾ - മറ്റു സാമഗ്രികളുടെ അഭാവം - പുതുതായി സെൻററുകൾ ആരംഭിക്കുന്നതിനുള്ള വിഭവപരമായ തടസ്സം.

II പൊതു വിദ്യാഭ്യാസം: വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തം. പ്രീ - കെ.ഇ.ആർ-പരിരക്ഷ മൂലം കുട്ടികൾക്ക് ക്ലാസുമുറികളിലോ പരിസരത്തോ ആവശ്യമായ സ്ഥലം ലഭിക്കുന്നില്ല. ബഹുഭൂരിപക്ഷം വിദ്യാലയങ്ങളും സ്വകാര്യ മേഖലയിലായതിനാൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനത്തിൽ സർക്കാർ മുതലിറക്കുകയോ, നാട്ടുകാർ വേണ്ടത്ര താത്പര്യം കാട്ടുകയോ ചെയ്യുന്നില്ല. ഭൂരിപക്ഷം വിദ്യാലയങ്ങളിൽ വേണ്ടത്ര അക്കാദമിക് സൗകര്യമില്ല. പഠന-ബോധന പ്രവർത്തനങ്ങൾ ശിശു കേന്ദ്രീകൃതമോ - പ്രവർത്തന കേന്ദ്രീകൃതമോ അല്ല. സിലബസ്സ്, പഠന പ്രവർത്തനങ്ങൾ എന്നിവ ജീവഗന്ധി അല്ല. സിലബസ്സ്, പാഠപുസ്തകം എന്നിവ കൃത്യ സമയത്ത് ലഭിക്കുന്നില്ല. 1-2-6 വാർഡുകളിൽ U.P. വിദ്യാഭ്യാസത്തിനു സൗകര്യം വളരെ കുറവാണ്.

1-3 വാർഡുകളിൽ L.P. വിദ്യാഭ്യാസത്തിനു വളരെയധികം ദൂരം വിദ്യാർത്ഥികൾ യാത്ര ചെയ്യേണ്ടി വരുന്നു. പഠന പ്രവർത്തനങ്ങൾ രസകരമോ, താത്പര്യ ജനകമോ അല്ല. ഫലപ്രദമായ മേൽനോട്ടമോ പരിശോധനയോ ഇല്ല. കുട്ടിക്ക് സമഗ്രമായ വികസനം ഉണ്ടാവുന്നില്ല. തൊഴിൽ പരിചയപ്പെടുന്നില്ല. തൊഴിലിൽ നിന്നു അന്യവൽക്കരിക്കപ്പെടുന്നു. തൊഴിലിനോടും തൊഴിലെടുക്കുന്നവരോടും വൈമുഖ്യം ഉണ്ടാവുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം എല്ലാ വിദ്യാലയങ്ങളിലും ഒരുപോലെ തൃപ്തികരമല്ല. വിദ്യാഭ്യാസ ആസൂത്രണം കേന്ദ്രീകൃതമാണ്. ഒന്നാം തരത്തിലെ പ്രവേശന നിരക്ക് ഗണ്യമായി കുറവു വന്നിരിക്കുന്നു. കൊഴിഞ്ഞു പോക്കിന്റെ നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും തുടരുന്നു. എസ്. എസ്. എൽ. സി. വിജയ ശതമാനത്തിൽ പഞ്ചായത്തിലെ 2 ഹൈസ്കൂളുകൾക്കിടയിൽ ഗണ്യമായ അന്തരം പ്രകടമാകുന്നു. പഠന നിലവാരത്തിൽ വിദ്യാലയങ്ങൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

PTA, മാതൃസംഗമം, വിദ്യാലയ സമിതി - സാധ്യതകൾ - എല്ലായിടത്തും ഒരുപോലെ പ്രയോജനപ്പെടുത്തിയിട്ടില്ല. വാർഡുതല സമിതി, അയൽക്കൂട്ടം എന്നിവ രൂപീകരിച്ചുവെങ്കിലും വേണ്ടത്ര ചലനാത്മകമാക്കാൻ കഴിഞ്ഞിട്ടില്ല. ഉച്ചഭക്ഷണം വിതരണം ചെയ്യുന്നത് മിക്ക വിദ്യാലയങ്ങളിലും ജനപങ്കാളിത്തത്തോടെയല്ല.

III. **ഉന്നത വിദ്യാഭ്യാസം:** ഉന്നത വിദ്യാഭ്യാസത്തിനു യാതൊരു സൗകര്യവും ഇല്ല. ബഹുഭൂരിപക്ഷവും കോളേജ് വിദ്യാഭ്യാസം ഉന്നത വിദ്യാഭ്യാസമായി കാണുന്നു. പഠന പ്രവർത്തനം ഗൗരവപൂർവ്വം വീക്ഷിക്കപ്പെടുന്നില്ല. ഉന്നത വിദ്യാഭ്യാസത്തിന്റെ മറവിൽ യുവതലമുറ സമൂഹ യാഥാർത്ഥ്യങ്ങളിൽ നിന്ന് മാറ്റി നിർത്തപ്പെടുന്നു.

IV. **അനൗപചാരിക വിദ്യാഭ്യാസം:** സ്കൂളിൽ നിന്നും കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികൾക്ക് അക്ഷരാഭ്യാസ സൗകര്യം ലഭിക്കുന്നില്ല. പഠന പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക മടക്കമുള്ള വിഭവം കണ്ടെത്തേണ്ടതുണ്ട്.

V. **വികസനോന്മുഖ വിദ്യാഭ്യാസം:** സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ തുടർച്ചയായി തുടർ സാക്ഷരതാ യജ്ഞം നടന്നില്ല. അക്ഷരബോധം നേടിയവരിൽ നല്ലൊരു ശതമാനം മറന്നു പോയിരിക്കുന്നു. ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങൾ ബോധപൂർവ്വം ഉപഭോഗ സംസ്ക്കാരത്തിലേക്ക് ജനങ്ങളുടെ ബോധത്തെ വലിച്ചിഴക്കുന്നു. വൻകിട പദ്ധതികളാണ് വികസനത്തിന്റെ സൂചകങ്ങളെന്നു തെറ്റിദ്ധരിക്കപ്പെടുന്നു. ബഹുഭൂരിപക്ഷത്തിന്റെ അടിസ്ഥാന ജീവിതാവശ്യങ്ങൾ വിസ്മരിക്കപ്പെടുന്നു. മനുഷ്യന്റെ കൂട്ടായ്മ സഹകരണം ഇവ ക്ഷയിക്കുന്നു.

സാധ്യതകൾ

ഓരോ വ്യക്തിയുടേയും പ്രശ്നങ്ങൾ പരിഗണിച്ചു കൊണ്ടുള്ള ആസൂത്രണ സാധ്യതകളും ഇതിനായി പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വിദ്യാഭ്യാസ സർവ്വെ, അയൽക്കൂട്ടങ്ങൾ ശക്തിപ്പെടുത്തുക. PTA, മാതൃസംഗമം, വിദ്യാലയ സമിതി എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പു വരുത്തൽ, സമൂഹ പങ്കാളിത്തം ഉറപ്പു വരുത്തൽ, ഭൗതിക സാഹചര്യം ഉറപ്പു വരുത്തൽ, സാഹിത്യ സമാജം, അസംബ്ലി, പഠനയാത്ര തുടങ്ങിയ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ചിട്ടയായി നടപ്പാക്കൽ, ക്ലാസ്സുമുറി ആകർഷകമാക്കൽ (മേശവിരി, ചവറ്റുകൊട്ട, പൂപ്പാത്രം)

പഠനം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങളുടെ വിനിയോഗം, പഠനോപകരണ നിർമ്മാണ ശില്പശാല, കളിക്കോപ്പ് നിർമ്മിക്കുന്നതിനുള്ള ശില്പശാല, വിവിധതരം പ്രൊജക്ടുകൾ നടപ്പാക്കൽ, പ്രതിമാസ പരീക്ഷ, പാദവാർഷിക പരീക്ഷയ്ക്കു ശേഷം ക്ലാസ് അടിസ്ഥാനത്തിൽ അമ്മമാരെ വിളിച്ചു ചർച്ച ചെയ്യൽ, ക്ലാസ്സിൽ പത്രങ്ങളും ആനുകാലികങ്ങളും ലഭ്യമാക്കൽ, പുസ്തക ശേഖരം തയ്യാറാക്കലും, വായനയും, പ്രവൃത്തി പരിചയം ഫലപ്രദമായി വിനിയോഗിക്കൽ, ലൈബ്രറി പ്രയോജനപ്പെടുത്തൽ തുടങ്ങിയവ.

1-3 വാർഡുകളിൽ ലോവർ പ്രൈമറി സ്കൂളുകൾ സ്ഥാപിക്കൽ. 1-2-6 വാർഡുകളിൽ ലോവർ പ്രൈമറി സ്ക്കൂളുകളെ U.P. സ്കൂളാക്കി ഉയർത്തൽ. ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള കേന്ദ്രങ്ങളും, ടെക്നിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കൽ, ഉന്നത വിദ്യാഭ്യാസ രംഗത്തുള്ളവരെ ഗ്രൂപ്പുകളാക്കി ചുമതല നൽകൽ, അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, അയൽക്കൂട്ടത്തിനു ചുമതല നൽകൽ, പ്രോത്സാഹനം നൽകൽ തുടങ്ങിയവ.

ഇത്തരത്തിൽ വികേന്ദ്രീകൃതാസൂത്രണം, സൂക്ഷ്മതല ആസൂത്രണം, ജനകീയ പങ്കാളിത്തം എന്നിവ വഴി പഠനത്തിനനുകൂലമായ അന്തരീക്ഷം വിദ്യാലയത്തിലും സമൂഹത്തിലാകെ തന്നെയും വളർത്തിയെടുക്കാൻ കഴിയും. വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം ഉയർത്തുന്നതിനുള്ള ഒറ്റമൂലി സ്വകാര്യവത്കരണമോ, വിദേശ ബാങ്കുകളിൽ നിന്നു കടമെടുക്കലോ അല്ല. മറിച്ച് ഇത്തരത്തിലുള്ള ജനകീയ ബദലുകൾ വളർത്തിക്കൊണ്ടിവരിക മാത്രമാണ്.

കുടിവെള്ളം, പൊതുജനാരോഗ്യം, പരിസരശുചിത്വം

കുടിവെള്ളം

ഒരു കാലത്ത് സുലഭമായ ജല സമ്പത്തുള്ള പേരാവൂർ പഞ്ചായത്തിൽ ഇന്ന് അത് ദുർബലമാവുകയാണ്. കുടിവെള്ള ലഭ്യത ആരോഗ്യവുമായി. ബന്ധപ്പെട്ട ഒരു ഘടകമാണ്. ശുദ്ധജല ദൗർലഭ്യം പഞ്ചായത്തിലെ പത്തു വാർഡുകളിലും അനുഭവപ്പെടുന്നു. വേനൽക്കാലത്ത് ഈ സ്ഥിതി രൂക്ഷമാകുന്നു. ദ്വിതീയ സ്ഥിതി വിവര കണക്കുകളിലൂടെയും പഠന പര്യടനത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾവെച്ച് പഞ്ചായത്തിലെ ജലവിതരണം വർഷംതോറും കുറഞ്ഞു വരുന്നതായി കാണുന്നു. ലഭിക്കുന്ന ജലത്തിന്റെ നല്ലൊരുഭാഗം പാഴായി പോകുകയും ചെയ്യുന്നു. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ കുന്നിൻ ചെരുവുകളിലെ നീരുറവുകൾ ശാസ്ത്രീയമായി പ്രയോജനപ്പെടുത്താൻ സാധിക്കണം. ചെമ്പുകണ്ണിമല-പുരളിമലയിലെ വിവിധ ഭാഗങ്ങളിൽ കാണുന്ന നീരുറവകൾ പ്രയോജനപ്പെടുത്തിയാൽ ആ ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിക്കും. മഴക്കാലത്തു കുന്നിൻ ചെരുവുകളിൽ നിന്നും മണ്ണൊലിപ്പ് ധാരാളമായി അനുഭവപ്പെടുന്നത് കൊണ്ട് ഭൂമിയുടെ ഫലപുഷ്ടിക്കും മണ്ണിലേക്ക് ജലം വാർന്ന് താഴുന്നതിനും സാദ്ധ്യതയില്ലാതാകുന്നു. അതുകൊണ്ടുതന്നെ ഭൂമിയുടെ ജലസംഭരണശേഷി കുറയുന്നു. വേനൽക്കാലത്ത് ശുദ്ധജല ദൗർലഭ്യത്തിന് ഇതൊരു കാരണമായിത്തീരുന്നു.

പേരാവൂർ പഞ്ചായത്തിലെ കുടിവെള്ളത്തിന്റെ പ്രധാന സ്രോതസ്സ് കിണറുകളാണ്. ജനസംഖ്യയിൽ 90 ശതമാനവും കുടിവെള്ളത്തിന് കിണറുകളെ ആശ്രയിക്കുന്നു. ബാക്കിവരുന്ന 10 ശതമാനം വിവിധ നീരുറവുകളെയും ടേപ്പുകളെയും ആശ്രയിക്കുന്നു.

പഞ്ചായത്തിലെ 4423 വീടുകളിൽ 3320 വീടുകൾക്ക് മാത്രമേ കിണറുകളുള്ളൂ. അതിൽ 1300 കിണറുകൾ മാത്രമാണ് ശരിയായ രീതിയിൽ നിർമ്മിച്ചത്. ബാക്കിയുള്ള കിണറുകൾ ശരിയായി സംരക്ഷിക്കപ്പെടുന്നില്ല. അതു കൊണ്ട് തന്നെ ജലമലിനീകരണം അനുഭവപ്പെടുന്നു.

പഞ്ചായത്തിലെ ടൗൺ പ്രദേശങ്ങളിലുള്ള ഹോട്ടലുകൾക്ക് വേണ്ടി ഉപയോഗിക്കുന്ന കിണറുകൾ എല്ലാം തന്നെ ജലമലിനീകരണ സാധ്യതയുള്ളതാണ്. മഴക്കാലത്ത് മലിനജലം പുറമെ നിന്നും കിണറിലേക്ക് ഒലിച്ചിറങ്ങുവാനുള്ള സാധ്യതയും കൂടുതലാണ്. ഇത് കർശനമായി തടയണം. കുടിനീർ ലഭ്യമാക്കാൻ പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ ജലവിതരണ സൗകര്യം ഏർപ്പടുത്തിയിട്ടുണ്ടെങ്കിലും ഈ സംവിധാനം തീർത്തും പരാജയമാണ്. വെള്ളം സംഭരിച്ച് ശുദ്ധി ചെയ്യുന്നതിലും, വിതരണം ചെയ്യുന്നതിലും, അറ്റകുറ്റപണി ചെയ്യുന്നതിലും യാതൊരു ശ്രദ്ധയും നടത്തിപ്പുകാർക്കില്ല. ഈ സംവിധാനം കുറ്റമറ്റതാക്കിയാൽ ജലക്ഷാമത്തിന് കുറേയധികം പരിഹാരം ഉണ്ടാക്കാം. പഞ്ചാ

യത്തിൽ നിർമ്മിച്ച കുഴൽ കിണറും വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. കുഴൽ കിണർ നമ്മുടെ പ്രദേശത്തിന് യോജിച്ചതാണോയെന്നതിന് സംശയമുണ്ട്. ശുദ്ധജലം ജനസംഖ്യയിൽ വലിയൊരു ഭാഗത്തിന് അസാധ്യമായി വരുന്നു. അതുകൊണ്ടുതന്നെ ജലജന്യരോഗങ്ങൾ വർദ്ധിക്കുന്നു.

പഞ്ചായത്തിലെ പൊതുവായ ശുദ്ധജല സംവിധാനം

വാർഡ്	പൊതുകിണർ	കുഴൽ കിണർ	പൊതുടാപ്പ്
1	4	1	ഇല്ല
2	2	ഇല്ല	2
3	3	ഇല്ല	3
4	1	1	2
5	3	2	4
6	1	1	2
7	2	1	2
8	2	ഇല്ല	ഇല്ല
9	5	2	ഇല്ല
10	5	1	7
ആകെ	28	9	22

പ്രശ്നങ്ങൾ

1. ഒന്നാം വാർഡിൽ പോതിപ്പാറ റോഡിന്റെ ഭാഗത്ത് 40 വീട്ടുകാർക്ക് ജലക്ഷാമം അനുഭവപ്പെടുന്നു.
2. പുരളിമലയിൽ ഹരിശ്ചന്ദ്ര കോട്ടയുടെ താഴെയുള്ള ചെരുവുകളിൽ താമസിക്കുന്ന മുപ്പതോളം വീടുകൾക്ക് കുടിനീർ ക്ഷാമമുണ്ട്.
3. വെള്ളർവള്ളി വേരുമടക്കിയുടെ തെക്കുഭാഗത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
4. രണ്ടാം വാർഡിൽ ആനക്കുഴി, പുരളിമല, മേൽമുരിങ്ങോടി ഇവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
5. മൂന്നാം വാർഡിൽ പുതുശ്ശേരി ലക്ഷം വീട് കോളനി, മുടിയൻ കുന്ന്, കോമത്ത് കുന്ന് ഇവിടങ്ങളിൽ ജലക്ഷാമമുണ്ട്.
6. നാലാം വാർഡിൽ 75-ഓളം കുടുംബങ്ങൾക്ക് സ്വന്തം കിണറില്ല. ഹരിജൻ കോളനിയിൽ കുടിവെള്ള ക്ഷാമം നേരിടുന്നു.
7. അഞ്ചാം വാർഡിൽ വാടകമുറികളിലും മറ്റും താമസിക്കുന്നവർക്ക് പ്രാഥമിക ആവശ്യം നിർവഹിക്കാൻ സൗകര്യമുണ്ടാകണം. ജലവിതരണ ടാപ്പുകൾ പ്രവർത്തിക്കുന്നില്ല. പങ്കൻകുന്നിൽ കുടിവെള്ള ക്ഷാമമുണ്ട്. ആദിആന്ദ്ര കോളനിയുടെ മുകളിൽ പള്ളിക്കൽ ജലക്ഷാമം ഉണ്ട്.
8. ആറാം വാർഡിൽ മുള്ളേരിക്കുന്ന്, ചെവിടിക്കുന്ന്, കൂനിത്തല ഇവിടങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. ചെവിടികുന്ന് ഭാഗത്ത് ടൗണിലെ ഹോട്ടലുകൾ ഉപയോഗിക്കുന്ന കിണറുകൾ ജലമലിനീകരണം അനുഭവപ്പെടുന്നു. 7-ാം വാർഡിൽ ലക്ഷം വീടുകളിൽ ജലക്ഷാമം അനുഭവപ്പെടുന്നു.
9. എട്ടാം വാർഡിൽ കുട്ടിച്ചാത്തൻകണ്ടി, കോറഭാഗം തുണ്ടി, കല്ലടി, മാവടി തുടങ്ങിയ പ്രദേശത്ത് ജലക്ഷാമം അനുഭവപ്പെടുന്നു.
10. ഒമ്പതാം വാർഡിൽ ബംഗ്ലാദേശ്കുന്ന്, കൊട്ടംചുരം, മാപ്പുരച്ചാൽ, നരിക്കുന്ന്, കല്ലടിമുക്ക്, ഇവിടങ്ങളിൽ കുടിവെള്ളക്ഷാമം നേരിടുന്നു.
11. പത്താം വാർഡിൽ ഹരിജൻ കോളനിയിലെ ശുദ്ധജലവിതരണം കാര്യക്ഷമമാക്കണം. അഴോത്തുംചാലിൽ കുടിവെള്ള ക്ഷാമമുണ്ട്.

സാധ്യതകൾ

1. ജലക്ഷാമമുള്ള എല്ലാ സ്ഥലങ്ങളിലും ജനപങ്കാളിത്തത്തോടെ പഞ്ചായത്തിന്റെ സഹായത്താൽ പൊതുകിണർ കുഴിക്കണം.
2. പുരളിമലയിൽ വെള്ളം കിട്ടി വരുന്ന കുഴിവികസിപ്പിച്ച് ആ ഭാഗത്തുള്ള മുഴുവൻ കുടുംബങ്ങൾക്കും വെള്ളമെത്തിക്കാൻ കഴിയും.
3. പുരളിമലയിലും, ചെമ്പുകണ്ണിമലയിലുമുള്ള നീരൊഴുക്ക് ടാങ്ക് കെട്ടി സംഭരിച്ച് വർഷം മുഴുവൻ കുടിജലം എത്തിക്കാൻ കഴിയും. പുതുശ്ശേരി ലക്ഷം വീട് കോളനിക്ക് താഴെ ടാങ്ക് നിർമ്മിച്ച് ജലവിതരണ സംവിധാനം ഉണ്ടാക്കാം.
4. ലക്ഷം വീട് കോളനികളിലും, ഹരിജൻ കോളനികളിലും കുടിവെള്ളം ലഭ്യമാക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.
5. പഞ്ചായത്തിൽ നടപ്പിൽ വരുത്തിയ ജലവിതരണ പദ്ധതികൾ പുനർ നിർമ്മാണം നടത്തി ജലവിതരണം കാര്യക്ഷമമാക്കണം.
6. ജനപങ്കാളിത്തത്തോടെ ഹെൽത്ത് ഉദ്യോഗസ്ഥൻമാരുടെ കീഴിൽ പഞ്ചായത്തിലെ മുഴുവൻ ഹോട്ടലുകളും ഉപയോഗിക്കുന്ന കിണർ പരിശോധിച്ച് ശുദ്ധജലമാണോയെന്ന് ഉറപ്പു വരുത്തണം.
7. പ്രത്യേക കാലങ്ങളിൽ മുഴുവൻ കുടുംബങ്ങളുടെയും കിണറിലെ ജലം ക്ലോറിനേറ്റ് ചെയ്ത് ഉപയോഗിക്കാൻ ജനങ്ങളെ ബോധവൽക്കരണം നടത്തണം.
8. പഞ്ചായത്തിലെ ചെരുവുള്ള പ്രദേശങ്ങളിൽ മണ്ണും ജലവും സംരക്ഷിക്കാൻ കൃഷിവകുപ്പുമായി ബന്ധപ്പെട്ട് ഏർപ്പാടുകൾ ഉണ്ടാകണം.
9. ടൗൺ പ്രദേശങ്ങളിൽ വാടകക്ക് താമസിക്കുന്നവരുടെ പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കാൻ പുഴയോരത്ത്

കുളിക്കടവുകളും, പൊതു കുക്കൂസുകളും നിർമ്മിച്ച് ജനകീയ പങ്കാളിത്തത്തോടെ സംരക്ഷിക്കുക.

10. കുഴികളും, തടകളും നിർമ്മിച്ച് മണ്ണിൽ ജലത്തിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാൻ ജനങ്ങൾ മുൻകൈ എടുക്കണം.
11. നിലവിലുള്ള ഉപയോഗശൂന്യമായ കുളങ്ങളും, കിണറുകളും പുതുക്കി പണിത് കൂടുതൽ കുടിവെള്ള സ്രോതസ്സ് ജനപങ്കാളിത്തത്തോടെ കണ്ടെത്തണം.

ആരോഗ്യം

രണ്ടായിരം ആണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്ന പ്രയാണത്തിൽ പേരാവൂർ ഗ്രാമ പഞ്ചായത്ത് ആശാവഹമായ പുരോഗതി കൈവരിച്ചു കൊണ്ടിരിക്കുകയാണ്. മലയോര മേഖലയായ പേരാവൂർ ഗ്രാമ പഞ്ചായത്തിൽ 1930-ൽ തന്നെ പരിമിതമായ രീതിയിലാണെങ്കിലും മലബാർ ഡിസ്ട്രിക് ബോർഡിന്റെ കീഴിൽ റൂറൽ ഡിസ്പെൻസറി സ്ഥാപിച്ച് ജനങ്ങളുടെ ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ച ചരിത്രമാണ് ഉള്ളത്.

മലമ്പനി, ക്ഷയം, വസൂരി, കോളറ തുടങ്ങിയ മാരകരോഗങ്ങളുടെ കേളീരംഗമായിരുന്നു ഒരു കാലത്ത് ഈ പഞ്ചായത്ത്. 1930-ൽ സ്ഥാപിതമായ റൂറൽ ഡിസ്പെൻസറിയുടെ പ്രവർത്തനം സമീപസ്ഥലങ്ങളായ നിരവധി പഞ്ചായത്തുകൾക്ക് ലഭ്യമായിട്ടുണ്ട്. കൂടാതെ നാടൻ ചികിത്സാ വിധികളും ഈ രംഗത്ത് അന്ന് ലഭിച്ചിട്ടുണ്ട്. ഡോ. വി. ഭാസ്കരൻ, ഡോ. സി. ചിരുതൈകുട്ടി തുടങ്ങിയവരായിരുന്നു അക്കാലത്ത് ഈ രംഗത്ത് കടന്നു വന്ന വ്യക്തികൾ. 1960-ൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ആദ്യത്തെ ആശുപത്രി ഡോ. തങ്കം പാനൂസിന്റെ നേതൃത്വത്തിൽ നിർമ്മലാ ഹോസ്പിറ്റൽ എന്ന പേരിൽ തുണ്ടിയിൽ പ്രവർത്തനം ആരംഭിച്ചു. ഇത് ആധുനിക ചികിത്സാ രംഗത്തെ ആദ്യത്തെ ചുവടുവെപ്പായിരുന്നു. ഇന്ന് പേരാവൂർ പഞ്ചായത്തിൽ അലോപ്പതി, ഹോമിയോ, ആയുർവേദം എന്നീ വിഭാഗങ്ങളിലായി സർക്കാർ തലത്തിലും സഹകാര്യതലത്തിലും കൂടി 13 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ ആറോളം ആശുപത്രികൾ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ളവയാണ്. പേരാവൂർ പഞ്ചായത്ത് ആരോഗ്യരംഗത്ത് കൈവരിച്ച നേട്ടങ്ങൾ സംസ്ഥാന നിലവാരത്തിനൊപ്പം നിൽക്കുന്നു.

1991-ലെ സെൻസസ് പ്രകാരം പേരാവൂരിലെ ജനസംഖ്യ

ആൺ	പെൺ	മൊത്തം
10248	10370	20618

	ആൺ	പെൺ	മൊത്തം	
പട്ടികജാതി	172	146	318	91 ലെ
പട്ടിക വർഗ്ഗം	311	384	755	സെൻസസ്

'95-'96 ലെ അംഗൻ വാടി രേഖകളിൽ നിന്നും ലഭ്യമായ സ്ഥിതിവിവര കണക്കുകൾ

പഞ്ചായത്തിലെ അംഗൻ വാടികൾ	- 20
1 വയസിന് താഴെ പ്രായമുള്ള കുട്ടികൾ	- 303
1 നും 3 നും ഇടയിൽ പ്രായമുള്ള കുട്ടികൾ	- 619
3 നും 6 നും ഇടയിൽ പ്രായമുള്ള കുട്ടികൾ	- 877
ആകെ ഗർഭിണികൾ	- 148
മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം പ്രായമുള്ള കുട്ടികളുള്ളവർ)	- 156
ജനനം	- 303
ജനനനിരക്ക്	- 13/1000
1 വയസിനു താഴെ പ്രായമുള്ള മരിച്ച കുട്ടികൾ	- 3
ശിശു മരണ നിരക്ക്	- 16/1000
1 മുതൽ 3 വരെ പ്രായമുള്ള മരിച്ച കുട്ടികൾ	- 2
3 മുതൽ 6 വരെ പ്രായമുള്ള മരിച്ച കുട്ടികൾ	- ഇല്ല
ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ചവർ	- ഇല്ല
മറ്റുള്ളവരുടെ മരണം	- 57
മരണ നിരക്ക്	- 3/1000

ആരോഗ്യ രംഗത്ത് സംസ്ഥാന നിലവാരത്തിൽ പഞ്ചായത്ത് എത്തി നിൽക്കുന്നതായി കാണാം. ഇപ്പോൾ പഞ്ചായത്തിൽ പ്രത്യേകിച്ച് 2-ാം വാർഡിൽ പ്രകൃതി ചികിത്സാ ശാസ്ത്രം നൂറോളം പേർ സ്വീകരിച്ചു വരുന്നു. ഈ ചികിത്സാ സമ്പ്രദായം പേരാവൂരിന്റെ വിവിധ ഭാഗങ്ങളിൽ പ്രചരിച്ചിട്ടുണ്ട്. വീട് വീടാന്തരം കയറി പ്രകൃതി ചികിത്സാ രീതിയെ കുറിച്ച് ബോധവൽക്കരണം നടത്തിയതിന്റെ ഫലമായി ആരോഗ്യത്തെ ഹനിക്കുന്ന ഭക്ഷണ വസ്തുക്കളും, പുകയില, മദ്യം തുടങ്ങിയവയും ഉപേക്ഷിച്ചു കൊണ്ടിരിക്കുന്ന പ്രവണത പഞ്ചായത്തിൽ ദൃശ്യമാണ്. ഇതൊരു പുതിയ കാൽവെപ്പാണ്.

പട്ടിക - 1

പേരാവൂർ പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

സ്ഥാപനത്തിന്റെ പേര്	വാർഡ്	ജീവനക്കാർ	കെട്ടിടം സ്വന്തം/വാടക	സ്ഥാപിതം
ഗവ. ആശുപത്രി, പേരാവൂർ	V	25	സ്വന്തം	1981
ഫാമിലി വെൽഫെയർ സെന്റർ മണത്തണ	X	1	സ്വന്തം	1986
പി.എച്ച്.സി. മുരിങ്ങോടി	II	2	സ്വന്തം	1996
ഗവ. ആയുർവേദ ആശുപത്രി, പേരാവൂർ	V	3	വാടക	1974

പട്ടിക - 2 സ്വകാര്യ സ്ഥാപനങ്ങൾ

സ്ഥാപനത്തിന്റെ പേര്	വാർഡ്	ജീവനക്കാർ	കെട്ടിടം സ്വന്തം/വാടക	സ്ഥാപിതം
നിർമ്മല ഹോസ്പിറ്റൽ - തൊണ്ടിയിൽ	VIII	6	സ്വന്തം	1960
കവിതാ നഴ്സിംഗ് ഹോം, പേരാവൂർ	V	3	സ്വന്തം	1976
അർച്ചന ഹോസ്പിറ്റൽ, പെരുമ്പുന്ന	IV	17	സ്വന്തം	1978
പേരാവൂർ നഴ്സിംഗ് ഹോം	V	15	സ്വന്തം	1976
രശ്മി ഹോസ്പിറ്റൽ	V	9	സ്വന്തം	1987
[illegible] ജില്ലാ ഹോമിയോപതിക് ഹോസ്പിറ്റൽ (സഹകരണം), പേരാവൂർ	V	2	വാടക	1991

പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടി എത്തിയവരുടെ എണ്ണം (സമീപ പഞ്ചായത്തിൽ നിന്നും എത്തിയവരടക്കം)

92-93 - ൽ - 93,903
93-94 - ൽ - 150000
94-95 - ൽ - 110443
95-96 - ൽ - 86331

പട്ടിക - 3

പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ കഴിഞ്ഞ വർഷം അനുഭവപ്പെട്ട രോഗ വിവരങ്ങൾ

വർഷം	ജലജന്യ രോഗം	വായുജന്യ രോഗം	പ്രാണിജന്യ രോഗം	മറ്റുള്ളവ
92-93	5811	8521	3280	8642
93-94	6200	9012	4380	9736
94-95	5170	8346	2833	13511
95-96	5366	7770	2692	10601

പട്ടിക - 4

കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

പ്രായം	നോർമൽ	ലഘു പോഷണക്കുറവ്	മിതമായ പോഷണക്കുറവ്	ഗുരുതരമായ പോഷണക്കുറവ്
1 വയസ്സിൽ താഴെ	217	39	9	ഇല്ല
1 നും 3 നും ഇടയിൽ	407	178	48	ഇല്ല
3 നും 6 നും ഇടയിൽ	490	247	67	5

കുട്ടികളുടെയും, ഗർഭിണികളുടെയും പ്രതിരോധ കുത്തിവെപ്പുകളായ ബി.സി.ജി., ഡി.പി.റ്റി, പോളിയോ, മീൽസ്, ഡി.റ്റി., റ്റി.റ്റിഎന്നിവ 100 ശതമാനവും സ്വീകരിച്ചിട്ടുണ്ട്.

പട്ടിക - 5 കക്കൂസുകളുടെ എണ്ണം

ആകെ വീട്	ആധുനിക രീതിയിൽ പണിത കക്കൂസ്	കുഴി/സ്ലേബ് കക്കൂസുകൾ	കക്കൂസില്ലാത്തവർ
3880	1474 (38%)	1785 (46%)	621 (16%)

മുകളിൽ സൂചിപ്പിച്ച സ്ഥിതി വിവരങ്ങളിൽ നിന്നും പേരാവൂർ പഞ്ചായത്ത് ശ്രദ്ധേയമായി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ജനങ്ങൾ ചെറിയ അസുഖത്തിനുപോലും ഡോക്ടർമാരെ സമീപിക്കുന്നതിനാൽ അനാവശ്യമരുന്നുകളുടെ ഉപയോഗം കൂടുതലാണ്. സർക്കാർ ആശുപത്രികളുടെ ശോചനീയാവസ്ഥ കാരണം സാധാരണക്കാർക്ക് ചികിത്സാ രംഗത്ത് വലിയ ചിലവ് വഹിക്കേണ്ടി വരുന്നു.

പഞ്ചായത്തിൽ നിന്നും ഉന്മൂലനം ചെയ്ത കുഷ്ഠം, മലമ്പനി എന്നിവ വീണ്ടും പ്രത്യക്ഷപ്പെടുന്നു. 95-ൽ മലമ്പനി സംബന്ധിച്ച് 8 കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുഷ്ഠരോഗ സംബന്ധമായി 32 കേസുകൾ ചികിത്സ തേടി എത്തിയിട്ടുണ്ട്. ഇത് ഗൗരവ പൂർവ്വം കാണണം. ചികിത്സാ രംഗത്തെ ആധുനിക സംവിധാനങ്ങളൊന്നും പേരാവൂരിൽ ലഭ്യമല്ല. എക്സറേ, സ്കാനിങ്ങ്, മോർച്ചറി, പോസ്റ്റുമോർട്ടം, ആംബുലൻസ്, ലാബ്, കാൻസർ നിർണ്ണയ യൂണിറ്റ് എന്നിവ പഞ്ചായത്തിൽ ചികിത്സാ രംഗത്ത് ലഭ്യമാക്കണം. ക്ഷയരോഗം പൂർണ്ണമായും തടയാൻ ഹെൽത്ത് വകുപ്പിന്റെ കീഴിൽ പഞ്ചായത്തിൽ ഹ്രസ്വകാല ക്ഷയരോഗ ചികിത്സാ പദ്ധതിക്ക് തുടക്കം കുറിച്ചുട്ടുണ്ട്. കുടുംബാസൂത്രണ സംവിധാനമാർഗ്ഗം പഞ്ചായത്തിൽ വിജയം കൈവരിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഹെൽത്ത് സെൻററുകൾ ഇല്ലാത്ത വാർഡുകൾ ഉണ്ട്.
2. പേരാവൂർ സർക്കാർ ആശുപത്രിയിൽ 24 മണിക്കൂറും തുറന്നു പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, ഇ.സി.ജി., ഓപ്പറേഷൻ തീയറ്റർ, എക്സ്റേ, സ്കാനിങ്ങ്, ലാബ്, പോസ്റ്റുമോർട്ടം, ആംബുലൻസ് എന്നീ സൗകര്യങ്ങൾ ലഭ്യമല്ല.
3. സർക്കാർ ആശുപത്രിയിൽ ശിശുരോഗ വിദഗ്ധരേയും ഗൈനക്കോളജിസ്റ്റിനേയും നിയമിക്കണം.
4. പഞ്ചായത്തിലെ ദുർബല വിഭാഗക്കാർക്കും, കോളനിയിൽ താമസിക്കുന്നവർക്കും കക്കൂസുകൾ ഉണ്ടായിരിക്കണം.
5. ഹരിജന കോളനികളിൽ പകർച്ചവ്യാധികൾ അനുഭവപ്പെടുന്നു. അവിടെയുള്ള ആരോഗ്യ പ്രശ്നങ്ങൾ പഠിക്കണം.
6. കൊതുക് നിർമ്മാർജ്ജനത്തിന് ഫലപ്രദമായ നടപടികൾ വേണം.
7. പേരാവൂർ ടൗണിലെ പൊതുകക്കൂസ് ഉപയോഗപ്രദമല്ല.
8. പ്രകൃതി ചികിത്സാരീതി പ്രോത്സാഹനം അർഹിക്കുന്നു.
9. പേരാവൂർ, തുണ്ടി, മണത്തണ, മുരിങ്ങോടി എന്നിവിടങ്ങളിൽ പൊതുകക്കൂസുകൾ നിർമ്മിക്കണം.
10. വാർദ്ധക്യജന്യമായ രോഗങ്ങൾക്ക് പ്രത്യേകചികിത്സാ

വിഭാഗം ഏർപ്പെടുത്തി അനാഥരായ അത്തരം ആൾക്കാരെ സംരക്ഷിക്കണം.

11. അംഗൻവാടികൾ ഇല്ലാത്ത സ്ഥലങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കണം.
12. ഹെൽത്ത് കാർഡ് സമ്പ്രദായം സ്വീകരിക്കണം.
13. സർക്കാർ ആശുപത്രികളിൽ വേണ്ടുന്ന മരുന്ന് ലഭ്യമാക്കണം. സർക്കാർ ആശുപത്രികളിൽ വേണ്ടത്ര സേവനം ലഭിക്കാത്തത്കൊണ്ട് സാധാരണക്കാരന്റെ ചികിത്സാ സൗകര്യത്തിന് കൂടുതൽ പണം ചിലവഴിക്കേണ്ടി വരുന്നു.
14. സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി രക്തദാനം, കണ്ണ്ദാനം എന്നിവയ്ക്ക് സർക്കാർ ആശുപത്രിയിൽ സംവിധാനം ഉണ്ടാക്കണം.
15. സ്കൂൾ വിദ്യാർത്ഥികളുടെ ഹെൽത്ത് കാർഡ് സംവിധാനം കാര്യക്ഷമമാക്കണം.

സാധ്യതകൾ

1. സർക്കാർ ആശുപത്രിയ്ക്ക് 2 1/2 ഏക്കർ സ്ഥലവും പണി പൂർത്തിയായ 2 വാർഡുകളും ഉണ്ട്. അത് ഉപയോഗ പ്രദമാക്കാം. എം.പി.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ അനുവദിക്കുകയും 52 കിടക്കകൾക്കുള്ള അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പേരാവൂർ സർക്കാർ ആശുപത്രിയെ താലൂക്കാശുപത്രിയുടെ ഗ്രേഡിലേക്കുയർത്തി ആധുനിക സംവിധാനങ്ങളും ചികിത്സാ രീതികളും ലഭ്യമാക്കാൻ ജനകീയ ഇടപെടലുകൾ വേണം.
2. ഗൈനക്കോളജിസ്റ്റിനേയും, ശിശുരോഗ വിദഗ്ധനേയും നിയമിക്കാൻ കഴിയണം. ആശുപത്രി വികസനത്തിനു വേണ്ട പണം ജനങ്ങളിൽ നിന്നും ശേഖരിക്കാം. സഹകരണ സ്ഥാപനങ്ങൾക്ക് പേ-വാർഡുകൾ നിർമ്മിച്ചുകൊടുക്കാൻ കഴിയും. ആശുപത്രി ഭരണത്തിൽ ജനകീയ സമിതിയുടെ മേൽനോട്ടവും വേണം.
3. ഹെൽത്ത് വർക്കർമാരുടെ സേവനം എല്ലാ വാർഡുകളിലും ലഭ്യമാക്കണം.
4. മദ്യത്തിനും, മയക്കുമരുന്നിനും എതിരെ ബോധവൽക്കരണം സംഘടിപ്പിക്കുക.
5. ഹെൽത്ത് ഉദ്യോഗസ്ഥന്മാർ മാസം തോറും കോളനിയിൽ സന്ദർശിച്ച് ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക.
6. സ്ഥലവും, കെട്ടിടവും സൗജന്യമായി ലഭിക്കുന്ന സ്ഥലങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കാൻ കഴിയണം.
7. കക്കൂസില്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിക്കാൻ സഹായ പദ്ധതികൾ ആവിഷ്കരിക്കണം.
8. ഹൈസ്കൂൾ വിദ്യാർത്ഥികളുടെ രക്തഗ്രൂപ്പ് നിർണ്ണയം നടത്തുക. മാരകമായ രോഗങ്ങളെകുറിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ ബോധവത്ക്കരണം നടത്തുക.

പരിസരശുചിത്വം

ശുദ്ധവായു, ശുദ്ധജലം, പരിസരശുചിത്വം ഇവ ആരോഗ്യത്തിന്റെ അടിവാജ്യഘടകങ്ങളാണ്. പരിസര മലിനീകരണം കൊണ്ട് പഞ്ചായത്തിലെ എല്ലാ വാർഡുകളും പകർച്ചവ്യാധിമുട്ടുകയാണ്. നമ്മുടെ പ്രദേശത്തെ ആശുപത്രികളിൽ നിന്നും പുറംതള്ളുന്ന ആശുപത്രി മാലിന്യങ്ങൾ പരിസര മലിനീകരണത്തിനും, ജല മലിനീകരണത്തിനും ഇടയാക്കുന്നു. ടൗൺ പ്രദേശങ്ങളിലെ ഓടകൾ നിർമ്മിച്ചത് ശാസ്ത്രീയമായ രീതിയിൽ അല്ലാത്തത് കൊണ്ട് മലിനജലം കെട്ടിക്കിടന്ന് ടൗൺ പ്രദേശങ്ങളിൽ വർഷം മുഴുവൻ കൊതുക് ശല്യം ഉണ്ടാവുന്നു. ഹെൽത്ത് വകുപ്പ് വല്ലപ്പോഴും മരുന്ന് തളിക്കുന്നത് കൊണ്ട് ഇതിനെ നിയന്ത്രിക്കാൻ കഴിയുന്നില്ല. കക്കൂസുകളുടെ ഉപയോഗം മുഴുവൻ ആളുകളും വേണ്ടത്ര ഉൾക്കൊള്ളാത്തത് കൊണ്ട് പരിസര മലിനീകരണവും, ജലമലിനീകരണവും വർദ്ധിക്കുന്നു. പരിസര ശുചിത്വവും, ബോധവൽക്കരണത്തിലൂടെ ഉണ്ടാക്കാൻ കഴിയണം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ യാതൊരു വ്യവസ്ഥയുമില്ലാതെ ആടുമാടുകളെ അറുത്ത് മാംസവിൽപ്പന നടത്തുന്നത് സാംക്രമിക രോഗങ്ങൾക്കും, പരിസര മലിനീകരണത്തിനും ഇടയാക്കുന്നു. അറവുമാടുകളുടെ ഗുണനിലവാരം പോലും പരിശോധനക്ക് വിധേയമാകുന്നില്ല. അറവുശാലകൾക്ക് നിയമപരമായ അനുവാദമോ, നിബന്ധനകളോ ഒന്നും തന്നെ പാലിക്കപ്പെടുന്നില്ല. ഈ അവസ്ഥ തുടരാൻ അനുവദിച്ചുകൂടാ.

പ്രശ്നങ്ങൾ

1. മലവിസർജ്ജനത്തിന് എല്ലാവരും കക്കൂസ് ഉപയോഗിക്കാത്തത് കൊണ്ട് പരിസര മലിനീകരണവും, ജല മലിനീകരണവും ഉണ്ടാകുന്നു.
2. ആശുപത്രി മാലിന്യങ്ങൾ പരിസര പ്രദേശത്ത്കാർക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
3. പേരാവൂർ ടൗണിലെ ഓടകളിൽ വെള്ളം കെട്ടി നിൽക്കുന്നത് കൊണ്ട് വർഷം മുഴുവനും കൊതുക് ശല്യം ഉണ്ടാകുന്നു.
4. അറവുശാലകളുടെ ശുചിത്വം, മാസത്തിന്റെ ഗുണനിലവാരം എന്നിവ നിശ്ചയിക്കാൻ സംവിധാനമില്ല.
5. മിക്ക ഹോട്ടലുകളിലെയും കിണറുകളിൽ ജലമലിനീകരണം അനുഭവപ്പെടുന്നു.
6. ടൗൺ ശുചീകരണത്തിന്റെ ഭാഗമായി ശേഖരിക്കുന്ന മാലിന്യങ്ങൾ റോഡരുകിൽ തള്ളുന്നത് ആ പ്രദേശത്ത് പരിസര മലിനീകരണം ഉണ്ടാക്കുന്നു.
7. വീടുകൾക്ക് കക്കൂസും, പരിസരശുചിത്വവും, ഉണ്ടാക്കണം.
8. ഹോട്ടലുകളിലും, വീടുകളിലും കഴുകി വൃത്തിയാക്കാൻ പറ്റിയ തറകൾ പാചകമുറിയിൽ ഉണ്ടായിരിക്കണം.

9. വീടുകൾക്ക് ചുറ്റും ചെടികൾ വളർത്തുകയും, വായു സഞ്ചാരമുള്ള മുറികളിൽ ഉറങ്ങുകയും ചെയ്യണം.

സാധ്യതകൾ

1. വാടകമുറികളിൽ, താമസിക്കുന്നവർക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാൻ ജനപങ്കാളിത്തത്തോടെ കുളക്കടവുകളും, കക്കൂസുകളും പുഴയോരങ്ങളിൽ നിർമ്മിച്ച് കൊടുക്കുക.
2. പേരാവൂർ, മണത്തണ, തുണ്ടി തുടങ്ങിയ സ്ഥലങ്ങളിലെ ഓടകൾ ശാസ്ത്രീയമായി പുതുക്കിപ്പണിയുകയും, അടച്ചു സൂക്ഷിക്കുകയും ചെയ്താൽ കൊതുക് ശല്യം ഒരു പരിധി വരെ കുറക്കാം .
3. ആശുപത്രികളിൽ നിന്നും പുറം തള്ളുന്ന മാലിന്യങ്ങൾ കത്തിച്ചു കളയുകയോ, കുഴിച്ചു മൂടുകയോ ചെയ്യാനുള്ള നടപടികൾ കർശനമായി പാലിക്കുക.
4. കടകളിൽ നിന്നുമുണ്ടാകുന്ന വെയ്സ്റ്റുകൾ ശേഖരിക്കാൻ റോഡരികിൽ തൊട്ടികൾ സ്ഥാപിക്കുക.
5. ശുചീകരണത്തിന്റെ ഫലമായി ഉണ്ടാകുന്ന അവശിഷ്ടങ്ങൾ, അഴുക്കുകൾ ഇവ ജനവാസമില്ലാത്ത സ്ഥലത്ത് നിക്ഷേപിക്കാൻ പൊതുസ്ഥലം കണ്ടെത്തി ഉപയോഗിക്കുക.
6. ശുചീകരണത്തിനായി വാഹനവും, ജോലിക്കാരെയും കൂടുതലായി നിയമിക്കുക.
7. വീടുകളിലെ മാലിന്യങ്ങൾ കമ്പോസ്റ്റുകുഴിയിൽ നിക്ഷേപിക്കാൻ പ്രേരിപ്പിക്കുക.
8. അറവുശാലകൾ പഞ്ചായത്തിൽ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് അതിന്റെ കീഴ്വഴക്കങ്ങൾ അനുസരിക്കുക. അറവുശാലകൾക്ക് നിയമപ്രകാരം വേണ്ട മാനദണ്ഡങ്ങൾ പാലിക്കുക. ലംഘിക്കുന്നവർക്കെതിരെ നടപടിയെടുക്കുക.

ഗതാഗതം – ഊർജ്ജം – മാർക്കറ്റ്

ഗതാഗതം

വികസനത്തെ സംബന്ധിച്ച വീക്ഷണങ്ങൾ ഏതെല്ലാം അളവ്കോലുകളെ ആസ്പദമാക്കി രൂപപ്പെട്ടാലും ഏതൊരു പ്രദേശത്തിന്റെയും വികസനപ്രക്രിയയിൽ നിർണ്ണായകമായി പരിണമിക്കുന്ന ഒരു ഘടകമാണ് പ്രസ്തുത പ്രദേശത്തെ ഗതാഗത പാതകൾ.

മലയും, കുന്നും, കാടും, കാട്ട് മൃഗങ്ങളും സുഗമമായ യാത്രക്ക് തടസ്സമായിരുന്ന മലയോരമേഖലയായ നമ്മുടെ പഞ്ചായത്തിലെ പൂർവ്വികർ പരസ്പരം അറിയുവാനും, ബന്ധപ്പെടുവാനും കാൽ നടയാത്രയെ മാത്രമാണ് ആശ്രയിച്ചിരുന്നത്. ദൂരയാത്രകൾക്കും, ചരക്കുകൾ കടത്തുന്നതിനും കാളവണ്ടിയും ഉപയോഗിച്ചിരുന്നു.

ബ്രിട്ടീഷ് സാമ്രാജ്യത്വ മേൽക്കോയ്മക്കെതിരെ പടനയിച്ച വീര പഴശ്ശിയുടെ ഒളിപ്പോരിനെ പ്രതിരോധിക്കാൻ കുതിരപ്പടയാളികൾക്ക് വഴിയൊരുക്കുവാൻ ബ്രിട്ടീഷ്കാർ നിർമ്മിച്ച റോഡിന്റെ ഭാഗമായാണ് പേരാവൂർ പഞ്ചായത്തിലെ ആദ്യത്തെ റോഡ് (നിടുമ്പോയിൽ നിന്നും ഇരിട്ടിയിലേക്കുള്ള റോഡ്) ആവിർഭവിച്ചതെന്നാണ് വാമൊഴി. തുടർന്ന് ഊടുവഴികളും, കൊട്ടു നടപ്പാതകളും ജനകീയ കൂട്ടായ്മയുടെ ഭാഗമായി വാഹനഗതാഗത യോഗ്യമായ റോഡുകളായി പരിണമിച്ചപ്പോൾ പഞ്ചായത്തിലെ എല്ലാ സാമൂഹ്യ വികാസ ഘടകങ്ങളുടെയും അടിത്തറയായി വർത്തിക്കുവാനും, അതുവഴി നമ്മുടെ സാമൂഹ്യ പുരോഗതിയെ ത്വരിതപ്പെടുത്തുന്നതിൽ മുഖ്യപങ്ക് വഹിക്കുവാനും റോഡുകൾ കാരണമായി എന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്.

മാറ്റങ്ങൾക്ക് വിധേയമായി കൊണ്ടിരുന്ന സാമൂഹ്യ-ജീവിത സാഹചര്യങ്ങളുടെ സഹജമായ നിരക്കുകൾ അതിജീവിക്കാൻ വാഹനഗതാഗതം അത്യാവശ്യമായി വന്നപ്പോൾ നിടുമ്പോയിൽ നിന്നും ഇരിട്ടിയിലേക്ക് പോകുന്ന

റോഡിന്റെ ഭാഗമായ പേരാവൂർ പഞ്ചായത്തിലെ തെറ്റ് വഴി മുതൽ കല്ലേരിമല വരെയുള്ള മൺപാതയും മെറ്റൽ ചെയ്ത് വാഹനഗതാഗതത്തിന് സൗകര്യമൊരുക്കുകയും 1936 ൽ പേരാവൂരിൽ നിന്നും തലശ്ശേരി-ഇരിട്ടിഭാഗത്തേക്ക് കരിബസ്സ് ആരംഭിക്കുകയും ചെയ്തു. തുടർന്ന് 1967 -ാമാണ്ടോടെ ബസ്സുകളും സർവ്വീസ് വിപുലീകരിക്കയും പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് വിവിധ പ്രദേശങ്ങളിലേക്ക് ബസ്സ് യാത്ര തുടങ്ങുകയും ചെയ്തു.

തലശ്ശേരിയിൽ നിന്നും പേരാവൂരിലേക്ക് വരുന്ന റോഡിന്റെ ഭാഗമായുള്ള തെറ്റ് വഴിമുതൽ കല്ലേരി മലവരെ 7 കി. മീ. റോഡാണ് പഞ്ചായത്തിൽ ആദ്യമായി ടാർ ചെയ്തത്. 34.10 ച.കി.മീ. വിസ്തീർണ്ണവും 20796 ലധികം വരുന്ന ജനസംഖ്യയുമുള്ള താരതമ്യേന വിസ്തൃതമായ പഞ്ചായത്താണ് പേരാവൂർ. ഇപ്പോൾ പി. ഡബ്ലിയു. ഡി. യുടെയും പഞ്ചായത്തിന്റെയും ഉടമസ്ഥതയിലുള്ള ടാർ ചെയ്തതും, ചെയ്യാത്തതുമായ റോഡ് ശൃംഖല തന്നെ യുണ്ട്. ജനങ്ങളുടെ ശ്രമദാന പ്രവർത്തനത്തിലൂടെയാണ് പഞ്ചായത്തിലെ എല്ലാ റോഡുകളും രൂപം കൊണ്ടിട്ടുള്ളത്.

. പഞ്ചായത്തിലെ ആകെ റോഡ്കളുടെ നീളം 102.8 കി. മീ. ആണ്. അതിൽ പി. ഡബ്ലിയു.ഡി യുടെ 20 കി. മീ. നീളവും പഞ്ചായത്തിന്റെ വിസ്തീർണ്ണവും റോഡിന്റെ നീളവും തമ്മിലുള്ള ആനുപാതിക തോത്3 കി.മീ./11 കി.മീ. സ്കയർ അളവിൽ മാത്രമേ ഉള്ളൂ. വാഹനഗതാഗത രംഗത്ത് ഒരുകാലത്ത് ആലോചിച്ചിട്ടില്ലാത്ത രീതിയിൽ മുന്നേറാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിലേക്കും, കണ്ണൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്കും 100ൽ പരം ബസ്സുകളും ദിനം പ്രതി സർവ്വീസ് നടത്തുന്നുണ്ട്. 100ൽ പരം ഓട്ടോറിക്ഷകളും 100ൽ അധികം വരുന്ന ടാക്സികളും പഞ്ചായത്തിൽ ഉണ്ടെങ്കിലും ഓട്ടോ, ടാക്സി രംഗത്ത് സ്റ്റാൻറുകളും നിശ്ചയിച്ച് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താത്തത് സുഗമമായ കാൽ നടയാത്രക്കും. വാഹന ഗതാഗതത്തിനും തടസ്സങ്ങളും ഉണ്ടാക്കുന്നുണ്ട്.

നിലവിലുള്ള റോഡുകളും

പി.ഡബ്ലിയു.ഡി. ഉടമസ്ഥതയിലുള്ള 5 റോഡുകളും പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 55 റോഡുകളും കൂടി ആകെ പഞ്ചായത്തിൽ 60 റോഡുകളുണ്ട്. പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതിവിവര പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 1

ക്രമ നമ്പർ	ഉടമസ്ഥത	റോഡുകളുടെ എണ്ണം	ടാർ ചെയ്യാത്ത നീളം കി. മീ.	ടാർ ചെയ്ത നീളം കി.മീ.	ആകെ നീളം
1.	പഞ്ചായത്ത്	55	71.800	8.500	80.300
2.	പി.ഡബ്ലിയു.ഡി	5	2.500	20.00	22.500
.	ആകെ	60	74.300	28.500	102.800

റോഡുകളുടെ പ്രശ്നങ്ങളും

റോഡുകളുടെ പൊതു അവസ്ഥ പരിതാപകരമാണ്. പലറോഡുകളിലും ആവശ്യമായ ഓടകളുടേയും കലുങ്കുകളുടേയും അഭാവവും നിലവിലുള്ള പല കലുങ്കുകളും ഓടകളും നിർമ്മാണത്തിലെ അശാസ്ത്രീയത കാരണം ഉപയോഗശൂന്യമാവുകയും ചെയ്യുന്നത് റോഡിന്റെ ആരോഗ്യകരമായ നിലനില്പിനെ ബാധിക്കുന്നു. ഓടകളും മണ്ണിട്ട് നികത്തി ദുരുപയോഗിക്കുന്നതിനാൽ റോഡിൽ ജലം കെട്ടി നിന്ന് തകർച്ചയെ നേരിടുന്നു. പി. ഡബ്ലിയു.ഡി. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഐ.ആർ.സി നിബന്ധനകളും (ഇന്ത്യൻ റോഡ് കോൺഗ്രസ്) പാലിക്കപ്പെടുന്നില്ല. റോഡ് നിർമ്മാണ പ്രവൃത്തിയിൽ [illegible]ിന്റെ മേന്മ പരിഗണിക്കാതെ സാമ്പത്തിക ലാഭം ലക്ഷ്യമാക്കുന്നതിനാൽ വളരെ വേഗം തന്നെ റോഡുകളും നാശോന്മുഖമാകുന്നു. റോഡ് നിർമ്മാണ പ്രവർത്തനത്തിൽ ജനകീയ ഇടപെടൽ ഇല്ലാത്തത് റോഡുകളുടെ ദുഃസ്ഥിതിക്ക് കാരണമായി ഭവിക്കുന്നു.

സാധ്യതകളും - റോഡ് ഗതാഗതം

റോഡ് ഗതാഗത സൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടതിലേക്കും, മെച്ചപ്പെട്ട രീതിയിലേക്ക് കൊണ്ടുവരുന്നതിനും വളരെയധികം നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ നിന്നും ഉണ്ടായിട്ടുണ്ട്. പുതിയ റോഡുകളും നിർമ്മിക്കുന്നതിനും ഉള്ള റോഡ് സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ ശ്രമദാന വാഗ്ദാനങ്ങളും പരമാവധി ഉപയോഗപ്പെടുത്തി താഴെ പറയുന്ന സാധ്യതകളും അടിയന്തിരമായും മുൻഗണനാ ക്രമത്തിൽ പരിഗണിക്കപ്പെടേണ്ടതുണ്ട്.

1. വിവിധ വാർഡുകളിലെ വാഹന ഗതാഗതം ഏറെയുള്ള മൺറോഡുകളും മുൻഗണനക്രമം അനുസരിച്ച് മെറ്റലിംഗ് നടത്തി ടാർ ചെയ്ത് ഗതാഗത സൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്.
2. എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള പുതിയ റോഡുകളെ സംബന്ധിച്ച നിർദ്ദേശങ്ങളും മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് വാഹന ഗതാഗത യോഗ്യമാക്കേണ്ടതാണ്.
3. വാഹന ഗതാഗതം ഇതേവരെ എത്തിപ്പെടാത്ത പുരളിമലയിലെ പ്രസിദ്ധമായ ഹരിചന്ദ്ര കോട്ടയിലേക്കും, മണത്തണയിലെ കോട്ടക്കുന്നിലേക്കും വാഹന ഗതാഗതത്തിനാവശ്യമായ രീതിയിൽ പുനർ നിർമ്മിക്കേണ്ടതാണ്.
5. റോഡുകളുടെ സുരക്ഷ ഉറപ്പാക്കാൻ ഓടകളും സ്വകാര്യ വ്യക്തികളും ദുരുപയോഗം ചെയ്യുന്നത് കർശ്ശനമായി തടയാൻ പഞ്ചായത്തിന് കഴിയേണ്ടതാണ്.
6. പഞ്ചായത്തിലെ യാത്ര സൗകര്യങ്ങളും മെച്ചപ്പെടുത്താൻ വിപുലമായി പ്ലാൻ ചെയ്ത് നിർമ്മിച്ച ബസ്സ്റ്റാൻറിൽ

യാത്രക്കാർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്.

7. പ്രസിദ്ധമായ കൊട്ടിയൂർ തീർത്ഥാടന കേന്ദ്രത്തിലേക്ക് മണത്തണയിൽ നിന്നും അയോത്തുചാൽ വരെയുള്ള പി.ഡബ്ലിയു.ഡി. റോഡ് തകർന്ന് തരിപ്പണമായത് പുനർനിർമ്മിക്കാൻ പഞ്ചായത്തധികൃതർ മുൻ കൈയ്യെടുക്കേണ്ടതാണ്.
8. പേരാവൂർ ടൗണിലെ ഗതാഗതക്കുരുക്ക് അവസ്സാനിപ്പിക്കാൻ ടൗൺ ജംഗ്ഷനിലെ റോഡ് വീതി കൂട്ടുന്നതിനും, ഓട്ടോ, ടാക്സികളുടെ റോഡ് സൈഡിലുള്ള പാർക്കിംഗ് അവസാനിപ്പിക്കേണ്ടതുമാണ്. പേരാവൂർ, തൊണ്ടിയിൽ, മണത്തണ എന്നീ ടൗണുകളിൽ ഓട്ടോ, ടാക്സി സ്റ്റാൻറുകളും നിർമ്മിക്കേണ്ടതാണ്.
9. എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള ബസ്സ് വെയിറ്റിംഗ് ഷെൽട്ടറുകളുടെ ആവശ്യങ്ങളും പരിഗണിച്ച് മുൻഗണനാ ക്രമത്തിൽ നിർമ്മിച്ച് കൊടുക്കേണ്ടതാണ്.
10. ടാറിംഗ് നടത്തുവാൻ കഴിയാത്ത 3-4 മീറ്റർ റോഡുകളും മൺപണി പൂർത്തീകരിച്ച് ചീങ്കല്ല് നിരത്തി സംരക്ഷിച്ച് നിർത്തുക.
11. നിർമ്മാണ പ്രവൃത്തികൾക്ക് ലഭ്യമാകുന്ന ഫണ്ട് അതത് പ്രവൃത്തികൾക്ക് പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന് സാമൂഹ്യ ഇടപെടലിലൂടെ ഓരോ ഘട്ടത്തിലും വിലയിരുത്തേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. പി.ഡബ്ലിയു.ഡി. റോഡുകളുടെ പനരുദ്ധാരണ പ്രവൃത്തിയും, വാർഷിക അറ്റകുറ്റപണികളും പഞ്ചായത്തധീനതയിലാക്കുന്നത് ഗുണകരമായിരിക്കും.
2. എല്ലാ റോഡുകളുടേയും പുനരുദ്ധാരണ പ്രവൃത്തിയും, വാർഷിക അറ്റകുറ്റ പണികളും നവംബർ-ഡിസംബർ മാസത്തോടെ ആരംഭിക്കുന്നത് നന്നായിരിക്കും.
3. പഞ്ചായത്തിലൂടെ കടന്നുപോകുന്ന എല്ലാ വിഭാഗം റോഡുകളുടെ സ്ഥിതി വിവരപട്ടികയും റോഡ് മേപ്പും തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടത് ആവശ്യമാണ്.

റഫ: 1- ടാർചെയ്ത് ഗതാഗത യോഗ്യമാക്കേണ്ട റോഡിന്റെ പട്ടിക-അനുബന്ധം 1 കാണുക.

റഫ: 2- പഞ്ചായത്തിലെ നിലവിലുള്ള മറ്റ് റോഡുകളുടെ പട്ടിക. അനുബന്ധം 2 കാണുക

പട്ടിക 2

പഞ്ചായത്തിൽ ടാർചെയ്ത റോഡുകളുടെ സ്ഥിതിവിവര പട്ടിക

നമ്പർ	*വാർഡ്*	*റോഡുകളുടെ പേര്*	*ഉടമസ്ഥത*	*നീളം കി.മീ.*	*വീതി കി.മീ*	*ബസ്സ്/മറ്റ് യാത്രാ സൗകര്യം*	
1.	7,6,5,3,4	തെറ്റുവഴി-കല്ലേരി മല	പി.ഡബ്ലിയു.ഡി	7	8	ഉണ്ട്	
2.	7,8,9,10	തെറ്റുവഴി-മണത്തണ	”	4.5	8	”	
3.	5,9,10	പേരാവൂർ-അയോത്തുംചാൽ	”	4.5	8	”	
4.	1,5	പേരാവൂർ-വേരുമടക്കി	”	4	8	”	
5.	9	മണത്തണ-പെരുമ്പുന്ന	”	2.5	8	ഇല്ല	ഉണ്ട്
6.	6	പേരാവൂർ-മണ്ഡപം	പഞ്ചായത്ത്	1	8	”	”
7.	2.3	മുരിങ്ങോടി-മുഴക്കുന്ന്	”	1	8	ഉണ്ട്	
8.	4	മുരിങ്ങോടി- പെരുമ്പുന്ന	”	1	8		”
9.	8	തൊണ്ടിയിൽ-കൊളക്കാട്	”	3	8	”	
10.	9,10	മണത്തണ-ഓടം തോട്	”	2	8	”	

അനുബന്ധം 1

ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ട മൺറോഡുകളുടെ പട്ടിക

ക്രമനമ്പർ	*റോഡിന്റെ പേര്*	*നീളം(മീ)*
1.	വെള്ളർവള്ളി-വായന്നൂർ-കോളയാട്	1100
2.	മുരിങ്ങോടി-ആനക്കുഴി-മുഴക്കുന്ന്	1900
3.	തൊണ്ടിയിൽ-എ.എസ് നഗർ-കുനിത്തല-മണ്ഡപം	2600
4.	പേരാവൂർ-പുതുശ്ശേരി-പെരുമ്പുന്ന	2900
5.	കൊട്ടംചുരം-മാപ്പൂരച്ചാൽ	1200
6.	ഗണപതിയാട്-അറയങ്ങാട്-പോത്തുംകുഴി	4000
7.	അഴോത്തുംചാൽ-അത്തിപ്പാലം	1000
8.	തൊണ്ടിയിൽ-കാഞ്ഞിരപ്പുഴ	1100
9.	തിരുവോണപ്രം-തൊണ്ടിയിൽ	1100
10.	കോടഞ്ചാൽ-കുനിത്തല	300
11.	കുനിത്തല-പഞ്ചായത്ത് ശ്മശാനം	2100
12.	മാപ്പൂരച്ചാൽ-ഓടംതോട്	1000

അനുബന്ധം 2

പഞ്ചായത്തിലെ നിലവിലുള്ള മറ്റ് റോഡുകളുടെ പട്ടിക

ക്രമ നമ്പർ	റോഡുകളുടെ പേര്	വാർഡ്	നീളം(മീ.)	വീതി(മീ)
1.	പൈങ്ങോട്-പഞ്ചായത്ത് ശ്മശാനം	1, 6	200	3
2.	പോതിപ്പാറ-പൂവ്വത്തിൽ	1	1100	3
3.	തെരു-കുനിത്തല	5, 6	1000	3
4.	തെരു-പുരളിമലകോളനി	1, 2	2800	4
5.	പാമ്പാളി-പുരളിമല	1	1000	3
6.	വട്ടക്കര കോളനി	1	1100	8
7.	വേരുമടക്കി-പുരളിമല	1	1300	3
8.	പോത്തുകുഴി-അറയങ്ങാട്	1	2000	8
9.	ഗണപതിയാട്-ചെട്ടിയാർമുക്ക്	1	1100	8
10	അറയങ്ങാട്-ഇടുമ്പപുഴ	1	1100	8
11.	അറയങ്ങാട്-കടമ്പം	1	1100	4
12.	മുരിങ്ങോടി-ബംഗ്ലക്കുന്ന്	3	1100	3
13.	മേൽ മുരിങ്ങോടി-കല്ലേരിമല	2, 4	1000	3
14.	പാറങ്ങോട്ട് കോളനി	2	100	3
15.	പെരുമ്പുന്ന-നമ്പിയോട്	4	1600	8
16.	ബംഗ്ലക്കുന്ന് പുതുശ്ശേരി	3, 4, 5	1300	4
17.	തൊണ്ടിയിൽ-കല്ലടി-ആറ്റാഞ്ചേരി	8, 9, 10	1600	8
18.	തൊണ്ടിയിൽ-കുട്ടിച്ചാത്തൻകണ്ടി	7, 8	2000	4
19.	കുട്ടിച്ചാത്തൻ കണ്ടി-ആനയാണ്ടകരി	7, 8	1800	6
20.	തെറ്റ്വഴി-അടിച്ചൂറ്റിപ്പാറ	7	1400	4
21.	കോറ-കല്ലടി	8	1800	6
22.	കോറ-കല്ലടിമുക്ക്	8, 10	600	6
23.	കല്ലടിമുക്ക്-ആറ്റാഞ്ചേരി	8,9,10	1200	8
24.	മുല്ലപ്പള്ളിത്തോട്-കാഞ്ഞിരിപ്പുഴ	8,9	1200	4
25.	കുട്ടിച്ചാത്തൻ കണ്ടി-മാവടി	8,9	1500	4
26.	കല്ലടിമുക്ക്-കൊട്ടൻചുരം	9	1400	3
27.	മഠപ്പുരച്ചാൽ-ചുണ്ടക്കാട്-മണത്തണ	9,10	1300	3
28.	നരിക്കുണ്ട്-ഓടംതോട്	9	700	4
29.	കോട്ടക്കുന്ന് കോളനി റോഡ്	10	100	3
30.	കോട്ടക്കുന്ന്ആറ്റാഞ്ചേരി	9	2500	3
31.	കാക്കേനി കോളനി റോഡ്	10	500	3
32	അയോത്തുംചാൽ-ഞാണക്കര	10	500	3
33.	വളയങ്ങാട്-ചുണ്ടക്കാട്	9	500	3
34.	കുനിത്തല-വെള്ളർവള്ളി	1, 6	2500	6
35.	കുനിത്തല-തിരുവോണപ്രം ക്ഷേത്രം	7	200	6
36.	കുറുഞ്ഞി-പൂങ്കളംകുന്ന്	6	2000	6
37.	കുനിത്തല-കൂളിച്ചോല	6	1500	4
38.	ബംഗ്ലക്കുന്ന്-പാറങ്ങോട്	3, 5	100	3
39.	പേരാവൂർ-പെരുമ്പുന്ന	4, 5	2,900	8
40.	തിരുവോണപ്രം-തൊണ്ടി	7, 8	1000	4

ഊർജ്ജം

ഊർജ്ജം എന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യമായി എത്തുന്നത് വൈദ്യുതോർജ്ജം ആണല്ലോ. മറ്റുള്ള പല ഊർജ്ജ സ്രോതസ്സുകളെ പറ്റിയുള്ള അറിവില്ലായ്മ സാങ്കേതിക ദുർലഭ്യം തുടങ്ങിയ കാരണങ്ങൾകൊണ്ടും സാധാരണക്കാർക്ക് വൈദ്യുതിയെ തന്നെ ആശ്രയിക്കേണ്ടിവന്നു. ഗാർഹ് പണം വ്യവസായരംഗത്ത് മൂലധനം ആക്കുന്നതിനുവേണ്ടി സാധ്യതയുള്ള ഈ പഞ്ചായത്തിൽ പലരും അതിന് തുനിയാത്തത് വൈദ്യുതി ദുർലഭ്യം കൊണ്ടാണ്.

വൈദ്യുതി

വൈദ്യുതി ആദ്യമായി ഈ പഞ്ചായത്തിൽ എത്തിച്ചേരുന്നത് ഈ നൂറ്റാണ്ടിന്റെ 8-ാം ദശകത്തിലാണ്. കൃത്യമായി പറഞ്ഞാൽ 1974-ൽ. വൈദ്യുതി വന്നിട്ട് 22 വർഷം ആയെങ്കിലും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഇത് കിട്ടാക്കനിയായിരിക്കുന്നു. അധികൃതരുടെ കണക്കുകൾ അനുസരിച്ച് കോളയാട് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന നിടുംപൊയിൽ 66 കെ.വി. സബ് സ്റ്റേഷനിൽ നിന്നുമാണ് ഈ പഞ്ചായത്തിന് വൈദ്യുതി ലഭിക്കുന്നത്. വയനാട്ടിലെ കണിയാമ്പറ്റയിൽ സ്ഥിതിചെയ്യുന്ന 220 കെ.വി. സ്റ്റേഷനിൽ നിന്നാണ് നിടുംപൊയിൽ സബ്സ്റ്റേഷന് വൈദ്യുതി ലഭിക്കുന്നത്. വൈദ്യുതി പദ്ധതികളിൽ നിന്നും അകന്ന ഒരു പ്രദേശമായതിനാൽ പ്രസരണ നഷ്ടം (Transmission Loss) വളരെയേറെയാണ്.

KSEB യുടെ ഒരു സെൻറർ ഓഫീസ് തൊണ്ടിയിൽ സ്ഥിതിചെയ്യുന്നുണ്ട്. അടുത്ത കാലത്ത് ഇത് ഒരു മേജർ സെക്ഷൻ ഓഫീസാക്കി ഉയർത്തിയിട്ടുണ്ട്. പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല.

പഞ്ചായത്ത് പ്രദേശത്ത് ആകെയുള്ള ലൈനുകളുടെ ദൈർഘ്യം താഴെകൊടുത്തിരിക്കുന്നു.

1. K.V.Lane - 17 K.m.
2. 3 Phase Lane - 51 K.m.
3. Single Phase Lane - 58 K.m.

34.10 കി.മീ.^{2} വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ 9 ട്രാൻസ്ഫോമറുകൾ സ്ഥിതി ചെയ്യുന്നുണ്ട്. അവയുടെ വിവരം താഴെക്കൊടുത്തിരിക്കുന്നു.

പേര്	*കപ്പാസിറ്റി*
1. പേരാവൂർ - I	250 KVA
2. പേരാവൂർ - II	100 KVA
3. തൊണ്ടിയിൽ - I	100 KVA
4. തൊണ്ടിയിൽ - II	160 KVA
5. വെള്ളർ വള്ളി	100 KVA
6. മണത്തണ	100 KVA
7. പെരുമ്പുന്ന-I	100 KVA
8. പെരുമ്പുന്ന-II	100 KVA
9. അടച്ചുറ്റിപാറ-I	100 KVA

പഞ്ചായത്തിൽ ആകെ 25 സോഡിയം വേപ്പർ ലാംപുകളും 5 ട്യൂബുകളും 115 ബൾബുകളും ആണ് സ്ട്രീറ്റ് ലൈറ്റായിട്ടുള്ളത്.

പ്രശ്നങ്ങൾ

1. ഇപ്പോൾ തൊണ്ടിയിൽ പ്രവർത്തിക്കുന്ന ബോർഡ് ഓഫീസിന്റെ പ്രവർത്തന മേഖല വളരെ വിശാലമായ ഒന്നാണ് ഉദ്യോഗസ്ഥന്മാരുടെ കുറവ് ഒരു പ്രധാന പ്രശ്നമാണ്.
2. ആകെയുള്ള 11 ഹരിജൻ കോളനികളിൽ 3 എണ്ണം മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്.
3. മരച്ചില്ലകളിൽ തട്ടിയുള്ള പ്രസരണ നഷ്ടം വളരെയേറെയാണ്. വൃക്ഷങ്ങൾ ഏറെയുള്ള പഞ്ചായത്തായതിനാൽ നഷ്ടം ഊഹിക്കാവുന്നതേയുള്ളൂ.
4. സെറ്റപ്പ്-അപ്പിന്റെ ഉപയോഗം കാരണം വോൾട്ടേജ് ക്ഷാമം നേരിടുന്നു.
5. ബോർഡ് ജീവനക്കാരുടെ അനാസ്ഥ, അഴിമതി പ്രശ്നങ്ങൾക്ക് ആക്കം കൂടുന്നു.
6. പല സ്ഥലങ്ങളിലും ഏതു നിമിഷവും വീഴാറായ ഇലക്ട്രിക് പോസ്റ്റുകൾ കണ്ടുവരുന്നു.
7. വർഷങ്ങൾക്ക് മുമ്പ് ടെൻഡർ വിളിച്ച ലൈനുകളുടെ പണികൾ ഇനിയും തുടങ്ങിയിട്ടില്ല.
8. വൈദ്യുതി പ്രസരണത്തിലെ ഏറ്റകുറച്ചിലുകൾ വൈദ്യുതോപകരണങ്ങളെ പ്രവർത്തനരഹിതമാക്കുന്നു.

സാധ്യതകൾ

1. ഫീൽഡ് സ്റ്റാഫ് (ലൈൻമാൻ) കളുടെ അംഗബലം വർദ്ധിപ്പിച്ചാൽ മാത്രമെ വിസ്തൃതിയേറെയുള്ള ഈ മേഖലയിൽ വേണ്ടത്ര സേവനം ലഭ്യമാവുകയുള്ളൂ.
2. മരച്ചില്ലകളിൽ തട്ടിയുണ്ടാകുന്ന പ്രസരണ നഷ്ടം ഒഴിവാക്കുവാൻ പഞ്ചായത്ത് തലത്തിൽ ജനങ്ങളെ ബോധവാന്മാരാക്കേണ്ടതുണ്ട്.
3. സ്റ്റെപ്പ്-അപ്പിന്റെ ഉപയോഗം നിയന്ത്രിക്കുക.
4. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കൂടുതൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക.
5. പകൽ സമയങ്ങളിൽ വഴിവിളക്കുകൾ കത്തിയുണ്ടാകുന്ന നഷ്ടം ഒഴിവാക്കുക.
6. അപകടകരങ്ങളായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
7. ഇതിനകം അനുവദിച്ച ട്രാൻസ് ഫോമറുകൾ ഉടൻ സ്ഥാപിക്കുക.
8. മേൽ മുരിങ്ങാടി, തെരുഭാഗത്ത് ബഹുഭൂരിപക്ഷം വീടുകളിലും വൈദ്യുതി ലഭിച്ചിട്ടില്ല. ഇതിന് ആവശ്യമായ ശ്രമദാന വാഗ്ദാനം ഗ്രാമസഭകളിൽ നിന്നും വന്നിട്ടുണ്ട്. അത് പരമാവധി ഉപയോഗിക്കുക.

9. കൊട്ടൻചുരം, മഠപ്പുരച്ചാൽ എന്നീ ഭാഗങ്ങളിൽ 200 ഓളം വീടുകളിൽ വൈദ്യുതി ലഭിച്ചിട്ടില്ല. വൈദ്യുതി ഉപയോഗിച്ച് കാർഷികരംഗത്ത് പുരോഗതി ഉണ്ടാക്കുവാൻ സാധ്യതയുള്ള മേഖലയാണിത്.
10. പേരാവൂരിൽ എ.എസ് നഗറിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ട്രാൻസ്ഫോമർ നല്ല കപ്പാസിറ്റി ഉള്ളതായിരിക്കണം. എന്നാൽ മാത്രമേ മുള്ളേരി, ചെവിടിക്കുന്ന്, തെരുവിന്റെ ഭാഗം, വെള്ളായിൽ, പാറമുണ്ട (കൊക്കക്കാവിൽ) കുനിത്തല, കുറുഞ്ഞി, പൂതാളിക്കുന്ന്, ആറ്റുപുറം, പൂവത്തിൽ, തിരുവോണപ്പുറത്തിന്റെ ഒരു ഭാഗം എന്നീ ഭാഗങ്ങളിൽ വൈദ്യുതി വേണ്ടവിധം ലഭിക്കുകയുള്ളൂ.

നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിന്റെ സമീപത്തുള്ള കേളകം, കൊട്ടിയൂർ എന്നീ പഞ്ചായത്തുകളിൽ ആയി ഓരോ മിനി ഹൈഡൽ പ്രൊജക്ട് (Mini hydel project)സ്വകാര്യ മേഖലയിൽ അനുവദിച്ചിട്ട് വർഷങ്ങളായി. ഈ പ്രൊജക്ടുകളുടെ പ്രാരംഭ പണിപോലും ഇതുവരെ തുടങ്ങിയിട്ടില്ല. വൈദ്യുതിക്ക് വേണ്ടി ഏറെ ബുദ്ധിമുട്ടുന്ന ഈ മലയോര മേഖലയിൽ ഈ പദ്ധതികൾ വളരെയേറെ പ്രാധാന്യം അർഹിക്കുന്ന വയാണ്. ഈ പദ്ധതികൾ എത്രയും വേഗം തുടങ്ങുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കുവാൻ പഞ്ചായത്ത് തലങ്ങളിൽ ഗൗരവമായി നടപടി എടുക്കേണ്ടിയിരിക്കുന്നു.
2. കെ.എസ്.ഇ.ബി. പ്രവർത്തനങ്ങൾ മാസംതോറും അവലോകനം നടത്തുന്നത് പഞ്ചായത്ത് തലത്തിൽ ഗുണകരമായിരിക്കും ഇതിനായി ഒരു ജനകീയ കമ്മിറ്റി സംവിധാനം ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്.

ഊർജ്ജ സ്രോതസ്സുകൾ

കാർഷിക മേഖലയിൽ സ്ഥിതിചെയ്യുന്ന ഒരു പഞ്ചായത്തായതിനാൽ ബഹുഭൂരിപക്ഷം വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകിനെയാണ്. ഗ്യാസ് മണ്ണെണ്ണ തുടങ്ങിയവ ഉപയോഗിക്കുന്നത് നാമമാത്രമാണ്. ഇവയുടെ ദൗർലഭ്യം ആണ് ഉപയോഗം കുറയുവാൻ പ്രധാന കാരണം.

വൈദ്യുതിയെ പൂർണ്ണമായും ആശ്രയിക്കുക എന്ന ആശയം മാറേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. സൗരോർജ്ജം. ബയോഗ്യാസ് തുടങ്ങിയ ശ്രോതസ്സുകളെ പറ്റിയുള്ള അറിവ് ജനങ്ങളിൽ പരിമിതമാണ്.
2. വിറകില്ലാത്ത അടുപ്പുകൾ വർഷങ്ങൾക്ക് മുമ്പ് ഈ പ്രദേശത്ത് വന്നുവെങ്കിലും വേണ്ടവിധത്തിൽ പ്രോത്സാഹനം ലഭിച്ചിട്ടില്ല.

സാദ്ധ്യതകൾ

1. സൗരോർജ്ജം, ബയോഗ്യാസ് തുടങ്ങിയ സ്രോതസ്സുകളെ പറ്റിയുള്ള അറിവ് ജനങ്ങളിൽ പരിമിതമാണ്.
2. വിറകില്ലാത്ത അടുപ്പുകൾ വർഷങ്ങൾക്കുമുമ്പ് ഈ പ്രദേശത്ത് വന്നുവെങ്കിലും വേണ്ടവിധത്തിൽ പ്രോത്സാഹനം ലഭിച്ചിട്ടില്ല.

ബാധ്യതകൾ

1. സൗരോർജ്ജം, ബയോഗ്യാസ് തുടങ്ങിയ ഊർജ്ജ സ്രോതസ്സുകളെപറ്റി പഞ്ചായത്ത് തലത്തിൽ വിപുലമായ രീതിയിൽ സെമിനാർ, എക്സിബിഷൻ തുടങ്ങിയവ സംഘടിപ്പിക്കുക. ഇവയിൽ ജനപങ്കാളിത്തം വൻതോതിൽ ഉറപ്പുവരുത്തുക.
2. ഇരിട്ടിയിൽ സ്ഥിതി ചെയ്യുന്ന ഐ.ആർ.ഇ.പി. (സംയോജിത ഊർജ്ജോസൂത്രണം പ്രവർത്തനം പഞ്ചായത്ത് തലത്തിൽ വിപുലമാക്കുക. ഈ ഏജൻസിയുടെ ഉൽപന്നങ്ങൾ ജനങ്ങളിൽ എത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
3. സ്ട്രീറ്റ് ലൈറ്റുകൾ പൂർണ്ണമായും സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്നതാക്കി മാറ്റുക.
4. കന്നുകാലികൾ കൂടുതലുള്ള പ്രദേശങ്ങൾ ഉള്ളതിനാൽ ബയോ-ഗ്യാസ് നിർമ്മാണത്തിന് സാധ്യതകൾ നിലനിൽക്കുന്നുണ്ട്.

മാർക്കറ്റ്

പഞ്ചായത്തിലെ കർഷകൻ ഉൽപാദിപ്പിക്കുന്ന കാർഷിക വിളകൾക്കും പച്ചക്കറികൾക്കും പഞ്ചായത്തിൽ തന്നെ വിപണന സാദ്ധ്യതകൾ ആരായുന്ന രീതിയിൽ മാർക്കറ്റിംഗ് അവബോധം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കൃഷിയും വ്യവസായവും വിപണനവും ഗ്രാമപ്രദേശങ്ങളിൽ പരസ്പരപൂരകങ്ങളായ ഘടകങ്ങളായി വർത്തിക്കുന്നതിനാൽ നമ്മുടെ പഞ്ചായത്തിലെ മാർക്കറ്റിംഗ് സാധ്യതകളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ കാർഷികവിളകളെ ആസ്പദമാക്കി വിപണന സാധ്യതകൾ കണ്ടെത്താനും അനുബന്ധമായി കാർഷിക-ചെറുകിട വ്യവസായമേഖലകൾ പുനഃസംഘടിപ്പിക്കേണ്ടതും കാർഷികോൽപന്നങ്ങൾ കൊണ്ടുള്ള ചെറുകിട വ്യവസായ സാധ്യതകൾ കണ്ടെത്തി ഈ ഘടകങ്ങളെ പരസ്പരം ബന്ധിപ്പിക്കേണ്ടതുമാണ്.

പഞ്ചായത്തിലെ കാർഷികരംഗത്തെ പ്രധാനവിളകൾ നാളികേരം, റബ്ബർ, കശുവണ്ടി, കുരുമുളക്, നെല്ല് ഇഞ്ചി, മഞ്ഞൾ എന്നിവയാണ്. ഒരു പരിധിവരെയെങ്കിലും മേൽ വിളകൾക്ക് നമ്മുടെ പഞ്ചായത്തിൽ തന്നെ മാർക്കറ്റ് കണ്ടത്തേണ്ടതുണ്ട് അതിനായി റബ്ബറുൽപന്നയൂണിറ്റുകൾ, നാളികേര സംസ്കരണ യൂണിറ്റുകൾ, സുഗന്ധവ്യഞ്ജന

ങ്ങും ഉപയോഗിച്ചുകൊണ്ടുണ്ടാക്കാൻ കഴിയുന്ന മസാല യൂണിറ്റുകും എന്നീ നിലയിൽ ചെറുകിട വ്യവസായ സംരംഭങ്ങും ഉയർന്നുവന്നാൽ മേൽപറഞ്ഞ കാർഷികവിളകൾക്ക് പഞ്ചായത്തിൽ തന്നെ മാർക്കറ്റ് കണ്ടെത്താനും അതുവഴി കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില കണ്ടെത്താനും കഴിയും.

ചൂഷണ വിമുക്ത വിപണി എന്ന സങ്കൽപത്തിലൂന്നി നിന്നുകൊണ്ട് പച്ചക്കറി, പഴവർഗ്ഗങ്ങും, മാംസം, മുട്ട, അരി, പലവ്യഞ്ജനങ്ങും എന്നിവ വിറ്റഴിക്കാൻ ആഴ്ചചന്ത പഞ്ചായത്ത് കേന്ദ്രത്തിൽ ആരംഭിക്കുന്നത് മാർക്കറ്റിംഗ് രംഗത്ത് ശുഭോതർക്കമായ ഒരു കാൽവെയ്പായിരിക്കുമെന്ന അഭിപ്രായം എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ജനങ്ങളുടെ സമകാലീന മാർക്കറ്റിംഗ് അവബോധം കുത്തകകളുടെ പരസ്യപ്രചാരണങ്ങളെ ആസ്പദമാക്കി പ്രതിലോമകരമായിതീരുന്ന സാഹചര്യത്തിൽ സ്വദേശീയ ചിന്തയും സ്വാശ്രയത്വാവബോധവും ജനങ്ങളിലുട്ടിയുറപ്പിക്കാൻ ആഴ്ചചന്തകും സംഘടിപ്പിക്കേണ്ടത് അനിവാര്യമായി വന്നിരിക്കയാണ്. ●

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

കാർഷിക മേഖലക്ക് മുൻതൂക്കമുള്ള ഈ പഞ്ചായത്ത് മണ ത്തണ, വെള്ളർവള്ളി എന്നീ രണ്ടു വില്ലേജുകും ഉൾക്കൊള്ളുന്നതാണ്. കൂലിപ്പണി എടുത്ത് ഉപജീവനം നടത്തുന്നവരാണ് കൂടുതലും. വീടുകളിൽ ഭൂരിഭാഗവും ഓട്, ഓല മേഞ്ഞവയാണ്. എന്നാൽ 1980 കാലഘട്ടം വരെ ഭൂരിഭാഗം വീടുകളും കുടിലുകളും ഓലപ്പുരകളുമായിരുന്നു. മറ്റ് അടിസ്ഥാന സൗകര്യങ്ങും നാമമാത്രവുമാണ്.

പഞ്ചായത്തിൽ11 ഹരിജൻ കോളനികളും 4 ലക്ഷം വീട് കോളനികളും ഉണ്ട്. പാർപ്പിട കാര്യത്തിൽ കോളനികളുടെ സ്ഥിതി അതിദയനീയമാണ്. സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങും, പട്ടയത്തിന്റെ അഭാവം വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നിവ ഉൾപ്പെടുന്ന സൗകര്യങ്ങും ഈ കോളനികളിൽ നാമമാത്രമാണ്. ചില വീടുകളിൽ കൂട്ടുകുടുംബം എന്ന നിലയിൽ ആണ് താമസം.

നമ്മുടെ പഞ്ചായത്തിലെ പകുതിയിലധികം വീടുകളിൽ മാത്രമാണ് അടിസ്ഥാന സൗകര്യം ഉള്ളത് ഓലമേഞ്ഞ വീടുകും മുഴുവനും കട്ടപ്പുരകളും മറ്റുള്ളവ പ്രധാനമായും കല്ലുകൊണ്ട് നിർമ്മിച്ചവയുമാണ്. ഇഷ്ടിക, സിമൻറ്, കട്ട എന്നിവ കൊണ്ട് നിർമ്മിച്ച വീടുകളും, ഏതാണ്ട് എല്ലാ വീടുകളും നേരിയതോതിൽ ഉണ്ട്. സാമ്പത്തികമായി മുൻപന്തിയിൽ നിൽക്കുന്നവർ ഏറിയ പങ്കും ആർഭാടമായ കോൺക്രീറ്റു വീടുകും നിർമ്മിക്കുന്നതിലാണ് താൽപര്യം കാണിക്കുന്നത്. ഇടത്തരക്കാരിലും ഇത്തരം വീടുകും നിർമ്മിക്കാനുള്ള ഭ്രമം ഏറിവരികയാണ്. കെട്ടിട നിർമ്മാണ സാമഗ്രികും പഞ്ചായത്തിൽ ഒരു പരിധി വരെ ലഭ്യമാണ്. പഞ്ചായത്തിലെ കെട്ടിട നിർമ്മാണത്തിനാവശ്യമുള്ള വെട്ടുകല്ലിനു പുറമേ ശരാശരി ഒരു ദിവസം പത്തു ലോഡ് കല്ല് മറ്റു പ്രദേശങ്ങളിലേക്ക് കയറ്റി പോകുന്നുണ്ട് എന്നാൽ മരത്തിന്റെ ലഭ്യത കുറഞ്ഞുവരികയാണ്. അതിന്റെ ഫലമായി ടെറസ്സു വീടു

കളുടെ നിർമ്മാണത്തോടുള്ള ആഭിമുഖ്യം പൊതുവിൽ വർദ്ധിക്കുവാനും ഇടയായിട്ടുണ്ട്.

പട്ടിക 1

വീടുകളുടെ തരം തിരിവ് വാർഡ് തലത്തിൽ

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം (വീടുകൾ)	മേൽപുരയുടെ സ്വഭാവം			
		ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ	ഒരു നിലയുള്ള കെട്ടിടങ്ങൾ		
			ടെറസ്	ഓട്	ഓല
I	504	36	32	332	104
II	400	33	25	268	74
III	258	49	28	114	67
IV	409	41	40	204	124
V	261	33	43	145	40
VI	556	52	36	350	118
VII	312	44	43	177	48
VIII	426	16	45	288	77
IX	366	30	26	195	115
X	388	28	48	237	75
ആകെ	3880	362	366	2310	842
ശതമാനം		9.33%	9.43%	59.54%	21.7%

കൂലി നിരക്കിനേയും അതിനേക്കാൾ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം വീട് നിർമ്മിക്കുക എന്നത് അത്യന്തം ശ്രമകരമായിട്ടുള്ള ഒന്നായി തീർന്നിരിക്കുകയാണ്. കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വൈദഗ്ദ്യം നേടിയവരെ ഉപയോഗിച്ചുകൊണ്ടുള്ള വീടു നിർമ്മാണം പാവപ്പെട്ടവർക്ക് തെല്ലൊരു ആശ്വാസം ആയിരിക്കും.

പട്ടിക-2

പഞ്ചായത്തിൽ ലഭ്യമായ കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിവിധ വർഷങ്ങളിലെ വിലനിലവാരം

വർഷം	വെട്ടുകല്ല് (100 എണ്ണം)	ഓട് 100 എണ്ണം	കമ്പി 1 കി.ഗ്രാം.	സിമൻറ്
1	2	3	4	5
	രൂ.	രൂ. പൈസ	രൂ. പൈസ	രൂ.
1980-81	150	100-110	6.25	100
1985-86	200	160-175	7.25	68
1990-91	350	275-300	9.25	80
1995-96	450	490-500	15.00	160-185

വിവിധ സ്കീം അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ 89-90 മുതൽ 95-96 വർഷം വരെ 81 ആണ്. എന്നാൽ ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 149 ആണ്. മേൽ സർവ്വേ പ്രകാരം 68 വീടുകൾ കൂടി ഇനിയും അനുവദിക്കേണ്ടതുണ്ട്. ജെ.ആർ.വൈ. ഐ.ജെ.വൈ. എം. ഡബ്ലിയു.എസ് തുടങ്ങിയ വിവിധ പരിപാടികളിലായി ഈ കാലയളവിൽ അനുവദിച്ചതും പൂർത്തീകരിച്ചതുമായ പാർപ്പിട നിർമ്മാണത്തെക്കുറിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

പട്ടിക-3

ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വർഷം	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (I.A.D.P. സർവ്വെ പ്രകാരം)	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	അനുവദിച്ചവയിൽ		ഇനിയും അനുവദിക്കേണ്ടുന്ന വീടുകളുടെ എണ്ണം
			പൂർത്തീകരിച്ച വീടുകൾ	പൂർത്തിയാക്കാനുള്ള വീടുകൾ	
1	2	3	4		
89-90		1 (JRY)	1	-	
90-91		1 M.W.S)	1	-	
90-91		9 (M.W.S)	9	-	
91-92		1 (JRY)	-	-	
91-92		1 (M.W.S)	-	1	
92-93		3 (M.W.S)	3	-	
92-93		3 (JRY)	3	-	68
92-93		2 (IAY)	2	-	
93-94		1 (JRY)	1	-	
93-94		6 (JRY)	4	2	
94-95		6 (M.W.S)	4	2	
94-95		14 (M.W.S)	7	7	
		8 (IAY)	1	7	
95-96		2 (JRY)	1	1	
95-96		1 (M.W.S)	1		
95-96		2 (G.B.S)	3	17	
95-96		2 (IAY)	2	-	
ആകെ	149	81	44	37	68

പട്ടിക-4

വിദഗ്ദ, അവിദഗ്ദ തൊഴിലാളികൾക്ക് വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ ലഭിച്ചുവരുന്ന കൂലിയെ സംബന്ധിക്കുന്ന മതിപ്പു വിവരം

വർഷം	വിദഗ്ദ തൊഴിലാളികൾ		അവിദഗ്ദ തൊഴിലാളികൾ	
	പുരുഷൻ (രൂപ)	സ്ത്രീ (രൂപ)	പുരുഷൻ (രൂപ)	സ്ത്രീ (രൂപ)
80-81	40-45	22-25	20-25	15-17
85-86	55-60	30-25	35-40	20-25
90-91	90-100	40-45	60-=65	35-40
95-96	120-130	55-60	90-100	50-55

പ്രശ്നങ്ങൾ

1. ഭവന നിർമ്മാണ വായ്പകളിലെ ഉയർന്ന പലിശ നിരക്ക്.
2. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം.

3. തൊഴിലാളികളുടെ കൂലി നിരക്കിലുള്ള വർദ്ധനവ്.
4. പഞ്ചായത്ത് നമ്പറുകളും കിട്ടാത്ത കുടിലുകളും.
5. ഭൂരഹിത കുടുംബങ്ങളും.
6. കുറഞ്ഞ ചെലവിൽ വീടുകളും നിർമ്മിക്കുന്നതിലുള്ള വിദഗ്ദ്ധരുടെ അഭാവം.
7. ഭവന നിർമ്മാണ വായ്പകളും ലഭ്യമാക്കുന്നതിനുള്ള കാലതാമസം.
8. ചെലവു കുറഞ്ഞ കെട്ടിടങ്ങളും നിർമ്മിക്കാനുള്ള സാമഗ്രികളും ഉൽപാദിപ്പിക്കാനുള്ള സംരഭങ്ങളുടെ അഭാവം.

ലക്ഷം വീട് കോളനികളെ സംബന്ധിച്ച്

9. പുതുശ്ശേരി കോളനിയിലെ 24 വീടുകളിൽ 14 വീടുകളും ഓലപ്പുരകളും ആണ്. ഓടിട്ട വീടുകളും തന്നെ അടിയന്തിരമായി റിപ്പയർ ചെയ്യേണ്ടതാണ്.
    a. 4 വീടുകൾക്ക് മാത്രമാണ് കക്കൂസ് ഉള്ളത്.
    b. 24 വീടുകൾക്കുമായി ഒരു കിണർ മാത്രമേ ഉള്ളൂ.
    c. വീടുകളും വൈദ്യുതീകരിച്ചിട്ടില്ല.
    d. രണ്ടു കുടുംബങ്ങൾക്കായുള്ള വീട് ഒറ്റക്കെട്ടിടമായി പണിത് വേർതിരിച്ചുകൊടുക്കുന്നത് അശാസ്ത്രീയമാണ്.
10. മുരിങ്ങോടി ലക്ഷം വീട് കോളനി:
    a. വൈദ്യുതി, കക്കൂസ് എന്നിവ ഇല്ല.
    b. കോളനിക്ക് ആകെ ഒരു കിണറു മാത്രമേ ഉള്ളൂ.
11. തെറ്റുവഴി ലക്ഷം വീട്
    a. കോളനിയിലെ 10 വീടുകളും ഓല മേഞ്ഞവയാണ്.
    b. കക്കൂസ്, വൈദ്യുതി, കിണർ സൗകര്യം ഇല്ല.
12. ആനക്കുഴി കോളനി
    a. ഭൂരഹിതരായ 60 കുടുംബങ്ങൾക്കാണ് സ്ഥലം അനുവദിച്ചത്.
    b. എന്നാൽ വർഷം രണ്ട് തികയാറായിട്ടും 5 കുടുംബങ്ങൾമാത്രമാണ് ഇതുവരെ താമസമായിട്ടുള്ളത്. മറ്റ് കുടുംബങ്ങൾ താമസമാക്കാത്തതിന്റെ പ്രധാന കാരണങ്ങൾ സ്വന്തമായി വീട് നിർമ്മിക്കാനുള്ള സാമ്പത്തിക ശേഷി ഇല്ലാത്തതുകൊണ്ടും ഈ പ്രദേശത്ത് രൂക്ഷമായ നിലയിലുള്ള കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതുകൊണ്ടും ആണ്.
    c. ഈ പ്രദേശം വൈദ്യുതീകരിച്ചിട്ടില്ല.
13. പൊതുവിൽ 4 കോളനികളിലും ഭൂമിക്ക് പട്ടയം ലഭിക്കാത്തവരും റേഷൻകാർഡ് ലഭിക്കാത്തവരും ഉണ്ട്.
14. പൊതുവിൽ 195 SC/ST. പട്ടിക കുടുംബങ്ങളിൽ 143 കുടുംബങ്ങൾക്കുമാത്രമാണ് പാർപ്പിട സൗകര്യം ലഭ്യമായിട്ടുള്ളത്.
15. ആകെയുള്ള ..... ആദിവാസി കോളനികളിലുള്ള ഒരു വീടിനു പോലും കക്കൂസ് സൗകര്യം ഇല്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ആദിവാസി, ലക്ഷം വീട് കോളനികളിലെ വീട് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും അവ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം സൗജന്യമായി നൽകുക.
2. വീടില്ലാത്ത ദുർബല വിഭാഗങ്ങൾക്ക് അതു നിർമ്മിക്കുന്നതിന് പലിശ കൂടാതെ വായ്പയായി നൽകുക.
3. ഹൗസിംഗ് സൊസൈറ്റികളും മുഖേന ചുരുങ്ങിയ പലിശ നിരക്കിൽ വീട് നിർമ്മിക്കുന്നതിനുള്ള ദീർഘകാല സാമ്പത്തിക സഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.
4. ഭൂരഹിതരായ കർഷകതൊഴിലാളികൾക്ക് വീട് വയ്ക്കുവാൻ ഭൂമി പതിച്ചുനൽകുക.
5. ദുർബല വിഭാഗങ്ങളുടെയും ലക്ഷം വീട്-ആദിവാസി കോളനികളുടെയും വീട് റിപ്പേയർ ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ച് യഥാസമയം നൽകുക.
6. കോളനികളിലെ പട്ടയം ലഭിച്ചിട്ടില്ലാത്തവർക്ക് അവ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
7. കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്നതിനുള്ള വിദഗ്ദർ ഉൾക്കൊള്ളുന്ന 'നിർമ്മിതി കേന്ദ്രം' പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.
8. തൊഴിലാളികളുടെ വൈദഗ്ദ്യം ഉയർത്താനുള്ള പ്രത്യേക പരിശീലനം വർദ്ധിപ്പിക്കുക.
9. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സാമഗ്രികളും (പണിയായുധങ്ങളും) ലഭ്യമാക്കുന്ന സഹകരണസംഘം സ്ഥാപിക്കുക.
10. നിർമ്മാണ ചെലവ് രണ്ട് ലക്ഷം രൂപക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.
11. സർക്കാർ ലഭ്യമാക്കുന്ന വായ്പകളുടെ നിരക്ക് വർദ്ധിപ്പിക്കുക.

a. IAY, M.W.S, JRY, R2 EGP.എന്നിവ 15,800/- രൂപയിൽ നിന്ന് 30,000/- രൂപയായി വർദ്ധിപ്പിക്കണം

b. രാജീവ് ദശലക്ഷം ഭവന നിർമ്മാണ പദ്ധതി ഗ്രാമ പഞ്ചായത്ത് വഴി നടപ്പിലാക്കുക. 24,000/- രൂപയിൽ നിന്ന് പദ്ധി സംഖ്യ 25,000/- ആയി ഉയർത്തുക.

c. പ്രകൃതിക്ഷോഭ പുനരധിവാസ സംഖ്യ15,000/- രൂപയിൽ നിന്ന് 25,000/- ആയി ഉയർത്തുക.

12. പഞ്ചായത്തിലെ കുടിലുകൾ ഉൾപ്പെടെ നമ്പർ ലഭിച്ചിട്ടില്ലാത്ത മുഴുവൻ വീടുകൾക്കും ഇവ ലഭിക്കുന്നതിനാവശ്യമായ നടപടി ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാക്കുക.
13. പാറങ്ങോട്ട്, ഇടപ്പാറ ആദിവാസി കോളനികളിൽ ഉപാധി രഹിത ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ചെലവു കുറഞ്ഞ വീടിന്റെ മാതൃക നിർമ്മാണ രംഗത്ത് പ്രോത്സാഹിപ്പിക്കുക.

സാമൂഹ്യക്ഷേമം

പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി 1960-കളിലാണ് ക്ഷേമ പദ്ധതികൾ ആരംഭിച്ചത്. ഗ്രാമ വികസന വകുപ്പ്, സാമൂഹ്യ ക്ഷേമ പദ്ധതികൾ ആരംഭിച്ചത്. ഗ്രാമ വികസന വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, കൃഷിഭവൻ, ഗ്രാമ പഞ്ചായത്ത് എന്നിവ വഴിയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസിനു താഴെ മണത്തണ, വെള്ളർ വള്ളി എന്നീ രണ്ടു വില്ലേജു സർക്കിളുകൾ വഴിയാണ് സാമൂഹ്യ ക്ഷേമ രംഗത്തെ പ്രവർത്തനം പ്രധാനമായും നടപ്പിലാക്കി വരുന്നത്. സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളും ഇതിൽ ഉളഅപ്പെടുന്നുണ്ട്.

ക്ഷേമ പദ്ധതികളെ കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സഹകരണത്തിലൂടെ ക്ഷേമ നിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി രണ്ടു തരത്തിലുണ്ട്.

I.R.D.P. സർവ്വേ ധന സഹായം

I.R.D.P. 1994-95 ൽ നടത്തിയ I.R.D.P. കുടുംബ സർവ്വേ പ്രകാരം 1181 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ ആണ്. എന്നാൽ ഈ സ്കീം പ്രകാരം 872 കുടുംബങ്ങൾക്കാണ് നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളത്. 1992ലെ സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ, സഹായം ലഭിച്ചതുവഴി 130* ആണ്. ദാരിദ്ര്യരേഖക്കു താഴെയുള്ളകുടുംബങ്ങളിൽ S.C/S.T. കുടുംബങ്ങളിൽപ്പെട്ടവരാണ്.

പട്ടിക നമ്പർ-1

വീടുകളുടെ വിവര പട്ടിക

ബ്ലോക്ക് വർഷം	*പൂർത്തിയാക്കിയത് (എണ്ണം*	*പൂർത്തിയാകാത്തത് (എണ്ണം)*
93-94	5	2
94-95	12	16
95-96	7	18
ആകെ	24	36

പട്ടിക നമ്പർ-2

I.R.D.P.സർവ്വെ സഹായ ലഭ്യത

വർഷം	*എണ്ണം*	*സബ്സിഡി*	*ലോൺസംഖ്യ*
92-93	37	71035	120960
93-94	44	128924	243191
94-95	35	148160	398240
95-96	34	114707	290303
ആകെ	150	462226	1052694

D.W.C.R.A.

I.R.D.P.യുടെ ഒരു ഘടകപദ്ധതിയാണ് ഇത്. സ്ത്രീകളുടെയും കുട്ടികളുടേയും ഉന്നമനമാണ് ഇതിൻെറ ലക്ഷ്യം. ഇത്തരത്തിലുള്ള പത്തു യൂണിറ്റുകൾ ആണ് 90-91 മുതൽ 95-96 വരെ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചത്. ഇതിൽ തീരെ പ്രവർത്തനക്ഷമമല്ലാത്തയൂണിറ്റുകളും ഉണ്ട്. 8 യൂണിറ്റുകളിലായി പ്രവർത്തിക്കുന്നവരുടെ എണ്ണം 57 ആണ്. പാൽ ഉൽപാദന നിർമ്മാണ യൂണിറ്റ്, പപ്പട നിർമ്മാണ യൂണിറ്റ്, ടൈലറിംഗ്, പന്നിവളർത്തൽ, ചെരുപ്പു നിർമ്മാണം എന്നിവയാണ് പഞ്ചായത്തിലെ D.W.C.R.A. പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരഭങ്ങൾ

പട്ടിക-3

D.W.C.R.A. സഹായ ലഭ്യതാ പട്ടിക

വർഷം	*സ്കീമുകളുടെ എണ്ണം*	*സബ്സിഡി*	*വായ്പ*
90-91	1	13330	26660
91-92	2	50338	10,0662
92-93	-	-	-
93-94	1	30800	61.600
94-95	1	40,000	80,000
ആകെ	5	134468	268932

C.R.S.P. കക്കൂസ്

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് C.R.S.P. 93-94 മുതൽ 94-95 വരെ ഈ പദ്ധതി പ്രകാരം 29 കക്കൂസുകൾ മാത്രമാണ് അനുവദിച്ചത് I.R.D.P. സർവ്വേ പ്രകാരം 1483 കുടുംബങ്ങൾക്കാണ് ഇനി കക്കൂസ് ആവശ്യമുള്ളത്.

പട്ടിക -4

C.R.S.P.കക്കൂസുകൾ

വർഷം	സാനിറ്ററി കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണം	അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചവയുടെ എണ്ണം	തുക (രൂ)	ഇനി കക്കൂസുകളുണ്ടാക്കുവാനുള്ള കുടുംബങ്ങളുടെ എണ്ണം
1	2	3	4	5	6
93-94		17	17	34,000	
94-95	1512	07	7	14,000	
95-96		5	5	10,000	
ആകെ	1512	29	29	58,000	

ടൂൾകിറ്റ്: R.A.P. (റൂറൽആർട്ടിസാൻസ് പ്രോഗ്രാം)

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക തൊഴിലുപകരണങ്ങൾ നൽകുന്ന പദ്ധതിയാണ് ടൂൾകിറ്റ്, 93-94 മുതൽ 94-95 വർഷം വരെ 2 VEOസർക്കിളിലായി 14 ആളുകൾക്കാണ് സഹായം ലഭിച്ചത്. സഹായം ലഭിച്ചവരേക്കാൾ എത്രയോ അധികം ആളുകൾ സഹായത്തിന് അർഹതയുള്ളവരായി അവശേഷിക്കുകയാണ്. ഈ പദ്ധതിയുടെ ഏറ്റവും വലിയ പോരായ്മ ഈ മേഖലയിലെ തൊഴിലാളികൾ പദ്ധതിയെകുറിച്ച് അജ്ഞരാണ് എന്നുള്ളതാണ്.

ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതിയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്.

1988 മുതൽ 95 വരെയുള്ള കാലയളവിൽ 45 ആളുകൾക്ക് തൊഴിൽ പരിശീലനം ലഭിച്ചിട്ടുണ്ട്. ഇതിൽ 37 ആളുകൾ സ്വയം തൊഴിൽ കണ്ടെത്തി.

പട്ടിക - 5

ട്രൈസം - തൊഴിൽ പരിശീലന ലഭ്യത

വർഷം	പരിശീലന വിഷയം	പരിശീലനം ലഭിച്ചവർ
88-89	പ്രിൻറിംഗ്	3
89-90	ചെരുപ്പ് നിർമ്മാണം	2
,,	ബീഡിതെറുപ്പ്	2
90-91	പപ്പട നിർമ്മാണം	10
91-92	ടൈലറിംഗ്	10
92-93	പ്രിൻറിംഗ്	1
93-94	പ്രിൻറിംഗ്	1
,,	ചെരുപ്പ് നിർമ്മാണം	10
94-95	ടൈലറിംഗ്	2
,,	ആശാരിപ്പണി	2
	ഫർണിച്ചർ നിർമ്മാണം	1

പട്ടിക നമ്പർ -6

ഗ്രാമീണ തൊഴിലാളികൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

വർഷം	സർവ്വെ പ്രകാരം ഗ്രാമീണ തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിനു അർഹതയുള്ളവരുടെ എണ്ണം
93-94	31	12	17
94-95		2	

പെൻഷനുകളെ സംബന്ധിച്ച്

വിധവ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ, വികലാംഗ പെൻഷൻ, അവശകലാകാരന്മാർക്കും-സാഹിത്യകാരൻമാർക്കും നൽകുന്ന പെൻഷൻ, അവശ കായികതാരങ്ങൾക്കുള്ള പെൻഷൻ, തൊഴിലില്ലായ്മ വേതനം, ക്ഷയരോഗ പെൻഷൻ എന്നിവയാണ് പ്രധാന പെൻഷൻ പദ്ധതികൾ.

നമ്മുടെ പഞ്ചായത്തിലെ പെൻഷൻ വാങ്ങുന്നവരെക്കുറിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

A. **വിധവ പെൻഷൻ:** നിലവിൽ പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ 5 ആളുകൾക്കാണ് പെൻഷൻ ലഭിക്കുന്നത് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

B. **കർഷകത്തൊഴിലാളി പെൻഷൻ:** 60 വയസ്സു പൂർത്തിയായ നിശ്ചിത വരുമാന പരിധിയിലുള്ള കർഷകത്തൊഴിലാളികൾക്കാണ് ഈ പെൻഷൻ നൽകുന്നത്.അർഹരായ മുഴുവൻ ആളുകൾക്കും ഈ പെൻഷൻ ലഭിക്കാത്ത അവസ്ഥയുണ്ട്. അർഹരെ തെരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്കു നൽകണം. 91-92ൽ 41 ആളുകൾക്കാണ് പെൻഷൻ ലഭിച്ചതെങ്കിൽ 95-96 ൽ 183 ആളുകൾ പെൻഷൻ വാങ്ങിക്കുന്നുണ്ട്.

C. **തൊഴിലില്ലായ്മ വേതനം:** തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നയാളുകളുടെ എണ്ണം 77 ആണ്. യഥാർത്ഥത്തിൽ ലഭിക്കേണ്ടുന്ന മുഴുവൻ ആളുകളും ഇതിൽ ഉൾപ്പെട്ടിട്ടില്ല.

D **വാർദ്ധക്യകാല പെൻഷൻ:** 91-92ൽ 3 ആളുകളും 95-96ൽ 12 ആളുകളുമാണ് പെൻഷൻ വാങ്ങിക്കുന്നത്. എന്നാൽ 100-ൽ അധികം ആളുകൾ അപേക്ഷകരായിട്ടുണ്ട്.

E **അഗതി പെൻഷൻ:** പഞ്ചായത്തിലെ 7 ആളുകൾ അഗതി പെൻഷൻ വാങ്ങിക്കുന്നുണ്ട്.

അംഗൻവാടികൾ

പേരാവൂർ പഞ്ചായത്തിലെ എട്ടു വാർഡുകളിലായി 20 അംഗൺ വാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. 2 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ല. 1000 ജനങ്ങൾ ഒരു അംഗൻവാടി എന്നുള്ളതാണ് I.C.D.S ന്റെ ലക്ഷ്യം. ഓരോ അംഗൻവാടിയ്ക്കും ഓരോ മഹിളാ സമാജങ്ങൾ ഉണ്ട്.

ജനസംഖ്യ 1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 20618 ആണ്. ജനസംഖ്യ: (ICDS 95-96 - ലെ കണക്കു പ്രകാരം 20796): ആൺ: 10350 പെൺ: 10446

പട്ടിക - 7

അംഗൻവാടികളുടെ വിവരം

ക്രമ നമ്പർ	വാർഡ്	എണ്ണം	അംഗൻവാടി നമ്പർ			കുട്ടികളുടെ എണ്ണം			കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്	സ്ഥലം ഉള്ളത്	സ്ഥലം ഇല്ലാത്തത്	കിണ്ടിപ്പാട്ട് ഉള്ളത്	കിണ്ടിപ്പാട്ട് ഇല്ലാത്തത്	കിണർ ഉള്ളത്	കിണർ ഇല്ലാത്തത്	കക്കൂസ് ഉള്ളത്	കക്കൂസ് ഇല്ലാത്തത്	സ്ഥലത്തിന്റെ വിസ്തീർണ്ണം	സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത്
1.	II	3	114	116	99	57	41	123	3	-	3	-	-	3	-	3	-	3	8,5, 3	-
2.	II	3	180	101	113	74	114	83	2	1	3	-	1	2	-	3	2	1	5,3,3	1
3.	III	ഇല്ല																		
4.	IV	3	107	115	110	107	131	106	3	-	3	-	-	3	-	3		3	3,5,3	-
5.	V	ഇല്ല																		
6.	VI	3	112	100	111	115	60	106	3	-	3	-	-	3	-	3	3	-	3,3,3	-
7.	VII	2	106	105		85	107		2	-	2	-	-	2	-	2	1	1	3,3	-
8.	VIII	2	98	108		93	78		1	1	2	-	-	2	-	2	1	1	5.5	1
9.	Ix	3	104	120	102	71	70	106	2	1	3	-	-	3	-	3	-	3	3.5.3	1
10.	X	1	103			72			1	-	1	-	-	1	-	1	-	1	2	-
ആകെ		20				674	601	524	17	3	20	-	1	19	-	20	7	13		3
കുട്ടികൾ ആകെ						799														

പ്രശ്നങ്ങൾ

പഞ്ചായത്തിൽ 1181 ആളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവർ ആണ്.

1. I.R.D.P പദ്ധതി പ്രകാരം ധനസഹായം ആവശ്യമായ ഗുണഭോക്താക്കൾ മുന്നോട്ട് വരാത്ത അവസ്ഥയും, സഹായധനം ആവശ്യമായവർക്ക് യഥാസമയം നൽകാൻ കഴിയാത്ത അവസ്ഥയും ഉണ്ട്.
2. I.R.D.P സർവ്വേ പ്രകാരം കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം പഞ്ചായത്തിൽ 1483 ആണ്.
3. R.A.P യെകുറിച്ച് ഗുണഭോക്താക്കൾ അജ്ഞരാണ്.
4. വിവിധ സ്കീം പ്രകാരം ധനസഹായം വാങ്ങുന്നവർ തുക നിശ്ചയിക്കപ്പെട്ട പ്രവർത്തനത്തിനു വേണ്ടി വിനിയോഗിക്കാത്ത അവസ്ഥയും ഉണ്ട്.
5. C.R.S.P. സ്കീം പ്രകാരം കക്കൂസ് നിർമ്മിക്കുന്നതിന് അപേക്ഷിക്കുന്നവർ നിരവധിയാണ്. എന്നാൽ ചുരുക്കം ചിലർക്കുമാത്രമേ ധനസഹായം ലഭിക്കുന്നുള്ളൂ. ലഭിക്കുന്ന 2,000/- രൂപ ഇതിനു പര്യാപ്തമല്ല.
6. വിവിധ പെൻഷനുകൾ അർഹതപ്പെട്ടവർക്ക് മുഴുവൻ കൊടുക്കുവാൻ സാധിക്കുന്നില്ല.

അംഗൻവാടി പ്രശ്നങ്ങൾ

1. മുന്ന് അംഗനവാടികൾക്ക് കെട്ടിടങ്ങൾ ഇല്ല (സ്വന്തമായി)
2. ഫണ്ട് അനുവദിച്ചിട്ടും മൂന്ന് അംഗൻവാടികൾക്ക് (മുരിങ്ങോടി, കുണ്ടേങ്കാവ് മുല്ലപ്പള്ളി തുണ്ടി) കെട്ടിടം പണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.
3. ഒറ്റ അംഗൻവാടികൾക്കും കിണർ ഇല്ല.
4. 13 അംഗൻവാടികൾക്ക് കക്കൂസ് സൗകര്യം ഇല്ല.
5. അംഗൻവാടികളുടെ സ്ഥല വിസ്തീർണ്ണത്തിന്റെ അപര്യാപ്തത.
6. അംഗൻവാടികളിൽ ക്രിയാത്മക പ്രവർത്തനത്തിനുള്ള ഉപാധികളുടെ ദൗർലഭ്യം.

7. ഒരു അംഗൻവാടിയിൽ ഒഴികെ വിനോദത്തിനുള്ള കളിക്കോപ്പുകൾ ഇല്ല.
8. വിശ്രമവേള സൗകര്യപ്രദമാക്കാനുള്ള പായ,വിരി ഇവയുടെ അഭാവം.
9. പാചക ആവശ്യത്തിന് വിറകിനു നൽകുന്നത് തുച്ഛമായ പൈസ ആണ്.
10. ചില അംഗൻവാടികൾ ഭിത്തി ഇല്ലാത്തതും തറ പൊട്ടി പൊളിഞ്ഞതും ഉണ്ട്.
11. പല വ്യഞ്ജനം വകയിൽ ലഭിക്കുന്ന സംഖ്യ തുച്ഛമാണ്.
12. അംഗൻവാടി ഹെൽപ്പർ, വർക്കർ എന്നിവരുടെ സേവന വേതന ഘടന തീരെ അപര്യാപ്തമാണ്.
13. പാചകാവശ്യത്തിനും ഭക്ഷ്യവിതരണത്തിനും ആവശ്യനുസരണം പാത്രങ്ങൾ ഇല്ല.

നിർദ്ദേശങ്ങൾ

1. സാമൂഹ്യ ക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലെത്തിക്കുവാനും അർഹരായവർക്ക് ലഭ്യമാക്കാനും വാർഡ് തലത്തിൽ പ്രത്യേക സെൽ രൂപീകരിക്കുക.
2. പഞ്ചായത്തിലെ കക്കൂസുകൾ ഇല്ലാത്ത മുഴുവൻ പട്ടിക ജാതി-വർഗ്ഗ കുടുംബങ്ങൾക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും അവ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം സൗജന്യമായി സമയബന്ധിതമായി നൽകുക.
3. ആളുകളുടെ അഭിരുചിക്കും തൊഴിൽ സാദ്ധ്യതക്കും അനുസരിച്ചുള്ള തൊഴിൽ പരിശീലനം വർദ്ധിപ്പിക്കുക.
4. പഞ്ചായത്ത് തലത്തിൽ 'ഡേകെയർ' സെൻറർ സ്ഥാപിക്കുക.
5. വാർഡുതലങ്ങളിൽ ഉപഭോക്തൃ- സഹകരണ സംഘം സ്ഥാപിക്കുക.
6. റേഷൻ ഷാപ്പുകളുടെ പ്രവർത്തനത്തെ പരിശോധിക്കാനുള്ള അധികാരം പഞ്ചായത്തിന് നൽകുക.
7. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങളേയും ഉദ്ധരിക്കാനുള്ള ഫലപ്രദമായ നടപടി ആരംഭിക്കുക.
8. പഞ്ചായത്ത് തലത്തിൽ വൃദ്ധമന്ദിരം സ്ഥാപിക്കുക
9. വികലാംഗർക്ക് സ്ക്രച്ചസ്, ഹിയർ ഫോൺ തുടങ്ങിയവ ലഭ്യമാക്കുക.

അങ്കൺവാടികളെ സംബന്ധിച്ച നിർദ്ദേശങ്ങൾ

1. നിലവിൽ അംഗൻവാടികൾ ഇല്ലാത്ത 3,5 വാർഡുകളിലും മാവടി, കുറുഞ്ഞി എന്നിവിടങ്ങളിലും പുതുതായി അംഗൻവാടി സ്ഥാപിക്കുക.
2. ശരാശരി 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നത് ശരാശരി 800 ആളുകൾക്ക് ഒരു അംഗൻവാടി എന്ന ക്രമത്തിൽ നിജപ്പെടുത്തുക.
3. കുട്ടികളുടെ ചെറിയ മാംസപേശികളുടെ വികസനത്തിന് ഉതകും വിധം ചിത്രരചന, പെയിൻറിംഗ്, ബിൽഡിംഗ് ബ്ലോക്കുകളുടെ നിർമ്മാണം ഇവയ്ക്കുതകുന്ന ഉപാധികൾ ലഭ്യമാക്കുക.
4. വലിയ മാംസ പേശികളുടെ വികസനത്തിനാവശ്യമായ കായിക പ്രാധാനമുള്ള കളിക്കോപ്പുകൾ (സൈക്കിൾ കുതിര) അഞ്ചിൽ ഒന്ന് എന്ന തോതിൽ ലഭ്യമാക്കുക.
5. അലുമിനിയ പ്ലേറ്റുകൾ ഒഴിവാക്കി സ്റ്റീൽ പ്ലേറ്റുകൾ ലഭ്യമാക്കുക.
6. കുട്ടികൾക്ക് ഒരു മണി മുതൽ രണ്ടേ മുപ്പതുവരെ വിശ്രമത്തിനുപയോഗിക്കാൻ പായ, വിരി എന്നിവ ആവശ്യാനുസരണം നൽകുക.
7. കുട്ടികളുടെ എണ്ണത്തിന് അനുസൃതമായി വിറകിന് 5 പൈസ എന്ന തോത് 20 പൈസ എന്ന തോതിലാക്കുക.
8. ഓരോ അംഗൻവാടിക്കും ഓരോ കിണറും ഓരോ കക്കൂസും അനുവദിക്കുക.
9. അംഗൻവാടിയിൽ സേവനം അനുഷ്ഠിക്കുന്ന പ്രവർത്തകരുടെ സേവന-വേതന വ്യവസ്ഥ മെച്ചപ്പെടുത്തുക.
10. പലവ്യഞ്ജനത്തിനായി അനുവദിക്കുന്ന 5 പൈസ അപര്യാപ്തമാണ്. ഇതിൻെറ സംഖ്യ വർദ്ധിപ്പിക്കുക.
11. ഓരോ അംഗൻവാടിയിൽ കൂടിയും നൽകുന്ന പോഷകാഹാരത്തിൻെറ അനുപാതം വർദ്ധിപ്പിക്കുകയും വികലാംഗർ ഉൾപ്പെടെയുള്ള ദുർബല വിഭാഗങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക.
12. വാർഡ്തലത്തിൽ ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കുക.
13. മഹിളാ സമാജങ്ങളുടെപ്രവർത്തനം കാര്യക്ഷമമാക്കുക.
14. അംഗൻവാടിയോട് ചേർന്ന് നിലവിലുള്ള വെൽ ഫെയർ കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
15. അറ്റകുറ്റ പണികൾക്കും പെയിൻറിംഗിനും മറ്റും വേണ്ട ധനസഹായം യഥാസമയം ഏർപെടുത്തുക.
16. അംഗൻവാടി കെട്ടിടങ്ങൾ വൈദ്യുതീകരിക്കുക.
17. അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും ഗവൺമെൻറ് ജീവനക്കാരായി അംഗീകരിക്കുക.
18. 'അനർട്ട്' അടുപ്പുകൾ അംഗൻ വാടികളിൽ ലഭ്യമാക്കുക.
19. അംഗൻവാടികളിൽ രജിസ്റററുകളും ഭക്ഷ്യവസ്തുക്കളും കൃത്യമായി സൂക്ഷിച്ചുവെക്കുന്നതിനും സ്റ്റീൽ അലമാര നൽകുക.

പാർപ്പിടവും സാമൂഹ്യക്ഷേമ റിപ്പോർട്ടും തയ്യാറാക്കിയവർ

1. കെ. സുധാകരൻ (കൺവീനർ)
2. ടെറ്റീസ്.എം.എം.
3. കെ.എം. വിജയൻ
4. ചിന്നമ്മ. എ.പി.(ഐ.സി.ഡി.എസ്)
5. ഷൈലജ എം.എം. (ഐ.സി.ഡി.എസ്)

സംസ്കാരം

ഒരു പ്രദേശത്തെ ജനങ്ങളുടെ ഭാഷ, ആശയങ്ങൾ, വിശ്വാസങ്ങൾ, ധർമ്മങ്ങൾ, ആചാരങ്ങൾ അനുഷ്ഠാനങ്ങൾ, കലാസൃഷ്ടികൾ എന്നിവയെല്ലാം കൂട്ടായി ആ പ്രദേശത്തിന്റെ സംസ്കാരം എന്നു പറയാം. ഈ ഘടകങ്ങളുമായുള്ള മനുഷ്യന്റെ സമ്പർക്കങ്ങളിൽ നിന്നുടലെടുക്കുന്ന പൊതുവായ ചൈതന്യമാണ് സംസ്കാരം. ഒരു സമൂഹത്തിന്റെ സാംസ്കാരിക മൂല്യങ്ങളുടെ പ്രതിഫലനം അവരുടെ എല്ലാ ജീവിത രംഗങ്ങളിലും ദർശിക്കാവുന്നതാണ്.

ഒരു സമൂഹത്തിൽ ഒരേ സമയം തന്നെ യാഥാസ്ഥിതികത്വത്തിന്റെ ഘടകങ്ങളും, പുരോഗമനപരമായ ഘടകങ്ങളും മത്സരിച്ച് പ്രവർത്തിക്കുന്നതിനാൽ സംസ്കാരത്തിൽ പല രീതിയിലുള്ള വ്യത്യാസം കണ്ടെത്താം. ഓരോ സംസ്കാരത്തിന്റെയും ഉള്ളിൽ കുടികൊള്ളുന്ന വിനാശകരമായ ചില ശക്തികളുടെ വളർച്ചയാണ് പല സംസ്കാരങ്ങളും അധഃപതിക്കാനും, നാമാവശേഷമാകാനും കാരണമായി തീർന്നത്. ഓരോ സംസ്കാരത്തിലും ഉൾച്ചേർന്നിരിക്കുന്ന പുരോഗമനപരമായ സത്ത കണ്ടെത്താനും, അതിനെ കാല ഘട്ടത്തിനനുസരിച്ച് വികസിപ്പിക്കാനുമാണ് നാം ശ്രമിക്കേണ്ടത്. അപ്പോൾ മാത്രമേ അർത്ഥവത്തായ ഒരു സാംസ്കാരിക പാരമ്പര്യം വളർത്തിക്കൊണ്ടുവരുവാൻ സാധിക്കുകയുള്ളൂ. പൊതു സമൂഹത്തിന്റെ സാംസ്കാരിക മൂല്യങ്ങളുടെ സ്വാധീനം അവരുടെ എല്ലാ ജീവിത രംഗങ്ങളിലും ദർശിക്കാമെങ്കിലും, കല, സൗന്ദര്യം, ആചാരങ്ങൾ, സാഹിത്യം തുടങ്ങിയവ, സാസ്കാരിക മേഖലയോട് ഏറെ അടുത്തു നിൽക്കുന്നതാണ്. സംസ്കാരത്തിന്റെ വളർച്ചയിൽ വിവിധ കലാ-സാഹിത്യങ്ങൾക്കുള്ള പങ്ക് അദ്വീതീയമാണ്.

നമ്മുടെ സാംസ്കാരിക രംഗം ഇന്ന് പലരീതിയിലുള്ള വെല്ലുവിളികൾ നേരിടുന്നുണ്ട്. സമൂഹത്തിൽ നിലനിൽക്കുന്ന അധീശ വർഗ്ഗം നമ്മുടെ എല്ലാ സാംസ്കാരിക രംഗങ്ങളെയും കൈപ്പിടിയിലൊതുക്കുകയും, സംസ്കാരത്തെ കച്ചവടവൽക്കരിക്കാനും, അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് പരുവപ്പെടുത്തിയെടുക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ സാംസ്കാരിക രംഗത്ത് ജനങ്ങളുടെ പക്ഷത്തുനിന്നുകൊണ്ട് ചെറുത്ത് നിൽപ് രൂപപ്പെടുത്തിയെടുക്കാൻ പുരോഗമന പ്രസ്ഥാനങ്ങളുടെ ഭാഗത്ത് നിന്ന് ബോധപൂർവ്വമായ ശ്രമങ്ങൾ ആവശ്യമായി തീർന്നിരിക്കുന്നു. ഈ രീതിയിലുള്ള ഒരു കാഴ്ചപ്പാടോടു കൂടി നമ്മുടെ പഞ്ചായത്തിലെ സാംസ്കാരിക മേഖലയുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് മനസ്സിലാക്കുവാനും ഭാവിയിൽ അതിനെ ശരിയായ അർത്ഥത്തിൽ മുന്നോട്ടുകൊണ്ടു പോകാനു

മുള്ള ഒരു കാഴ്ചപ്പാടോടുകൂടി ആയിരിക്കണം സാംസ്കാരിക മേഖലയെ കുറിച്ചുള്ള ഈ റിപ്പോർട്ടിനെ സമീപിക്കേണ്ടതാണ്.

ഹിന്ദു-മുസ്ലീം-ക്രൈസ്തവൻ മതവിഭാഗങ്ങളാണ് പേരാവൂർ പഞ്ചായത്തിൽ നിലനിൽക്കുന്നത്. എല്ലാ മതവിഭാഗങ്ങൾക്കും അവരുടേതായ ആചാരങ്ങളും അനുഷ്ഠാനങ്ങളും, ഉത്സവങ്ങളും, ആരാധനാലയങ്ങളും ഇവിടെയുണ്ട്. ഓരോ മത വിഭാഗത്തിന്റെയും പ്രധാന ഉത്സവങ്ങളിൽ എല്ലാ വിഭാഗങ്ങളും ഐക്യത്തോടുകൂടി പങ്കെടുക്കുന്നതുകാണാം. വ്യത്യസ്ത മത വിഭാഗങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ഈ വിഭാഗങ്ങൾ തമ്മിലുള്ള ഐക്യം പേരാവൂർ പഞ്ചായത്തിന്റെ സവിശേഷതയാണ്. ഇതു ഏറ്റവും അഭിമാനകരമാണ്. ഈ അവസ്ഥ നമുക്ക് ഭാവിയിലും നിലനിർത്താൻ സാധിക്കേണ്ടതുണ്ട്. ജാതി-മത സ്പർദയുടേതായ ഇക്കാലത്ത് വികസനത്തിന്റെ മുന്നുപാധിയാണ് സൗഹൃദ അന്തരീക്ഷം. സമാധാനപരമായ അന്തരീക്ഷത്തിൽ മാത്രമേ ശരിയായ രീതിയിലുള്ള വികസനം സാധ്യമാവുകയുള്ളൂ. ഓരോ മതവിഭാഗത്തിന്റെയും പ്രധാന ആരാധനാലയങ്ങളുടെ വിവരണപട്ടികയിൽ കൊടുത്തിരിക്കുന്നു.

ജാതിക്കെതിരായി ഉയർന്നു വന്ന സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടേയും, ദേശീയ പ്രസ്ഥാനത്തിന്റെയും, പുരോഗമന പ്രസ്ഥാനങ്ങളുടെയും സ്വാധീനത ഉയർന്ന സാംസ്കാരിക ബോധം വളർത്തിയിട്ടുണ്ട്. ഇത്തരം പ്രസ്ഥാനങ്ങളുടെ സാന്നിദ്ധ്യം സാംസ്കാരിക വികാസത്തിന് ഗുണപരമായി തീർന്നിട്ടുണ്ട്. അയിത്തോച്ചാടനത്തിന്റെ ഭാഗമായി പേരാവൂരിൽ നടന്ന മിശ്ര ഭോജനവും, ജാതിക്കെതിരായി മണത്തണയിൽ നടന്ന ജാതി വിരുദ്ധ പ്രകടനങ്ങളും എടുത്തു പറയേണ്ട സംഗതിയാണ്.

സാംസ്കാരിക മേഖലയെക്കുറിച്ചുള്ള ഈ രേഖയിൽ നാം പ്രധാനമായും ചർച്ചചെയ്യാൻ പോകുന്നത്, നമ്മുടെ പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ ഇന്നലെകളെക്കുറിച്ചും, ഇന്നത്തെ അവസ്ഥയെയും കുറിച്ചാണ്.

വായനശാലകളും ഗ്രന്ഥാലയങ്ങളും

ദേശീയ പ്രസ്ഥാനത്തിന്റെയും, അതിനെത്തുടർന്ന് ഉയർന്നുവന്ന പുരോഗമന പ്രസ്ഥാനങ്ങളുടെയും ഭാഗമായാണ് കേരളത്തിലുടനീളം വായനശാലകളും, ഗ്രന്ഥാലയങ്ങളും ഉയർന്നുവന്നിട്ടുള്ളത്. കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ വായനശാലകളും, ഗ്രന്ഥാലയങ്ങളും വഹിച്ച പങ്ക് വളരെ വലുതാണ്. കേരളത്തിലെ ഓരോ വായനശാലകളും സമാന്തര സാംസ്കാരിക കേന്ദ്രങ്ങളായിരുന്നു. എന്നാൽ ഇന്ന് നമ്മുടെ പഞ്ചായത്തിൽ വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും സ്ഥിതി ശോചനീയമാണ്. നമ്മുടെ പഞ്ചായത്തിലെ ആദ്യ ഗ്രന്ഥാലയം 1949-ൽ മുരിങ്ങോടിയിൽ ആരംഭിച്ച കൈരളി വായനശാല ആൻറ് ഗ്രന്ഥാലയമാണ്. ഇന്ന് നല്ല രീതിയിൽ പ്രവർത്തിക്കുന്ന നാല് ഗ്രന്ഥാലയങ്ങളും വായനശാലകളുമാണുള്ളത്. പേരാവൂർ തെരുവിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് സാംസ്കാരിക നിലയത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഗ്രന്ഥാലയവും തുണ്ടിയിലെ പഞ്ചായത്ത് വായനശാല ആൻറ് ഗ്രന്ഥാലയവും പുതുശ്ശേരിയിലെ നവോദയ വായനശാല ആൻറ് ഗ്രന്ഥാലയവും അഴോത്തുംചാലിലെ സന്തോഷ് സ്മാരക വായനശാലയും ഗ്രന്ഥാലയവും മാത്രമാണ് പ്രവർത്തനത്തിന്റെ കാര്യത്തിൽ എടുത്ത് പറയാൻ കഴിയുന്നത്. ഒരു കാലത്ത് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന മണത്തണയിലെ ഗ്രന്ഥാലയത്തിന്റെ പ്രവർത്തനം പൂർണമായി നിലച്ചിരിക്കുന്നു. മറ്റ് പല ഗ്രന്ഥാലയങ്ങളും പേരിന് നിലനിൽക്കുന്നുണ്ടെങ്കിലും പ്രവർത്തനം നിലച്ച മട്ടാണ്. സാംസ്കാരിക ജീർണതകളും, ഇലക്ട്രോണിക് മാധ്യമങ്ങളുടെ തള്ളിക്കയറ്റവും നമ്മുടെ ഗ്രന്ഥശാലാപ്രസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ സാമൂഹ്യ-രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും, സാമൂഹ്യപ്രവർത്തകരുടെയും കുറ്റകരമായ അനാസ്ഥ കണ്ടില്ലെന്ന് നടിക്കാനാവില്ല. ഗ്രന്ഥാലയങ്ങളുടെ ഈ സ്ഥിതി, കണക്കിലെടുത്ത് ഗ്രന്ഥാലയങ്ങളെ നവീകരിക്കാനും, പുതിയ ഗ്രന്ഥാലയങ്ങൾ ആരംഭിക്കാനും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നമുക്ക് സാധിക്കേണ്ടതുണ്ട്. വായന അന്യം നിന്നുപോകുന്നത് തടയേണ്ടത് ഏതൊരു പരിഷ്കൃത സമൂഹത്തിൻറെയും കടമയാണ്. പൈങ്കിളി പ്രസിദ്ധീകരണങ്ങൾ പഞ്ചായത്തിൽ വളരെയധികം വായിക്കപ്പെടുന്നുണ്ട്. ഇത്തരം പ്രസിദ്ധീകരണങ്ങൾ മുഷ്യമനസ്സിനെ എങ്ങിനെയെല്ലാം മോശമായ് സ്വാധീനിക്കുമോ അത്തരം പ്രവണതകൾ ഇവിടെ കണ്ടെത്താൻ സാധിക്കും. അർത്ഥവത്തായ വായന കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടും, സാമൂഹ്യ ബോധവൽകരണത്തിലൂടെയും മാത്രമേ ഇങ്ങിനെയുള്ള വായനയെ തടഞ്ഞു നിർത്താൻ സാധിക്കുകയുള്ളൂ.

വായന സ്ത്രീകൾക്കിടയിൽ

പേരാവൂർ പഞ്ചായത്തിലെ എല്ലാ ഗ്രന്ഥാലയങ്ങളുടെയും റജിസ്റ്റർ പരിശോധിച്ചതിൽ നിന്നും സ്ത്രീ വായനക്കാരുടെ എണ്ണം 25ൽ താഴെയാണ് എന്നു മനസ്സിലായി. ഇതിൽത്തന്നെ നിലവാരമുള്ള പുസ്തകങ്ങൾ വായിക്കുന്നവർ വളരെക്കുറവാണ്. അക്കാദമിക് വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള സ്ത്രീകൾ പോലും വായനയിൽ താൽപര്യം കാട്ടുന്നില്ല. ഇതിൽ നിന്നും വ്യത്യസ്തമായി മംഗളം-മനോരമ-വനിത പോലുള്ള മാസികകൾ വായിക്കുന്ന സ്ത്രീകളുടെ എണ്ണം വളരെ കൂടുതലുമാണ്. അപകടകരമായ

ഈ സ്ഥിതി വിശേഷം മറി കടക്കാൻ കാര്യമായ പദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ട്. സ്ത്രീകൾക്കിടയിലെ സാമൂഹ്യ പ്രവർത്തകരുടെ എണ്ണവും വളരെക്കുറവാണ്. സ്ത്രീ സംഘടനകളും കാര്യമായ് പ്രവർത്തിക്കുന്നില്ല എന്നതാണ് സ്ത്രീകൾക്കിടയിൽ ഇത്രയധികം വായനകുറയാൻ കാരണമായി തീർന്നിട്ടുള്ളത്. തങ്ങൾക്കെതിരെ ഉയർന്നുവരുന്ന വെല്ലുവിളികളെ നേരിടാനും, സാമൂഹ്യ മുന്നേറ്റത്തിൽ സ്ത്രീകളുടെ പങ്ക് ഉറപ്പിക്കാനും ഗൗരവപൂർണമായ വായന ആവശ്യമാണെന്നുള്ള തിരിച്ചറിവ് സ്ത്രീകളിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

15 വായനശാലകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 7 വായനശാലകൾക്ക് പഞ്ചായത്ത് പത്രങ്ങൾ നൽകിവരുന്നുണ്ട്. ജനങ്ങൾക്ക് പത്രം വായിക്കാനുള്ള കേന്ദ്രം എന്നല്ലാതെ മറ്റ് സാംസ്കാരിക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന വായനശാലകൾ ഇല്ല എന്നു തന്നെ പറയാം. പഞ്ചായത്തിൽ നിലവിലുള്ള വായനശാലകളുടെയും-ഗ്രന്ഥാലയങ്ങളുടെയും പട്ടിക കാണുക.

പേരാവൂർ ഗ്രാമ പഞ്ചായത്ത്

ഗ്രന്ഥശാലകൾ-വായനശാലകൾ

നമ്പർ	ഗ്രന്ഥശാലയുടെ പേര്	വാർഡ്	വർഷം	കെട്ടിടത്തിന്റെ വിവരം	മെമ്പർമാരുടെ എണ്ണം	പുസ്തകങ്ങളുടെ എണ്ണം	പ്രതി ദിന വിതരണം	മറ്റ് പ്രവർത്തനങ്ങൾ
1.	പേരാവൂർ പഞ്ചായത്ത് സാംസ്കാരിക നിലയം ആൻറ് ഗ്രന്ഥശാല	II	19990	സ്വന്തം	288	2244	12	5 പത്രമാസികകൾ-ടെലിവിഷൻ, ആനുകാലികങ്ങൾ
2.	നവോദയ വായനശാല, പുതുശ്ശേരി	V	1972	സ്വന്തം	125	650	10	5പത്രമാസികകൾ-ടെലിവിഷൻ
3.	കൈരളി യൂത്ത് ലീഗ് വായനശാല ആൻറ് ഗ്രന്ഥാലയം, മുരിങ്ങോടി	III	1949	സ്വന്തം	-	3000		3 പത്രങ്ങൾ
4.	സന്തോഷ് സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം, അഴോത്തുംചാൽ	IX	1992	വാടക	200	1300	10	4 പത്രങ്ങൾ, ആനുകാലികങ്ങൾ-ടെലിവിഷൻ
5.	നെഹ്റു സ്മാരക വായനശാല (അയോത്തുംചാൽ), വെള്ളർവള്ളി	I	1963	വാടക				2 പത്രങ്ങൾ
6.	നവജ്യോതി വായനശാല ആൻറ് ഗ്രന്ഥാലയം , കുനിത്തല	VI	1988	സ്വന്തം		250		2പത്രങ്ങൾ
7.	അപ്പൂട്ടി അടിയോടി സ്മാരക ഗ്രന്ഥശാല, എ.എസ് നഗർ	VI	1987	സ്വന്തം	-	500		പേരൂർ ബ്ലോക്ക് ജനശിക്ഷണ നിലയം ഇവിടെ പ്രവർത്തിച്ചിച്ചിരുന്നു. ഇപ്പോൾ ഇല്ല
8.	രാജേന്ദ്രപ്രസാദ് സ്മാരക വായനശാല, വെള്ളർവള്ളി	I	1982	സ്വന്തം	20	250		2 പത്രം
9.	അക്ഷര വായനശാല	IV	1992	സ്വന്തം	80			2 പത്രങ്ങൾ
10.	പഞ്ചായത്ത് വായനശാല ആൻറ് ഗ്രന്ഥാലയം, തുണ്ടിയിൽ	VIII	1973	വാടക	200	2300	7	
11.	വിദ്യാഭവൻ വായനശാല ആൻറ് ഗ്രന്ഥാലയം, മണത്തണ	IX						
12.	സാരഥി സാംസ്കാരിക കേന്ദ്രം തെറ്റുവഴി	VII	1992	വാടക				പത്രമാസികകൾ ഉണ്ട്.
13.	വീക്ഷണം കലാവേദി തെറ്റുവഴി	VII	1992	വാടക	-	-	-	പത്രമാസികകൾ
14.	ജവഹർവായനശാല-പാമ്പാളി	I		വാടക				
15.	ജനകീയ വായനശാല - പോത്തുകുഴി	I						

പേരാവൂർ ഗ്രമ പഞ്ചായത്ത്

കലാ-കായിക-സാംസ്കാരിക സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേരും മേൽ വിലാസവും	കെട്ടിടത്തിന്റെ വിവരം
1.	ചൈതന്യ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	വാടക
2.	സൗപർണിക സെൻറർ ഫോർ ആർട്സ് ആൻറ് മൈഡിയാസ്	വാടക
3.	ദൃശ്യസാംസ്കാരിക വേദി മണത്തണ	വാടക
4.	നവജ്യോതി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	സ്വന്തം
5.	യുവവേദി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	വാടക
6.	പേരാവൂർ ജൂനിയർ ചേംബർ	വാടക
7.	വൈസ്മെൻസ് ക്ലബ് പേരാപൂർ	വാടക
8.	ശ്രീനാരായണ സാംസ്കാരിക വേദി അഴോത്തുംചാൽ	വാടക
9.	മഹാത്മ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് അഴോത്തും ചാൽ	വാടക
10.	എസ്.എൻ. ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് കുനിത്തല	വാടക
11.	സോപാനം കലാപഠന കേന്ദ്രം പേരാവൂർ	വാടക

മറ്റ് കലാ സാംസ്കാരിക സ്ഥാപനങ്ങളും സംഘടനകളും

12 കലാ-കായിക സ്ഥാപനങ്ങളും, ശാസ്ത്രസാഹിത്യ പരിഷത്തിനെപ്പോലുള്ള സംഘടനകളും പേരാവൂർ പഞ്ചായത്തിൽ നിലവിലുണ്ട്. ഒരു പ്രദേശത്തെ കലകളെയും, സംസ്കാരത്തെയും, കായിക രംഗത്തേയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നിലകൊള്ളേണ്ട പ്രസ്ഥാനങ്ങൾ ആ ദൗത്യം നടപ്പിലാക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. പേരാവൂരിലെ 'നിഷാദ്' മ്യൂസിക്ക് ക്ലബ് മണത്തണയിലെ 'സൗപർണിക' വെള്ളർവള്ളിയിലെ ചൈതന്യആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, കുനിത്തലയിലെ എസ്.എൻ. കലാ-സാംസ്കാരിക കേന്ദ്രം തുടങ്ങിയവ മാത്രമാണ് ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത്. പേരാവൂരിലെ നിഷാദ മ്യൂസിക് ക്ലബ് സംഗീതാഭിരുചിയുള്ള കുട്ടികളെ വളർത്തിയെടുക്കാനുള്ള പ്രവർത്തനം നടത്തിയിട്ടുണ്ട്.മണത്തണയിലെ സൗപർണികയെപോലുള്ള സ്ഥാപനങ്ങൾ അതിന്റെ പരിമിതമായ വൃത്തത്തിൽ നിന്നുകൊണ്ട് കലാ-സാസംകാരിക പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. നാടകവുമായി ബന്ധപ്പെട്ട ഒട്ടനവധി പരിപാടികൾ സൗപർണിക സംഘടിപ്പിച്ചിട്ടുണ്ട് നാടക കലാ പ്രവർത്തനത്തിൽ എടുത്തു പറയാൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ എസ്.എൻ കലാവേദി കുനിത്തല നടത്തിയിട്ടുണ്ട്. മറ്റ് കലാ-കായിക സ്ഥാപനങ്ങൾ ചില സന്നിഗ്ദ പ്രവർത്തനങ്ങൾ അവരുടെ മുൻകൈയ്യിൽ നടത്തിയിട്ടുണ്ട്.

നാടോടികലകൾ

കേരളം നാടൻ കലകളുടെ കലവറയായിരുന്നു. ക്ഷേത്രോത്സവങ്ങൾക്കും, കാർഷികോത്സവങ്ങളിലും നാടോടി കലകളുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഗ്രാമ പ്രദേശങ്ങളിലാണ് ഇത്തരം കലകൾക്ക് പ്രാമുഖ്യം ലഭിച്ചിരുന്നത്. ഒട്ടേറെ നാടൻ കലാ രൂപങ്ങൾ കേരളത്തിൽ ഇന്ന് ചൂണ്ടിക്കാട്ടാനുണ്ടെങ്കിലും പേരാവൂർ പഞ്ചായത്തിൽ നാടൻ കലകളുടെ സാന്നിദ്ധ്യം വളരെക്കുറവാണ്. ഹിന്ദു വിഭാഗത്തിന്റെ ഇടയിൽ നിലനിൽകുന്ന 'കോൽക്കളി'യും (മുരിങ്ങോടി മണത്തണ-വെള്ളർ വള്ളി) മുസ്ലീം സമുദായത്തിൽ വിവാഹത്തോടനുബന്ധിച്ച് നടത്തുന്ന ഒപ്പനയും അനുഷ്ഠാന കലയായ തെയ്യവും മാത്രമാണ് പേരിനെങ്കിലും നില നിൽക്കുന്നത്. കളമെഴുത്ത് അപൂർവ്വംചില നായർത്തറവാടുകളിൽ കണ്ടുവരുന്നുണ്ട്. നാട്ടീപാട്ട് പൂർണമായും ഇല്ല എന്നു പറയാം. മൺപാത്ര നിർമ്മാണത്തിൽ വൈദഗ്ദ്യമുള്ള കുംഭാരന്മാർ പേരാവൂരിൽ ഇപ്പോഴും ആ തൊഴിലിൽ ഏർപ്പെട്ട് ജീവിക്കുന്നുണ്ട്. നാടൻ കലാരൂപങ്ങൾക്ക് പ്രത്യേകം പ്രാമുഖ്യം നൽകാൻ നാം കൂടി ശ്രമിക്കേണ്ടതുണ്ട്. അനുഷ്ഠാന കലയായ കെട്ടിയാടുന്ന തെയ്യം കലാകാരന്മാർ മണത്തണ, കുനിത്തല ഭാഗങ്ങളിൽ നിലനിൽക്കുന്നുണ്ട്. കരകൗശലകലയുടെ നൈപുണ്യം വെളിവാക്കുന്ന തെയ്യ ചമയങ്ങൾ ഈ കലാകാരന്മാരുടെ കലാ പാടവത്തെ വെളിവാക്കുന്നതാണ്. പേരാവൂർ പഞ്ചായത്തിലെ വളരെയധികം കാവുകളിലും ക്ഷേത്രങ്ങളിലും തെയ്യം കെട്ടിയാടാറുണ്ട്. ഈ പ്രദേശത്ത് പ്രധാനമായും കെട്ടിയാടുന്ന തെയ്യങ്ങൾ, വിഷ്ണു മൂർത്തി, നരമ്പൻ ഭഗവതി (നരമ്പൻ പോതി) മുച്ചിലോട്ട് ഭഗവതി, പുലിയൂർ കാളി, പുലിയൂർ കണ്ടഞ്ണൻ, വസൂരിമാല, ഘണ്ടാകർണ്ണൻ, കുട്ടിശാസ്തപ്പൻ, ഗുളികൻ, മുത്തപ്പൻ, കാരണവർതെയ്യം കണ്ണങ്കോട് ഭഗവതി-പൊട്ടൻ തെയ്യം തുടങ്ങിയവയാണ്.

ആദിവാസി കലകൾ

ഒട്ടേറെ ആചാരങ്ങളും, അനുഷ്ഠാനങ്ങളും അവരുടേതായ നാടൻ കലാ രൂപങ്ങളും ആദിവാസികൾക്കിടയിൽ നില നിന്നിരുന്നു. ഇന്ന് തുടിമേളം മരണാനന്തരക്രിയക്കായി അനുഷ്ഠിക്കുന്ന 'കാക്കപ്പാട്ട്'കളും മാത്രമാണ് ആദിവാസികൾക്കിടയിൽ നില നിൽക്കുന്നത് സ്വന്തം കലാരൂപങ്ങളോടും, അനുഷ്ഠാനങ്ങളോടും ആദിവാസി യുവതലമുറക്കുണ്ടായിട്ടുള്ള വിമുഖതയാണ് ഇത്തരം കലാരൂപങ്ങൾ ഇല്ലാതാവാൻ കാരണമായി തീർന്നിരിക്കുന്നത്. നാലും, അഞ്ചും വീടുകൾ വീതമുള്ള കോളനി വൽകരണവും ആദിവാസികളുടെ തനതു കലകളുടെ നാശത്തിലേക്ക് നയിച്ചിട്ടുണ്ട്.

കാവുകൾ

പണ്ട് ചില തറവാടുകളോടും ക്ഷേത്രങ്ങളോടും ചേർന്ന് കാവുകൾ നിലനിന്നിരുന്നു. വിവിധങ്ങളായ സസ്യങ്ങളുടെയും, ജീവികളുടെയും ആവാസകേന്ദ്രങ്ങളായിരുന്നു ഓരോ കാവുകളും. പരിസ്ഥിതി നാശത്തിന്റെതായ ഈ കാലത്ത് കാവുകളുടെ പ്രസക്തി ഏറുകയാണ്. ഓരോ കാവും ഓരോ നിത്യഹരിതവനങ്ങളായിരുന്നു. കാവുകളുടെ പ്രസ്ക്തി ഏറുകയാണ്. ഓരോ കാവും ഓരോ നിത്യ ഹരിതവനങ്ങളായിരുന്നു. കാവുകളുമായും ബന്ധപ്പെട്ട് നില നിന്നിരുന്ന അന്ധ വിശ്വാസങ്ങളെ നിരാകരിച്ചുകൊണ്ട് തന്നെ കാവുകൾ നിലനിർത്തപ്പെടേണ്ടതുണ്ട്. മണത്തണയിലുണ്ടായിരുന്ന 'നീലാർ കോട്ടം' കാവ് നശിച്ചു പോയിരിക്കുന്നു.

ആയോധനകല

പേരാവൂർ പഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തികൽകുന്ന കളരി സംഘങ്ങളും, ജിംനേഷ്യവും നിലവിലുണ്ട് സി.എൻ.വി കളരി സംഘം കേരളത്തിലും പുറത്തും അറിയപ്പെടുന്നുണ്ട്. മണത്തണയിലെ ഫിസിക്കൽ ആൻറ് കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ട് 1978-80 കാലങ്ങളിൽ സംസ്ഥാന -ജില്ലാതല ജേതാക്കളെ സൃഷ്ടിച്ചിട്ടുണ്ട്.

ഇലക്ട്രോണിക് മാധ്യമങ്ങൾ

ഇലക്ട്രോണിക് മാധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ തുടങ്ങിയവ നമ്മുടെ പഞ്ചായത്തിൽ ഏറെ പ്രചാരം നേടി കഴിഞ്ഞിരിക്കുന്നു. മിക്ക വീടുകളിലും റേഡിയോ ഉണ്ട് സാമ്പത്തികമായി ഉയർന്നു നിൽകുന്ന വൈദ്യുതി ലഭിച്ചിട്ടുള്ള എല്ലാ വീടുകളിലും ടി.വി. എത്തിക്കഴിഞ്ഞിരിക്കുന്നു. ശാസ്ത്രത്തിന്റെ ഏറ്റവും പുതിയ കണ്ടുപിടുത്തമായ ഈ മാധ്യമത്തെ നിരാകരിക്കാൻ നമുക്ക് കഴിയുകയില്ല. പക്ഷെ ഡിഷ് ആൻറിനകളിലൂടെ വിവിധ ചാനലുകൾ നമ്മിലടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന ജനവിരുദ്ധ സംസ്കാരത്തെ കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് കഴിയില്ല. ഈ മാധ്യമത്തെ എങ്ങിനെ നല്ല രീതിയിൽ ഉപയോഗപ്പെടുത്താം എന്നതായിരിക്കണം നമ്മുടെ ആലോചന. പേരാവൂർ പോലുള്ള പഞ്ചായത്തിൽ ടെലിവിഷൻ സംസ്കാരം അപകടകരമായ അവസ്ഥയിൽ ഇന്നെത്തിയിട്ടില്ല. ഭാവിയിലെ അത്തരം സാധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ടുള്ള മാധ്യമ വിമർശനം വളർത്തികൊണ്ടു വരേണ്ടിയിരിക്കുന്നു.

നടപ്പുപദ്ധതികൾ

1994 ൽ തുടങ്ങിയ വെള്ളർ വള്ളിയിലെ പഞ്ചായത്ത് വായനശാലയുടെ പണി ഇനിയും പൂർത്തിയായിട്ടില്ല. ഇതിന്റെ പണി പെട്ടന്ന് പൂർത്തീകരിക്കേണ്ടതാണ്. മണത്തണയിലെ പഞ്ചായത്ത് വായനശാലയുടെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഇവയാണ് സാംസ്കാരിക മേഖലയിലെ നടപ്പു പദ്ധതികൾ.

കായിക സംസ്കാരം

കേരളത്തിന്റെ കായിക ഭൂപടത്തിൽ സ്ഥാനം പിടിച്ച പഞ്ചായത്താണ് നമ്മുടേത്. വോളിബോളിൽ ലോക ശ്രദ്ധ പിടിച്ചു പറ്റിയ അനശ്വരനായ ജിമ്മി ജോർജ്ജിനെ ആദരപൂർവ്വം ഇവിടെ സ്മരിക്കുന്നു. മലയാളികളുടെ പ്രത്യേകിച്ച് പേരാവൂർക്കാരുടെ അഭിമാനമായ ജോസ് ജോർജ്ജ്, സലോമി സേവ്യർ തുടങ്ങി അന്താരാഷ്ട്ര ക്ലബ്ബുകളിലെ പ്രമുഖ കളിക്കാർ ഈ പ്രദേശത്താണ് എന്നത് ഏറെ അഭിമാനകരമായ സംഗതിയാണ്. എന്നാൽ ഇന്ന് ഈ രംഗത്ത് നമ്മൾ ഏറെ പിന്നിലാണ്. നമ്മുടെ സ്കൂളുകൾ കായിക രംഗത്തിന് ഏറെ പ്രാധാന്യം കൊടുക്കുന്നില്ല എന്നത് വിമർശിക്കപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ തൊട്ടടുത്തുള്ള പാലാ ഹൈസ്കൂളും, കൊളക്കാട് സ്കൂളും നമ്മുടെ വിദ്യാലയങ്ങൾക്ക് മാതൃകയാവേണ്ടതാണ്.

ഇന്ന് നമ്മുടെ കുട്ടികൾക്കിടയിൽ പടർന്നു പിടിച്ചിരിക്കുന്നത് ക്രിക്കറ്റ് ജ്വരമാണ്. ക്രിക്കറ്റ് മോശമാണെന്ന അർത്ഥത്തിലല്ല ഇത് സൂചിപ്പിക്കുന്നത്. നമുക്ക് നമ്മുടെ സംസ്കാരവുമായി ബന്ധമുള്ള ചിലവു കുറഞ്ഞ വളരെയധികം കളികൾ ഉണ്ടായിരുന്നു. അതിലൊന്നും തീരെ താൽപര്യം കാണിക്കാതെ കുട്ടികൾ ക്രിക്കറ്റിലേക്ക് തിരിയുന്നത് ആശാസ്യമല്ല. ഗ്രാമ പ്രദേശങ്ങളിൽ നിലനിന്നിരുന്ന മിക്ക നാടൻ കളികളും അന്യം നിന്നുപോയിരിക്കുന്നു. കളിക്കാനുള്ള സൗകര്യപ്രദമായ കളിസ്ഥലങ്ങൾ മിക്ക പ്രദേശങ്ങളിലും ഇല്ല എന്നത് നമ്മുടെ ശ്രദ്ധയിൽ പെടേണ്ടതാണ്.

പേരാവൂർ ഗ്രാമ പഞ്ചായത്ത് ആരാധനാലയങ്ങളുടെ പേര് വിവരം

1. ശ്രീ മഹാവിഷ്ണു ക്ഷേത്രം, വെള്ളർവള്ളി
2. വൈരീ ഘാതക ഭഗവതി ക്ഷേത്രം, പുരളിമല
3. മഹാഗണപതീ ക്ഷേത്രം, തെരു
4. മഠപ്പുര (കുട്ടിച്ചാത്തൻ കണ്ടിക്കാവ്-വെള്ളർവള്ളി)
5. തെക്കേവീട്ടിൽ അനന്തൻ വീട് വക കാവ്-വെള്ളർവള്ളി
6. പുരളിമല മഠപ്പുര, മുരിങ്ങോടി
7. മുസ്ലീം പള്ളി, മേൽ മുരിങ്ങോടി
8. കൃസ്ത്യൻപള്ളി, മേൽ മുരിങ്ങോടി
9. ഞണ്ടാടികാവ്, മുരിങ്ങോടി
10. നെയ്യാമൃത് മഠം, മുരിങ്ങോടി
11. ജുമാ മസ്ജിദ്, മുരിങ്ങോടി
12. കൃസ്ത്യൻ കുരിശ്പള്ളി, പെരുമ്പുന്ന
13. ജുമാ മസ്ജിദ്-, പേരാവൂർ
14. മുസ്ലീം പള്ളി, ചെവിടിക്കുന്ന്
15. മൗണ്ട്കാർമൽ ആശ്രമം, പേരാവൂർ

16. ഭഗവതിക്കാവ് (മൂപ്പൻറവിട), കുനിത്തല
17. മങ്ങമുണ്ടക്കാവ്, കുനിത്തല
18. മഹാവിഷ്ണു ക്ഷേത്രം, തിരുവോണപ്പുറം
19. ശ്രീകൃഷ്ണക്ഷേത്രം, പേരാപ്പുർ
20. പോതിയോടത്ത്, തുണ്ടിയിൽ
21. ആശാരിക്കോവിൽ, തുണ്ടിയിൽ
22. കുട്ടിച്ചാത്തൻ കണ്ടി-മഠപ്പുര, തുണ്ടിയിൽ
23. സെൻറ് ജോസഫ് ഫെറോന ചർച്ച്, തുണ്ടിയിൽ
24. പുഴക്കൽ-മഠപ്പുര
25. സപ്തമാതൃപുരം ഭഗവതീക്ഷേത്രം, മണത്തണ
26. കുണ്ടേൻ ശ്രീ മഹാവിഷ്ണു ക്ഷേത്രം
27. പഴയമഠം, മണത്തണ
28. ചാത്തോത്ത് ഭഗവതിക്ഷേത്രം, മണത്തണ
29. കുളങ്ങരയത്ത് ക്ഷേത്രം, മണത്തണ
30. ഗണപതി കോവിൽ, മണത്തണ
31. കരിമ്പനക്കൽ ചാത്തോത്ത്, മണത്തണ
32. നഗരേശ്വരം ക്ഷേത്രം, മണത്തണ
33. മണത്തണ ഗോപുരം
34. മഠപ്പുരച്ചാൽ കപ്പേള
35. മാമൻകാവ്, വളയങ്ങാട്
36. മുസ്ലീം പള്ളി, വളയങ്ങാട്
37. ഗുളികൻകാവ്, വളയങ്ങാട്
38. മുസ്ലീംപള്ളി, നമ്പ്യോട്

സംസ്കാരം

വാർഡ്-1

1. വാർഡിൽ വായനശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പത്രം, മാസിക, ടി.വി., റേഡിയോ എന്നിവ ആവശ്യമായ തോതിൽ ലഭിക്കുന്നില്ല.
2. നിലവിലുള്ള ക്ലബ്ബുകൾക്ക് ആവശ്യമായ സഹായ സഹകരണം ലഭ്യമാക്കണം.
3. പൊതു കളിസ്ഥലം എല്ലാവാർഡിലും ആവശ്യമാണ് (നാടൻ കളികളിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്)
4. പുരളിമല, ടൂറിസ്റ്റ് സാംസ്കാരിക കേന്ദ്രങ്ങളായി ഉയർത്തിക്കൊണ്ടുവരിക.

വാർഡ്-2

1. ഗ്രാമീണ വായനശാലയിൽ ഉന്നത പഠനത്തിനാവശ്യമായ പുസ്തകങ്ങൾ, മറ്റു സംവിധാനങ്ങൾ ഉണ്ടാക്കുക.
2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കലാ-കായിക രംഗങ്ങളിൽ പ്രത്യേക പരിഗണന നൽകി, സാംസ്കാരിക നിലവാരം ഉയർത്താനുള്ള ക്ലാസ്സുകൾ നൽകുക.

വാർഡ്-3

1. നിരക്ഷരത കൂടുതലുള്ള പട്ടിക ജാതി വിഭാഗക്കാർ കൂടുതലുള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ച് "മുടിയൻ കുന്ന്, കരിമുരിക്ക്" ഭാഗത്ത് സൗജന്യമായി ലഭിച്ച 8 സെൻറ് സ്ഥലത്ത് വായനശാല സ്ഥാപിക്കുക.
2. മുരിങ്ങോടിയിൽ ബ്രിട്ടീഷുകാരുടെ കാലത്തുള്ള ഇടിഞ്ഞു പൊളിഞ്ഞ 'സത്രം' പഞ്ചായത്ത് ഏറ്റെടുത്ത്അവിടെ സാംസ്കാരിക നിലയവും ഒരു ഭാഗത്ത് അംഗൻവാടിയും സ്ഥാപിക്കുക.

വാർഡ്-4

1. വാർഡിലുള്ള വായനശാലകൾ വൈദ്യുതീകരിക്കുക. സ്ത്രീകളുടെ വായനാ ശീലം വർദ്ധിപ്പിക്കാൻ മഹിളാ സമാജങ്ങളിൽ ദിനപത്രങ്ങൾ ലഭ്യമാക്കുക, സാംസ്കാരിക നിലയം സ്ഥാപിക്കുക.

വാർഡ്-5

1. പേരാവൂർ ടൗണിൽ വായനശാല സ്ഥാപിക്കുക.

വാർഡ്-6

1. ഈ വാർഡിൽ ഉള്ള വായനശാലകൾ ഗ്രന്ഥാലയങ്ങൾ എന്നിവ തുറന്ന് പ്രവർത്തിപ്പിച്ച്, നിലവിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ വായനശാലയും ഗ്രന്ഥാലയവും സ്ഥാപിക്കുക.
2. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുക.

വാർഡ്-7

1. തുണ്ടിയിൽ ടൗണിൽ സാംസ്കാരിക നിലയം സ്ഥാപിക്കുക.
2. പഞ്ചായത്ത് തലത്തിൽ സാമൂഹ്യ, സാംസ്കാരിക നായകന്മാരെയും, കലാകാരന്മാരേയും പങ്കെടുപ്പിച്ച് കലാമേളകൾ സംഘടിപ്പിക്കുക.

വാർഡ്-8

1. പഞ്ചായത്ത് തലത്തിൽ പൊതു കായിക പരിശീലന കേന്ദ്രം ആരംഭിക്കുക.
2. കലാ സാംസ്കാരിക ശിൽപശാലകൾ സംഘടിപ്പിക്കുക.
3. സാംസ്കാരിക നിലയം ലൈബ്രറി, റേഡിയോ, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭ്യമാക്കുക.

വാർഡ്-9

1. വായനശാല, സാംസ്കാരിക നിലയം സ്ഥാപിക്കുക,
2. വളയങ്ങാട് കളിസ്ഥലം സ്ഥാപിക്കുക.
3. കാഞ്ഞിരപ്പുഴക്ക് സമീപം വായനശാല സ്ഥാപിക്കുക.

വാർഡ്-10

1. വാർഡിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന കലാ സാംസ്കാരിക സംഘടനകൾക്ക്, പഞ്ചായത്ത് കഴിയുന്ന സഹായ സഹകരണങ്ങൾ നൽകുക

പ്രശ്നങ്ങൾ - സാദ്ധ്യതകൾ

വായനശാലയും ഗ്രന്ഥാലയങ്ങളുമായി ബന്ധപ്പെട്ടത്:

1. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും വായനശാലകളും ഗ്രന്ഥാലയങ്ങളും ഇല്ല. ഇത്തരം പ്രദേശങ്ങളെ കണ്ടെത്തി വായനശാലകളും ഗ്രന്ഥാലയങ്ങളും സ്ഥാപിക്കണം.
2. ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള ഗ്രന്ഥാലയങ്ങളിൽ ആവശ്യത്തിനുള്ളതും, പുതിയ പുസ്തകങ്ങളുടെയും ദൗർലഭ്യം നിലനിൽക്കുന്നുണ്ട്. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.
3. മിക്ക വായനശാലകളും ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനങ്ങൾ നിലച്ചു പോയതിന്റെ കാരണം ആവശ്യത്തിന് ഫണ്ടില്ല എന്നതാണ്. ഗ്രന്ഥാലയത്തിന് ആവശ്യമായ ഫണ്ട് പഞ്ചായത്ത് നേരിട്ട് നൽകണം.
4. ജനങ്ങൾക്കിടയിൽ വായനാശീലം കുറവാണ്. വായനാശീലം വർദ്ധിപ്പിക്കാൻ ഗ്രന്ഥാലയങ്ങളുമായി ബന്ധപ്പെട്ട് സമഗ്രമായ പദ്ധതികൾ തയ്യാറാക്കണം.
5. കുട്ടികൾക്കായുള്ള ഒരു ഗ്രന്ഥാലയം പഞ്ചായത്തിൽ നില നിൽക്കുന്നില്ല. കുട്ടികൾക്കായുള്ള ഒരു ലൈബ്രറി പഞ്ചായത്തിൽ ആരംഭിക്കണം.
6. സ്ത്രീകൾക്കിടയിൽ വായനാശീലം വളരെ കുറവാണ്.
7. വായനശാലകൾക്കും ഗ്രന്ഥാലയങ്ങൾക്കും വൈദ്യുതി മറ്റ് ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യാൻ ശ്രമിക്കുക.
8. പൈങ്കിളി പ്രസിദ്ധീകരണങ്ങൾ വ്യാപകമായി പഞ്ചായത്തിൽ വായിക്കപ്പെടുന്നുണ്ട്. ഇത് സാംസ്കാരിക അപചയത്തിന് കളമൊരുക്കുന്നുണ്ട്.
9. സ്കൂളുകളിൽ ലൈബ്രറി സംവിധാനം വളരെ മോശമാണ്. സ്കൂളുകളിലെ ലൈബ്രറി സംവിധാനം മെച്ചപ്പെടുത്താൻ ശ്രമിക്കണം.

പ്രശ്നങ്ങൾ-സാദ്ധ്യതകൾ

കലാ സാംസ്കാരികസംഘടനകൾ

1. പഞ്ചായത്തിൽ കലാ-സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. കലാ സാംസ്കാരിക സംഘടനകൾക്ക് പ്രോത്സാഹനം നൽകുന്ന പ്രവർത്തനങ്ങൾ നടത്തണം.
2. നല്ല രീതിയിൽ പ്രവർത്തിക്കുന്ന കലാ-സാസംകാരിക സംഘടനകൾക്ക് പുരസ്കാരങ്ങൾ ഏർപ്പെടുത്താൻ പഞ്ചായത്തിന് കഴിയണം.
3. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കഴിയുന്ന ആരോഗ്യകരമായ മത്സരങ്ങൾ സംഘടിപ്പിക്കാൻ പഞ്ചായത്ത് തല സംവിധാനങ്ങൾ ഉണ്ടാകണം.

നാടൻകലകൾ

1. പഞ്ചായത്തിലെ നാടൻ കലാ രൂപങ്ങൾ [illegible]ിക്കുതും നശിച്ചു കൊണ്ടിരിക്കുകയാണ്. നാടൻ കലകൾ അന്യം നിന്നു പോകുന്നത് തടയാനും നമ്മുടെ നാടൻ കലാ പാരമ്പര്യം നിലനിർത്താനും പേരാവൂർ കേന്ദ്രമായി ഒരു നാടോടി കലാ കേന്ദ്രം സ്ഥാപിക്കണം.

കായികസംസ്കാരം

1. പഞ്ചായത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു പൊതുകളിസ്ഥലം ഇല്ല. ഇത് പരിഹരിക്കാൻ പഞ്ചായത്ത് സ്റ്റേഡിയം ഉണ്ടാവണം.
2. കായികതാരങ്ങൾക്ക് ആവശ്യമായ പരിശീലനം ഇന്ന് ലഭിക്കുന്നില്ല. നല്ല പരിശീലകന്മാരെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ വിവധ കോച്ചിംഗ് ക്യാമ്പുകൾ നടത്തണം.
3. പഞ്ചായത്ത് തലത്തിൽ നല്ല രീതിയിൽ കായിക മേളകൾ എല്ലാ വർഷവും സംഘടിപ്പിക്കണം.
4. കായിക ഇനങ്ങളിൽ മികവു കാണിക്കുന്ന ദരിദ്രരായ കുട്ടികളെ കണ്ടെത്തി അവർക്ക് പോഷകാഹാരം ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകുന്നതിന് സംവിധാനം ഉണ്ടാകണം.
5. കുട്ടികളുടെ ഒരു പാർക്ക് നിർമ്മിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

കോർഗ്രൂപ്പിൽ പങ്കെടുത്തവർ

1. എം. സുനിൽ കുമാർ
2. വി. ബാബുമാസ്റ്റർ
3. കെ.വി. രാജീവൻ
4. ജോയിച്ചൻ. കെ.സി.
5. കെ. എം. വിജയൻ

വനിത

ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായും ജന്മിത്തത്തിനെതിരായും നടന്ന സമരങ്ങളിൽ ഈ പഞ്ചായത്തിലെ മഹിളകൾ സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. അതിൽ ശ്രീമതി പാലോറാൻമാത എന്നവരുടെ പേർ അവിസ്മരണീയമാണ്. ഈ നൂറ്റാണ്ടിന്റെ ആദ്യ കാലത്ത് വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായിരുന്നു. സ്ത്രീ വിദ്യാഭ്യാസത്തിന്ന് പ്രോത്സാഹനം ലഭിച്ചത് 1940 കളിലെ കർഷക സമരങ്ങളേയും കുടിയേറ്റക്കാരുടെ വരവോടെയുമാണ്. ഭൂവുടമ സമ്പ്രദായത്തിൽ വന്ന മാറ്റ് സ്ത്രീകളുടെ പദവി ഉയർത്താൻ കുറെയധികം സഹായകമായിട്ടുണ്ട്.

കായിക രംഗത്ത് അന്തർദ്ദേശീയ തലത്തിൽ അറിയപ്പെടുന്ന ഇന്ത്യൻ വോളിബോൾ ടീം ക്യാപ്റ്റൻ ശ്രീമതി സലോമി സേവ്യർ, അറ്റ്ലറ്റിക്സിൽ ദേശീയ താരങ്ങളായ കെ. പ്രമീള, കെ.കെ. മിനി എന്നിവർ ഈ പഞ്ചായത്തിന്റെ അഭിമാനഭാജനങ്ങളാണ്.

പൊതുരംഗത്ത് സ്ത്രീകളുടെ പ്രവർത്തനം വളരെ കുറവാണ്. 20 അങ്കൺവാടികൾ കേന്ദ്രീകരിച്ച് മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം അഭിവൃദ്ധിപ്പെടേണ്ടതുണ്ട്. ജനാധിപത്യ മഹിളാ അസോസിയേഷന്റെ വില്ലേജ് കമ്മിറ്റി സാമാന്യം നന്നായി പ്രവർത്തിക്കുന്നുണ്ട്.

തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് ഗണ്യമായ പങ്കുണ്ട്. അദ്ധ്യാപന രംഗത്ത് സ്ത്രീകളാണ് കൂടുതൽ. കർഷകതൊഴിലാളികളിലും നിർമ്മാണതൊഴിലാളികളിലും നല്ലൊരു പങ്ക് സ്ത്രീകളാണ്. എന്നാൽ കൂലി നിരക്ക് പുരുഷന്മാരേക്കാൾ കുറവാണ്.

വിവിധമേഖലകളിലെ തൊഴിൽ പങ്കാളിത്തം

തൊഴിൽമേഖല	*സ്ത്രീകൾ*	*കൂലിനിരക്ക്*
സർക്കാർ മേഖല	169	-
അർദ്ധസർക്കാർ	38	-
കർഷകതൊഴിലാളി	490	35
നിർമ്മാണതൊഴിലാളി	760	55
ബീഡി	20	30
കൈത്തൊഴിൽ	60	30
ഖാദിയൂണിറ്റ്	53	13
ടൈലറിംഗ്	96	30
പ്രിൻറിംഗ് പ്രസ്	10	30
ആധാരമെഴുത്ത്	12	30

വൈദ്യശുശ്രൂഷാ രംഗത്ത് പ്രശസ്ത സേവനം നടത്തുന്ന സ്ത്രീകളും ഈ പഞ്ചായത്തിലുണ്ട്. വനിതകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനകളും കൂടുതൽ സജ്ജമാകേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ സ്ത്രീകളുടെ ജനസംഖ്യാനുപാതം 1991 ലെ സെൻസസനുസരിച്ച് 50.28% ആണ്. പട്ടികജാതിയിൽപെട്ട സ്ത്രീകളുടെ ജനസംഖ്യാനിരക്ക് 45.91% ആണ്. പട്ടിക വർഗ്ഗത്തിൽ പെട്ട സ്ത്രീകളുടെ ജനസംഖ്യാനിരക്ക് 50.86% ആണ്. പട്ടികജാതിയിൽ പെട്ടവരുടെ നിരക്ക് പുരുഷന്മാരേക്കാളും കുറയാൻ കാരണം കുടിയേറ്റവും മറ്റു സ്ഥലങ്ങളിലേക്കുള്ള മാറിത്താമസവും കാരണമാകാം.

പ്രശ്നങ്ങൾ

1. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്.
2. വ്യാവസായിക, സ്വയം തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് വേണ്ടത്ര പ്രാതിനിധ്യം ലഭിക്കുന്നില്ല.
3. സ്ത്രീകളുടെ തൊഴിൽ സംരഭങ്ങളും വളർത്തിയെടുക്കാനുള്ള ശ്രമങ്ങളും വളരെ കുറവാണ്.
4. സ്ത്രീകൾക്ക് പുരുഷന്മാർക്ക് തുല്യമായ കൂലി മിക്ക മേഖലയിലും ലഭിക്കുന്നില്ല.
5. സ്ത്രീകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഒരു രംഗത്തും ലഭിക്കുന്നില്ല.
6. സ്ത്രീകൾ തങ്ങളുടെ അവകാശങ്ങളെക്കുറിച്ചു ബോധവതികളല്ല.
7. സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനുള്ള സംരഭങ്ങളും ഇല്ല.

നിർദ്ദേശങ്ങൾ

1. വാർഡുകളും തോറും മഹിളാ സമാജങ്ങളും രൂപീകരിച്ച് പ്രവർത്തനം ചിട്ടപ്പെടുത്തുക.
2. വനിതകൾക്കു നേരെയുള്ള അതിക്രമങ്ങളെ നേരിടാനുള്ള നിയമങ്ങളും കർക്കശമാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.
3. അശ്ലീല പോസ്റ്ററുകളും നിരോധിക്കുക.
4. വ്യാജവാറ്റ്, ചൂതാട്ടം, മദ്യപാനം മുതലായ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുക.
5. സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുക.
6. നിർദ്ധനരായ യുവതികളുടെ വിവാഹത്തിന്ന് ഒരു സഹായ ഫണ്ട് രൂപീകരിക്കുക.
7. വനിതകൾക്ക് പൊതു സ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള മൂത്രപ്പുരയും, കക്കൂസും നിർമ്മിക്കുക.
8. സ്ത്രീകൾക്ക് തൊഴിൽ പരിശീലന [illegible]ങ്ങൾ തുടങ്ങുക.
9. സ്കൂളുകളിലെ പാഠ്യേതര മേഖലയിൽ പെൺകുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കാൻ പ്രത്യേക പരിപാടികൾ ആരംഭിക്കുക.
10. അർഹരായ സ്ത്രീകൾക്ക് വിധവാ പെൻഷൻ വാർദ്ധക്യകാല പെൻഷൻ മുതലായവ കിട്ടാൻ നടപടി സ്വീകരിക്കുക.
11. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.
12. മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും പോഷകാഹാരപദ്ധതി പ്രാവർത്തികമാക്കുക.
13. കലാ കായിക രംഗത്ത് വളർന്നുവരുന്ന സ്ത്രീ പ്രതിഭകൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുക.
14. ഭീകര രോഗങ്ങൾക്കെതിരെയുള്ള ബോധവൽകരണ ക്ലാസ്സുകൾ വ്യാപകമായി സംഘടിപ്പിക്കുക.
15. മത്സര പരീക്ഷകളിൽ വനിതകളെ സജ്ജരാക്കാനുള്ള കോച്ചിംഗ് സെൻററുകൾ ആരംഭിക്കുക.
16. സ്വയം തൊഴിൽ പദ്ധതിയിൽ സ്ത്രീകൾക്ക് പറ്റിയ മേഖലകൾ കൂടുതൽ കണ്ടെത്തി നടപ്പിലാക്കുക.
17. സാംസ്കാരിക മൂല്യങ്ങൾ വളർത്താനുതകുന്ന പരിപാടികൾ സ്ത്രീകൾക്കുവേണ്ടി സംഘടിപ്പിക്കുക. ●

സഹകരണം



ഒറ്റപ്പെട്ടു നിന്നിരുന്ന കർഷകരുടെ ഇടയിലാണു സംഘബോധത്തിന്റെ ആശയം ആദ്യമായി ഉരുത്തിരിഞ്ഞത്. കർഷകർ കൊല്ലത്തിൽ രണ്ട് പ്രാവശ്യം കന്നിമാസത്തിലും മകര മാസത്തിലും നെല്ല് നിശ്ചിത അളവിൽ ഓരോരുത്തരും വിഹിതമായെടുത്തുകൊണ്ട് നെല്ല് കുറി എന്ന സമ്പ്രദായം തുടർന്നുപോന്നു. അംഗങ്ങളിൽ നറുക്ക് വീഴുന്ന ആളുടെ വീട്ടിൽ നെല്ലളവും ഇതിന്റെ ഭാഗമായി സദ്യയും പതിവായിരുന്നു. ഇതോടൊപ്പം ആവശ്യക്കാരന് നെല്ല് വായ്പയായി കൊടുക്കുകയും, വായ്പ കൊടുക്കുന്ന നെല്ലിന്റെ അളവനുസരിച്ച് "പൊലു" (പലിശ) യോടുകൂടി തിരിച്ചു കൊടുക്കുന്ന വ്യവസ്ഥയും ഉണ്ടായിരുന്നു. സഹകരണ പ്രസ്ഥാനത്തിന്റെ ആദ്യപടിയാണ് ഇതെന്നു പറയാം. 1948 കാലഘട്ടത്തിൽ ഭക്ഷ്യക്ഷാമം കൊടുംപിരി കൊണ്ടപ്പോൾ റേഷൻ ഷാപ്പുകളിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം എന്ന നിലതിൽ സൊസൈറ്റികൾ രൂപീകരിച്ചതിന്റെ ഭാഗമായി ഇരിട്ടി പി.സി.സി. സൊസൈറ്റിയുടെ പ്രവർത്തനം നിലവിൽ വന്നു. ഇത് ജനങ്ങൾക്ക് വളരെ ആശ്വാസകരമായിരുന്നു. ഗുണപരമല്ലെങ്കിലും ചില സ്വകാര്യ വ്യക്തികൾ പണമിടപാട് നടത്തിയിരുന്നു.

കർഷകരെയും സാധാരണക്കാരേയും കടബാധ്യതയിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി ഗവൺമെൻറ് രൂപം കൊടുത്ത സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ മണത്തണയിൽ 1951 - ലാണു പരസ്പര സഹായ സഹകരണ സംഘം തുടങ്ങുന്നത്.

തുടർന്നു 1952-ൽ തുണ്ടിയിൽ, വേക്കളം സർവ്വീസ് സൊസൈറ്റിയും രൂപീകരിച്ചു. കേരള കോ-ഓപ്പറേറ്റീവ് ആക്ട് അനുസരിച്ച് 1964-ൽ ഈ രണ്ട് സർവ്വീസ് സംഘങ്ങളും സർവ്വീസ് ബാങ്കായി രൂപാന്തരം പ്രാപിച്ചു. 1969-ൽ പേരാവൂർ സഹകരണ അർബ്ബൻ ബാങ്ക് നിലവിൽ വന്നു. കാർഷിക മേഖലയിൽ ഈ ബാങ്കുകൾ ആശ്വാസമാണെങ്കിലും അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും അംഗത്വമോ, വായ്പയോ ലഭിക്കുന്നില്ല എന്ന പരാതിയും വ്യാപകമായി നിലവിലുണ്ട്.

പഞ്ചായത്തിൽ വിവിധ മേഖലകളിലായി 1951 മുതൽ 23 സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. ഇതിൽ 2 എണ്ണം ഒഴികെ മറ്റുള്ളവ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ മേഖലയിൽ 58 ജീവനക്കാർ പണിയെടുക്കുന്നുണ്ട്. കാർഷികരംഗത്ത് തുണ്ടിയിൽ, മണത്തണ എന്നീ സർവ്വീസ് സഹകരണ സംഘങ്ങൾ സ്തുത്യർഹമായ നിലയിൽ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിൽ നാല് സ്കൂൾ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. വിദ്യാർത്ഥികൾക്കുള്ള നോട്ട്ബുക്ക്, ടെക്സ്റ്റ് ബുക്ക് എന്നിവയുടെ വിതരണത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. വിദ്യാർത്ഥികൾക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ കൂടി വിതരണം ചെയ്യാൻ സ്കൂൾ സഹകരണ സംഘങ്ങൾ കാര്യക്ഷമമാക്കിയിട്ടില്ല. പഞ്ചായത്തിൽ ആകെ രണ്ട് ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിൽ പേരാവൂർ ക്ഷീര വ്യവസായ സംഘം

1977-ൽ ആരംഭിച്ച് പഞ്ചായത്തിൽ വെള്ളർവള്ളി ഒഴികെയുള്ള വാർഡുകൾ ഉൾപ്പെടുത്തി നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

വെള്ളർ വള്ളി സഹകരണസംഘം വെള്ളർവള്ളി പ്രദേശത്ത് മാത്രം ഒതുങ്ങി പ്രവർത്തിക്കുന്നു. രണ്ട് സംഘങ്ങളും പഞ്ചായത്തിൽ ദിവസേന ആയിരത്തിലേഴെ ലിറ്റർ പാൽ സംഭരിച്ച് വിതരണം നടത്തുന്നുണ്ട്. കൂടാതെ സംഘത്തിന്റെ കീഴിൽ മൂന്നു പാലുല്പന്ന നിർമ്മാണ യൂനിറ്റുകളും നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അതിനാൽ 12 വനിതകൾക്ക് ജോലി നൽകാൻ സാധിച്ചിട്ടുണ്ട്. പാൽ ഉൽപാദകർക്ക് ആവശ്യത്തിനു കാലിത്തീറ്റ വിതരണം ചെയ്യാനും സംഘങ്ങൾക്ക് സാധിക്കുന്നുണ്ട് ഖാദി ഗ്രാമ വ്യവസായ സംഘവും സെറി-കൾച്ചർ സഹകരണസംഘവും പ്രവർത്തന രഹിതമാണ്. രണ്ട് വനിതാ സഹകരണ സംഘങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്.

പേരാവൂർ ഹൗസ്-ബിൽഡിംഗ് സൊസൈറ്റി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതിനാൽ പുതുതായി വീട് നിർമ്മിക്കുന്നവർക്ക് വളരെ ആശ്വാസമാണ്. കാർഷിക മേഖലയിലല്ലെങ്കിലും സാധാരണക്കാരന് ആശ്വാസം നൽകാൻ ഏറെ ഉപകാരപ്പെടുന്നത് പേരാവൂർ കോ-ഓപ്. അർബ്ബൻ ബേങ്കാണ്. അർബ്ബൻ ബേങ്കിന്റെ സായാഹ്ന ശാഖ കർഷകർക്കും കർഷക തൊഴിലാളികൾക്കും, പൊതുവെയും മറ്റ് രംഗങ്ങളിലുള്ളവർക്ക് പ്രത്യേകിച്ചും പണമിടപാടുകൾക്ക് വളരെ ആശ്വാസകരമായിട്ടുണ്ട്.

തേനീച്ച വളർത്തുകാർക്ക് ഏറ്റവും ആശ്വാസകരമായി പ്രവർത്തിച്ചിരുന്ന പെരുമ്പുന്ന ബീ-കീപ്പേർസ് സൊസൈറ്റിയുടെ പ്രവർത്തനം തേൻ കിട്ടാത്തതിനാൽ ഇന്ന് പ്രതിസന്ധി നേരിടുന്നു.

ഉത്പാദകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാത്തത് സൊസൈറ്റിയുടെ തകർച്ചയ്ക്കു കാരണമായി തീർന്നിട്ടുണ്ട്.

റബ്ബർ കാർഷികമേഖല എന്ന നിലയിൽ റബ്ബർ ഉത്പാദകർക്ക് ഏറ്റവും ആശ്വാസം നൽകാൻ സർവ്വീസ് സഹകരണ രംഗത്തുള്ള റബ്ബർ ശേഖരണ സംഘം ഉപകാരപ്രദമായി തീർന്നിട്ടുണ്ട്. ജില്ലാ കർഷിക വികസിത ബേങ്കിന്റെ ശാഖയും സഹകരണരംഗത്ത് മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നവയാണ്.

ക്രെഡിറ്റ് സംഘങ്ങൾ

കാർഷികമേഖല: ഹ്രസ്വകാല കാർഷിക കാർഷികേതര വായ്പകളാണ് പഞ്ചായത്തിലെ രണ്ട് സഹകരണ ബേങ്കുകളും മുഖ്യമായും വിതരണം ചെയ്യുന്നത്.

1. മണത്തണ സർവ്വീസ് സഹകരണബേങ്ക്:

കാർഷിക വായ്പയാണ് മണത്തണ ബേങ്കിൽ നിന്നും ഏറ്റവും കൂടുതലായി നല്കി വരുന്നത്. ഇതിൽ മൂന്നിനത്തിലുള്ള വായ്പകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഹ്രസ്വകാലം, മദ്ധ്യകാലം, ദീർഘകാലം എന്നീ ഇനങ്ങളാണ്. കാർഷിക വായ്പയിൽ ഹ്രസ്വകാല വായ്പയിൻമേലാണ് ഈ ബേങ്കിൽ നിന്നും ഏറ്റവും കൂടുതൽ തുക നല്കി വരുന്നത്. (പട്ടിക I കാണുക) മൊത്തം നല്കി വരുന്ന കാർഷിക വായ്പയുടെ 81% ഹ്രസ്വകാല വായ്പയാണ്.

പട്ടിക I

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തന വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഒരു ഓഹരി Rs.	അംഗീകൃത ഓഹരി മൂലധനം Rs.	സർക്കാർ ഓഹരി ഉണ്ടോ	ഉണ്ടെങ്കിൽ ലഭിച്ച തുക Rs.	കടം Rs.	നിക്ഷേപം Rs.	വായ്പകൾ		വായ് പകൾ Rs.
											കാർഷികം Rs.	കാർഷികേതരം Rs.	
1.	മണത്തണ സർവ്വീസ് സഹകരണ ബേങ്ക്	1951	മണത്തണ വില്ലേജ്, കണിച്ചാർ വില്ലേജിന്റെ ഒരു ഭാഗം	4420	10	15,10,000	ഉണ്ട്	1,77,500	15,28,9611	1,48,58,174	1,19,39,239	1,31,97,513	38,08,384
2.	തൊണ്ടിയിൽ സർവ്വീസ്	1952	വേക്കളം വില്ലേജിൽ വേക്കളം ദേശം വെള്ളർവള്ളി വില്ലേജിൽ തുണ്ടി - കുനിത്തല, തിരുവോണപ്രദേശങ്ങൾ	4021	25	19,60,000	ഉണ്ട്	1,00,000	1,50,000	1,62,74,810	1,15,04,245	1,46,20,226	45,68,033

മറ്റ് വായ്പാ ഇനങ്ങളിൽ സ്വർണ്ണപണയ വായ്പയാണ് മുഖ്യം. കൂടാതെ I.R.D.P. വായ്പയും ഈ ബേങ്ക് വഴി നല്കി വരുന്നുണ്ട്. പേരാവൂർ ഗ്രാമ പഞ്ചായത്തിന്റെ ചില പ്രദേശങ്ങൾ മാത്രമെ ഈ ബേങ്കിന്റെ പ്രവർത്തന പരിധിയിൽ

പെടുന്നുള്ളൂ. ഇതിനാൽ കർഷകരുടെ ആവശ്യങ്ങൾ യഥാവിധി നിർവ്വഹിക്കാൻ ഈ ബേങ്കിനു കഴിയുന്നില്ല. ഇതിന്റെ പ്രവർത്തന പരിധി വിപുലപ്പെടുത്തിയാൽ കൂടുതൽ കർഷകർക്ക് ഈ ബേങ്ക് ഒരു അനുഗ്രഹമായി മാറ്റുവാൻ കഴിയും.

കാർഷികേതര ബേങ്കുകൾ

കാർഷികേതര വായ്പകൾ ലഭ്യമാകുന്ന പ്രധാന ബേങ്ക് അർബ്ബൻ ബേങ്ക് ആണ്. പേരാവൂർ വികസന ബ്ലോക്ക് പ്രവർത്തന പരിധിയായുള്ള ഈ ബേങ്കിൽ 6,000 ന് മുകളിൽ അംഗങ്ങളുണ്ട്. കാർഷികേതര വായ്പ നൽകി വരുന്ന ഈ ബേങ്കിൽ നിന്നും പ്രധാനമായും സ്വർണ്ണ പണയ വായ്പയാണ് നല്കുന്നത്. കൂടാതെ, വ്യാവസായിക ആവശ്യത്തിനുള്ള ലോണും മറ്റ് തലങ്ങളിലുമായി ധാരാളം വായ്പകൾ നല്കി വരുന്നുണ്ട്.

ഇതിന്റെ സായാഹ്ന ശാഖ വഴിയും കച്ചവടക്കാർക്കും മറ്റ് തലത്തിൽ പ്രവർത്തിക്കുന്ന ആളുകൾക്കും ഉപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വ്യക്തിഗത ലോണുകൾ വഴി വായ്പയും അതുപോലെ സ്വർണ്ണപണയ വായ്പയും തിരിച്ചടവ് വരാത്തതിനാൽ ബേങ്കിന്റെ പ്രവർത്തനത്തിന് തടസ്സം നില്ക്കുന്ന ഘടകങ്ങളാണ്. ഇരിട്ടി പബ്ലിക് സർവെന്റ്സ് കോ-ഓപ്പ് സൊസൈറ്റി വഴി ഈ മേഖലയിലെ സർക്കാർ ജീവനക്കാർക്ക് ലോണുകൾ ലഭിക്കുകയും കൂടാതെ ഡെപ്പോസിറ്റു സ്വീകരിക്കുകയും ചെയ്യുന്നു. രണ്ട് വനിതാ സൊസൈറ്റികൾ വഴിയും വായ്പകൾ ലഭിക്കുന്നുണ്ട്.

പട്ടിക II

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തന വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഒരു ഓഹരി വില	അംഗീകൃത ഓഹരി മൂലധനം	സർക്കാർ ഓഹരി ഉണ്ടോ	ഉണ്ടെങ്കിൽ ലഭിച്ചതുക	കടം	നിക്ഷേപം	വായ്പകൾ		വായ് പകൾ
											കാർഷികം	കാർഷികേതരം	
					Rs.	Rs.		Rs.	Rs.	Rs.	Rs.	Rs.	Rs.
1.	പേരാവൂർ കോ-ഓപ്പ് അർബ്ബൻ ബാങ്ക്	1969	പേരാവൂർ വികസന ബ്ലോക്ക്	6877	10	25,00,000	ഇല്ല	-	-	2,27,58,266	-	1,52,22,775	31,96,210
2.	ദി ഇരിട്ടി പബ്ലിക് സർവ്വൻറസ് കോ. ഓപ്പ്. സൊസൈറ്റി	1976	പേരാവൂർ ബ്ലോക്കും ആറളം, പായം കിഴൂർ, അയർകുന്നു പഞ്ചായത്തുകൾ	533	503	11,20,000	ഉണ്ട്	15,000	-	13,43,300	-	12,95,000	90,000
3.	പേരാവൂർ പഞ്ചായത്ത് വനിതാ സഹകരണ സംഘം	1992	പേരാവൂർ പഞ്ചായത്ത്	350	253	2,80,000	ഉണ്ട്	25,000	-	23,07,720	-	7,75,000	45,450
4.	തൊണ്ടിയിൽ വനിതാ സഹകരണ സംഘം	1992	പേരാവൂർ പഞ്ചായത്ത്	336	503	2,80,000	-	-	1,00,000	46,54,804	-	6,68,725	84,500

നോൺ ക്രെഡിറ്റ് വിഭാഗം

ഒമ്പതോളം നോൺ - ക്രെഡിറ്റ് സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിൽ പ്രധാനപ്പെട്ടത് പേരാവൂർ ഹൗസ് ബിൽഡിംഗ് സൊസൈറ്റിയാണ്. ഇതിലൂടെ ദുർബ്ബല വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുവാൻ വേണ്ട സഹായങ്ങൾ ലഭിക്കുന്നുണ്ട്. അതുപോലെ ക്ഷീര വ്യവസായ സഹകരണ സംഘങ്ങളും, റബ്ബർ മാറ്റിംഗ് സൊസൈറ്റിയും, ബീ-കീപ്പേർസ് സൊസൈറ്റിയും വിവിധ സ്കൂൾ സൊസൈറ്റികളും സ്തുത്യർഹമായ പ്രവർത്തനം നടത്തുന്നുണ്ട്.

പട്ടിക III Non Credit

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തന വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഒരു ഓഹരി വില	അംഗീകൃത മൂലധനം	സർക്കാർ ഓഹരി ഉണ്ടോ	ഉണ്ടെങ്കിൽ തുക	കടം
1.	പേരാവൂർ കോ-ഓപ്പ് മാർക്കറ്റിംഗ് സൊസൈറ്റി	1993	പേരാവൂർ വികസന ബ്ലോക്ക്	723	50 രൂപ	31,00,000	ഉണ്ട്	2,00,000	3,00,000
2.	പേരാവൂർ കോ-ഓപ്പ് ഹൗസ് ബിൽഡിംഗ് സൊസൈറ്റി	1986	മുഴക്കുന്ന്, പേരാവൂർ, കേളകം, കൊട്ടിയൂർ, കോളയാട് പഞ്ചായത്ത്	830	110 രൂപ	75,00,000	ഉണ്ട്	10,00,000	1,06,95,900
3.	പേരാവൂർ ബീ കീപ്പേർസ് ഇൻഡസ്ട്രിയൽ സൊസൈറ്റി	1980	പേരാവൂർ പഞ്ചായത്ത് കണിച്ചാർ പഞ്ചായത്ത് Ward - I.	110	100 രൂപ	49,000	-		46,000
4.	പേരാവൂർ ക്ഷീര വ്യവസായ സഹകരണ സംഘം	1977	1976 ലെ II, IV വാർഡുകൾ	685	10 രൂപ	10,000	-	-	-
5.	വെള്ളർവെള്ളി ക്ഷീര സഹകരണ സംഘം	1990	വെള്ളർവള്ളി	218	10 രൂപ	-	-	-	-
6.	മണത്തണ ഹയർ സെക്കൻററി സ്കൂൾ സഹകരണ സംഘം	1976							
7.	സെൻറ് ജോസഫ് ഹൈസ്കൂൾ സഹകരണ സംഘം	1976							
8.	പേരാവൂർ എം.പി. യു.പി. സ്കൂൾ സഹകരണസംഘം	1976							
9.	സെൻറ് ജോൺസ് യു.പി. സ്കൂൾ സഹകരണ സംഘം	1976 1976							

പ്രശ്നങ്ങൾ

1. പദ്ധതികൾ തുടങ്ങുന്നതിന് ഊർജ്ജ ലഭ്യതയുടെ പ്രശ്നം നിലനിൽക്കുന്നു.
2. ഓരോ സാങ്കേതിക കാരണങ്ങൾ സഹകരണ മേഖല തുടങ്ങുന്നതിന് തടസ്സം നിൽക്കുന്നു. ഉദാഹരണം: വായ്പ കിട്ടുന്നതിനുള്ള പ്രയാസം, സാങ്കേതിക വിദഗ്ധരുടെ അഭാവം.
3. വൻ കമ്പനികൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന വസ്തുക്കളോട് മത്സരിച്ച് വിപണി കണ്ടെത്തുന്നതിനുള്ള പ്രയാസം.
4. തേനീച്ച രോഗം കാരണം ഈച്ചകൾ ചത്തൊടുങ്ങുന്നു. രോഗം നിയന്ത്രിക്കുവാനുള്ള സംവിധാനമില്ല.
5. തേൻ വില്ക്കുന്നതിന് പിപണിയില്ലാത്ത വ്യവസായ വളർച്ചയെ ബാധിക്കുന്നു.
6. ആവശ്യത്തിനനുസരിച്ച് പാലിന്റെ ഉൽപാദനം ഉണ്ടാവുന്നില്ല.
7. സ്കൂൾ സൊസൈറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ആവശ്യത്തിന് ഗ്രാൻറ് നൽകുന്ന സംവിധാനമില്ല.
8. പ്രയിമറി സംഘങ്ങൾ കാലാകാലങ്ങളിൽ വിതരണം ചെയ്യുന്ന വായ്പ ജനങ്ങൾ യഥാവസരം അറിയുന്നില്ല.
9. വായ്പാ നിബന്ധനകൾ സങ്കീർണ്ണമായതിനാൽ സാധാരണക്കാർ വായ്പ കിട്ടാതെ വിഷമിക്കുന്നു.
10. അഭ്യസ്ഥ വിദ്യർക്ക് സ്വയം തൊഴിൽ ലഭിക്കുന്നതിന്

കൊടുക്കുന്ന വായ്പ പലപ്പോഴും അർഹരായവർക്ക് ലഭിക്കുന്നില്ല.

11. നിർദ്ദേശിക്കുന്ന ആവശ്യത്തിന് വായ്പാ തുക ഉപയോഗിക്കാത്തതിനാൽ തിരിച്ചടവിന് പ്രയാസം നേരിടുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ സഹകരണ മേഖലയിൽ ബീഡി, തീപ്പെട്ടി എന്നിവ നിർമ്മിക്കുന്ന യൂനിറ്റുകൾ ആരംഭിക്കണം.
2. വീട് നിർമ്മാണ സാമഗ്രികളുടെ വിതരണ സഹകരണ യൂനിറ്റ് ആരംഭിക്കണം.
3. കൈത്തറി സഹകരണ സംഘം രൂപീകരിക്കുക.
4. സഹകരണ കോളേജ് സ്ഥാപിക്കുക.
5. വെയിപ്പർ ബാഗ്, റബ്ബർ ബാൻറ് തുടങ്ങിയവയുടെ നിർമ്മാണത്തിന് പരിശീലനം നൽകുകയും, വീടുകളിൽ നിർമ്മിച്ച് സഹകരണാടിസ്ഥാനത്തിൽ ഇതിന് വിപണി കണ്ടെത്തുക.
6. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ കേന്ദ്രം സഹകരണ മേഖലയിൽ തുടങ്ങുക.
7. പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിന് ഒരു സഹകരണ സ്റ്റോർ അനുവദിക്കുക.
8. സോപ്പ് നിർമ്മാണം, കുട, നോട്ട്ബുക്ക്, പോളിത്തീൻ ബാഗ് എന്നിവയുടെ നിർമ്മാണ യൂനിറ്റ് സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.
9. പഞ്ചായത്തിൽ ഒരു സഹകരണ ഹോസ്പിറ്റലും, ഒരു ആംബുലൻസ് സർവ്വീസും തുടങ്ങുക.
10. ചെങ്കൽ വ്യവസായ തൊഴിലാളികളെ അംഗങ്ങളാക്കി ഈ മേഖലയിൽ വെട്ട് കല്ലുല്പാദനവും, വിപണനവും നടത്തുന്നതിന് വേണ്ടി ചെങ്കൽ വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.
11. സഹകരണാടിസ്ഥാനത്തിൽ ഒരു ചെറിയ നിർമ്മാണ യൂനിറ്റ് ആരംഭിക്കുക.
12. ചെറുകിട കാലിത്തീറ്റ ഫാക്ടറി സഹകരണ മേഖലയിൽ നിർമ്മിക്കുക.
13. കൃഷിക്കാർക്ക് സഹകരണാടിസ്ഥാനത്തിൽ പവർ ടില്ലർ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
14. സഹകരണ മേഖലയിൽ ചെമ്പനടക്കാ സംസ്കരണ യൂനിറ്റ് രൂപീകരിക്കുക.
15. സഹകരണാടിസ്ഥാനത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കുക.
16. കോഴി, പശു എന്നിവയെ വളർത്തുന്നതിന് ഒരു ഗ്രൂപ്പ് സൊസൈറ്റി ഉണ്ടാക്കുക.

പട്ടികജാതി–പട്ടികവർഗ്ഗക്ഷേമം



പഞ്ചായത്തിൽ മൊത്തം 20,618 ജനസംഖ്യയാണുള്ളത്. (1991 സെൻസസ് റിപ്പോർട്ട്) ഇതിൽ 318 പട്ടിക ജാതി കുടുംബങ്ങളും, 755 പട്ടികവർഗ്ഗ കുടുംബങ്ങളും താമസിച്ചുവരുന്നു. പേരാവൂർ ഗാന്ധി ബ്ലോക്ക് പരിധിയിൽ വരുന്നതാണ് പേരാവൂർ പഞ്ചായത്ത്. വിശദവിവരങ്ങൾ പട്ടിക I ൽ ചേർക്കുന്നു.

പട്ടിക I

ക്രമ നമ്പർ	വാർഡ്	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1.	I	കോട്ടക്കുളം	5	21
2.	I	തെക്കേക്കര കോളനി	3	13
3	II	മേൽമുരിങ്ങോടി - അടിയാൻ	15	65
4.	II	പാറങ്ങോട്	20	125
5	III	കളക്കടുംബ്	21	97
6	IV	എടപ്പാറ	20	118
7	VI	കുനിത്തല (ഒറ്റപ്പെട്ടത്)	2	10
8	VI	വെള്ളായി	5	12
9	VIII	കല്ലടി (എഴുതികൊടുത്തത്)	3	8
10	IX	കുണ്ടോൻകാവ്	10	54
11	IX	ചുണ്ടക്കാട്	3	11
12	IX	മടപ്പുരചാൽ (ഒറ്റപ്പെട്ടത്)	1	3
13	IX	വളയങ്ങാട് (മൂന്നു കുടുംബം)	2	9
14	IX	കൊട്ടംചുരം	5	30
15	X	കോട്ടക്കുന്ന്	3	17
16	X	ആക്കത്താഴ	13	94
17	X	കാക്കേനി	8	48
18	X	കോട്ടക്കുന്ന് - ആയോത്തുംചാൽ	10	41

അവലംബം സെക്കൻറി ഡാറ്റ

വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി പട്ടിക ജാതി വിഭാഗങ്ങളും മുൻകാലങ്ങളേക്കാളും വളരെ പുരോഗതി നേടിയിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം വളരെയധികം പിന്നോക്കമാണ്. നേരത്തെ ഉണ്ടായിരുന്ന ട്രൈബൽ സ്കൂളിൽ നാല്പതോളം പേർ വർഷാവർഷങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയിട്ടുണ്ടായിരുന്നു. പ്രസ്തുത സ്കൂൾ പഞ്ചായത്ത് പരിധിയിൽ നിന്നു മാറ്റപ്പെട്ടപ്പോൾ ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾ എസ്. എസ്. എൽ. സി. നിലവാരത്തിലെത്തുന്നത് വിരളമാണ്. പട്ടിക II കാണുക.

വാർഡ്	കോളനിയുടെ പേര്	അംഗങ്ങളുടെ എണ്ണം	L.P.	U.P.	H.S.	കോളേജ് വിദ്യാഭ്യാസം	ജോലി
I	കോട്ടക്കുളം	21	10	4	1	-	-
I	തെക്കേക്കര കോളനി	13	2	1	-	-	-
II	മേൽമുരിങ്ങോടി - (അടിയാൻ)	65	19	15	18	1	13
II	പാറങ്ങോട്	125	38	6	1	-	-
III	കളക്കുടുംബ്	97	23	25	-	-	-
IV	എടപ്പാറ	118	40	11	4	-	-
VI	കുനിത്തല - (ഒറ്റപെട്ടത്)	10	1	1	-	-	-
VI	വെള്ളായി	12	2	5	-	-	-
VIII	കല്ലടി - (എഴുതികൊടുത്തത്)	8	2	-	-	-	-
IX	കുണ്ടോൻകാവ്	54	24	4	2	1	-
IX	ചുണ്ടക്കാട്	11	4	-	-	-	-
IX	മടപ്പുരചാൽ - (ഒറ്റപ്പെട്ടത്)	3	1	1	-	-	-
IX	വളയങ്ങാട് - (മൂന്നു കുടുംബം)	9	3	2	-	-	-
IX	കൊട്ടംചുരം	30	12	4	8	-	-
IX	കോട്ടക്കുന്ന്	17	5	1	2	1	-
X	ആക്കത്താഴ	94	36	12	8	-	-
X	കാക്കേനി	48	15	9	2	-	-
X	കോട്ടക്കുന്നു - ആയോത്തുംചാൽ	41	19	6	2	-	-

അവലംബം സെക്കൻറി ഡാറ്റ

സാക്ഷരത പരിപാടിയുടെ രണ്ടാം ഘട്ടം കാര്യക്ഷമമല്ലാത്തതിനാൽ സാക്ഷരരായവർപോലും നിരക്ഷരതയിലേക്ക് മടങ്ങുന്ന കാഴ്ചയാണ് ഇന്നു നാം കാണുന്നത്. സ്കൂളുകളിൽ നിന്നു ഇടയ്ക്കുവെച്ച് പഠനം നിർത്തി പോകുന്ന കുട്ടികളുടെ എണ്ണം അനുദിനം പെരുകുകയാണ്. ഇതിനു പ്രധാന കാരണം ദാരിദ്ര്യവും അതുപോലെ ഇതിനെതിരെ ബോധവത്ക്കരണം നടത്താത്തതും, വിദ്യാഭ്യാസം കിട്ടിയാൽ തന്നെ എന്തിന്? എന്ന ചിന്താഗതിയുമാണ്. അതുപോലെ ഈ വിഭാഗത്തിനു മാത്രമായിട്ടുള്ള അംഗൻവാടി പോലുള്ള സ്ഥാപനങ്ങളുടെ അഭാവവുമാണ്.

തൊഴിൽ

പട്ടികജാതി - പട്ടിക വർഗ്ഗ കുടുംബങ്ങളിൽ വലിയൊരു പങ്ക് കർഷിക മേഖലയിൽ തൊഴിൽ ചെയ്തു ഉപജീവനം നയിക്കുന്നവരാണ്. പരമ്പരാഗതമായ തൊഴിലായ കൊട്ട മടയൽ, പായ നെയ്ത്ത് തുടങ്ങിയ ജോലികളും ചെയ്തു രണ്ട് മൂന്നു കുടുംബങ്ങളും ജീവിക്കുന്നു. കുറേപേർ ചെങ്കൽ മേഖലയിലും, മരപ്പണിയിലും (മഴു) ടിമ്പർ ലോഡിംഗ് മേഖലയിലുമാണ് തൊഴിൽ ചെയ്യുന്നത്. പട്ടികജാതി - പട്ടിക വർഗ്ഗത്തിൽപ്പെട്ട 48 പേർ എസ്. എസ്. എൽ. സി. വരെ പഠിച്ചവരാണ്. അതിൽ 18 പേർ പട്ടിക ജാതിയിൽപെട്ടവരാണ്. ഇതിൽ പട്ടിക ജാതിയിൽപ്പെട്ട 13 പേർക്ക് ഗവൺമെൻറ് തൊഴിൽ ഉണ്ട്. എന്നാൽ പട്ടിക വർഗ്ഗത്തിൽപ്പെട്ട ഒരാളും ഒഴിച്ച് മറ്റാർക്കും സർക്കാർ ജോലിയില്ല.

പാർപ്പിടം

പട്ടികജാതി പട്ടിക വർഗ്ഗ ജനസംഖ്യയിൽ 195 കുടുംബങ്ങൾക്കായി നിലവിൽ 143 വീടുകളാണുള്ളത്. ഇതിൽ തന്നെ ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ അധിവസിക്കുന്നുണ്ട്. സർക്കാരിൻെറ പാർപ്പിട പദ്ധതിയിൽ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. നിർമ്മിച്ചു കൊടുത്ത വീടുകളിൽ അധികവും ഒന്നോ രണ്ടോ വർഷം കൊണ്ട് നിലംപതിക്കുന്ന അവസ്ഥയിലാണുള്ളത്.

പട്ടിക III

വാർഡ്	കോളനിയുടെ പേര്	വീടിൻെറ സ്വഭാവം			ആവശ്യമുള്ള വീടുകളുടെ എണ്ണം	കക്കൂസ് ഉള്ളത്
		ഓല	ഓട്	കോൺക്രീറ്റ്		
I	കോട്ടക്കുളം	1	4	-	-	-
I	തെക്കേക്കര കോളനി	-	3	-	-	-
II	മേൽമുരിങ്ങോടി - (അടിയാൻ)	1	12	1	-	5
II	പാറങ്ങോട്	3	17	2	20	-
III	കളക്കുടുംബ്	4	14	-	2	-
IV	എടപ്പാറ	4	15	2	5	-
VI	കുനിത്തല - (ഒറ്റപെട്ടത്)	2	-	-	-	-
VI	വെള്ളായി	5	-	-	-	-
VIII	കല്ലടി - (എഴുതികൊടുത്തത്)	3	-	-	-	-
IX	കുണ്ടേൻകാവ്	4	5	-	-	-
IX	ചുണ്ടക്കാട്	3	-	-	-	-
IX	മടപ്പുരചാൽ - (ഒറ്റപ്പെട്ടത്)	1	-	-	-	-
IX	വളയങ്ങാട് - (മൂന്നു കുടുംബം)	1	1	-	1	-
IX	കൊട്ടംചുരം	3	2	-	-	-
.IX	കോട്ടക്കുന്ന്	-	2	-	1	-
X	ആക്കത്താഴ	3	7	3	7	-
X	കാക്കേനി	1	7	-	2	-
X	കോട്ടക്കുന്നു - ആയോത്തുംചാൽ	2	8	-	-	-

പട്ടയം കിട്ടാത്ത നിരവധി ആളുകളും നിലവിലുണ്ട്. കൂടാതെ വീട് നിർമ്മിക്കാൻ അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർണ്ണമായിട്ടില്ല.

പട്ടിക ജാതി വീടുകളിൽ അഞ്ച് വീടുകളും ഒഴിച്ച് എവിടെയും കക്കൂസില്ല. ഒരു വീടിന് ഒരു കക്കൂസ് എന്ന നിലയിൽ അനുവദിച്ച് ഈ പ്രശ്നം പരിഹരിക്കണം. (പട്ടിക III കാണുക) ലഭിച്ച ഡാറ്റകളും പ്രകാരം 195 കുടുംബങ്ങൾക്ക് 143 വീടുകളും 5 കക്കൂസുകളും മാത്രമാണുള്ളത്. ഇത് വലിയ മലിനീകരണ പ്രശ്നം സൃഷ്ടിക്കുന്നു.

പ്രശ്നങ്ങൾ

1. പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചിട്ടില്ല.
2. പ്രാഥമിക സൗകര്യങ്ങൾ (കക്കൂസ്, കിണർ, റോഡ്, വൈദ്യുതി) ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. (പട്ടിക III, IV കാണുക)
3. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. തുടർ വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കാത്തതിനാൽ നിരക്ഷരതയും ഈ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും നിലനില്ക്കുന്നു.
4. എല്ലാവർക്കും സ്വന്തമായി വീടോ, വീട് വെയ്ക്കാൻ സ്ഥലമോ ഇല്ല. വീട് നിർമ്മാണത്തിന് നല്കുന്ന ധനസഹായം പര്യാപ്തമല്ല. അതിനാൽ ഇത് ലക്ഷ്യം കാണുന്നില്ല.
5. ആരോഗ്യ സംരക്ഷണ സംവിധാനം പരിമിതമാണ്.
6. പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടത്ര ലഭിക്കാത്തതിനാൽ പലരും കടക്കെണിയിൽപ്പെടുന്നു.

സാധ്യതകൾ

കുടിവെള്ളം: നമ്മുടെ പഞ്ചായത്തിലെ എല്ലാ കോളനികളിലും കുടിവെള്ള പ്രശ്നം രൂക്ഷമാണ്. മിക്ക കോളനികളിലും ഒരു കിണർ മാത്രമാണുള്ളത്. മുരിങ്ങോടി കളക്കുടുംബ് കോളനിയിലുള്ള കുളം വൃത്തിയാക്കി ഒരു ടാങ്കും പമ്പ് സെറ്റും സ്ഥാപിച്ചാൽ കോളനിയിലും പരിസരപ്രദേശത്തുമുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്. അതുപോലെ കോട്ടക്കുളം കോളനിയിൽ ഒറ്റ കിണർപോലും ഇല്ല. (പട്ടിക IV കാണുക.)

പട്ടിക IV

വാർഡ്	കോളനിയുടെ പേര്	റോഡുകൾ			വൈദ്യുതി		കുടിവെള്ളം	
		ഗതാഗത യോഗ്യം	അല്ലാത്തത്	ഇല്ലാത്തത്	ഉള്ളത്	ഇല്ലാത്തത്	കിണർ	ടാപ്പ്
I	കോട്ടക്കുളം	-	-	-	-	-	-	-
I	തെക്കേക്കര കോളനി	-	-	-	-	-	1	-
II	മേൽമുരിങ്ങോടി - (അടിയാൻ)	ഉണ്ട്	-	-	-	-	5	-
II	പാറങ്ങോട്	ഉണ്ട്	-	-	-	-	1	ഉണ്ട്
III	കളക്കുടുംബ്	ഉണ്ട്	-	-	6	15	1	ഉണ്ട്
IV	എടപ്പാറ	-	-	-	-	-	1	ഉണ്ട്
VI	കുനിത്തല - (ഒറ്റപെട്ടത്)	-	-	-	-	-	1	-
VI	വെള്ളായി	ഉണ്ട്	-	-	-	-	1	-
VIII	കല്ലടി - (എഴുതികൊടുത്തത്)	-	-	-	-	-	1	-
IX	കുണ്ടേൻകാവ്	-	-	-	-	-	1	-
IX	ചുണ്ടക്കാട്	-	-	-	-	-	1	-
IX	മടപ്പുരചാൽ - (ഒറ്റപ്പെട്ടത്)	-	-	-	-	-	1	-
IX	വളയങ്ങാട് - (മൂന്നു കുടുംബം)	-	-	-	-	-	1	-
IX	കൊട്ടംചുരം	-	-	-	-	-	1	-
IX	കോട്ടക്കുന്ന്	ഉണ്ട്	-	-	-	-	1	-
X	ആക്കത്താഴ	ഉണ്ട്	-	-	8	-	1	ഉണ്ട്
X	കാക്കേനി	-	-	-	8	-	1	-
X	കോട്ടക്കുന്നു - ആയോത്തുംചാൽ	ഉണ്ട്	-	-	-	-	1	-

പാറങ്ങോട് കോളനിയിലെ കുടിവെള്ളത്തിനാവശ്യമായ 2 ടാപ്പും ഒരു കിണറും ആണുള്ളത്. ഇവിടെ അടുത്തുള്ള വറ്റാത്ത നീരുറവയിൽ നിന്നും പൈപ്പ് വഴി വെള്ളം ശേഖരിച്ച് ടാങ്കിൽ എത്തിച്ചാൽ പ്രശ്നത്തിനു പരിഹാരമാകും.

മേൽ മുരിങ്ങോടിയിലെ FWC യുടെ പ്രവർത്തനം നന്നാക്കിയാൽ ഈ പ്രദേശത്തെ പാറങ്ങോട്, കളക്കുടുംബ്, എടപ്പാറ കോളനി നിവാസികൾക്ക് ഗുണകരമാകും.

വൈദ്യുതി: പഞ്ചായത്തിലെ ആക്കത്താഴ, കാക്കേനി ഈ രണ്ട് കോളനികളിലെ വീടുകളാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. എന്നാൽ ഇവിടെ പല വീടുകളിലും വൈദ്യുതി എത്തുന്നില്ല. പഞ്ചായത്തിലെ പല കോളനികളിലും സൗജന്യ പരിധിയിൽ വൈദ്യുതി എത്തിക്കാൻ കഴിയുന്നതാണ്. മുഴു

വൻ കോളനികളിലും വൈദ്യുതി എത്തിക്കാൻ ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്.

ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിനാവശ്യമായ ബോധവൽക്കരണ പദ്ധതികൾ സംഘടിപ്പിക്കുകയും, ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് ലഭ്യമാകുന്ന രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുമാണ്. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമെ ഈ വിഭാഗത്തിന് വായ്പകളും ധനസഹായവും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. പട്ടിക ജാതി കോർപ്പറേഷനും, ഹരിജനക്ഷേമ വകുപ്പും നടപ്പാക്കുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിനു കഴിയും.

നിർദ്ദേശങ്ങൾ

1. മിശ്ര വിവാഹം പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ കൂടുതൽ ധനസഹായം നൽകുക.
2. മിച്ചഭൂമി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നല്കികൊണ്ട് അവരെ കോളനിയിൽ നിന്നു. മാറി താമസിക്കുന്നതിനു സഹായിക്കുക.
3. വനിതകൾക്ക് തയ്യൽ, എംബ്രോയ്ഡറി പരിശീലനം നല്കികൊണ്ട് തൊഴിൽ സ്ഥിരത ഉറപ്പാക്കാൻ നടപടി സ്വീകരിക്കുക.
4. പട്ടിക ജാതി-പട്ടിക വർഗ്ഗ ക്ഷേമ സഹകരണ സംഘം സ്ഥാപിക്കുക.
5. കോളനികളിൽ വീട് നിർമ്മിക്കുവാൻ നൽകുന്ന ധനസഹായം ഇന്നത്തെ നിലയിൽ പര്യാപ്തമല്ലാത്തതിനാൽ ധനസഹായം വർദ്ധിപ്പിക്കുവാൻ സഹായിക്കുക.
6. സർക്കാർ പദ്ധതി പ്രകാരം ഓട്ടോ - ഡ്രൈവിംഗ് പഠിച്ച മുഴുവൻ പേർക്കും ഓട്ടോറിക്ഷ വാങ്ങാനുള്ള ധനസഹായം നല്കണം.
7. കോളനിവാസി കുട്ടികൾക്കുവേണ്ടി അംഗൻവാടി പണിത് നൽകുക.
8. പേരാവൂർ ആസ്ഥാനമായി ഒരു ട്രൈബൽ സ്കൂളും ട്രൈബൽ ആഫീസും ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം.
9. കോളനികളിൽ ടി.വി.യും വായനശാലയും സ്ഥാപിക്കുക.
10. കോളനിയിൽ മാസത്തിലൊരിക്കൽ മെഡിക്കൽ ക്യാമ്പ് നടത്തി ചികിത്സാ രീതികൾ നടപ്പിലാക്കണം.
11. കോളനികളിൽ ഇന്ന് നടപ്പിലാക്കിയിട്ടുള്ള വീടുകൾക്ക് പകരം ലോ-കോസ്റ്റ് മോഡലിൽ ലൈൻ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകിയാൽ ബാക്കി വരുന്ന സ്ഥലത്ത് അവർക്ക് കൃഷി ചെയ്യാൻ സാധിക്കും.
12. വിവിധ വകുപ്പുകളിൽ നിന്നു ലഭിക്കുന്ന ആനുകൂല്യങ്ങളും സഹായങ്ങളും പഞ്ചായത്ത് തലത്തിലുള്ള സമിതികൾ മുഖേന അർഹതപ്പെട്ടവർക്ക് ലഭിക്കാനുള്ള നടപടി സ്വീകരിക്കുക.
13. വിവിധ വകുപ്പുകളിൽ നിന്നു ലഭിക്കുന്ന ആനുകൂല്യങ്ങൾ കാലതാമസമില്ലാതെ ലഭിക്കുവാനുള്ള നടപടി സ്വീകരിക്കണം.
14. മുഴുവൻ പട്ടികജാതി-പട്ടിക വർഗ്ഗ കോളനികളും വൈദ്യുതീകരിക്കുകയും, കിണർ, കക്കൂസ് ഇവ നിർമ്മിച്ച് നൽകുകയും വേണം.
15. വിദ്യാഭ്യാസപരവും കായികപരവുമായി മുന്നിട്ടു നില്ക്കുന്നവരെ പ്രത്യേകം കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.
16. ഈ വിഭാഗത്തിൽപ്പെട്ട റേഷൻകാർഡ് ഇല്ലാത്ത എല്ലാവർക്കും ഉടൻ കാർഡ് വിതരണത്തിനുള്ള നടപടി സ്വീകരിക്കുക.
17. ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്ന നടപടികൾ ത്വരിതപ്പെടുത്തുക.
18. തൊഴിലില്ലാത്തവരെ പുനരധിവസിപ്പിക്കുന്നതിനായി സ്വയം തൊഴിൽ മേഖലയിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാനുള്ള സാമ്പത്തിക സഹായങ്ങൾ ചെയ്തു കൊടുക്കുക.
19. പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനു സാമ്പത്തിക സഹായം നൽകുക.
20. കാർഷിക മേഖലയിലെ തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തുക.
21. വാർഡ് തലത്തിൽ പൊതു ശ്മശാനം ഏർപ്പെടുത്തുക.
22. സഹകരണ സംഘങ്ങളിൽ നിന്ന് മെമ്പർഷിപ്പും, വായ്പകളും നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
23. പായ നെയ്ത്ത്, കൊട്ട, പനമ്പ് എന്നിവയുടെ നിർമ്മാണം സഹകരണ മേഖലയിൽ വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സ്ത്രീകൾക്കും, കുട്ടികൾക്കും കൈതൊഴിൽ പരിശീലനം നല്കുകയും വേണം.
24. കൃഷി ഫാമുകളിൽ കാർഷിക തൊഴിലുകളിൽ കൂടുതൽ ആളുകളെ എടുക്കുവാൻ ഗ്രാമപഞ്ചായത്ത് മുഖേന ശുപാർശ ഉണ്ടാവണം.
25. പഞ്ചായത്ത് കോപ്ലക്സിൽ സംവരണം ചെയ്ത മുഴുവൻ മുറികളും അവർക്ക് തന്നെ ലഭ്യമാക്കാനും, അവരെ മറ്റുള്ളവരെപോലെ ലേലം വിളിക്കാനും, ഇപ്പോൾ ആവറേജ് അടിസ്ഥാനത്തിൽ നല്കുന്ന രീതികൾ നിർത്തൽ ചെയ്യുവാനും വേണ്ട നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥ ജനപ്രതിനിധികൾ ശ്രദ്ധ ചെലുത്തണം.

26. ആനുകൂല്യങ്ങൾ അതാത് ആവശ്യത്തിനു ഉപയോഗിക്കാത്തവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കണം.
27. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.
28. കോളനി എന്ന സങ്കല്പത്തിൽ മാറ്റം വരുത്തി തനിച്ച് താമസിക്കാനുള്ള സൗകര്യം ലഭ്യമാക്കുക.
29. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.
30. കുടുംബബാധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടി വന്ന കുട്ടികളെ കണ്ടെത്തി തുടർ വിദ്യാഭ്യാസത്തിനുള്ള നടപടി സ്വീകരിക്കുക.
31. എസ്. എസ്. എൽ. സി. വരെയും, തുടർന്നും പഠനം നടത്തുന്നതിന് ആവശ്യമായ പ്രോത്സാഹന പദ്ധതികൾക്ക് ഗ്രാമ പഞ്ചായത്ത് രൂപം നല്കുക.
32. റോഡില്ലാത്ത എല്ലാ കോളനികളിലേക്കും റോഡ് നിർമ്മിച്ചു കൊടുക്കുക.

വിഭവസമാഹരണം



വൻകിടവ്യവസായങ്ങളുടെ അഭാവവും പഞ്ചായത്തിൽ നാമ മാത്രമായി ഉണ്ടായിരുന്ന ചെറുകിട-കുടിൽ വ്യവസായങ്ങളുടെ തകർച്ചയും കാർഷിക മേഖലയുടെ മുരടിപ്പും ജനങ്ങളെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരിക്കുന്നു. ഈ കാലഘട്ടത്തിൽ പഞ്ചായത്തിൽ നിലവിൽ നികുതി അടക്കുന്നവരുടെ മേൽ കൂടുതൽ നികുതിഭാരം അടിച്ചേൽപിച്ച് വിഭവ സമാഹരണം നടത്തുന്നത് തികച്ചും അശാസ്ത്രീയമാണ്. അതുകൊണ്ട് തന്നെ പഞ്ചായത്തിന്റെ വികസനത്തിനാവശ്യമായ വിഭവ സമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതായിട്ടുണ്ട്. നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസിലാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ കഴിയും. പഞ്ചായത്തിൽ നിലവിൽ വന്നിരിക്കുന്ന വാർഡ് വികസന സമിതികളും വാർഡ് പ്രതിനിധികളും ഉദ്യോഗസ്ഥരും കൂട്ടായി പരിശ്രമിച്ചുകൊണ്ട് നികുതി കൊടുക്കേണ്ടവരെല്ലാം നികുതി കൊടുക്കുന്ന സ്ഥിതി സംജാതമാക്കിയാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെട്ടരീതിയിൽ മുന്നേറും. ചില നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം.
2. വരുമാനത്തിന്റെ ചെറിയഭാഗം മാത്രമേ നികുതി നിശ്ചയിക്കാവൂ.
3. കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അതു ജനങ്ങളെ ബോദ്ധ്യപ്പെടുത്താനുമുള്ള സംവിധാനം ഉണ്ടാവണം.

തൊഴിൽ നികുതി

കൃത്യമായി പരിശോധിച്ചാൽ സ്ഥിരവരുമാനമുള്ളവരിൽ പകുതിയിൽ കൂടുതൽ പേരിൽനിന്നും ഇപ്പോഴും തൊഴിൽ നികുതി ഈടാക്കുന്നില്ല എന്ന് കാണാൻ കഴിയും. വിവിധ കച്ചവടക്കാരിൽ നിന്നും റബ്ബർ പ്ലാന്റേഷൻ നടത്തുന്നവരിൽ നിന്നും അവരുടെ വരുമാനത്തിന്റെ തോതനുസരിച്ച് നികുതി ഈടാക്കണം. ചുമട്ട് തൊഴിലാളി

ചെത്ത്, ബസ്സ്, ലോറി, ചെറുകിട മോട്ടോർ തൊഴിലാളികളും മദ്യ വ്യവസായതൊഴിലാളികളും എന്നിവരിൽ നിന്നും ചെറിയ തോതിൽ തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

കെട്ടിട നികുതി

കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്ന രീതിയിൽ കാതലായമാറ്റം വരുത്തേണ്ടതാണ്. നികുതി ചുമത്തുമ്പോൾ തറ വിസ്തീർണം മാത്രമല്ല ആഡംബരതവും ചിലവേറിയ നാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. വീടു നിർമാണത്തിലെ അനാവശ്യമായ ദൂർത്ത് ഒഴിവാക്കാൻ ഇതുകൊണ്ട് സാധിക്കും. കൂടാതെ 5,00,000/- രൂപയിൽ കൂടുതൽ ചിലവാക്കുന്ന വീടുകൾക്ക് അഡീഷണൽ നികുതി ചുമത്താവുന്നതാണ്. കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്ന ചുമതല ഒരു അസെസ്സ്മെൻറ് കമ്മറ്റിയുടെ മേൽ നോട്ടത്തിലാവണം കച്ചവട പീടികമുറികൾക്കും ആശുപത്രി മുറികൾക്കും ലോഡ്ജുകൾക്കും വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തണം.

വിനോദനികുതി

സിനിമ തിയ്യറ്ററുകളിൽ കർശനമായ പരിശോധന ഏർപെടുത്തി ടിക്കറ്റ് വിൽപനക്ക് അനുസൃതമായി കൃത്യമായി നികുതി ഈടാക്കാനുള്ള സംവിധാനം വേണം. നിലവിലുള്ള സംവിധാനത്തിൽ പല പാകപ്പിഴകളും ഉണ്ട്. ഒന്നോ രണ്ടോ മാസം ഇത്തരത്തിൽ കർശന പരിശോധന ഏർപെടുത്തിയശേഷം അതിൻെറ അടിസ്ഥാനത്തിൽ ഒരു വർഷത്തെ വിനോദനികുതി കോമ്പൗണ്ട് ചെയ്യുന്നത് ഉചിതമായിരിക്കും. ഉത്സവങ്ങൾക്ക് ടിക്കറ്റ് വെച്ച് നടത്തപ്പെടുന്ന എല്ലാ തരം വിനോദങ്ങൾക്കും കർശനമായും നികുതി ചുമത്തേണ്ടതാണ്.

ലൈസൻസ് ഫീസ്

പഞ്ചായത്തിനകത്തെ മുഴുവൻ കച്ചവടങ്ങൾക്കും ലൈസൻസ് എടുപ്പിക്കുകയും ഫീസ് പിരിക്കുകയും വേണം. ഇറച്ചി വിൽപനക്കും ഉണക്ക മത്സ്യവിൽപനക്കും പ്രത്യേക നികുതി ഏർപാടാക്കാം. രാത്രികാലങ്ങളിലുള്ള വണ്ടിക്കച്ചവടക്കും 'ഗുമ്മട്ടി'കൾക്കും ഫീസ് ചുമത്താവുന്നതാണ്.

ഖനനം

നമ്മുടെ പഞ്ചായത്തിൽ നിന്നും ദിനം പ്രതി ശേഖരിച്ച് കടത്തികൊണ്ടു പോകുന്ന ചെങ്കല്ലുകളും കരിങ്കല്ലുകളും ഖനനം ചെയ്യുന്നതിന് പ്രത്യേക നികുതി ഈടാക്കണം. പുഴ പുറമ്പോക്കിലും മറ്റുമുള്ള തടികൾ ശേഖരിച്ച് ലേലം ചെയ്ത് വിൽക്കാനുള്ള നടപടികൾ ഉണ്ടാവണം.

ഗ്രാൻറുകൾ പിരിച്ചെടുക്കുന്ന മേഖലയിൽ വെച്ച് തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ വേണ്ട നിയമനിർമാണം നടത്തണം. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാൻറുകൾ, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ തുടങ്ങിയവ ഇത്തരത്തിൽ പഞ്ചായത്തിന് ലഭ്യമാക്കണം. നിലവിൽ ഒന്നും രണ്ടും വർഷം കഴിഞ്ഞ് ഒരുമിച്ചാണ് ഈ ഗ്രാൻറുകൾ പലപ്പോഴും ലഭിക്കുന്നത്. ഭൂനികുതി ഇന്ന് വില്ലേജ് മുഖാന്തിരമാണ് പിരിച്ചുകൊണ്ടിരിക്കുന്നത്. എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജ് കഴിച്ച് ബാക്കിയുള്ളത് പഞ്ചായത്തുകൾക്ക് നൽകുന്നുമുണ്ട്. ഈ സ്ഥിതി മാറ്റി ഭൂ നികുതിയും പഞ്ചായത്തുകൾ നേരിട്ടു പിരിച്ചെടുക്കണം. പഞ്ചായത്തുകൾക്ക് സർക്കാർ നൽകി പോരുന്ന ഗ്രാൻറുകൾ കാലോചിതമായി വർദ്ധിപ്പിക്കണംപേരാവൂർ ഗ്രാമ പഞ്ചായത്തിന് 1991-92 വർഷത്തിൽ ലഭിച്ച നികുതികളുടെയും ഗ്രാൻറുകളുടെയും വിശദവിവരം ചുവടെ കൊടുത്തിരിക്കുന്നു.

പട്ടിക-1 വരുമാനത്തിലെ വ്യതിയാനം

ഇനം	1991-92	1995-96	വ്യത്യാസം	%
1. തനത് വരുമാനം	6,52,933.00	13,41,957.92	6,89,024.92	105.52
(a) കെട്ടിട നികുതി	1,35,434.58	2,79,010.72	1,43,516.14	105.92
(b) വിനോദ നികുതി	92,503.60	1,71,158.60	78,655.00	85.02
(c) തൊഴിൽ നികുതി	1,25,791.00	2,11,138.00	85,347.00	67.84
2. ഉപാധിരഹിത ഫണ്ട്	1,31,000.00	1,63,000.00	32,000.00	24.42
ടി.എസ്സ്.പി	52,000.00	79,000.00	27,000.00	51.92
3. ജെ.ആർ. വൈ	3,06,073.00	2,27,020.00	(-)79,053.00	(-)25.82
4. ഗ്രാൻറുകൾ സംഭാവനകൾ	84,161.00	2,59,300.00	1,75,139.00	208.09
ആകെ വരവ്	9,27,023.10	13,89,627.32	4,62,604.14	49.90
5. എസ്റ്റാബ്ലിഷ്മെൻറ്	2,47,679.00	4,03,910.90	1,56,231.90	63.09

സാദ്ധ്യതകൾ

1. നിലവിലുള്ള പഞ്ചായത്ത് മത്സ്യമാർക്കറ്റ് പുതുക്കി പണിതു വിപുലീകരിച്ച് മത്സ്യം, മാംസം, പച്ചക്കറികൾ എന്നിവ വിൽക്കാനുള്ള സൗകര്യമുണ്ടാക്കിയാൽ പഞ്ചായത്തിന് കൂടുതൽ വരുമാനം ഉണ്ടാക്കാം.
2. പേരാവൂർ, തൊണ്ടിയിൽ, മണത്തണ എന്നിവിടങ്ങളിൽ ആഴ്ചചന്തയോ ദിനചന്തയോ സ്ഥാപിച്ച് ലീസിന് കൊടുത്താൽ വരുമാനം വർദ്ധിപ്പിക്കാം.
3. പേരാവൂർ പഴയ ബസ്സ് സ്റ്റാൻറിലും മണത്തണയിലെ റവന്യു സ്ഥലത്തും ഷോപ്പിംങ്ങ് കോംപ്ലക്സ് പണിയുകയും നിലവിൽ പുതിയ. ബസ്സ്റ്റാൻറിലും ഷോപ്പിങ്ങ് കോംപ്ലക്സ് വിപുലീകരിക്കയും ചെയ്താൽ വരുമാനം വർദ്ധിപ്പിക്കാം.
4. ഇപ്പോൾ റോഡുസൈഡിൽ വെക്കുന്ന ലോറി, ജീപ്പ് ഓട്ടോ എന്നിവക്ക് പ്രത്യേകം പാർക്കിംഗ് സറ്റാൻറ് ഉണ്ടാക്കുകയും ഫീസ് ഈടാക്കുകയും ചെയ്താൽ വരുമാനം വർദ്ധിപ്പിക്കാം.
5. കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസു ഫീസ് വർദ്ധിപ്പിക്കുകയും ശരിയാം വണ്ണം പിരിച്ചെടുക്കയും വേണം.
6. റബ്ബർ തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ തൊഴിൽ നികുതി ഈടാക്കിയാൽ വരുമാനം വർദ്ധിപ്പിക്കാം.
7. പൊതു നിരത്തുകളുടെ കാന നികത്തുന്നവരിൽ നിന്നും കല്ലുമരങ്ങൾ തുടങ്ങിയ സാധനങ്ങൾ ബാക്കിവെക്കുന്നവരിൽ നിന്നും പെനാൽറ്റി ഇനത്തിൽ പ്രത്യേക ഫീസ് ചുമത്താവുന്നതാണ്.
8. ബാർ അറ്റാച്ച്ഡ് ഹോട്ടലുകൾക്ക് പ്രത്യേക നികുതി ചുമത്താനുള്ള അധികാരം പഞ്ചായത്തുകൾക്ക് സർക്കാർ നൽകണം.

നേഷനൽ സേവിങ്ങ്സ് സ്കീം

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിര വികാസ് പത്രയുടെ 25% പഞ്ചായത്തിന് ലഭിക്കുന്ന വ്യവസ്ഥയുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ഭരണസമിതിയും വാർഡ് വികസന സമിതിയും ഒത്തു ചേർന്ന് പരമാവധി സംഖ്യദേശീയ സമ്പാദ്യപദ്ധതിയിലേക്ക് സമാഹരിച്ചാൽ പഞ്ചായത്തിന് അതൊരു നല്ല വരുമാനമാവും. ഓരോ വാർഡിൽ നിന്നും സമാഹരിക്കുന്ന തുകയുടെ വിഹിതം അതാത് വാർഡുകളിൽ തന്നെ ചിലവാക്കുകയാണെങ്കിൽ നിക്ഷേപം ഊർജ്ജിമായി സമാഹരിക്കാൻ സഹായമകമാവും.

മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യശേഷിയാണ്. എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും മനുഷ്യാദ്ധ്വാനം വികസനത്തിന് സംഭാവന ചെയ്യുവാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതി-മത-കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിൻെറ വികസനത്തിന് തൻെറ അദ്ധ്വാനം കൊണ്ട് സംഭാവന ചെയ്യുക എന്നത് വളരെ മഹത്തരമായൊരു ആശയമാണ്. സ്വന്തം നാട്ടിൽ ഒരു വികസന പ്രവർത്തനം വരുമ്പോൾ ഇതിൽ നിന്ന് തനിക്കെന്തുകിട്ടും എന്ന മനോഭാവമാണ് ഇന്നുള്ളവത്. ഇതു മാറി പ്രസ്തുത വികസന പ്രവൃത്തിക്ക് തനിക്ക് എന്ത് പങ്ക് വഹിക്കാൻ കഴിയും എന്ന ചിന്താഗതി വളരണം.

നമ്മുടെ പഞ്ചായത്തിൽ മനുഷ്യാദ്ധ്വാനത്തിലൂടെ റോഡുകളും പാലങ്ങളും നിർമ്മിച്ചതിന് ഏറെ ഉദാഹരണങ്ങളുണ്ട്. ഈ പ്രക്രിയ തുടരണം. റോഡുകൾ ഉണ്ടാക്കുന്നതിനും സംരക്ഷിക്കുന്നതിനും തോടുകളിൽ തടയണ നിർമ്മിക്കുന്നതിനും പരിസര മാലിന്യം ഇല്ലാതാക്കുന്നതിനും ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നിനുമെല്ലാം ജനകീയാദ്ധ്വാനം ഉപയുക്തമാക്കാവുന്നതാണ്.

കൂട്ടായ്മയിലൂടെ സമ്പൽ സമൃദ്ധിയും സ്വയംപര്യാപ്തവുമായ ഒരു ഗ്രാമമാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാൽകരിക്കാൻ ജനകീയാസൂത്രണം പ്രസ്ഥാനം നമുക്ക് കരുത്തേകും.

റിപ്പോർട്ട് തയ്യാറാക്കിയവർ

1. സി. ഹരിദാസൻ
2. കെ. ശശീന്ദ്രൻ മാസ്റ്റർ
3. കെ.എം. ജോസ്
4. കെ.എം. വിജയൻ

പേരാവൂർ പഞ്ചായത്ത് റോഡുകൾ

പി. ഡബ്ല്യു.ഡി. റോഡുകൾ

1. ഇരിട്ടി - നിടുംപൊയിൽ റോഡ്
2. പേരാവൂർ - കൊട്ടിയൂർ റോഡ്
3. തെറ്റുവഴി മണത്തണ റോഡ്
4. എടക്കാട്ടി പെരുമ്പുന്ന മാപ്പുരച്ചാൽ മണത്തണ റോഡ്

പഞ്ചായത്ത് റോഡുകൾ

5. വെള്ളർവള്ളി വായന്നൂർ കോളയാട് റോഡ്
6. മുരിങ്ങോടി ആനക്കുഴി - മുഴക്കുന്നു റോഡ്
7. തൊണ്ടിയിൽ എ.എസ്. നഗർ കുനിത്തല മണ്ഡപം റോഡ്
8. പേരാവൂർ പുതുശ്ശേരി പെരുമ്പുന്ന റോഡ്
9. കൊട്ടൻചുരം മാപ്പുരച്ചാൽ റോഡ്
10. ഗണപതിയാട്ട് അറയങ്ങാട് പോത്തുകുഴി റോഡ്
11. അയോത്തുംചാൽ അത്തിപ്പാലം റോഡ്
12. തൊണ്ടിയിൽ കാഞ്ഞിരപ്പുഴ റോഡ്
13. തിരുവോണപുറം തൊണ്ടിയിൽ റോഡ്
14. കോടങ്കാൽ കുനിത്തല വായന്നൂർ റോഡ്
15. കുനിത്തല ശ്മശാനം റോഡ്
16. മാപ്പുരച്ചാൽ ഓടംതോട് റോഡ്
17. മണത്തണ മാന്തോട്ടം റോഡ്
18. മണത്തണ കല്ലുടി റോഡ്
19. മാവടി കല്ലുടി റോഡ്
20. തുണ്ടിയിൽ കൊളക്കാട് റോഡ്
21. തുണ്ടിയിൽ കുട്ടിച്ചാത്തൻകണ്ടി റോഡ്
22. ജിമ്മിജോർജ്ജ് റോഡ്
23. തെറ്റുവഴി ആനയാണ്ടകരി റോഡ്
24. തെറ്റുവഴി വായന്നൂർ റോഡ്
25. കുനിത്തല വായന്നൂർ റോഡ്
26. തെരു. പോതിപ്പാറ റോഡ്
27. തെരു എ.എസ്. നഗർ റോഡ്
28. പൈങ്ങോട് ശ്മശാനം റോഡ്
29. വെള്ളർവള്ളി പോത്തുകുഴി റോഡ്
30. ചെട്ടിയാർ മുക്ക് പോത്തുകുഴി റോഡ്
31. ആനക്കുഴി കല്ലേരിമല റോഡ്
32. മുരിങ്ങോടി നമ്പിയോട്ട് റോഡ്
33. മുരിങ്ങോടി പെരുമ്പുന്ന റോഡ്

പേരാവൂർ പഞ്ചായത്ത്

N

സൂചിക	പഞ്ചായത്ത് വാർഡുകൾ	
	വാർഡ് നമ്പർ	വാർഡിന്റെ പേര്
പി.ഡബ്ല്യു.ഡി. റോഡുകൾ	I	വെള്ളർവള്ളി
പഞ്ചായത്ത് റോഡുകൾ	II	മേൽ മുരിങ്ങോടി
	III	മുരിങ്ങോടി
പഞ്ചായത്ത് അതിരുകൾ	IV	പുതുശ്ശേരി
വില്ലേജ് അതിരുകൾ	V	പേരാവൂർ
വാർഡ് അതിരുകൾ	VI	കുനിത്തല
പുഴകൾ	VII	തെറ്റുവഴി
	VIII	തൊണ്ടിയിൽ
	IX	മണത്തണ
	X	അയോത്തുംചാൽ

അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി



4337
INSTITUTE OF LOCAL ADMINISTRATION * 60581 * KERALA LIBRARY THRISSUR